തൃത്താല ഗ്രാമപഞ്ചായത്ത്

# വികസനരേഖ




ഒൻപതാം പദ്ധതി

ജനകീയ പദ്ധതി

# തൃത്താല ഗ്രാമപഞ്ചായത്ത്

## ജനകീയാസൂത്രണം

## സമഗ്ര വികസന രേഖ

1996



വി.കെ. സരോജിനി ടീച്ചർ
പ്രസിഡൻറ്
തൃത്താല ഗ്രാമപഞ്ചായത്ത്



യു. [illegible]
വൈസ്പ്രസിഡൻറ്



പി.കെ. അപ്പുണ്ണി
സ്റ്റാൻഡിംഗ് കമ്മിറ്റി
ചെയർമാൻ



എച്ച്. നാരായണൻ
മെമ്പർ



കെ.കെ. മാധവി
മെമ്പർ



ശാരദാ രാമചന്ദ്രൻ
മെമ്പർ



എസ്.പി. തങ്കമണി
മെമ്പർ



കെ.വി. മുഹമ്മദ്
മെമ്പർ



എം.എൻ. ബാപ്പു
മെമ്പർ



ഷീലാ ദേവി
മെമ്പർ

# I
# ആമുഖം

ഭാവനയെ മധുരിപ്പിക്കുന്ന ചരിത്രസ്മരണകൾ മയങ്ങുന്നതാണ് നിളാതീരത്തുള്ള തൃത്താലയിലെ ഓരോ മൺതരിയും. ശിപ്രാനദി കാളിദാസനെ, ഗോദാവരി ഭവഭൂതിയെ, പത്മാനദി ടാഗോറിനെ എന്നപോലെ മണ്ണിന്റെ മക്കളെയെല്ലാം പുളകമണിയിക്കുന്ന നിള ഭാരതസാംസ്കാരസ്രോതസ്സിന്റെ തന്നെ സ്വർണ്ണനൂലാണ്. ഈ നാടിന്റെ ഉയർച്ചയും താഴ്ചയും ഈ പുഴയെ ആശ്രയിച്ചുള്ളതാണ്.

എത്രയോ കാല്പാടുകൾ ഇവിടത്തെ മണ്ണിൽ പൂഴ്ന്നുകിടപ്പുണ്ട്. "പിന്നാലെ വന്നിടും പിഞ്ചുപദങ്ങൾക്കു വിന്യാസവേളയിൽ വേദന തോന്നാ"തിരിക്കാൻ മുള്ളുകൾക്കുമീതെ നടന്ന് ജീവിത പാതയെ മിനുസപ്പെടുത്തിയ എത്രയോ പേർ. ഓരോപൗരനേയും വികാസത്തിന്റെ നറും പ്രകാശത്തിലേക്ക് നയിച്ചവർ, വർഗ്ഗവും ജാതിയും മതവും പരിഗണിക്കാതെ ദേശത്തെ വളർത്താൻ ശ്രമിച്ചവർ, സാംസ്കാരികവും സാമൂഹ്യവുമായ മാറ്റങ്ങൾക്കുവിത്ത് പാകിയവർ, കച്ചവടം, കൃഷി തുടങ്ങി സർവ്വമേഖലകളിലും ഒത്തൊരുമയോടെ ശാന്തമായി ജീവിതം നയിച്ചവർ....... തൃത്താലയുടെ ഈ പെരുമയുടെമുന്നിലേയ്ക്കാണ് ഗ്രാമപഞ്ചായത്തിന്റെ വികസനരേഖ വിനയപൂർവ്വം സമർപ്പിക്കുന്നത്.

ഒമ്പതാംപദ്ധതി ജനകീയപങ്കാളിത്തത്തോടെ തുടങ്ങുവാൻ തീരുമാനിച്ചആസൂത്രണപ്രവർത്തനങ്ങളുടെ ഭാഗമായാണ് ഈ വികസനറിപ്പോർട്ട് രൂപംകൊള്ളുന്നത്. ഈപ്രവർത്തനങ്ങൾക്ക് നമ്മുടെ ഗ്രാമപഞ്ചായത്തിൽ തുടക്കം കുറിച്ചത് 1996 ആഗസ്റ്റ് 17—നായിരുന്നു. ജില്ലാതലത്തിൽ പരിശീലനം ലഭിച്ച 14പേരുടെ നേതൃത്വത്തിൽ സപ്തംബർ 24നും നവംമ്പർ 2നും രണ്ട്പരിശീലനപരിപാടികൾ നടന്നു. നൂറിലേറെ സന്നദ്ധപ്രവർത്തകർ ഈ ക്ലാസുകളിൽ സംബന്ധിച്ചിരിന്നു. ഒരു സംഘം വിഭവഭൂപട നിർമ്മാണവുമായി ബന്ധപ്പെട്ട് പഠനയാത്ര നടത്തി. അതേസമയത്തുതന്നെ വിവിധ ആപ്പീസുകളുമായി ബന്ധപ്പെട്ട് ദ്വിതീയസ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുകയും ചെയ്തു. അവയുടെഅടിസ്ഥാനത്തിൽ എട്ടു ജനകീയഗ്രൂപ്പിന്റെ നേതൃത്വത്തിലാണ് ഈരേഖ തയ്യാറാക്കിയിട്ടുള്ളത്.

നവമ്പർ ഒന്നിന് കേരളപ്പിറവിയുടെ നാല്പതാം വാർഷിക ദിനത്തിൽ ആര്യൻകുന്ന് ട്രാക്ടർ റോഡിന്റേയും തച്ചറക്കുന്ന് ആര്യൻപാടം ഫാം റോഡിന്റേയും നിർമ്മാണം പുനരർപ്പണമായി തുടങ്ങി വെച്ചു. പദ്ധതി പ്രവർത്തനങ്ങളുടെ കാര്യക്ഷമത കൂട്ടാനും അഴിമതി ഇല്ലാതാക്കാനും നമ്മുടെ സൌഭാഗ്യങ്ങൾ നഷ്ടപ്പെടാതിരിക്കാനും സൃഷ്ടിപരമായ ജനകീയപരിശ്രമങ്ങൾ ഇനിയും ധാരാളം ഉണ്ടാവണമെന്നാണ് ഞങ്ങളുടെ ആഗ്രഹം.

കണ്ണന്നൂർ നിവാസിയായിരുന്നു.

വിധവാവിവാഹം മിശ്രവിവാഹം തുടങ്ങിയ ഉദ്ബുദ്ധ കേരളത്തെ കരുപ്പിടിപ്പിച്ച സാമൂഹ്യ പരിഷ്കാര പ്രസ്ഥാനങ്ങളിൽ വി.ടി. ഭട്ടതിരിപ്പാടിന്റെ നേതൃത്വം തൃത്താലക്ക് കേരളാ ഭൂപടത്തിൽ സ്ഥാനമുണ്ടാക്കി. ഗുരുവായൂർ ക്ഷേത്രപ്രവേശനത്തിനു മുമ്പ് കെ.പി.സി.സി. ആവശ്യപ്പെട്ട പ്രകാരം പൊന്നാനി താലൂക്കിലെ സവർണ്ണ ഹിന്ദു ഭവനങ്ങളിൽ ഫെറണ്ടം നടന്നു. വി.ടി.യുടെ നേതൃത്വത്തിൽ നടന്ന ആ ജനഹിത പരിശോധനയുടെ കേന്ദ്രവും തൃത്താലയായിരുന്നു. സി.രാജഗോപാലാചാരി, കസ്തൂർബാഗാന്ധി തുടങ്ങിയ ഒട്ടേറെ ദേശീയ നേതാക്കൾ അക്കാലത്ത് തൃത്താലയിൽ ക്യാമ്പ് ചെയ്തിരുന്നു. എം.വി.അബ്ദുള്ളക്കുട്ടി ചക്രപാണി പിഷാരടി, എൻ.വി.കൃഷ്ണ വാരിയർ, എം.വി.മുഹമ്മദ് വൈദ്യർ തുടങ്ങിയ സ്വാതന്ത്ര്യ സമര സേനാനികളായ ചിലർ ഉയർന്നുവന്നത് ആകാലഘട്ട ത്തിലായിരുന്നു.

ഇക്കാലത്തെ അറിയപ്പെടുന്ന കോൺഗ്രസ്സ് നേതാക്കളിൽ ഒരാളായിരുന്നു ഇം.എം.കേശവൻ നായർ. ഇരിക്കപ്പാടുതറവാട്ടിൽ അദ്ദേഹം പന്തിഭോജനം നടത്തിയ കഥ പഴമക്കാർ ഓർമ്മിക്കുന്നുണ്ട്. വൈദ്യമഠം സുബ്രമണ്യൻ നമ്പൂതിരി, കെ.കെ. അച്ചുതൻനായർ മാസ്റ്റർ, വി.കെ.രാമു, പി.വി.ഗോപാലൻ നായർ, ഉറിയമഠം നീലലോഹിതൻ നമ്പൂതിരി തുടങ്ങി ഏറെപ്പേർ ആ കാലഘട്ടത്തിന് സ്വന്തം സംഭാവനകൾ അർപ്പിച്ചവരാണ്.

മലബാർ ജില്ലാ ബോർഡംഗങ്ങളായിരുന്ന മഞ്ഞപ്ര ശിവരാമ മേനോനും കെ. ഉണ്ണികൃഷ്ണ വാരിയരും ഈ പ്രദേശത്തിന്റെ വികസനത്തിന് സംഭാവന ചെയ്തിട്ടുണ്ട്.

ദേശീയ നേതാവായ ഡോ. കെ.ബി. മേനോന്റെ അവസാന കാലത്തെ പ്രവർത്തനങ്ങളുടെ താവളവും തൃത്താലയിലായിരുന്നു. കീഴാകിയൂർ ബോംബു കേസിനെ തുടർന്ന് ഡോ.കെ.ബി. മേനോൻ ഡോ. പി.ടി. ഗോപാലൻ നായർ തുടങ്ങിയവർ ബന്ധപ്പെട്ടു തൃത്താലയിൽ സോഷ്യലിസ്റ്റ് പ്രസ്ഥാനം പടുത്തുയർത്തി. സ്വതന്ത്ര്യാനന്തര കമ്മ്യൂണിസ്റ്റ് മുന്നേറ്റക്കാലഘട്ടത്തിലും തൃത്താലഉൾപ്പെടാതെ ഇരുന്നില്ല. അരിക്കത്തു നാരായണൻ നമ്പൂതിരി തുടങ്ങി പലരും ആ നിരയിലുണ്ടായിരുന്നു.

വൈദ്യ സേവനരംഗത്തും തൃത്താല മുന്നിലാണ് അന്നും ഇന്നും അഷ്ടവൈദ്യസംഘത്തിൽപ്പെട്ട വൈദ്യമഠം കുടുംബം തനതു പാരമ്പര്യത്തിനുടമകളായ ചാത്തര് നായര്, കണ്ടംകുമരത്ത് വീട്, കാക്കരാത്ത് വീട് തുടങ്ങി വലുതും ചെറുതുമായ ചരിത്ര പാരമ്പര്യം വൈദ്യ വിഷയത്തിൽ തൃത്താലക്കുണ്ട്. ജ്യോതിഷരംഗത്തും തൃത്താലക്ക് അഭിമാനിക്കാവുന്നനേട്ടം ഉണ്ടായിട്ടുണ്ട്. പന്ത്രണ്ടുകൊല്ലത്തെ പഞ്ചാംഗം ഗണിച്ച മഹാപാണ്ഡിത്യത്തിനുടമ യജ്ഞേശ്വരം പൊതുവാട്ടിൽ നാരായണ പൊതുവാൾ, കോരേത്ത് കുട്ടൻ നായർ, മേഴത്തൂർ കുട്ടികൃഷ്ണൻ നായർ നാരായണ പണിക്കർ ഏന്നിവർ ഈരംഗത്തെ അറിയപെടുന്ന വ്യെക്തികളാണ്.

ചരിത്രത്തിന്റെ ഏതുവഴിത്തിരിവിലും പകച്ചുനിൽക്കാതെ കൃഷി, കച്ചവടം, കൈവേലകൾ, ഗ്രാമീണ തൊഴിലുകൾ തുടങ്ങിയനാനാതുറകൾ തലമുറ തലമുറയായി കൈകാര്യം ചെയ്തു പോരുന്ന നിരവധി കുടുംബങ്ങൾ തൃത്താലയിലെ ഉൾനാടുകളിലുണ്ട്. ഭൂപരിഷ്ക്കാരത്തെ തുടർന്ന് ജന്മിത്വം അവസാനിച്ചു. പുതിയൊരു സാമൂഹ്യ ക്രമത്തിന് വഴിവെച്ചുവെങ്കിലും ഈ തൊഴിൽ പാരമ്പര്യത്തിന് മങ്ങൽ സംഭവിച്ച ിട്ടില്ല. സ്വന്തം നാട്ടിലും മറു നാടുകളിലുമായി തൃത്താല വളരുകയാണ്.

22.78 ചതുരശ്ര കി.മി. വിസ്തൃതിയിൽ തൃത്താല-പട്ടിത്തറ വില്ലേജുകളിലായി വ്യാപിച്ചു കിടക്കുന്നു. തൃത്താലഗ്രാമ പഞ്ചായത്ത്. പഞ്ചാ യത്തീരാജ് സംവിധാനത്തിൽ ത്രിതല പഞ്ചായത്ത് നിലവിൽ വന്നപ്പോൾ തൃത്താല ഗ്രാമപഞ്ചായത്തിന്റെ ഒന്ന്, രണ്ട്, മൂന്ന്, നാല്, ഏഴ്, എട്ട്, ഒമ്പത്, പത്ത് വാർഡുകൾ ജില്ലാപഞ്ചായത്തിന്റെ തൃത്താല ഡിവിഷനിലും ബ്ലോക്ക് പഞ്ചായത്തിന്റെ തൃത്താല ഡിവിഷനിലും ഉൾപ്പെട്ടു. അഞ്ച്, ആറ് വാർഡുകൾ ജില്ലാ പഞ്ചായത്തിന്റെ നാഗലശ്ശേരി ഡിവിഷനിലും ബ്ലോക്ക്പഞ്ചായത്തിന്റെ നാഗലശ്ശേരി ഡിവിഷനിലുമാണ് ഉൾക്കൊള്ളുന്നത്.

1963 ൽ ആണ് ആദ്യത്തെ പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടക്കുന്നത്. ശ്രി. കെ.വി. സെയ്തുമുഹമ്മത് പ്രസിഡന്റും ശ്രി. ഇ. എം. കേശവൻ നായർ വൈസ് പ്രസിഡന്റുമായ ഭരണസമിതി തെരഞ്ഞെടുക്കപ്പെട്ടു.

നീണ്ട 16 വർഷങ്ങൾക്കു ശേഷമാണ് 1979ൽ വീണ്ടും തെഞ്ഞെടുപ്പ് നടന്നത്. അന്ന് ശ്രീ.ടി.കെ.രാമകൃഷ്ണനെഴുത്തച്ഛൻ പ്രസിഡൻറും ശ്രീമതി ലൈല ടീച്ചർ വൈസ് പ്രസിഡന്റുമായി തെരഞ്ഞെടുക്കപ്പെട്ടു.

1988 മുതൽ 1993 വരെയുള്ള കാലഘട്ടത്തിൽ ദിവംഗതനായ ശ്രീ. എൻ.പി.അച്ചുതപിഷാരടി മാസ്റ്റർ തൃത്താല പഞ്ചായത്തിന്റെ ഭരണ സാരഥ്യം വഹിച്ചു. അന്ന് ശ്രീ. കെ. ഉണ്ണ്യേൻകുട്ടിസാഹിബായിരുന്നു

വസ് പ്രസിഡണ്ട്, നമ്മുടെ പ്രദേശത്തിന്റെ ഒട്ടന
ധി പുരോഗമന പ്രവർത്തനങ്ങൾക്ക് ധീരനേതൃത്വം
ൽകിയ മഹത് വ്യക്തിത്വ ത്തിനുടമയായിരുന്നു
ാരോടിമാസ്റ്റർ എന്ന് പ്രത്യേകം സ്മരിക്കട്ടെ.
.94 കാലഘട്ടത്തിൽ ശ്രീ. ടി.കെ. ഉണ്ണികൃഷ്ണൻ
സ്റ്ററായിരുന്നു പ്രസിഡണ്ട്.

ഇന്നത്തെ ഭരണസമിതി നിലവിൽവന്നത് 1995 ഒക്ടോബർ 2-ാം തിയ്യതിയാണ്. ശ്രീമതി വി.കെ.സരോജനിടീച്ചർ പ്രസിഡന്റും, ശ്രീ. യു.ഹൈദ്രോസ് വൈസ്പ്രസിഡന്റുമായ ഭരണസമിതിയുടെ സ്റ്റാന്റിങ്ങ് കമ്മറ്റി ചെയർമാൻ ശ്രീ. പി.കെ. അപ്പുണ്ണിയാണ്.

ഐക്യത്തിന്റേയും, സാഹോദര്യത്തിന്റേയും, സൗഹർദ്ദത്തിന്റേയുമായ കഴിഞ്ഞകാല ചരിത്രത്തിന്റെ നെയ്ത്തിരിനാളം പുതിയ തലമുറക്ക് മാർഗ്ഗദർശമാകട്ടെ.





# III

# ഭൂപ്രകൃതി
# ജലപ്രകൃതി
# ജനപ്രകൃതി


ഉയർന്ന സമതല പ്രദേശങ്ങൾ
കുത്തനെയുള്ള ചെരിവുകൾ
സമതല പ്രദേശം
ചെറിയ ചെരിവുകൾ
1. ചീനിപ്പാറക്കുന്ന്
2. താമരക്കുന്ന്
3. മുടവന്നൂർക്കുന്ന്
4. ചെമ്മാംകുന്ന്
5. നായൻകുന്ന്
6. അരിക്കത്ത് കാട്
7. താനിക്കുന്ന്.
നാഗലശ്ശേരി
ഭാരതപ്പുഴ

ഭൂപ്രകൃതി

# ഭൂപ്രകൃതി

തൃത്താല ഗ്രാമ പഞ്ചായത്തിന്റെ വടക്കെ അതിരിൽ കൂടി ഭാരതപ്പുഴ ഒഴുകുന്നു. ഏതാണ്ട് 6 കി.മി. ദൂരം നീണ്ടു കിടക്കുന്ന പുഴയോരമുണ്ട് തൃത്താലക്ക്. കിഴക്ക് തിരുമിറ്റക്കോട് ഗാമപഞ്ചായത്തും, പടിഞ്ഞാറ് പട്ടിത്തറ ഗ്രാമപഞ്ചായത്തും, തെക്ക് നാഗലശ്ശേരി ഗ്രാമപഞ്ചായത്തുമാണ് നമ്മുടെ അതിരുകൾ.

കൊല്ലവർഷം 1099ൽ ഉണ്ടായ മഹാവർഷത്തിന്റെ ഫലമായി പുഴ സ്ഥാനം മാറി ഒഴുകിയതായി പഴയ ആളുകൾ പറയുന്നു. ഞാങ്ങാട്ടിരി പാടശേഖരങ്ങളിൽ കാണുന്ന മൺതുരുത്തുകൾ അങ്ങിനെ ഉണ്ടായതാണെന്ന് കരുതപ്പെടുന്നു. വരണ്ടുകുറ്റിക്കടവു ഭാഗത്തും ഇതിന്റെ ചില സൂചനകളുണ്ട്.

പാലക്കാടു ജില്ലയുടെ പടിഞ്ഞാറെ അതിർത്തിയിലുള്ള ഗ്രാമപഞ്ചായത്തുകളിലൊന്നാണ് തൃത്താല പഞ്ചായത്ത്. 22.78 ച.കി.മീറ്ററിൽ വ്യാപിച്ചു കിടക്കുന്ന ഇവിടത്തെ ജനസംഖ്യ 25312 ആണ്. ആകെ ഭൂപ്രകൃതി ഹെക്ടറിൽ 2128 ആണ്.

ഭൂപ്രകൃതിയനുസരിച്ച് തൃത്താലയെ നാല് മേഖലകളാക്കി തിരിക്കാം.

1. ഉയർന്ന സമതലം.
2. കുത്തനെയുള്ള ചെരിവുകൾ.
3. ചെറു ചെറിവുകൾ.
4. സമതലം.

മധ്യഭാഗം കിഴക്കു പടിഞ്ഞാറായി ഉയർന്നു കിടക്കുന്നു. രണ്ടുഭാഗത്തേക്കും ചെരിവുകളാണ്. തെക്കോട്ടു പോകുന്തോറും ചെരിവുകുറഞ്ഞു വരുന്നു. വടക്കോട്ടുള്ള ചെരിവ് കുത്തനെയുള്ളതാണ്.

ഏതാണ്ട് 20% ഭൂപ്രദേശം ഉയർന്ന പ്രദേശമാണ്. ചീനിപ്പാറകുന്ന്, തച്ചറകുന്ന്, മുടവത്തൂർ, ഞാങ്ങാട്ടിരി, അമ്പലവട്ടം പ്രദേശങ്ങൾ ഉയർന്ന സമതലപ്രദേശങ്ങളാണ്. ചീനിപ്പാറകുന്ന് പ്രദേശമാണ് ഏറ്റവും ഉയരത്തിൽ സ്ഥിതിചെയ്യുന്നത്. സമുദ്ര നിരപ്പിൽ നിന്ന് 8 മീറ്ററിനും 75 മീറ്ററിനും ഇടയിലുള്ള ഇടനാടു പ്രദേശത്തിൽ ഉൾപ്പെടുന്നതാണ് തൃത്താല.

## ഉയർന്ന സമതലപ്രദേശം

ഈ പ്രദേശങ്ങളിൽ കാണപ്പെടുന്നത് വെട്ടുകൽ മണ്ണാണ്. ജലലഭ്യത താരതമ്യേന കുറവായ പ്രദേശങ്ങളാണ് ഇവ. തെങ്ങ്, കവുങ്ങ്, മാവ്, പ്ലാവ്, കശുമാവ് കുടങ്ങിയ ഫലവൃക്ഷങ്ങളും തേക്ക് തുടങ്ങിയ മറ്റുവൃക്ഷങ്ങളും ഇവിടെ വളരുന്നുണ്ട്. ഈ പ്രദേശം ജനവാസ യോഗ്യമാണ്.

ഉയർന്ന സമതലങ്ങളിൽ നിന്ന് വടക്കോട്ട് കുത്തനെയുള്ള ചെരിവുകളാണ്. മുടവന്നൂർ കുന്നുകളിൽ നിന്നും ചീനിപ്പാറകുന്നിൽനിന്നും തച്ചറകുന്ന് കുന്നിൽ നിന്നും വടക്കോട്ട് കുത്തനെയുള്ള ചെരിവുകളുണ്ട്. മുടവന്നൂരിൽ നിന്നുള്ള ഈ ചെരിവുകളിലാണ് പ്രധാനമായും റബ്ബർകൃഷി ചെയ്യുന്നത്. ഏതാണ്ട് 640 ഏക്ര സ്ഥലത്ത് റബ്ബർ കൃഷി ചെയ്യുന്നു. മറ്റു കുത്തനെയുള്ള ചെരിവുകളിൽ പറങ്കിമാവ്, തേക്ക്, ഞാവൽ തുടങ്ങിയ വൃക്ഷങ്ങൾ വളരുന്നു.

മൈലാടുംകുന്ന്, ചീനിപ്പാറക്കുന്ന്, അയ്യപ്പൻ കുന്ന്, തലക്കൊ ട്ടക്കുന്ന്, വെട്ടുകാട്ടുകുന്ന്, ചെമ്മാം കുന്ന്, മീങ്കിരികുന്ന്, ചേരുംകുന്ന്, അരിക്കത്തുക്കാട്, പയ്യടപ്പാറക്കുന്ന്, നായൻകുന്ന് എന്നിവയാണ് പഞ്ചായത്തിലെ പ്രധാന കുന്നുകൾ. ഈ കുന്നുകളുടെ കുത്തനെയുള്ള ചെരിവുകളിൽ റബ്ബർ, കശുമാവ് എന്നിവ കൃഷി ചെയ്യുന്നു.

ഉയർന്ന സമതല പ്രദേശങ്ങൾക്ക് വടക്കുപടിഞ്ഞാറു ഭാഗങ്ങൾ പ്രായേണ ചരിവുകുറഞ്ഞ പ്രദേശങ്ങളാണ്. കിഴക്കേകോടനാട്, മേഴത്തൂർ, തൃത്താല, തെക്കേകോടനാട്, എന്നീ പ്രദേശങ്ങൾ ഇപ്രകാരം ചരിവു കുറഞ്ഞ പ്രദേശങ്ങളാണ്. അതുപോലെ തന്നെ പഞ്ചായത്തിന്റെ കിഴക്കുഭാഗം, (മാട്ടായ, ഞാങ്ങാട്ടിരി) പ്രദേശങ്ങൾ ചെരിവുകുറഞ്ഞ പ്രദേശങ്ങളാണ്. ഈ പ്രദേശങ്ങളിൽ ചരൽ കലർന്ന ചുവന്ന മണ്ണാണ് കാണപ്പെടുന്നത്. ഈ പ്രദേശങ്ങളും വെള്ളം ലഭിക്കാൻ സാധ്യത കുറഞ്ഞ പ്രദേശങ്ങളാണ്. തെങ്ങ്, കവുങ്ങ്, മരച്ചീനി, മധുരക്കിഴങ്ങ് തുടങ്ങിയവയും പച്ചക്കറികളും ഇവിടെ കൃഷി ചെയ്തുവരുന്നു.

ഭാരതപ്പുഴയുടെ തീരപ്രദേശങ്ങളാണ് പ്രധാന

മായും സമതല പ്രദേശങ്ങൾ, യഥാർത്ഥത്തിൽ തൃത്താല പഞ്ചായത്തിലെ നീർത്തട പ്രദേശങ്ങളാണ് ഈ ഭൂവിഭാഗങ്ങൾ. കുന്നിൻ മുകളിൽ പെയ്യുന്ന വെള്ളം മുഴുവൻ ഈ പ്രദേശത്തുകൂടി ഒഴുകി ഭാരതപ്പുഴയിൽ ചേരുന്നു.

നെൽകൃഷിക്കനുയോജ്യമായ ചളി കലർന്ന ഈ പ്രദേശങ്ങളിലെ മണ്ണിൽ മണലിന്റെ അംശം അൽപം കാണപ്പെടുന്നുണ്ട്. അതുപേലെതന്നെ മറ്റു മൂന്നു മേഖലകളിലും മണ്ണിൽ അസിഡിറ്റി കൂടുതലാണെന്ന് അനുഭവസ്ഥരായ കൃഷിക്കാർ അഭിപ്രായപ്പെടുന്നു. ശാസ്ത്രീയമായ ഒരു മണ്ണു പരിശോധനയിലൂടെ കാർഷിക രംഗത്തെ ഇനിയും മെച്ചപ്പെടുത്താൻ കഴിയും.

നാല് മണ്ണു സംരക്ഷണ പ്രവർ ത്തനങ്ങളാണ് പഞ്ചായത്തിൽ ഇതുവരെ നടപ്പിലാക്കിയിട്ടുള്ളത് മേഴത്തൂർ അംബേദ്കർ കോളനിയിൽ നടപ്പാക്കിയ പദ്ധതിയും, ചെറുകുന്നിൻ മുകളിൽ ഐ.എച്ച്.ഡി.പി. കോളനിയിൽ നടപ്പാക്കിയ പദ്ധതിയും, വി.കെ. കടവ് പുഴയോര സംരക്ഷണ പദ്ധതിയും, കണ്ണന്നൂർ നീർമറി പുനരുദ്ധാരണ പദ്ധതിയുമാണ് അവ. ഈ പദ്ധതികൾ വഴി 114.963 ഹെക്ടറിൽ പ്രയോജനം ലഭിക്കും.

തൃത്താലയിൽ ആകെയുള്ള സമതല പ്രദേശങ്ങളെ നമുക്ക് തൃത്താല നീർത്തടപ്രദേശം, ഉള്ളന്നൂർ നീർത്തട പ്രദേശം, കണ്ണന്നൂർനീർത്തട പ്രദേശം, മുടവന്നൂർ നീർത്തട പ്രദേശം, ഞാങ്ങാട്ടിരി നീർത്തട പ്രദേശം എന്നിങ്ങനെ വിഭജിക്കാം. മുടവന്നൂർ പ്രദേശത്തുതന്നെ ഒന്നിലധികം ഇത്തരം പ്രദേശങ്ങളുണ്ട്.

## ജലപ്രകൃതി

ജലലഭ്യതയിൽ സമ്പന്നമായ ഒരു പൂർവ്വകാലഘട്ടമാണ് തൃത്താലക്കുള്ളത്. എന്നാൽ ഇന്ന് അത് ഗൃഹാതുരമായ ഒരു ഓർമ്മ മാത്രമാണ്. ആറുമാസം വറ്റിക്കിടക്കുന്ന ഭാരതപ്പുഴയും മറ്റു ജലസംഭരണികളും മാത്രമാണ് ഇന്ന് അവശേഷിക്കുന്നത്.

പ്രകൃതിയെ അമിതമായി ചൂഷണം ചെയ്തതിനുള്ള തിരിച്ചടികൾ ഇന്ന് അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. എല്ലാക്കാലത്തും വെള്ളം നിറഞ്ഞു നിന്നിരുന്ന കണ്ണന്നൂർ കയം പോലുള്ള പ്രദേശങ്ങൾ പോലും വേനൽക്കാലത്ത് വറ്റിവരളുന്നു.

തൃത്താലയുടെ കിഴക്കെ അതിര് രായമംഗലം തോടാണ് ഈ തോട് പുഴയുമായി ചേരുന്നതിന് തൊട്ടു മുമ്പ് ഒരു ക്രോസ് ബാർ ഉണ്ട്. എന്നാൽ അറ്റകുറ്റപ്പണികളുടെ അഭാവം നിമിത്തം ക്രോസ് ബാറും, തോടും ഉപയോഗശൂന്യമാണ്.

പ്രധാനപ്പെട്ട 9 തോടുകൾ ഉയർന്ന പ്രദേശങ്ങളിൽ നിന്ന് വെള്ളം ഭാരതപ്പുഴയിലെത്തിക്കുന്നു. ഇവയെല്ലാം ശരിയായ രീതിയിൽ അവയുടെ പ്രയോജനം ചെയ്യത്തക്ക അവസ്ഥയിലല്ല ഉള്ളത്. ഇവക്കു പുറമെ 9 പൊതുകുളങ്ങളും,25 പൊതു കിണറുകളുമുണ്ട്. ഇവയും വേണ്ടത്ര പരിരക്ഷ ലഭിക്കാത്തതിനാൽ ഉപയോഗശൂന്യമായ നിലയിലാണ്.

ശരാശരി 2400 മി.മി. മഴ ഒരു വർഷം ലഭിക്കുന്നുണ്ട്. തെക്കുപടിഞ്ഞാറൻ തുലാവർഷ സമയത്ത് 500 എം.എം. മഴ ലഭിക്കുന്നു.

## ജനപ്രകൃതി

10524 പുരുഷന്മാരും 11788 സ്ത്രീകളുമടക്കം 22312 ആണ് തൃത്താലയിലെ ജനസംഖ്യ. 5 വയസ്സിനു താഴെയുള്ളവരുടെ എണ്ണം 2198 ആണ്. പട്ടികജാതി ജനസംഖ്യ 4763 ആണ് 1991 ലെ സെൻസസ് പ്രകാരം 3804 കുടുംബങ്ങളാണ് ഉള്ളത്.

1991ലെ സെൻസസ് പ്രകാരം സാക്ഷരത 88.75% ആണ്. പുരുഷ സാക്ഷരത സ്ത്രീ സാക്ഷരതയേക്കാൾ അല്പം കൂടുതലാണ്.

ജനസംഖ്യയിൽ 6015 മാത്രമെ തൊഴിലുള്ളവരായുള്ളു തൊഴിലില്ലാത്തവരുടെ എണ്ണം 16297. 4532 പുരുഷന്മാരും 1483 സ്ത്രീകളും തൊഴിലുള്ളവരാണ്. ഏതാണ്ട് 25% ജനങ്ങൾക്കു മാത്രമേ ഏതെങ്കിലും തരത്തിലുള്ള തൊഴിൽ ഉള്ളൂ.

കൃഷിയാണ് ജനങ്ങളുടെ പ്രധാന വരുമാന മാർഗ്ഗം. എന്നാൽ കൃഷി ലാഭമല്ലാ തായതോടു കൂടി മറ്റു മേഖലകളിലേക്ക് ആളുകൾ തിരിയാൻ നിർബന്ധിക്കപ്പെട്ടിരിക്കയാണ്. കൃഷിഭൂമി നികത്തി കെട്ടിടങ്ങളും, സ്ഥാപനങ്ങളും നിർമ്മിക്കുന്ന പ്രവണത കൂടിക്കൊണ്ടുവരുന്നുണ്ട്. അതുപോലെ തന്നെ കൃഷിഭൂമി തരിശിടുന്നതും കൂടി കൂടി വരികയാണ്.

| ജനസംഖ്യ (1991 സെൻസസ്) | | | തൊഴിലുള്ളവരുടെ കണക്ക്. | | |
|---|---|---|---|---|---|
| ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 10524 | 11788 | 22312 | 4532 | 1483 | 6015 |

പതിനായിരത്തോളം അദ്ധ്വാനം പാഴായിപ്പോകുന്നു എന്നത് ഏറ്റവും വലിയ ന്യൂനതയാണ്.

I

## ~ തോടുകൾ

I ഓടമ്മാക്കയിൽ പിടിതോട്
II പുളിയപറക്കായൽതോട്
III പൂവത്ത് തോട്
IV ഒലിയത്ത് തോട്
V കണ്ണന്നൂർ തോട്
VI കാഞ്ഞിതോട്
VIII കണ്ടയം തോട്
VII ചെല്ലാർണാം തോട്
IX കാളിടാത്തതോട്
X അയ്യൻ പാൽ

II

## ▥ പൊതുകുളങ്ങൾ

1 നീളൻകുളം
2. പറക്കുളം
3. കിഴുതലക്കുളം
4. പല്ലൊട്ടുകുളം
5. കൈതക്കുളം
6. വലിയകുളം
7. ടിപ്പുക്കുളം
8. ആണ്ടിക്കുളം
9. കണ്ണാംകുളം
10. ചേനാട്ടുകുളം
11 കൈതമ്പാർകുളം

III

## ○ പൊതു കിണറുകൾ




ജലപ്രകൃതി



# I

## വികസനമേഖല

# കൃഷിയും ജലസേചനവും

# കൃഷിയും ജലസേചനവും

## സ്ഥിതിഅവലോകനം

ഒരു കാലത്ത് സമീപപ്രദേശങ്ങളിലെ കൃഷിക്കാർ തൃത്താല പഞ്ചായത്തിലെ കൃഷിയിടങ്ങളെ അസൂയയോടെയാണ് നോക്കിക്കണ്ടിരുന്നത്. അവ ജലസമൃദ്ധമായിരുന്നു. അതിനാൽതന്നെ ഭൂരിഭാഗവും ഉപയോഗിക്കപ്പെട്ടിരുന്നു. ഭൂമിതരിശിടുന്നത് പാപ്പരത്തത്തിന്റെ പ്രതീകമായി വിലയിരുത്തപ്പെട്ടിരുന്നു. ഭൂരിഭാഗം പ്രദേശത്തും രണ്ട് വിളയും ചിലയിടങ്ങളിൽ മൂന്ന വിളയും നെൽകൃഷിനടത്തിയിരുന്നു. പച്ചക്കറി കൃഷിയുടെ രംഗത്താകട്ടെ ഒരു പരിധിവരെ പഞ്ചായത്തിന് സ്വയംപര്യാപ്തത കൈവരിക്കാൻ കഴിഞ്ഞിരുന്നു. ഭാരതപുഴയിലും കൊയ്തൊഴിഞ്ഞ നെൽപാടങ്ങളിലും സമൃദ്ധമായി പച്ചക്കറി കൃഷി ചെയ്തിരുന്നു. ആണ്ടോടാണ്ടുക്കുള്ള വെള്ളരിക്ക, മത്തങ്ങ, കുമ്പളങ്ങ മുതലായവ മിക്കഗൃഹങ്ങളിലും സൂക്ഷിക്കപ്പെട്ടിരുന്നു. മറ്റുതോട്ട വിളകളുടെ കാര്യത്തിലും പഞ്ചായത്ത് പുറകിലായി രുന്നില്ല. രണ്ടാം വിളക്കുശേഷം പാടങ്ങളിൽ എള്ളു കൃഷിയും നടന്നിരുന്നു.

മറ്റൊരുകാര്യം പഞ്ചായത്തിന്റെ തെക്കു പടിഞ്ഞാറുഭാഗത്തായി പുളിയപറ്റകായലാണ്. മുൻകാലങ്ങളിൽ ഈകായൽ പഞ്ചായത്തിന്റെ നെല്ലറയെന്നു വരെ വിശേഷിക്കപ്പെട്ടിരുന്നു. വെള്ളം വറ്റിച്ചും മറ്റുമാണ് കൃഷിയിറക്കേണ്ടിവന്നിരുന്നത് എന്നതിനാൽ ചിലവ് ഭാരിച്ചതായിരുന്നു. എങ്കിലും കർഷകന് നല്ലവിളവ് ലഭിച്ചിരുന്നു. കേരളത്തിലെ മറ്റുകായൽ പാടങ്ങൾക്ക് സർക്കാരിൽ നിന്ന് പമ്പിംങ്സബ്സിഡികളടക്കമുള്ള ആനുകൂല്യങ്ങൾ ലഭിച്ചിരുന്നപ്പോൾ ഈ പ്രദേശത്തുള്ള കർഷകർക്ക് ഇത്തരം യാതൊരാനുകൂല്യങ്ങളും ലഭിച്ചില്ല. പശ്ചാത്തല സൗകര്യങ്ങൾ ഇല്ലാത്തത് കൊണ്ട് ഇവിടെ മുണ്ടകൻവിളയിറക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. കായൽ സമിതിക്കുവേണ്ടി സർക്കാർ സഹായത്തോടെ പഞ്ചായത്ത് ഒരു മോട്ടോർ വാങ്ങികൊടുത്തിട്ടുള്ളത് പുഞ്ചകൃഷിക്ക് ഉപകരിക്കുന്നുണ്ട്. ബണ്ട് കെട്ടി ചീർപ്പിട്ട് വെള്ളം വറ്റിക്കാനുള്ള മോട്ടോർ മുതലായ സംവിധാനം ഏർപ്പെടുത്തിയാൽ മാത്രമേ മുണ്ടകം കഷിയെ നിരന്തരമായ വെള്ളപൊക്ക ഭീഷണിയിൽനിന്നും സംരക്ഷിക്കാൻ കഴിയൂ. തൃത്താലയെ സംബന്ധിച്ചിടത്തോളം മറ്റുഭാഗങ്ങളിൽ കാണാത്തതരത്തിലുള്ള ഒരു ശുദ്ധജലതടാകം കൂടിയാ ണീകായൽ. പ്രസ്തുത കായലിൽ ജൂൺ മാസം മുതൽ ഒക്ടോബർ മാസം വരെയുള്ള കാലയളവിൽ ചെമ്മീൻ കൃഷി പ്രോത്സാ ഹിപ്പിക്കുന്നത് തൊഴിൽ സാദ്യതക്കും വരുമാന മാർഗ്ഗത്തിനും ഗുണകരമായിരിക്കകയും ചെയ്യും. ഇതു ചരിത്രം.

എന്നാൽ കാർഷികരംഗത്ത് തികച്ചും വികൃതമായ ഒരു മുഖമാണ് ഇന്ന് തൃത്താല പഞ്ചായത്തിന്റേത്. ദേവസ്വം ബ്രഹമസ്വം ഭൂമികളെല്ലാം തന്നെ ഭൂപരിഷ്കരണനിയമത്തെതുടർന്ന് കർഷകർക്ക് ലഭിക്കുകയുണ്ടായി. എന്നാൽ 1970തുകളിൽ ഗൾഫ്പണത്തിന്റെ അതിപ്രസരം മൂലം കൂടുതൽ കൂടുതൽ പുതിയ ഉടമകളിലേക്ക് കൃഷി ഭൂമികൈമാറ്റം ചെയ്യപെട്ടു. കർഷകരല്ലാത്ത, കാർഷികവൃത്തികളെകുറിച്ചു ബോധവാൻമാരല്ലാത്ത ഇത്തരം ഭൂവുടമകൾക്ക് കൃഷി ഒരു ആർഭാടമായിരുന്നു. വാരിക്കോരി പണം ധൂർത്തടിച്ച് കാർഷികമേഖലയെ ഒരുശരാശരികർഷകന് സമീപിക്കാൻ പോലും കഴിയാത്തവിധത്തിൽ വമ്പിച്ച പണച്ചിലവുള്ളതാക്കിമാറ്റാൻ ഇക്കൂട്ടർ ഒരു വലിയപങ്കുവഹിച്ചു. കൃഷിയിടങ്ങൾ കൂടുതൽ തുണ്ടു തുണ്ടുകളായി വിഭജിക്കപ്പെട്ടു. കൃഷിക്കുപയോഗിക്കുന്ന വിത്തുകളിലോ കൃഷി സമ്പ്രദായങ്ങളിലോ പോലും ഐക്യരൂപ്യമില്ല. "നല്ലനെല്ലു കുത്തരിയുടെ ഊണു കഴിക്കുക" എന്ന ആവശ്യത്തിനപ്പുറം കൃഷി ഉപജീവനമാർഗ്ഗമായി കണ്ട് കൃഷിയിറക്കുന്നവരോ അതുകൊണ്ട് മാത്രം ജീവിക്കുന്നവരോ വളരെ വിരളം അതിനാൽ തന്നെ ആധുനിക കൃഷിരീതികളോ അത്യുൽപാദനശേഷിയുള്ള വിത്തിനങ്ങളോ വ്യാപകമായി ഉപയോഗിക്കപ്പെടുന്നില്ല ഊണിനുള്ള നെല്ല് കിട്ടിക്കഴിഞ്ഞാൽ കൃഷി ഭൂമി തരിശിടുന്നവർ നിരവധിയാണ്.

| നമ്പർ | വിനിയോഗ ഇനം | വിസ്തീർണ്ണം ഏക്കറിൽ |
|---|---|---|
| 1 | നിലം (നെൽകൃഷി) | 1834.44 |
| 2 | പുരയിടം (മറ്റു കൃഷികൾ) | 1055.51 |
| 3 | തെങ്ങ് | 1057.50 |
| 4 | റബ്ബർ | 640 |
| 5 | പുറം പോക്ക് | 619.45 |
| 6 | കൃഷിയോഗ്യ സ്ഥിരം തരിശ് | 330.10 |
| 7 | കൃഷിയോഗ്യമല്ലാത്ത തരിശ് | 146.75 |

നെൽകൃഷി ലാഭകരമല്ലാഎന്നതാണ് ഈ രംഗത്തെ മാന്ദ്യത്തിന് പ്രധാന കാരണം (ഈ ഖണ്ഡികക്ക് ഒടുവിലുള്ള പട്ടിക നോക്കുക) ട്രാക്ടർ മുതലായ ആധുനിക കാർഷിക ഉപകരണങ്ങൾ ഉപയോഗിക്കുമ്പോൾ യഥാർത്ഥത്തിൽ കർഷകന് കാര്യമായ തൊഴിൽ ചെലവ് ലാഭിക്കാൻ കഴിയുന്നുണ്ട്. എന്നാൽ പാരമ്പര്യ കാർഷിക തൊഴിൽ സമ്പ്രദായം തന്നെ പാടെ മാറിയിരിക്കുന്നു. ഉദാഹരണമായി വിളവെടുപ്പ് ജോലികളിൽ വന്ന മാറ്റം തന്നെ പരിശോധിക്കാം. "പതം" സ്വീകരിച്ചു കൊണ്ടായിരുന്നു കൊയ്ത്തിൽ തൊഴിലാളികൾ ഏർപ്പെട്ടിരുന്നത്. അഞ്ചുപറ മെതികഴിഞ്ഞ് കർഷകന് ലഭിക്കുമ്പോൾ ഒരു പറ നെല്ല് കൂലിയായി ലഭിക്കുക എന്നതാണ് ഈ പതം സമ്പ്രദായം. പതം നൽകുക വഴി കൊയ്ത്ത്, കറ്റ ഗൃഹത്തിലെത്തിക്കൽ, മെതി മുതലായ പ്രവൃത്തികൾ നിർവ്വഹിക്കപ്പെട്ടിരുന്നു. എന്നാൽ ഇന്ന് കൊയ്യുന്നതിനും മെതിക്കുന്നതിനും പണമായാണ് കൂലി നൽകേണ്ടത്. കൂടാതെ ഗൃഹത്തിലെത്തിക്കുന്നതിന് വാഹനങ്ങൾ ഉപയോഗിക്കേണ്ടി വരുന്നു. കറ്റ വാഹനത്തിൽ കയറ്റുന്നതിനും ഇറക്കുന്നതിനും പ്രത്യേകം കൂലി കൊടുക്കേണ്ടതുണ്ട്. വിളവെടുപ്പിൽ മാത്രം വന്ന ഈ അധിക ചെലവ് ശ്രദ്ധിക്കുക.

### ഒരു ഏക്കറിൽ (10 വടിപ്പൻ കൃഷിസ്ഥലം) വിളവെടുപ്പ് ചെലവ്.

| വിളവെടുപ്പ് വ്യത്തികൾ | തൊഴിലാളികൾ | | കൂലി | | വാഹനം | ആകെ |
|---|---|---|---|---|---|---|
| | ആൺ | പെൺ | ആൺ | പെൺ | | |
| കൊയ്ത്ത് | 1 | 10 | 100 | 600 | | 700.00 |
| കറ്റ എടുക്കൽ | | | | | 150.00 | 150.00 |
| കയറ്റിറക്ക് | 2 | 200 | | | | 200.00 |
| മെതിക്കാൻ-കാറ്റത്തിടാൻ | 1 | 10 | 100 | 600 | | 700 |

| | |
|---|---|
| ആകെ ചെലവ് | : 1750.00 |
| മുമ്പ്വന്നിരുന്ന പരമാവധി ചെലവ് (15 മേനിവിള ലഭിക്കുമെന്നുകണക്കാക്കി) | : 30 വടിപ്പൻ നെല്ല് |
| 30 വടിപ്പന് ഇന്ന് | : 1200 രൂപ |
| അധിക ചെലവ് | : 550 രൂപ |

കർഷകനെ പലപ്പോഴും നഷ്ടംവരാതെ നിലനിർത്തിയിരുന്നത് തങ്ങളുടെ വൈക്കോൽ വിൽപ്പനയിലൂടെയായിരുന്നു. രണ്ടാംവിളയുടെ വൈക്കോൽ തല്ലി, ഉണക്കി കെട്ടിയി ട്ടിയിരുന്നത് മെതിക്കു ശേഷവും കൊഴിയാതെ ചുരുട്ടിൽ അവശേഷിച്ചിരുന്ന നെൽ (വൈക്കോൽ നെല്ല്) കൂലിയായി നൽകിയിട്ടായിരുന്നെന്നു പറഞ്ഞാൽ, ഇന്ന് വിശ്വസിക്കാൻ പ്രയാസം. കൂലികൊടുത്ത് വൈക്കോൽ ഉണക്കി സൂക്ഷിക്കാൻ കഴിയാത്തത് കൊണ്ട് മെതി കഴിഞ്ഞ ഉടനെ കിട്ടുന്ന വിലക്ക് വൈക്കോൽ ഒഴിവാക്കുകയാണ് ചെയ്യുന്നത്. ഇത് 2-ാം വിളയുടെ പ്രശ്നം എന്നാൽ ഒന്നാം വിളക്ക് വൈക്കോൽ മിക്കവാറും ചീഞ്ഞുപോകുകയാണ് ചെയ്യുന്നത്. ഉണ്ടാകുന്ന നെല്ലിന്റെ വിപണനത്തിനും ഇന്നു പ്രയാസമേറുകയാണ് കഴിഞ്ഞകാലങ്ങളിൽ തൃത്താല പഞ്ചായത്തിൽ ഉല്പാദിപ്പിക്കപ്പെട്ടിരുന്ന നെല്ല് കൃഷിയില്ലാത്തവർക്കിടയിലാണ് മിക്കവാറും വിതരണം ചെയ്യപ്പെട്ടിരുന്നത്. "ബാർട്ടർ " സമ്പ്രദായ ത്തിലെ വിനിമയ മാധ്യമമായ് നെല്ലു കരുതപെ ട്ടിരുന്നു. എന്നാൽ നെല്ലുവാങ്ങി വേവിച്ചുണക്കി മില്ലിൽ കൊണ്ടുപോയി കുത്തിക്കാൻ വർദ്ധിച്ച കൂലികൊടുക്കാൻ തയ്യാറാണെങ്കിൽപ്പോലും ആളെ കിട്ടാനില്ല. ഈ പരിതസ്ഥിതിയിൽ നെല്ലു വാങ്ങിക്കുക എന്ന സാഹസത്തിന് ആരും തയ്യാറല്ല. പിന്നെ നെല്ല് മൊത്തക്കച്ചവടക്കാർക്ക് അവർ പറയുന്ന വിലക്ക് നൽകുകയോ കർഷകന് നിവൃത്തിയുള്ളു. ഇത്തരക്കാരുടെ ചൂഷണത്തിൽ നിന്ന് കരകയറ്റാൻ തൃത്താല സർവ്വീസ് ബാങ്ക് കർഷകരിൽ നിന്ന് നേരിട്ടു നെല്ലെടുക്കുന്നുണ്ട്. ഒരു കിലോക്ക് 6 രൂപ എന്ന തോതിലാണിപ്പോൾ വില നൽകുന്നത്. ഭൂരിഭാഗം കർഷകരും ഈ സൗകര്യം ഉപയോഗിച്ചു കാണുന്നില്ല.

**ഒരു വിളയിറക്കലിന് വരുന്ന ചെലവ്**

**10 വടിപ്പൻ (1 ഏക്കർ സ്ഥലത്ത് ) കൃഷിയിടത്തിന്.**

| കാർഷികവൃത്തികൾ | വിത്ത് R.S 50 | കൂലി | | ചെലവ് | | വളം ചെലവ് | | | ട്രാക്ടർ R.S.180 | ഉഴവ് കാളകൾ125 | വാഹനച്ചെലവ് | സ്പ്രേയറും ഫെർട്ടിലൈസർ | ആകെ. |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | ആൺ | പെൺ | ആൺ R.S 100 | പെൺ R.S 60 | രാസവളം | പച്ചിലവളം R.S. 30 | ജൈവവളം R.S. 7 | | | | | |
| കൊയ്ത്തുകഴിഞ്ഞപാടം പൂട്ടിയിടൽ | | | | | | | | | 270 | | | | 270.00 |
| വിത്തു മുളപ്പിക്കൽ | 550 | | | 35 | | | | | | | | | 585.00 |
| ഞാറ്റടി ഒരുക്കൽ | | 1 | 2 | 100 | 120 | | | | | 250 | | | 470.00 |
| ഞാറു നടാൻ ഭൂമി ഒരുക്കൽ | | 1 | 6 ചാണകം | 100 | 360 | 200 | 1800 | 525 | 540 | | | | 3525.00 |
| (പഴയതരം വിത്ത്) ഞാറു പറിക്കൽ | | 1 | 8 | 100 | 480 | | | | | | | | 580.00 |
| വരമ്പു വയ്ക്കൽ | | 4 | | 400 | | | | | | | | | 400.00 |
| ഞാറു നടൽ | | 1 | 10 | 100 | 600 | | | | | | | | 700.00 |
| കള പറിക്കൽ | | | 10 | | 600 | | | | | | | | 600.00 |
| മേൽവളം ഇടൽ | | 1 | | 100 | | 250 | | | | | | | 350.00 |
| കൊയ്ത്ത് | | 1 | 10 | 100 | | 600 | | | | | | | 700.00 |
| കറ്റയെടുക്കാൻ (കയറ്റ് ഇറക്ക് അടക്കം) | | 2 | | 200 | | | | | | | 150 | | 350.00 |
| മെതി-കാറ്റത്തിടാനും മറ്റും | | | 10 | | 600 | | | | | | | | 600.00 |
| പുതിയഅത്യുൽപാദന ശേഷിയുള്ള വിത്തിന് അധികം വരുന്നചെലവ് | | | 4 | | 240 | 760 | | | | | | | 940.00 |
| മരുന്ന് തളി | | 2 | | 200 | | | | | | | | 120 | 320.00 |

## പഴയ വിത്തുകൾ ഉപയോഗിച്ച് കൃഷി ചെയ്യുമ്പോഴും അത്യുല്പാദന ശേഷിയുള്ള വിത്തിനങ്ങൾ ഉപയോഗിച്ച് കൃഷിചെയ്യുമ്പോഴും ഉള്ള വരവ് -ചെലവ് കണക്ക്.

| വിത്തിനങ്ങൾ | കൂലി ചെലവ് | മറ്റു ചെലവുകൾ | ആകെ ചെലവ് | വരുമാനം നെല്ല് R.S.451 | വരുമാനം വൈക്കോൽ | വരുമാനം തുക | നഷ്ടം |
|---|---|---|---|---|---|---|---|
| പഴയ(ഒന്നാം വിള) പരമ്പരാഗത വിത്തുകൾ | 4560.00 | 4585.00 | 9145.00 | 150 പറ | 500 രൂപ മൊത്തം | 7250.00 | 1895.00 |
| (ഒന്നാം വിള) അത്യുല്പാദനശേഷി യുള്ള വിത്തുകൾ | 5000.00 | 5405.00 | 10405.00 | 200 പറ | 300 രൂപ (മൊത്തം) | 9300.00 | 1105.00 |
| രണ്ടാംവിള പഴയത് | 4560.00 | 4585.00 | 9145.00 | 150 പറ | 1800 രൂപ | 8550.00 | 595.00 |
| രണ്ടാംവിള പുതിയത് | 5000.00 | 5405.00 | 10405.00 | 200 പറ | 600 രൂപ | 9600.00 | 805.00 |

വിളരണ്ടിൻെറയും ശരാശരിയായാണ് എടുത്തിരിക്കുന്നത്

എല്ലാസാഹചര്യങ്ങളും അനുകൂലമാണെങ്കിൽ, നെല്ലിനും വൈക്കോലിനും യഥാസമയം ആവശ്യക്കാരെ കണ്ടെത്താനാവുമെങ്കിൽ ഉള്ള നഷ്ടത്തിന്റെ കണക്കാണിത്. കർഷകരുടെ വായ്പക്കുള്ള പലിശ, 2-ാം വിളക്കു വരുന്ന ജലസേചന ചെലവുകൾ മുതലായവ കണക്കാക്കിയിട്ടുമില്ല. ഈ നഷ്ടത്തിന്റെ അടിസ്ഥാന ത്തിൽ ഒന്നാം വിളക്ക് കൂടുതൽ സ്ഥലം തരിശിടുന്ന തായി കാണുന്നു. താഴെക്കാണുന്ന പട്ടിക പരിശോധിക്കുക.

## കൃഷിയിടം-തരിശിടുന്നതിന്റെ കണക്ക്

| ഘട്ടങ്ങൾ | കൃഷിയിടം വിസ്തീർണ്ണം ഏക്കറിൽ | കൃഷിയിറക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം | തരിശിടുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം | കൃഷിയോഗ്യമല്ലാത്ത തരിശ് | കൃഷിയോഗ്യമായ തരിശ് മാത്രം | ശതമാനം |
|---|---|---|---|---|---|---|
| ഒന്നാംവിള | 1834.44 | 1009.62 | 824.35 | 146.75 | 777.60 | 46% |
| രണ്ടാംവിള | 1834.44 | 1071.32 | 763.12 | 146.75 | 616.37 | 36% |
| മൂന്നാംവിള | 1834.44 | 800 ഏക്കർ | 1745.44 | 146.75 | 1607.69 | 95% |
| കൃഷിയോന്നമായ ഭൂമി | | | 1687.69 ഏക്കർ | | | |

അടുത്തതായി പരിശോധിക്കാനുള്ളത് കൂലി പ്രശ്നമാണ്. എന്തെന്തുപദ്ധതികൾ വന്നാലും, സാദ്ധ്യമായ ഇളവുകൾ സർക്കാരിൽ നിന്നുണ്ടായാലും കൃഷിയുടെ നഷ്ടത്തിന് വലിയൊരു പങ്കു വഹിക്കുന്നത് അസാധാരണമായ ഈ രംഗത്തെ കൂലി വർദ്ധനയാണ്. ഓരോ സീസണിലും ഇരുപത്തഞ്ച് ശതമാനം വരെ കൂലിയിൽ വർദ്ധനവുവരുന്നുണ്ട് പുരുഷന്മാരുടെ കൂലി 20 രൂപകണ്ടും, സ്ത്രീകളുടെ കൂലി 10 രൂപകണ്ടുമാണ് കൂടി വരിക പതിവ് ഇനി ഈ രംഗത്തെ തൊഴിലാളികളുടെ ലഭ്യത പരിശോ ധിക്കാം.

## ആവശ്യമായ തൊഴിലാളികളുടെ കണക്ക്

| ഘട്ടങ്ങൾ | കൃഷിയിറക്കുന്ന സ്ഥലം ഏക്കറിൽ | ആവശ്യമായ തൊഴിലാളികൾ | | പഞ്ചായത്തിൽ ലഭ്യമായ തൊഴിലാളികൾ | | മറ്റുസ്ഥലങ്ങളിൽ നിന്ന് ലഭ്യമായ തൊഴിലാളികൾ | |
|---|---|---|---|---|---|---|---|
| | | ആൺ | പെൺ | പെൺ | ആൺ | ആൺ | പെൺ |
| ഒന്നാം വിള | 1009.62 | 14126 | 60540 | 965 | 722 | 50 | 100 |
| രണ്ടാം വിള | 1071.32 | 14998 | 64279 | 965 | 722 | 50 | 100 |
| മൂന്നാം വിള | 80 | 1120 | 4800 | 965 | 722 | 50 | 100 |

## തൊഴിൽ വിതരണം (ആവശ്യമായ സ്ത്രീ തൊഴിലാളികളുടെ എണ്ണം) ഒന്നാം വിള

| ഞാറുപറിക്കൽ | ലഭ്യമായ എണ്ണം | ആവശ്യമുള്ള വരുടെ എണ്ണം | ആവശ്യമായ ദിവസങ്ങൾ | തുലനം ചെയ്യുന്ന രീതി |
|---|---|---|---|---|
| ഞാറുപറി | 825 | 8080 | 10 | ജോലി തുടങ്ങുന്നതിനുമുമ്പ് കരാറടസ്ഥാനത്തിൽകുണ്ടുകണക്കാക്കി പറിച്ച് സമയം കണ്ടെത്തുന്നു |
| ഞാറു നടൽ | 825 | 10100 | 13 | പകുതി സ്ഥലത്ത് വിതക്കുന്നു. |
| കള പറിക്കൽ | 825 | 10100 | 13 | മുഴുവൻ സ്ഥലത്തുംകളഎടുക്കുന്നില്ല |
| കൊയ്ത്ത് | 825 | 10100 | 13 | കൊയ്ത്തുകഴിഞ്ഞ് ദിവസങ്ങൾക്കുശേഷം മെതിനടത്തുന്നു |
| മെതി | 825 | 10100 | 13 | |
| ട്രാക്ടർ ഒരുദിവസം | 8 | | 25 ദിവസം (3030 മണി) | ട്രില്ലർ,ഉഴവുകാളകൾ എന്നിവയെ ആശ്രയിക്കുന്നു. |
| 15 മണിക്കുർ (പ്രവർത്തനം) | | | | |

നെൽകൃഷിയിൽ ആൺതൊഴിലാളികൾക്ക് അവസരങ്ങൾ കുറവായതിനാൽ അവർക്കുവേണ്ടി അധികം കാത്തുനിൽക്കേണ്ടിവരാറില്ല. എന്നാൽ സ്ത്രീതൊഴിലാളികളുടെ ലഭ്യതയുടെ കാര്യത്തിൽ വിഷമങ്ങൾ ഏറേയാണ്. പരുതൂർ, പട്ടിത്തറ പഞ്ചായത്തുകളിൽ നിന്നും മറ്റും ശരാശിരി 100 തൊഴിലാളികളുടെ ലഭ്യതകൂടി കണക്കിലെടുത്താണ് മുകളിൽ കാണിച്ച പട്ടികതയ്യാറാക്കിയത്. കൃത്യമായ ഞാറിന്റെ മൂപ്പിൽ നടാൻ കഴിയുന്നകർഷകർ ഭാഗ്യവാൻമാർ! തൊഴിലാളികളുടെ രോഗം, മറ്റു പ്രശ്നങ്ങൾ മുതലായവ കണക്കിലെടുത്താൽ പഞ്ചായത്തിലെ ഓരോപ്രവർത്തിയും 25 ദിവസംസങ്ങൾക്കുള്ളിലേ പൂർത്തിയാകാറുള്ളു, ഞാറിന്റെ മൂപ്പ് 25 ദിവസംവരെ വർദ്ധിച്ച് അതുനടുന്നതായാൽ ഉല്പാദനത്തിൽ കുറവു വരുമെന്ന് പറഞ്ഞറിയിക്കേണ്ടതില്ല. ഈ വിഷമതകൾ കണക്കിലെടുത്ത് നിരവധികർഷകർ വിത്തു വിതച്ച് കുറഞ്ഞ ഉൽപ്പാദനവുമായി തൃപ്തിപ്പെടുകയാണ്. സാമർത്ഥ്യമുള്ളവർ നിലവിലുള്ള കൂലിയും കൂടുതൽ കൊടുത്ത് പണിചെയ്യിക്കുന്നതും പതിവാണ്. കളപറിയുടെകാര്യത്തിലും ആവശ്യമുള്ള


പാടശേഖരങ്ങൾ
I. തൃത്താല
II. മേഴത്തൂർ
III. കോടനാട്
IV. മുടവന്നൂർ
V. ചാക്കൂത്തി
VI. ഞാങ്ങാട്ടിരി
VII. കണ്ണന്നൂർ
VIII. ഉള്ളന്നൂർ
IX. വി.കെ. കടവ്
II തെങ്ങ് കവുങ്ങ്
III റബ്ബർ
IV പറങ്കിമാവ് മറ്റുവിളകൾ
V നേന്ത്രവാഴ
നാഗലശ്ശേരി
തിരുമിറ്റക്കോട്
പട്ടിത്തറ
ഭാരതപ്പുഴ
S
N

# വിളഇനങ്ങൾ

സന്ദർഭത്തിൽ നടത്താൻ പറ്റാതെ വരുന്നത്കൊണ്ട് ആപ്രവൃത്തിതന്നെ വേണ്ടെന്നു വെക്കുന്നവരുണ്ട്. ഇതും ഉല്പാദനത്തെ ബാധിുന്ന പ്രശ്നമാണ്. തൃത്താല പഞ്ചായത്തിലെ നിലമുഴുത് ഒരുക്കുന്നതിനുതന്നെ ട്രാക്ടർ ഒന്നിന് 3030 മണികൂറുകൾ ആവശ്യമാണ്. ഇതിന് പഞ്ചായത്തിലുള്ള 5 ട്രാക്ടറുകൾക്കു പുറമെ 3 എണ്ണംകൂടിച്ചേർന്ന് 8 ട്രാക്ടറുകളാണ് ലഭ്യമാകുന്നത്. അവ ഒരു ദിവസം 15 മണിക്കൂർ ജോലിചെയ്താൽതന്നെ 25 ദിവസങ്ങൾ ആവശ്യമാണ്. ട്രാക്ടർ കർഷകന്റെ മുന്നിൽ പ്രത്യക്ഷപ്പെടുന്ന വേളയിൽ തന്നെ നിലം ഉഴുതിടുന്നതിന് കർഷകൻ പലപ്പോഴും നിർബന്ധിതനാകുന്നു. അല്ലാത്തപക്ഷം വർദ്ധിച്ച കൂലിനൽകി ഉഴവുകാളകളെ ആശ്രയിക്കേണ്ടി വരും. നിലം ഉഴുതി ട്ടാൽ അധികം താമസിയാതെ നടാൻ കഴിഞ്ഞില്ലെങ്കിൽ മണൽ പ്രദേശമായതിനാൽ ഭൂമി തരിച്ച് വീണ്ടും ഉഴവുകാളകളെ ഉപയോഗിക്കേണ്ടി വരും. ഈ സന്ദർഭങ്ങളിലാണ് കർഷകർ വർദ്ധിച്ച കൂലിയുമാളി തൊഴിലാളികളെ പ്രലോഭിപ്പിക്കാൻ തയ്യാറാവുന്നത്. കൊയ്ത്തിനും മെതിക്കുമെല്ലാം തൊഴിലാളികളുടെ ദാരിദ്ര്യം കർഷകരെ സാരമായി ബാധിക്കുന്നുണ്ട്. വർഷകാലത്ത് കൊയ്യാൻ ആളെലഭിക്കാതെ വിള മുങ്ങിയും വേനൽകാലത്ത് നെല്ല്കൊഴിഞ്ഞും നഷ്ടം വരാറുണ്ട്. വർഷക്കാലത്ത് മെതിക്കാൻ ആളെ കിട്ടാതെ നെല്ല് മുളച്ച് നാശമാകുന്നതും പതിവാണ്. ചുരുക്കത്തിൽ 'നെല്ല്' എന്ന പദംതന്നെ കർഷകനുൾഭീതിജനിപ്പിക്കുന്ന ഒന്നായിതീർന്നിരിക്കുന്നു. എന്നതാണ് സത്യം.

തൃത്താല പഞ്ചായത്തിലെ മിക്കവാർഡുകളിലും പ്രത്യേകിച്ച് ഒന്നും, രണ്ടും, നാലും, അഞ്ചും വാർഡുകളിൽ കൃഷിയിടങ്ങൾ പുരയിടങ്ങളായി മാറിക്കൊണ്ടിരിക്കുന്നു. വർദ്ധിച്ചജനസംഖ്യക്കനുസരിച്ച് കൂടുതൽ പുരയിടങ്ങൾ ഉണ്ടാക്കാൻ ഒരുഭാഗം പൂർണമായും പുഴയും, മറുഭാഗം കുന്നുകളുമുള്ള ഈപ്രദേശങ്ങൾക്ക് ഒരു പരിധിവരെ കൃഷഭൂമിയെ ആശ്രയിക്കുകയേ വഴിയുള്ളുവെങ്കിലും റോഡരികിൽ ഒരുസെന്റ് ഭൂമിക്ക് ശരാശരി 30000/– മുതൽ 50000/– രൂപവരെ വിലലഭിക്കുമ്പോൾ പഞ്ചായത്തിനു പുറത്തുള്ളവർക്കാണ് വിൽപ്പന അധികവും നടത്തുന്നത്. കൃഷിയുടെ മുകളിൽ വിവരിച്ച ബാദ്ധ്യതകൾക്കിടയിൽ നിന്ന് ഓടിരക്ഷപ്പെടാൻ കർഷകർ ഇത്തരത്തിൽ ഭൂമി വിറ്റൊഴിവാക്കുന്നത് സ്വാഭാവികം മാത്രം. വിറ്റഭൂമികൾ ഇങ്ങനെ നികത്തപ്പെടുന്നതോടെ ഭക്ഷ്യ ദൗർലഭ്യമാകും ഭാവിഫലം.

പഞ്ചായത്തിലെമുഖ്യ കാർഷിക വിളയായ നെല്ല് 428.53 ഹെക്ടർ സ്ഥലത്ത് 1–ാം വിളയും, 403.85 ഹെക്ടർ സ്ഥലത്ത് രണ്ടാം വിളയും, 32 ഹെക്ടർ സ്ഥലത്ത് മൂന്നാം വിളയും കൃഷി ചെയ്യപ്പെടുന്നുണ്ട്. ഒന്നാം വിളക്ക് സുമാർ 557089 കി.ഗ്രാമും രണ്ടാം വിളക്ക് സുമാർ 565390 കി.ഗ്രാമും, മൂന്നാം വിളക്ക് 1600 കി.ഗ്രാമുമാണ് ഉൽപാദനക്ഷമത. (കൃഷി വകുപ്പിൽ നിന്നും ലഭിച്ച കണക്കാണിത്). സംസ്ഥാനത്തെ ഉൽപാദനക്ഷമതയിലും കുറവാണിത്. ഇതിന്റെ കാരണങ്ങൾ മുൻഖണ്ഡികയിൽ വിവരിച്ചു കഴിഞ്ഞിട്ടുണ്ട്.

നെൽകൃഷി ചെയ്തൊഴിഞ്ഞ പാടങ്ങളിലും, ഭാരതപ്പുഴയിലും വേനൽക്കാലത്ത് പച്ചക്കറികൃഷി വ്യാപകമായിരുന്നു. കൂടാതെ പുരയിടങ്ങളിൽ പയർ, ചീര, അമര, ചേമ്പ്, ചേന കൃഷികളും വമ്പിച്ചതോതിൽ നടന്നിരുന്നു. തൊഴിലാളികളുടെ ദൗർലഭ്യവും, വേതന വർദ്ധനവും കൊണ്ടുതന്നെ ഈ കൃഷികളും നിലച്ച മട്ടാണ്. വാണിജ്യാടിസ്ഥാനത്തിൽ പച്ചക്കറിക്കൃഷി നടത്തുന്നവർ വിരലിലെണ്ണാവുന്നവർമാത്രം. പച്ചക്കറി രംഗത്ത് ഒരളവുവരെയുണ്ടായിരുന്ന പഞ്ചായത്തിന്റെ സ്വയംപര്യാപ്തത നഷ്ടപ്പെടുകയാണുണ്ടായത്. തൃത്താല പഞ്ചായത്തിലെ ഒന്നാം വാർഡിനൊടും രണ്ടാം വാർഡിനോടും ചേർന്നുകിടക്കുന്ന, ഭാരതപ്പുഴയുടെ തീരത്തുള്ള ഫലഭൂയിഷ്ടമായ പത്തുമുപ്പതേക്കർ പുഴനികന്നുണ്ടായ പ്രദേശമുണ്ട്. ഈ പ്രദേശം റവന്യൂ ഡിപ്പാർട്ട്മെന്റിന്റെ കീഴിലാണ്. ഏതാനും അനധികൃതകുടിയേറ്റക്കാർ അല്ലറചില്ലറ കൃഷി നടത്തുകയാണിപ്പോൾ അവിടെ. വാണിജ്യാടസ്ഥാനത്തിൽ പച്ചക്കൃഷി ആരംഭിക്കാൻ എന്തുകൊണ്ടും അനുയോജ്യമായ ഈ പ്രദേശത്ത് ഒരുനെഴ്സറിക്കും സാദ്ധ്യതയുണ്ട്. പൊതുവ്യക്തികൾക്കോ, സംഘടനകൾക്കോ ഈ പ്രദേശം അനുവദിച്ച് പച്ചക്കറിക്കൃഷി ആരംഭിച്ചാൽ, അതിന്റെ വിപണനം തൃത്താലപഞ്ചായത്തിന്റെ മേൽനോട്ടത്തിൽകൂടിയായാൽ വിപ്ലവകരമായ ഒരുമാറ്റം ഈ മേഖലയിൽപ്രതീക്ഷിക്കാം. പഞ്ചായത്തിലെ വിവിധ വാർഡുകളിൽ വാണിജ്യാടിസ്ഥാനത്തിൽ നേന്ത്രവാഴ കൃഷി ചെയ്യുന്നുണ്ട്. ഒട്ടേറെ കടമ്പകൾ കടന്നാലെ ഈ കൃഷിയിലും കർഷകന് വിജയിക്കാനാവൂ. മാന്യമായവിൽപ്പനവില ലഭിക്കുന്നില്ല എന്നതാണ് പ്രധാനവിഷയം. കർഷകനുലഭിക്കുന്ന വിലയുടെ ഇരട്ടിയാണ് നേന്ത്രക്കായുടെ മാർക്കറ്റ് വില എന്തിലും കർഷകനെ ആകർഷിക്കാൻ കഴിന്ന ഒരു മേഖലയാണിത്.

പുരയിടങ്ങളിലും, തോട്ടങ്ങളിലുമായി 1057.5 ഏക്കറിൽ തെങ്ങുകൃഷിയുണ്ട്. ആകെ 84600 തെങ്ങുകളിൽ കായ്ക്കുന്നത് 56350 ഉം കായ്ക്കാത്തത് 28250തെങ്ങുകളുമാണ് ഉള്ളത്. ഇതിൽതന്നെ 2000 തെങ്ങുകൾ വിവിധരോഗങ്ങൾ ബാധിച്ച് നശിക്കുന്നനിലയിലുമാണ്. ഒരുതെങ്ങൽനിന്ന് വർഷത്തിൽ ശരാശരി 30 തേങ്ങയാണ് പ്രതീക്ഷിക്കുന്നത്.

എന്നാൽഫലത്തിൽ ശരാശരി 20 തേങ്ങയാണ് ലഭിക്കുന്നത്. സംസ്ഥാനശരാശരി38 ആണ്. എന്നിരിക്കേ പഞ്ചായത്ത് ഈരംഗത്ത് പുറകിലാണ് നാടൻ തെങ്ങിനങ്ങളാണ് 80%വും എന്നതാണ് ഇതിനൊരുകാരണം. കൂലിക്കാരുടെദൗർലഭ്യവും വർദ്ധിച്ചകൂലി ചെലവും ശരിയായരീതിയിൽ തെങ്ങിന് പരിരക്ഷനൽകാതിരിക്കാൻ കാരണമാണ്. ശരിയായരീതിയിൽ തെങ്ങിനു തടമെടുക്കുന്നതിനും, പച്ചില-ജൈവ-രാസവളങ്ങൾ ഉപയോഗിക്കുന്നതിനും പല കർഷകർക്കും കഴിയുന്നില്ല. ജലസേചനസൗകര്യം പരിമിതമാണെന്നതിനാൽ തെങ്ങുകളിൽ കായ്ഫലം കുറയുന്നു. ഉല്പന്നത്തിന് ന്യായമായ വിലയില്ല. കൊപ്രയാക്കുന്നതിനും, അതിന്റെ വിൽപ്പനക്കും പഞ്ചായത്തിൽ സൗകര്യമില്ലെന്നതിനാൽ ഇടത്തരക്കാർ നേരിട്ട് ഇടപെട്ട് തോട്ടത്തിൽനിന്നും തേങ്ങവിലക്കെടുക്കുകയാണ് ചെയ്യുന്നത് ഇതൊട്ടേറെ ചൂഷണത്തിന് കർഷകരെ വിധേയരാക്കുന്നു. കർഷകർക്കീരംഗത്തു ഏറെസഹായകരമായേക്കാവുന്ന, തേങ്ങയിൽനിന്ന് നേരിട്ട് എണ്ണ ഉൽപാദിപ്പിക്കാൻ അവസരം നൽകുന്ന ഒന്നാകും കൊപ്ര ഡ്രെയർ എന്ന തൃത്താല സർവ്വീസ് കോ. ഓപ്പറേറ്റീവ് ബാങ്ക് സ്ഥാപിക്കുന്ന യൂണിറ്റ്.

വികസനരംഗത്തെ വികലമായ കാഴ്ചപ്പാടിന്റെ ബലിയാടുകളാവാൻ വിധിക്കപ്പെട്ടവരായിരുന്നു ഈ പഞ്ചായത്തിലെ കവുങ്ങു കൃഷിക്കാർ കൊക്കോ കൃഷിയുടെ വൻതോതിലുള്ള സാധ്യതകൾ പറഞ്ഞു പഠിപ്പിച്ച് കാർഷികവകുപ്പ് കവുങ്ങുകൾ മുറിച്ചു മാറ്റി കൊക്കോ നടുവാൻ കർഷകരെ പ്രേരിപ്പിക്കുകയുണ്ടായി. അടക്കക്കു വിലകുറവായിരുന്ന അക്കാലത്ത് കർഷകർ അതിനു തയ്യാറുമായി. നല്ലൊരു ഭാഗം കവുങ്ങിൻ തോട്ടം വെട്ടിനശിപ്പിക്കപ്പെട്ടു. തൽസ്ഥാനത്ത് കൊക്കോ തഴച്ചു വളർന്ന് വമ്പിച്ച ഉൽപ്പാദനം നൽകി.കോക്കോ വാങ്ങാൻ ആളില്ലാതെ വന്നപ്പോൾ കർഷകർ അന്ധാളിച്ചു പോയി. കൊക്കോമുറിച്ചു മാറ്റാൻ നിർബന്ധിതരുമായി. അടക്കക്കു കുത്തനെ വിലയുയർന്നപ്പോൾ കവുങ്ങുകൾ മുറിച്ചു മാറ്റിയവർ വേദനയോടെ കൊക്കോപദ്ധതി കൊണ്ടു വന്നവരെ ശപിച്ചു കഴിഞ്ഞുകൂടി. ഇന്ന് 430.47 ഏക്കറിൽ മാത്രമാണ് കവുങ്ങുകൃഷി. ഏക്കറിന് 40000 അടക്ക എന്ന തോതിൽ ഉൽപ്പാദിപ്പിക്കപ്പെടുന്നുണ്ടെങ്കിലും ഇവിടെയും വിപണനത്തിൽ ഇടത്തട്ടുകാരുടെ ചൂഷണം അനുഭവപ്പെടുന്നുണ്ട്. ജലസേചന സൗകര്യമുണ്ടെങ്കിൽ തെങ്ങു കൃഷിയെ അപേക്ഷിച്ച് ലാഭകരമാണ് കവുങ്ങുകൃഷി.

വാണിജ്യാസ്ഥാനത്തിൽ കൃഷി ചെയ്യാൻ സാധ്യതയുള്ള ഇഞ്ചി, കുരുമുളക്, മരച്ചീനി എന്നിവയും കുറഞ്ഞ സ്ഥലത്തേക്ക് ഒതുങ്ങിയിരിക്കുന്നു. എന്നാൽ റബ്ബർ കൃഷി കൂടുതൽ പ്രചാരം നേടി വരുന്നുണ്ട് എന്നു വേണം കരുതാൻ .പഞ്ചായത്തിൽ 640 ഏക്കർ സ്ഥലത്ത് ഇന്ന് റബ്ബർ കൃഷിയുണ്ട്.

## നടപ്പ് പദ്ധതി അവലോകനം

**8ാം പദ്ധതിയുടെ കാലത്ത് ചെറുതും വലുതുമായ നിരവധി പദ്ധതികൾ കൃഷിഭവൻ മുഖേന നടത്തിയിട്ടണ്ട്.**

**പ്രധാന പദ്ധതികൾ താഴെ ചേർക്കുന്നു.**

| No | പദ്ധതികൾ | 1992-93 | 1993-94 | 1994-95 | 1995-96 | ആകെ |
|---|---|---|---|---|---|---|
| 1 | ബയോഗ്യാസ്പദ്ധതി & കിണർ | 9300 | 108600 | | | 117900 |
| 2. | പച്ചക്കറിവികസനം | 375 | | | 9546 | 9921 |
| 3. | പച്ചിലവളവിത്ത് | 7500 | | | | 7500 |
| 4. | കശുമാവ്മരുന്നുതളി | 13200 | | 8308 | 4500 | 26008 |
| 5. | കമുക്വികസനം | 3000 | 5200 | | | 8200 |
| 6. | പച്ചക്കറിവികസനം(മഹിളാസമാജം) | 1155 | | | | 1155 |
| 7. | ജൈവവളനിർമ്മാണം | 5000 | | | | 5000 |

| | | | | | |
|---|---|---|---|---|---|
| 8. പൾസ്ഡവലപ്പ്മെന്റ് | 435 | | 1443 | 3750 | 6544 |
| 9. പ്രൈമിനിസ്റ്റർ പ്രോഗ്രാം | 8000 | 53000 | | 916 | 61000 |
| 10. പ്രത്യേകഘടകപദ്ധതി | 21439 | 31450 | | | 52889 |
| 11. ഗ്രൂപ്പ്ഫാമിങ്ങ് | 76512 | | | | 76512 |
| 12 വരൾച്ച ദുരിതാശ്വാസം | 20000 | | 190842 | | 210842 |
| 13 ഫർട്ടിലൈസർഹൈക്സ്സബ്സിഡി | 50000 | | | | 50000 |
| 14 കോക്കനട്ട് പ്ലാന്റേഷൻ | | 5730 | | 8170 | 13900 |
| 15 IPRD | | 37579 | | | 37579 |
| 16 കേഷ്യൂഏരിയാഎക്സ്പാൻഷൻ | 124475 | | | | 124475 |
| 17 Pepper Renabilitation | | 7060 | 1350 | | 8410 |
| 18 ഫ്രത്യേക ഘടതപദ്ധതി (കിണർ) | | 100000 | | | 100000 |
| 19 CCDP | | | 42500 | | 42500 |
| 20 വിത്തുവിതരണം | | | 7350 | | 7350 |
| 21 സ്പെഷൽപേഡിപ്രൊഡക്ഷൻപ്രോഗ്രാം | | | | 135876 | 135876 |
| 22 പബ്ലിക്പാർട്ടിസിപ്പേഷൻ | | | | 4000 | 4000 |
| 23 Production Bonus | | | | 64925 | 64925 |
| 24 കശുമാവ് വികസനം | | | | 18000 | 18000 |
| 25 SCP റബ്ബർ പ്ലാൻന്റേഷൻ | | | | 12000 | 12000 |
| 26 വിള ഇൻഷൂറൻസ് | | | | 13366 | 13366 |
| 27 കംപോസ്റ്റ് | | | | 1750 | 1750 |
| 28 CCBP | | | | 87500 | 87500 |
| 1996.97ൽചെലവാക്കിയത് | | | | | |
| (opec) | | | | | 265500 |
| ആകെ | 215916 | 543394 | 260793 | 364299 | 1573072 |
| | | | | | |

## നടപ്പുപദ്ധതി നെല്ലുൽപാദന വർദ്ധനവിന് ചെലവിട്ട കണക്ക്

| വർഷം | IPRF/SPP/ ഗ്രൂപ്പ്ഫാമിങ്ങ് ചെലവഴിച്ച തുക | വരൾച്ച ദുരിതാശ്വാസം ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം | നടപ്പിലാക്കിയ സ്ഥലത്തിന്റെ വിസ്തീർണ്ണം | ആകെ ചെലവഴിച്ച തുക |
|---|---|---|---|---|---|
| 1992–93 | 76512 | 70000 | 1221 | 530 ഏക്കർ | 146512 |
| 1993–94 | 37579 | – | 412 | 167 ഏ. | 37579 |
| 1994–95 | 49850 | 190842 | 1464 | 910 ഏ. | 240692 |
| 1995–96 | 135876 | 64925 | 567 | – | 200801 |
| 1996–97 | – | – | – | – | – |
| | | | | ആകെ. | 625584 |

നടപ്പു പദ്ധതിയിൽ വിവിധ സ്കീമുകളിലായി നെൽക്കൃഷിക്ക് ചെലവായ തുകയാണ് മുകളിൽ സൂചിപ്പിച്ചിരിക്കുന്നത്.

## ഇതിൽ 1992–93 വർഷത്തിൽ ഗ്രൂപ്പ്ഫാമിംഗ്സ്കീമിൽ ചെലവഴിച്ച തുകയുടെ വിനിയോഗം ശ്രദ്ധിക്കാം.

| ഇനം | ഗുണഭോക്താക്കൾ | നടപ്പിലാക്കിയ സ്ഥലത്തിന്റെവിസ്തീർണ്ണം | ചെലവഴിച്ചതുക |
|---|---|---|---|
| കുമ്മായവസ്തുക്കൾ | 120 | 100 Hec | 16208 |
| കീടനാശിനി | 411 | 220 Hec | |
| കളനാശിനി | 9 | 6 Hec | 60304 |
| സ്പ്രെയർ | 2 | – | |
| മോട്ടോർ 1.5 HP | 7 | – | |
| കമ്മ്യൂണിറ്റിനഴ്സറി | 2 | 2 Hec | |

## സ്ഥായിയായ വികസനത്തിന് ചെലവഴിച്ചത്

| വർഷം | കിണർ | | ബയോഗ്യാസ് | | പമ്പ് സെറ്റ് | | ട്രില്ലർ | | ട്രാക്ടർ | | ഡ്രിപ്പ് സ്പ്രേയർ orngat | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|
| | എണ്ണം | ചെലവ് | എണ്ണം | ചെലവ് | എണ്ണം | ചെലവ് | എണ്ണം | ചെലവ് | എണ്ണം | ചെലവ് | | |
| 1992–93 | 15 | 30000 | 3 | 9300 | | | | | | | | 39300 |
| 1993–94 | 27 | | 5 | | 5 | | 4<br>3 | | | | | 273600 |
| 1994–95 | 9 | 30000 | | | 5 | 12500 | | | | | | 42500 |
| 1995–96 | 3 | 21000 | 7 | | 1 | 4000 | | | | | 4 | 87500 |
| 1996–97 | | | | | | | | | | | | |
| | 54 | | 15 | | 11 | | 4 | | | | | 442900 |

പദ്ധതി അവലോകനത്തിന്റെ ആദ്യപട്ടികയിൽ കാണിച്ചപോലെ ഈ റിപ്പോർട്ടുതയ്യാറാക്കുന്നതു വരെ 1573072 രൂപ കാർഷികാവശ്യങ്ങൾക്കു വേണ്ടി ചെലവഴിച്ചിട്ടുണ്ട് കൂടാതെ 1500 പാക്കറ്റ് പച്ചക്കറി വിത്തുകൾ വിദ്യാർത്ഥികൾക്കും പഴവികസനത്തിന്റെ ഭാഗമായി ഒട്ടുമാവിൻ തൈകളും സൗജന്യമായി വിതരണം ചെയ്യപ്പെട്ടിട്ടുണ്ട്.

കർഷകർക്കു സഹായധനമായി ലഭിച്ചതാണെങ്കിലും സബ്സിഡി ഇനത്തിലും ബോണസ് ഇനത്തിലും, മറ്റമായി വൻതുക ചെലവഴിച്ചിട്ടുണ്ട് ഓരോമേഖലയിലും വന്നമാറ്റം ശ്രദ്ധിക്കുമ്പോൾ നിരാശയാണ് ഫലം. ഉദാഹരണത്തിന് വിദ്യാർത്ഥികൾക്കു നൽകിയ പച്ചക്കറി വിത്തിന്റെ കാര്യം പരിശോധിച്ചാൽ പഞ്ചായത്തിൽ 1000 പച്ചക്കറി തോട്ടങ്ങളെങ്കിലും വേണ്ടതാണ്. എന്നാൽ 50 പച്ചക്കറിത്തോട്ടങ്ങൾ പോലും ഇതുമൂലം ഉണ്ടായിട്ടില്ലെന്നതാണ് വാസ്തവം. ഒരു സ്കീമിന് പണം ചെലവിട്ടാൽ അതിന്റെ ഫല പ്രാപ്തി വിശകലനം ചെയ്യാൻ സംവിധാനമില്ലെന്നത് ഒരു പരിമിതി തന്നെയാണ്.

മൊത്തം കൃഷിയിൽ പഞ്ചായത്തിൽ മുടക്കുന്നത് പഞ്ചായത്തിൽ അനുഭവപ്പെടുന്ന കാർഷിക പ്രശ്നങ്ങൾക്ക് പരിഹാരരീതിയിലല്ല. ഉദ: 1992–93 വർഷത്തിൽ ഫെർട്ടിലൈസർ സബ്സിഡിയായി 50000 രൂപ ചെലവഴിച്ചിട്ടുണ്ട്. അത്യൽപാദന ശേഷിയുള്ള വിത്തിനങ്ങൾ ഉപയോഗിക്കുന്ന കർഷകനേ അതിന്റെ ഗുണം ലഭിച്ചുള്ളൂ. ഭൂരിഭാഗവും നാടൻ വിത്തുകൾ ഉപയോഗിക്കുന്നവരാണെന്നു കാണാം. പച്ചില വള വിത്ത് എല്ലാ വർഷവും കർഷകന് ലഭിക്കേണ്ടതാണ് എന്നാൽ ആയിനത്തിൽ 1993 മുതൽ 1996 വരെ ഒരു തുകയും ചെലവിട്ടിട്ടില്ല. അതേ പോലെ വിവിധ മേഖലകളിൽ കൃഷിയിറക്കുന്ന കർഷകരുടെ എണ്ണത്തിന്റെ അനുപാതത്തിലല്ല പദ്ധതികൾ വഴി പണം ചെലവിടുന്നത്. എണ്ണത്തിൽ കുറവായ കശുമാവു കർഷകർക്കിടയിൽ കശുമാവ് കൃഷി വികസന ിത്തിനും മരുന്നതളിക്കുമായി 44008 രൂപയും കൃഷി വ്യാപിപ്പിക്കുന്നതിന് 124475 രൂപയും ചെലവിട്ടു. എന്നാൽ എണ്ണത്തിൽ കൂടതൽ കൃഷിക്കാരുള്ള തെങ്ങുകൃഷിയുടെ മേഖലയിൽ 13900 രൂപയും കമുകുകൃഷി വികസനത്തിന് 8200 രൂപയുമാണ് ചെലവിട്ടത്.

സബ്സിഡിയും ബോണസ്സും ആശ്വാസമേ ആകുന്നുള്ളൂ. അത് ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള ഉപാധിയാകുന്നില്ല. ഇതൊന്നും തന്നെ ആവശ്യമായ സന്ദർഭത്തിലായിരിക്കില്ല ലഭിക്കുക. വിവിധകമ്മിറ്റികളുടെ ശുപാർശ പ്രകാരമാണ് ഗുണഭോക്താക്കളെ നിശ്ചയിക്കുക. പഞ്ചായത്തിലെ പല കാർഷിക സമിതികളും സജീവമല്ല പല സ്കീമുകളും കർഷകർ അറിയുന്നില്ല. അറിഞ്ഞുചെല്ലുമ്പോൾ പലതും ലഭിക്കുകയുമില്ല. വിത്തുകളും തയ്യുകളും മറ്റും അനവസരത്തിലായിരിക്കും എത്തുക. അവയൊന്നും കർഷകന് പ്രയോജനപ്പെടുകയുമില്ല. ഒരു കാർഷിക വർഷത്തിൽ പല പല ഘട്ടങ്ങളിലായാണ് സ്കീമുകൾ വരുന്നത്. ഇതിനെയെല്ലാം കുറിച്ച് ഒരു ശരാശരി കർഷകന് വിവരമുണ്ടായിരിക്കാൻ പ്രയാസമാണ്. കർഷകരെ വിവരമറിയിക്കാൻ കൃഷി ഭവനിൽ സംവിധാനവുമില്ല. നാളിതുവരെയായി ഒരിക്കലെങ്കിലും ഒരു തെങ്ങിൻ തൈ പോലും കൃഷിഭവനിൽ നിന്ന് ലഭിക്കാൻ

ഭാഗ്യമില്ലാത്ത കർഷകർ ചിലരെ ങ്കിലുമുണ്ട് കൃഷിഭവന് വിതരണം ചെയ്യാനാവശ്യമായ തൈകൾ ഇതേ പഞ്ചായത്തിലെ കർഷകരെക്കൊണ്ടു തന്നെ ഉൽപ്പാദിപ്പിക്കാൻ സാധിക്കണം.

നടപ്പുപദ്ധതിയിൽ ഓരോ മെയിൻ ഹെഡിനും താഴെ ചെറുകിട സ്കീമുകളുണ്ട്. ഉദാഹരണമായി 1992–93 വർഷത്തിൽ ഗ്രൂപ്പ് ഫാമിങ്ങിനു കീഴിലുള്ള ഉപസ്കീമുകളെക്കുറിച്ചുള്ള പട്ടിക ശ്രദ്ധിക്കുക. യഥാർത്ഥത്തിൽ ഗ്രൂപ്പ് ഫാമിങ്ങ് വിപുലമാക്കാൻ ഉതകുന്നവയല്ല ഉപസ്കീമുകളൊന്നും തന്നെ എന്ന് വ്യക്തമാകും.ഇതേപോലെത്തന്നെയാണ് ഏതാണ്ട് മറ്റു പദ്ധതികളുടെയും സ്ഥിതി പൾസസ് ഡവലപ്മെന്റ് പദ്ധതിയുടെ ഭാഗമായി 60കി.ഗ്രാം. പയർ വിത്ത് വിതരണം ചെയ്തിട്ടുണ്ട് 67000 കിലോഗ്രാം പയർ ഉൽപ്പാദിപ്പിക്കാൻ കഴിയുമെന്നത് ലക്ഷ്യമിട്ടിരുന്നു. ഇതിൽ 670കി.ഗ്രാം. പഞ്ചായത്തിൽ ഉൽപ്പാദിപ്പിക്കപ്പെട്ടുവോ എന്നതാണ് സംശയം. മൊത്തത്തിൽ വിവിധ കൃഷികൾക്ക് ലഭ്യമായ തുക വീതിക്കപ്പെടുമ്പോൾ ഒന്നിനും തികയാത്ത സ്ഥിതിയാണിന്നുള്ളത്.

ജനങ്ങളുടെ വേണ്ടവിധത്തിലുള്ള സഹകരണമില്ലായ്മ ഈ പദ്ധതി നടത്തിപ്പിൽ അപാകതകൾ വരുത്തിവച്ചിട്ടുണ്ടെന്ന് കൃഷിവകുപ്പ് തന്നെ(തൃത്താല കൃഷിഭവൻ) സമ്മാനിച്ചിട്ടുണ്ട്. വികസന ഓഫീസിൽ നിന്ന് എന്തെങ്കിലും ആനുകൂല്യം കൈപ്പറ്റുന്നതിന് വിഷമതകൾ എറെയാണെന്ന് കർഷകരും പറയുന്നു. കൃഷിഭവനും കർഷകരും തമ്മിലുള്ള ആരോഗ്യകരമായ ബന്ധം നിലനിൽക്കേണ്ടത് അത്യവശ്യമാണ്. ഡെമോൺസ്ട്രേറ്റർ എന്ന തസ്തിക നിർത്തലാക്കി കൃഷി അസിസ്റ്റന്റായി അതു മാറിയപ്പോൾ ഫലത്തിൽ ഗുമസ്ഥപ്പണിയാണ് അധികവും നടക്കുന്നത്, കൃഷിയെ സംബന്ധിച്ച ശാസ്ത്രീയ വിവരങ്ങൾ അതിനാൽ കർഷകന് കാലാകാലങ്ങളിൽ ലഭിക്കുന്നില്ല. 1995–96 വർഷത്തെ പദ്ധതിയിൽ Public participation സ്കീമിൽ കർഷകർക്ക് സമ്മാനമായി 2500 രൂപയും, സെമിനാറും, കാർഷികമേളകളും നടത്താനായി 1000 രൂപയും ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഈ മേളകളും മറ്റും കർഷകരെ വലിയൊരളവിൽ ആകർഷിച്ചിരുന്ന തായി കാണുന്നില്ല. പല സഹായങ്ങളും ഒരു പ്രഹസനമെന്നതിലപ്പുറം കർഷകർക്ക് പ്രയോജനകരമാകുന്നില്ല എന്നതു തന്നെയാണ് ഈ നിസംഗതക്കു കാരണം. നാമമാത്ര – ചെറുകിട – വൻകിട കർഷകരായി 786 നെൽകൃഷിക്കാർ തന്നെ ഈ പഞ്ചായത്തിലുണ്ട്. ഇവരിൽ പകുതി പേരെങ്കിലും ഗുണ ഭോക്താക്കളാകുന്ന ഒരു പദ്ധതിയും നടപ്പു പഞ്ചവത്സര പദ്ധതിയിലില്ല.

## പ്രശ്നങ്ങൾ

1. നെൽ കൃഷിലാഭകരമല്ല.
2. വിദഗ്ദ തൊഴിലാളികൾ കുറവാണ്.
3. അപകട സാദ്ധ്യതകൾ (Risk factor) ക്ക് മതിയായ സംരക്ഷണമില്ല.
4. വിപണനസൗകര്യം പരിമിതമാണ്.
5. ഗ്രൂപ്പ് ഫാമിങ്ങ് ഫലപ്രദമല്ല.
6. കൃഷിയുമായി ബന്ധപ്പെട്ട സർക്കാർ വകുപ്പുകൾ തമ്മിൽ ഏകോപനമില്ല. (പ്രധാനമായും കൃഷി–വൈദ്യുതി–ജലസേചന വകുപ്പുകൾ)
7. ശാസ്ത്രീയമായ കൃഷി സമ്പ്രദായങ്ങൾ അവലംബിക്കുന്നില്ല.
8. ആവശ്യമായ സന്ദർഭങ്ങളിൽ സഹായധനം ലഭിക്കുന്നില്ല.
9. കൃഷിഭവന്റെ ഫലപ്രദമായ ഇടപെടലുകൾ ഉണ്ടാകുന്നില്ല.
10. കർഷകർക്കിടയിൽ ഐക്യമില്ല.
11. കൃഷിഭൂമി മറ്റാവശ്യങ്ങൾക്കായി ഉപയോഗിക്കുന്നു.
12. പച്ചക്കറികൃഷി വളരെ അപൂർവ്വമായെ നടക്കുന്നുള്ളൂ.
13. ഔഷധസസ്യങ്ങൾ കൃഷി ചെയ്യുന്നതേയില്ല.
14. നാളികേരത്തിന്റെ ഉൽപ്പാദനം കുറവാണ്.
15. അടക്ക സംസ്കരണത്തിന് ആവസരമില്ല.
16. ഇഞ്ചി–കുരുമുളക് കൃഷിക്ക് അഭിവൃദ്ധിയില്ല.
17. നേന്ത്രവാഴ കൃഷി വ്യാപിപ്പിക്കുന്നില്ല.
18. ഇടവിളകൾ വിസ്മരിക്കപ്പെടുന്നു.
19. പഴസംസ്കരണ സൗകര്യമില്ല.
20. കൈതച്ചക്ക കൃഷി പഞ്ചായത്തിൽ തീരെയില്ല.
21. ഫാം റോഡുകൾ കുറവാണ്.
22. നീർക്കേട്ടുകൊണ്ട് വിള നശിക്കുന്നു.
23. മണ്ണിലെ അമ്ലത്വം ഉൽപാദനക്കുറവിന് കാരണമാകുന്നു.

## സാദ്ധ്യകൾ

1. പഞ്ചായത്തിലെ വിദഗ്ദകൃഷിക്കാരുടെ ഒരു സംഘം അനാവശ്യ–അമിത ചെലവുകളെ കണ്ടെത്തി അവ ഒഴിവാക്കാനുള്ള ക്രിയാത്മക നിർദ്ദേശങ്ങൾ സമർപ്പിക്കുക. തൊഴിലാളികളുടെ കൂലി–പ്രവർത്തന സമയം നിജപ്പെടുത്തുക.

2. കാർഷിക രംഗത്ത് യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുക. ഞാറുനടൽ യന്ത്രം മെതിയന്ത്രം

മുതലായവ സ്വന്തമാക്കാൻ കർഷകരെ സഹായിക്കുന്ന പ്രധാന പദ്ധതികൾ ആവിഷ്കരിക്കുക.

3. സ്കൂളുകളിൽ നിന്നും മറ്റും തെരഞ്ഞെടുക്കുന്ന കർഷക കുടുംബത്തിലെ കുട്ടികൾക്കു കാർഷിക വൃത്തികൾ പഠിപ്പിക്കുന്നതിന് സ്കൂൾ അവധികാല പദ്ധതികൾ ആവിഷ്ക്കരിക്കും.

4. അപകട സാധ്യതകൾ കവർ ചെയ്യുന്നതിന് വിള ഇൻഷ്വറൻസും മറ്റും നടപ്പിലാക്കാൻ കർഷകരും പഞ്ചായത്തും കൂട്ടായി പദ്ധതി കണ്ടെത്തുക.

5. തൃത്താല സർവ്വീസ് ബാങ്കിന്റെ നെല്ലെടുപ്പ് പദ്ധതി വിപുലീകരിക്കുക. നെല്ല് ഉണക്കിക്കുത്താനുള്ള ഒരു മില്ല്-നിലവിലുള്ള സർവ്വീസ് ബാങ്കിന്റെ മില്ല് വിപുലീകരിച്ചു കൊണ്ട് സ്ഥാപിക്കുക.

6. ഗ്രൂപ്പുഫാമിങ്ങിന്റെ കീഴിലുള്ള പച്ചക്കറികൃഷി, നെൽകൃഷി കൂടി ഉൾപ്പെടുത്തുക. കൃഷിവികസന സമിതികളിൽ കൂടുതൽ വിദഗ്ദരുടെ സേവനം ഉറപ്പുവരുത്തുക.

7. കൃഷിയിറക്കുന്ന വേളക ളിലും, വിളവെടുപ്പ് സമയങ്ങളിലും സമയബന്ധിതമായി സഹായ ധനം നൽകുന്നതിന് പദ്ധതികൾ കണ്ടെത്തുക.

8. കൃഷി യുടെ ഓരോഘട്ടത്തിലും കൃഷി വിഗ്ദന്മാരും കൃഷിഭവൻ ഉദ്യാഗസ്ഥരും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുക.

9. വിദഗ്ദസമിതികൾക്ക് പ്രവർത്തിക്കാനാവശ്യമായ ധനം പഞ്ചായത്തു നൽകുക. സമിതി സെക്രട്ടറിമാർക്ക് ഹോണറേറിയം നൽകുക.

10. ഭൂമി തരം മാറ്റി ഉപയോഗിക്കാൻ അനുവാദം കൊടുക്കുമ്പോൾ ഇത്തരം സ്ഥലങ്ങൾ വില്ലേജ് രേഖകളിൽ പ്രത്യകം അടയാളപ്പെടുത്തി കൃഷിഭവന് നിർദ്ദേശം നൽകുക.

11. ഇങ്ങിനെ തരം മാറ്റി ഉപയോഗിക്കാൻ അനുവദിക്കപ്പെടുന്ന ഭൂമി കൈമാറ്റം ചെയ്യുന്നതിന് അനുവദിക്കാതിരിക്കുക.

12. നെൽകൃഷി നടത്തുന്ന ഏതെങ്കിലും ഒരു മേഖല പൂർണ്ണമായി പച്ചക്കറി കൃഷിക്ക് ഉപയോഗിക്കുക. ഗ്രൂപ്പ്ഫാമിങ്ങ് സംമ്പ്രദായത്തിൽ കൃഷി ചെയ്യാൻ അവസരമുണ്ടാക്കുക-പുഴയോരത്ത് പുറം പോക്കായി കിടക്കുന്ന അനുയോജ്യമായ സ്ഥലങ്ങൾ പച്ചക്കറി കൃഷിക്ക് സന്നദ്ധസംഘങ്ങളെ ഏൽപിക്കുക.

13. അഞ്ച് ആയൂർവ്വേദ ഫാക്ടറികൾ പ്രവർത്തിക്കുന്ന തൃത്താല പഞ്ചായത്തിൽ പുരയിടങ്ങളിലും ലഭ്യമായ സ്ഥലങ്ങളിലും ഔഷധസസ്യങ്ങൾ വച്ചുപിടിപ്പിക്കാൻ പദ്ധതി തയ്യാറാക്കുക.

14. അത്യുല്പാദന ശേഷിയുള്ള തെങ്ങിൻ തൈകളും, മറ്റു തൈകളും കൃഷി ചെയ്ത് പഞ്ചായത്തിൽ കൃഷിഭവനിലൂടെ വിതരണം ചെയ്യുന്നതിനുള്ള പദ്ധതി കണ്ടെത്തുക. തെരഞ്ഞെടുത്ത കർഷകരെയും, സന്നദ്ധ സംഘടനകളെയും ഇതിനുപയോഗിക്കുക.

15. തൃത്താല ബ്ലോക്കിൽ ഒരു അടക്ക സംഭരണ ഫാക്ടറി ആരംഭിക്കുക. വൈക്കോൽ ഉപയോഗിച്ച് പൾപ് ഉൽപ്പാദിപ്പിക്കുന്ന ഒരു ഫാക്ടറിയും ബ്ലോക്കുതലത്തിൽ ആരംഭിക്കുക.

16. കൊപ്ര സംസ്കരണത്തിന് തൃത്താല സർവ്വീസ് ബാങ്ക് ആരംഭിക്കുന്ന കൊപ്ര ഡ്രെയർ വേഗത്തിൽ സ്ഥാപിക്കുക.

17. ചെറുകിട-ചിപ്സ് നിർമ്മാതാക്കളെ കണ്ടെത്തുക. വ്യാവസായികാടിസ്ഥാനത്തിൽ ചിപ്സ്, ശർക്കര ഉപ്പേരി മുതലായവ നിർമ്മിക്കാൻ തയ്യാറുള്ള വ്യക്തികളെ കണ്ടെത്തുക.

18. ജലസേചനസൗകര്യമുള്ള ഒരു പ്രത്യക മേഖല കണ്ടെത്തി ഗ്രൂപ്പ്ഫാമിംഗിന്റെ അടിസ്ഥാനത്തിൽ നേന്ത്രവാഴകൃഷി നടത്തുക.

19. ഇടവിളകളായി ഇഞ്ചി, കുരുമുളക്, കൃഷികളുടെ പ്രോത്സാഹന ത്തിനാവശ്യമായ പദ്ധതികൾ നടപ്പിലാക്കുക. ഇഞ്ചി ചുക്കായി മാറ്റാൻ തെരെഞ്ഞെടുത്ത കേന്ദ്രങ്ങളിൽ ഇഞ്ചി സംഭരിക്കുക.

20. പഞ്ചായത്തിൽ വേനൽകാലത്ത് കയറ്റി അയക്കുന്ന മാങ്ങ, ചക്ക മുതലായ പഴങ്ങൾ ശേഖരിച്ച് ബ്ലോക്കടിസ്ഥാനത്തിൽ പഴ സംസ്ക്കരണശാല സ്ഥാപിക്കുക.

21. കൈതച്ചക്ക കൃഷിക്ക് വളരെ സാധ്യതയുള്ള അടിവാരങ്ങൾ പഞ്ചായത്തിലുണ്ട്. നാടൻ കൈതച്ചക്ക പല വീടുകളിലും ഉണ്ടാകുന്നുണ്ട്.. കൈതച്ചക്കകൃഷി നടപ്പാക്കാനുള്ള ഒരു പദ്ധതി കൊണ്ടുവരിക. അതിനുവേണ്ട പ്രോത്സാഹനം നൽകുക.

22. കൃഷി വികസന ഓഫീസും ജലസേചന വകുപ്പും ഒന്നിച്ച് പഞ്ചായത്തിന് കീഴിൽ കൊണ്ടുവരിക.

23. ഓരോ വാർഡിലും ആവശ്യമായ ഫാം റോഡുകൾ നിർമ്മിക്കുക.

24. 30ാം വാർഡിൽ കല്ലടാത്ത് തോട് അഞ്ചൂറടി കിഴക്കോട്ടു നീക്കിയിട്ട് വെള്ളം ഒഴിഞ്ഞു പോകാനുള്ള സംവിധാനം ഉണ്ടാക്കുക.

25. കെ.എൽ.യു. ആക്ടിൽ കാലോചിതമായ

മാറ്റം വരുത്തി നാണ്യ-തോട്ടവിളകൾക്ക് പരിസ്ഥിതിക്ക് കോട്ടം തട്ടാത്ത വിധത്തിൽ ജലസേചനം മുൻഗണന നൽകുക.

## സ്ഥിതി അവലോകനം

ഒരു പഞ്ചായത്തിലെ കാർഷിക പുരോഗതി അവിടെ നിലവിലുള്ള ജലസേചനസൗകര്യത്തെ ആശ്രയിച്ചാണ് വലിയൊരളവിൽ നിലകൊള്ളുന്നത്. നിലവിലുള്ള ജലസേചന സൗകര്യം ഒന്നു പരിശോധിക്കാം.

| നമ്പർ | പദ്ധതിയുടെ പേര് | ആരംഭിച്ച വർഷം | ആയക്കെട്ട് വിസ്തീർണ്ണം | ആയക്കെട്ട് വിസ്തീർണ്ണം 2ാം വിള | |
|---|---|---|---|---|---|
| 1 | തൃത്താല ലിഫ്റ്റ് ഇറിഗേഷൻ | 1973 | 291ഹെക്ടർ | 87.3 | 3ാം വിള 29ഹെ. |
| 2 | ഞാങ്ങാട്ടിരി ലിഫ്റ്റ് ഇറിഗേഷൻ | 1973 | 77.2ഹെക്ർ | 27 | |
| 3 | കണ്ണന്നൂർ ലിഫ്റ്റ് ഇറിഗേഷൻ | 1963 | 57ഹെക്ടർ | 19 | |

നിലവിലുള്ള 3 ലിഫ്റ്റ് ഇറിഗേഷനുകളിൽ നിന്നും ഉള്ള ആയക്കെട്ട് പ്രദേശത്തിന്റെ വിസ്തീർണ്ണം 1063 ഏക്കർ ആണ്. 1834.44 ഏക്കറിൽ കൃഷി ചെയ്യുന്നുണ്ടെന്നതാണ് കണക്ക്. കൃഷിയോഗ്യമായ തരിശിന്റെ അളവു വർദ്ധിക്കുന്നതിന്റെ ഒരു പ്രധാന കാരണം ജലസേചനസൗകര്യമില്ലായ്മയാണ്. നിലവിലുള്ള ഈ മൂന്നുപദ്ധതികളുടെ ഫലവത്തായ കൃഷിഭൂമിയുടെ വിസ്തൃതി ഏതാണ്ട് മൂന്നിലൊന്നു മാത്രമാണ്. അതിന്റെ കാരണങ്ങൾ പരിശോധിക്കുമ്പോൾ ഈ രംഗത്തെ അവഗണനയുടെ ഒരു പൂർണ്ണചിത്രം ലഭിക്കും.

1963 ൽ പ്രവർത്തനം ആരംഭിച്ച തൃത്താല ലിഫ്റ്റ് ഇറിഗേഷനിലെ നാലുമോട്ടോറുകളും മിക്ക സമയങ്ങളിലും പ്രവർത്തനക്ഷമമല്ല. 33 വർഷത്തെ പ്രവർത്തനത്തിനുശേഷവും ഇവയിലൊന്നുപോലും മാറ്റി സ്ഥാപിക്കാതെ ലിഫ്റ്റ് ഇറിഗേഷൻ ഫലപ്രദമായി മുന്നോട്ടു പോകുകയാണ്! അറ്റകുറ്റപ്പണികൾ നടത്തണമെന്ന് തോന്നുന്നതുതന്നെ ഇവ പൂർണ്ണമായും നിലക്കുന്ന സന്ദർഭത്തിലാണ്. 4 മോട്ടോറുകളും പ്രവർത്തനക്ഷമമായാൽ മാത്രമേ തുടർച്ചയായ പമ്പിങ്ങിന് സാധ്യതയുള്ളൂ. വോൾട്ടേജ് ക്ഷാമം കൂടിയാകുമ്പോൾ സ്ഥിതി പറഞ്ഞറിക്കേണ്ടതുമില്ല. ഇപ്പോൾ രാത്രിയിൽ 10 മണിക്കുശേഷമാണ് വെള്ളം ഒരു പരിധിവരെയെങ്കിലും കനാലുകളിൽ കൂടി ലഭിച്ചുകൊണ്ടിരിക്കുന്നത്. ഈ പദ്ധതിയിൽ നിന്നുള്ള വെള്ളം പ്രതീക്ഷിച്ച് ഇതിന്റെ കീഴിൽ വരുന്ന കർഷകർ കൃഷിയിറക്കുകയാണെങ്കിൽ അതൊരു വലിയ സാഹസമാകും. 1973ൽ സ്ഥാപിക്കപ്പെട്ട ഞാങ്ങാട്ടിരി, കണ്ണന്നൂർ ലിഫ്റ്റ്ഇറിഗേഷനുകളുടെ സ്ഥിതിയും ഒട്ടും വ്യത്യസ്ഥമല്ല. ഇവയിലൊന്നും ആവശ്യമായ ജീവനക്കാരില്ല. പഴഞ്ചൻ കനാലുകൾ കാലാകാലങ്ങളിൽ പുതുക്കപ്പെടുന്നില്ല.

ഇനി ഇവയിലൂടെ ലഭിക്കുന്ന ജലവിതരണത്തിന്റെ പ്രശ്നമാണ് 'കയ്യൂക്കുള്ളവൻ കാര്യക്കാരൻ' എന്ന നിലയിലാണ് കാര്യങ്ങൾ നീങ്ങിക്കൊണ്ടിരിക്കുന്നത് വകുപ്പുമേധാവിയെക്കാൾ ഈ രംഗം ഭരിക്കുന്നത് ഇടത്തട്ടുകാരാണ്. ജലവിതരണത്തിന്റെ ഒരു 'കുത്തക' തന്നെ ഇക്കൂട്ടർ കയ്യിലാക്കിയിരിക്കയാണ്. ഇവരുടെ ചൂഷണത്തിനു വിധേയമായി മാത്രമേ പലർക്കും ജലം ലഭ്യമാകൂ. ഓരോമേഖലക്കും വിവിധ ദിവസങ്ങൾ ജലവിതരണത്തിനായി മാറ്റിവക്കപ്പെട്ടിട്ടുണ്ടെങ്കിലും ഓരോ മേഖലയിലും ഇടത്തട്ടുകാരുടെ ഇടപെടൽ സജീവമാണ് 'ഞങ്ങൾ പണം നൽകിയാണ് വെള്ളം ഇറിഗേഷനിൽ നിന്ന് പമ്പ് ചെയ്യിക്കുന്നത്' എന്നാണവരുടെ വാദം. വെള്ളത്തിനു വേണ്ടി തുറന്ന സംഘട്ടനത്തിനുപോലും കർഷകർ പരസ്പരം എത്തിപ്പെടുന്നുണ്ട് എന്നത് സത്യം മാത്രമാണ്.

പമ്പിംഗ്സ്റ്റേഷനും, വിതരണ സംവിധാനവും മെച്ചപ്പെട്ട രീതിയിലായതുകൊണ്ടും ഇന്ന് വലിയ പ്രയോജനമില്ലാത്ത അവസ്ഥയുണ്ട്. ഭാരതപ്പുഴയിലെ ജലക്ഷാമമാണ് ഇതിനുകാരണം. 3ാം വിളക്കു പമ്പിംഗിനുള്ള ജലമേ ഭാരതപ്പുഴയിലുണ്ടാവാറില്ല. രണ്ടു വൻകിട പദ്ധതികളിലൂടെ കുടി വെള്ളം ഭാരതപ്പുഴയിൽ നിന്ന് ഊറ്റിഎടുത്തുകൊണ്ടുപോകുക വഴി 2ാം വിളക്കും ഭാരതപ്പുഴയിൽ നിന്ന് ആവശ്യത്തിന് ജലം ലഭിക്കുകയില്ല.

സ്വകാര്യ ജലസേചനത്തിനും ജലദൗർലഭ്യമനുഭവപ്പെടുന്ന പഞ്ചായത്താണ് തൃത്താല

പഞ്ചായത്ത്. സമൃദ്ധമായിരുന്ന കിണറുക ളിൽ കഷ്ടിച്ചു കുടിവെള്ളത്തിനു വെള്ളം കിട്ടുന്നു എന്നുമാത്രം. ഡ്രിപ് ഇറിഗേഷൻ ഈ പഞ്ചായ ത്തിൽ പ്രചരിച്ചിട്ടില്ല. മുൻകാലങ്ങളിൽ, പഴയജല സ്രോതസ്സുകളെ പുനരുജ്ജീവിപ്പിക്കാനുള്ള ഒരു പ്രവർത്തനവും ഉണ്ടായിട്ടുമില്ല. ഒപ്പേക്കിന്റെ വാട്ടർ ഷെഡ് പദ്ധതിയിൽ വകയിരുത്തി കൃഷിവകുപ്പ് രണ്ടുലക്ഷത്തിൽപ്പരം രൂപ ചെലവഴിച്ചുകാണുന്നുണ്ട്. ഫലസിദ്ധി പ്രകടമല്ല. വൈദ്യുതിക്ഷാമവും സ്വകാര്യ ജലസേചനത്തെ ദോഷമായി ബാധിക്കുന്നുണ്ട്.

തൃത്താല പഞ്ചായത്തിൽ കണ്ണന്നൂർ ദേശത്ത് ഇരുപതിൽപ്പരം വർഷങ്ങളായി 'തേനാം പാറ' എൽ. ഐ. സ്കീമന്റെ പണി നടക്കുന്നുണ്ട് തുടങ്ങുമ്പോൾ 30.5 ലക്ഷം രൂപയായിരുന്നു എസ്റ്റിമേറ്റ് തുക. 110ഫ.ത്ധ.യുടെ 4മോട്ടോറുകളും പമ്പുസെറ്റുകളും ഉപയോഗിച്ചു കൊണ്ട് മൊത്തം 462 ഹെക്ടർ സ്ഥലത്ത് ജലസേചനസൗകര്യമൊരു ക്കുന്ന ഒരു പദ്ധതിയാണിത്. ബജറ്റുതുകയേക്കാൾ എത്രയോ കൂടുതൽ തുക ഇതിനു ചെലവിട്ടു ണ്ടെങ്കിലും പൂർത്തീകരിക്കാനാവാതെ കിടക്കുകയാണ് ഈ പദ്ധതി. ഇതേ പോലെ സ്ഥലം അക്വസിഷൻ വരെ പൂർത്തിയാക്കി ഉപേക്ഷിക്കപ്പെട്ട രീതിയാണ് 20ം വാർഡിലെ 'കുണ്ടയം' പദ്ധതി.

ഏതൊരു പുതിയ പദ്ധതി കൊണ്ടുവരു ന്നതും ഭാരതപ്പുഴയെകേന്ദ്രീകരിച്ചാകും എന്നതിനാൽ ഭാരതപ്പുഴയിൽ വെള്ളം തടഞ്ഞുനിർത്തുകയേ നിവർ ത്തിയുള്ളൂ. ഇതിലേക്കായി ഭാരതപ്പുഴ യിൽ വെള്ളിയാംകല്ലിൽ നിർദ്ദിഷ്ട റഗുലേറ്റർ കംബ്രിഡ്ജ് പദ്ധതി പ്രാവർത്തികമാക്കുകമാത്രമാണ് ഏക പോംവഴി.

## നടപ്പു പദ്ധതി അവലോകനം

വളരെ ലളിതമായ ഒരു പ്രക്രിയയാണിത്. കാരണം 8ാം പദ്ധതിക്കാലത്ത് ഒരു പുതിയ പദ്ധതിയും നിർദ്ദേശിക്കപ്പെട്ടില്ല എന്നതാണ്. ചോലക്ക് തോട്ടിൽ ഒരുസ്ഥിരം ബണ്ട് നിർമ്മിക്കുന്ന പദ്ധതിയും, ചേങ്ങോട്ടുകുളം ഉപയോഗയോഗ്യമാക്കാനുള്ള പദ്ധതി എന്നിവയാണ് ആലോചനയിലുള്ള വകുപ്പു പദ്ധതികൾ. 200000 രൂപ ചെലവു പ്രതീക്ഷിക്കുന്ന ഈ പദ്ധതികളുടെ ലക്ഷ്യം 16ഹെക്ടർ കൃഷി സ്ഥലത്തിന് ജലസേചനസൗകര്യം ലഭ്യമാക്കുക എന്നതാണ്.

## പ്രശ്നങ്ങൾ

1. പ്രധാന ജലസ്രോതസ്സായ ഭാരതപ്പുഴയിൽ ജലമില്ല
2. ലിഫ്റ്റ് ഇറിഗേഷനുകൾ കാര്യക്ഷമമായി പ്രവർ ത്തിക്കുന്നില്ല.
3. ഡ്രിപ്പ് ഇറിഗേഷൻ പരീക്ഷിക്കപ്പെടുന്നില്ല.
4. പുരാതന ജലസ്രോതസ്സുകൾ പുനഃരജ്ജീവിപ്പിക്കാ നുള്ള ശ്രമമില്ല.
5. നീതിപൂർവ്വമായ ജലവിതരണം നടക്കുന്നില്ല.
6. ആവശ്യ വിദ്യുച്ഛക്തി ലഭ്യമല്ല.
7. ജലസേചനപദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല.
8. വൈദ്യുതി ജലസേചന വകുപ്പുകൾ തമ്മിൽ ധാരണയില്ല.
9. ജലസേചനവകുപ്പുമായി പഞ്ചായത്തിനു ബന്ധമില്ല.
10. കനാലുകൾ വൃത്തിയാക്കുന്നില്ല.

## സാധ്യതകൾ

1. നിർദ്ദിഷ്ട വെള്ളിയാം കല്ല് റഗുലേറ്റർ കംബ്രിഡ്ജ് പദ്ധതി ഉടൻ നടപ്പിലാക്കുക.
2. നിലവിലുള്ള 3ലിഫ്റ്റ് ഇറിഗേഷനിലേയും മോട്ടോറുകൾ മാറ്റി സ്ഥാപിക്കുക. മോട്ടോറുകൾക്കു വരാവുന്നതകരാറുകൾ പ്രാദേശികമായി തന്നെ റിപ്പയർ ചെയ്യാനുള്ള സംവിധാനമുണ്ടാക്കുക.
3. ഡ്രിപ്പ് ഇറിഗേഷൻ പദ്ധതി വ്യാപകമാക്കുക.
4. താഴെപ്പറയുന്ന പുരാതനജലസ്രോതസ്സുകൾ പുനഃരുജ്ജീവിപ്പിക്കുക.

(1) ചോലമുക്ക് തോടിൽ ഒരുസ്ഥിരം ബണ്ട് നിർമ്മിക്കുക.

(2) കുണ്ടയം പ്രദേശത്ത് ചിറകെട്ടി വെള്ളം തടഞ്ഞുനിർത്തുക

(3) 30ം വാർഡിലെ നീളൻകുളവും വാകക്കുളവും താഴ്ത്തി കൂടുതൽ വെള്ളമുണ്ടാക്കണം.

(4) 30ം വാർഡിലെ വടക്കനാം ചോലയും ചിറക്കൽ ചിറയും സ്വകാര്യവ്യക്തികൾ വുട്ടുതരികയാണെങ്കിൽ അവ താഴ്ത്തി ഉപയോഗയ്യോമാക്കുക.

(5) കണ്ണന്നൂർ ക്ഷേത്രം മുതൽ പുഴവരെയുള്ള തോട് രണ്ടുവശവും പടുത്ത് ചീർപ്പിട്ട് വെള്ളം ശേഖരിക്കുക.

(6) ഞാങ്ങാട്ടിരി പാടശേഖരത്തിലെ കിഴുതലക്കുളം ആഴംകൂട്ടുക.

(7) പൂതക്കുളം പഞ്ചായത്ത് ഏറ്റെടുത്ത് കൃഷിക്കു പയോഗിക്കുക.

(8) 50ം വാർഡിലെ പിറപ്പ്കിണർ, കൈതന്മാർകുളം എന്നിവ ഉപയോഗ്യമാക്കുക.

(9) വലിയകുളം, ഭസ്മക്കുളം എന്നിവ ഉപയോഗ യോഗ്യമാക്കുക.

(10) 70ം വാർഡിലെ ഒലിയൻ തോട് സൈഡ് കെട്ടി കൃഷിക്കുപയോഗിക്കുക.

(11) 80ം വാർഡിലെ കുണ്ടിലക്കുളം, കണ്ണംകുളം, കുണ്ടുകുളം,എന്നിവ വിസ്താരപ്പെടുത്തുക.

(12) പുളിയപ്പറ്റ തോട് പായൽ വലിച്ച്വൃത്തിയാക്കുക.

(13) ചേനാട്ടുകുളം തോട് 2സൈഡ് കെട്ടി 3 ചീർപ്പു ഇടുക.

(14) ചീത്രക്കുളം (10ാം വാർഡ് ഉപയോഗ്യമാക്കുക.

5. ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം ഫലപ്രദമാക്കുക. നീതിപൂർവ്വകമായ ജലവിതരണത്തിന് ഇറിഗേഷനുകൾ പഞ്ചായത്തിന്റെ മേൽനോട്ടത്തിലാക്കുക.

6. കൃഷി ആവശ്യത്തിന് വൈദ്യുതി സൗജന്യമായി നൽകുക.

7. 'തേനാംപാറ' പദ്ധതിയുടെ പണി സമയ ബന്ധിതമായി പൂർത്തീകരിക്കുക.

8. ജലശേഖരത്തിനായുള്ള പാടശേഖര കമ്മിറ്റികളിൽ വൈദ്യുത, കാർഷിക ഇറിഗേഷൻ ജീവനക്കാരുടെ സാന്നിദ്ധ്യം ഉറപ്പുവരുത്തുക.

9. ഇറിഗേഷൻ വകുപ്പ് പഞ്ചായത്തിന്റെ കീഴിലാക്കുക.

10. കനാലുകളുടെ അറ്റകുറ്റപ്പണികൾ-വൃത്തിയാക്കൽ പൊതുജനപങ്കാളിത്തത്തോടെ നടപ്പിലാക്കുക.

11. ഒപ്പേക്ക് വാട്ടർ ഷെഡ് പദ്ധതി സാദ്ധ്യമായ സ്ഥലങ്ങളിലെല്ലാം നടപ്പിലാക്കുക.

12. പുളി യപ്പറ്റ കായലിൽ ബണ്ട് കെട്ടി വെള്ളം പമ്പ് ചെയ്ത് മൂന്നു പൂവ്വൽ കൃഷിക്ക് ഉപയുക്തമാക്കുക.

13. പുളിയപ്പറ്റ കാ യൽ താഴ്ത്തി ചെമ്മീൻ കൃഷി നടപ്പിലാക്കുക.

14. കണ്ണന്നൂർ ലിഫ്റ്റ് ഇറിഗേഷന് 3 വിളകൾക്കും സുലഭമാ യി വെള്ളം ലഭിക്കാൻ പമ്പ് ഹൗസിനുതാഴെ പുഴയിൽ ഒരു കിണർ കുഴിക്കേണ്ടതാണ്.

## മാർക്കറ്റ്

വിദൂരപ്രദേശങ്ങളിൽ നിന്നുപോലും ഏതാണ്ട് 30 വർഷങ്ങൾക്കുമുമ്പ് വരെ എല്ലാ ഞായറാഴ്ചകളിലും തൃത്താലയിലേക്ക് ഉപഭോക്താക്കൾ ഒഴുകിയിരുന്നു. വളരെ സജീവമായിരുന്ന ആഴ്ചചന്ത പഞ്ചായത്തിന്റേ സിരാകേന്ദ്രമായ തൃത്താലയിൽ പ്രവർത്തിചിരുന്നതുകൊണ്ടായിരുന്നു അത്. ധാന്യങ്ങളുടെ ഉൽപന്നങ്ങളുമായി ഗ്രാമീണർ ഈ ചന്തയിൽ എത്തിക്കൊണ്ടിരുന്നു. മുളകൊണ്ടുള്ള ഉൽപന്നങ്ങൾ, മൺപാത്രങ്ങൾ, കയർ ഉൽപ്പന്നങ്ങൾ, റെഡിമെയ്ഡ് വസ്ത്രങ്ങൾ, ചുണ്ണാമ്പ്, ഉറി, തെരികകൾ, തുകൽഉൽപന്നങ്ങൾ മുതലായ ഗ്രാമീണ കുടിൽ വ്യവസായ ഉൽപന്നങ്ങൾ ഈ ചന്തയിലൂടെ വമ്പിച്ച തോതിൽ വിറ്റഴിക്കപ്പെട്ടിരുന്നു. പട്ടികജാതി പിന്നോക്കവിഭാഗങ്ങളാണ് ഈ തൊഴിൽ സംരംഭങ്ങളിൽ അന്ന് ഏർപ്പെട്ടിരുന്നത്, എന്നുകൂടികണക്കിലെടുക്കുമ്പോൾ, ലളിതമായ വിപണനസൗകര്യം അവർക്ക് വലിയൊരാശ്വാസമായിരുന്നു. ഗ്രാമീണകർഷകർക്കാകട്ടെ തങ്ങളുടെ കാർഷികോൽപന്നങ്ങൾ ആഴ്ചതോറും വിറ്റഴിക്കാൻ ഈ ചന്ത സഹായകമായിരുന്നു. ഒരാഴ്ചത്തേക്ക് തങ്ങൾക്കാവശ്യമായ എല്ലാ വസ്തുക്കളും സ്വന്തമാക്കിമടങ്ങുന്ന ഉപഭോക്താക്കളുടെ ഉത്സാഹം പഴമക്കാർ വിവരിക്കാറുണ്ട് ചന്തദിവസം തൃത്താലക്കാർക്ക് ആഹ്ലാദത്തിന്റെ ദിവസമായിരുന്നു. കന്നുകാലികളുടെ കൈമാറ്റം ഈ ചന്തയിൽ നടന്നിരുന്നു.

തൃത്താലയുടെ ഹൃദയഭാഗത്തുതന്നെ ഇന്നും പഴയ ചന്ത യായി ഉപയോഗിച്ചിരുന്ന സ്ഥലമുണ്ട്. ദീർഘവീക്ഷണത്തിന്റെ അഭാവത്തിൽ സ്ഥലത്തിന്റെ പകുതി തങ്ങളുടെ ഉടമസ്ഥതയിൽ നിന്നും റവന്യു ഡിപ്പാർട്ടുമെന്റിലേക്ക് ഒരുകാലത്ത് പഞ്ചാ യത്ത് അധികൃതർ കൈമാറുകയായിരുന്നു. അഭയാർത്ഥികളെ പുനരധിവസിക്കാനുള്ള ഒരു കെട്ടിടമാണ് റവന്യൂ വകുപ്പുകൾ അവിടെ ഉയർത്തിയത് ഇരുപുതുവർഷക്കാലമായി ഒരു അഭയാർത്ഥിക്കുപോലും അഭയം നൽകാതെ സാമൂഹ്യ വിരുദ്ധരുടെ കൂത്തരങ്ങായി ആ കെട്ടിടം വൃത്തികെട്ടുകിടക്കുന്നു. പഞ്ചായത്തിന്റെ കൈവശമുള്ള പകുതി സ്ഥലത്താകട്ടെ എട്ടുപത്തു ആടുമാടുകളെ പ്രതിദിനം കശാപ്പു ചെയ്ത് കെട്ടിത്തൂക്കിവിൽക്കുന്ന മാംസക്കച്ചവടമാണ് നടക്കുന്നത് പരിസരവാസികളെ അങ്ങേയറ്റം വിഷമിപ്പിക്കുന്ന ഈ ഒരു വ്യാപാരത്തിനു മാത്രമായി പ്രസ്തുത സ്ഥലം വിട്ടുകൊടുക്കുന്നതിലെ അനൗചിത്യം വിപ്ലവകരമായ മാറ്റങ്ങൾ വരുത്തിവക്കാൻ സഹായകമായ ഈ മാർക്കറ്റിൽ എന്തു വില കൊടുത്തും പുനരുദ്ധരിക്കേണ്ടതുണ്ട്.

പൊതുവിപണനരംഗത്തെ സർക്കാരിന്റെ ഇടപെടലിന്റെ ഭാഗമായി ഉടലെടുത്ത 'മാവേലി

സ്റ്റോർ' തൃത്താല പഞ്ചായത്തിലുണ്ട്. ഒരു ദിവസം ശരാശരി 5000 രൂപയുടെ വിറ്റുവരവുണ്ട്. രണ്ടുജീവനക്കാരാണ് അവിടെയുള്ളത്. കൂടാതെ തൃത്താല സർവ്വീസ് സഹകരണ ബാങ്കിന്റെ കീഴിൽ തുണി-പലചരക്ക് വിപണനത്തിനായി സഹകരണ മാവേലി സ്റ്റോറുമുണ്ട്. ഓണക്കാലത്ത് പൊതു മാർക്കറ്റിലെ വിലകൾ പിടിച്ചുനിർത്താനുള്ള ഇടപെടലെന്ന നിലക്ക് തൃത്താല സർവ്വീസ് ബാങ്കിന്റെ 'ഓണച്ചന്ത' മികച്ച സേവനം തന്നെയാണ്. ഇതേ പോലെ പഞ്ചായത്തിൽ ഞാങ്ങാട്ടിരിയിൽ തിരുമിറ്റക്കോട് സഹകരണബാങ്കും നല്ലരീതിയിൽ ഓണച്ചന്ത സംഘടിപ്പിക്കാറുണ്ട്.

എന്നാൽ പച്ചക്കറി, കോഴി, മുട്ട, മത്സ്യം മുതലായവയുടെ വില നിയന്ത്രിക്കുന്നതിനുള്ള ഒരുസംവിധാനവും പ ഞ്ചായ ത്തിലില്ല. കുന്നംകുളം പട്ടാമ്പി മാർക്കറ്റുകളുടെ വിലയുമായി തട്ടിച്ചുനോക്കുമ്പോൾ കോഴിയുടെ ചില്ലറവിൽപ്പന വിലയിൽ തന്നെ 6 മുതൽ 12 രൂപയുടെ വർദ്ധന തൃത്താല പഞ്ചായത്തിലുണ്ട്. മത്സ്യവിപണന രംഗത്ത് വിരലിലെണ്ണാവുന്ന വ്യാപാരികളെ പഞ്ചായത്തിൽ കച്ചവടം നടത്തുന്നുള്ളു എന്നതുകൊണ്ട് മാർക്കറ്റ് അടക്കി ഭരിക്കാൻ ഇവർക്ക് എളുപ്പം കഴിയുന്നു. തൃത്താലയിൽ നിന്നും 2.കി.മി. മാത്രം അകലെയുള്ള പട്ടിത്തറ പഞ്ചായത്തിലെ ആലൂരിലെ വിലയെക്കാൾ കൂടുതലാണ് തൃത്താലയിലെ മത്സ്യവില ഭാരതപുഴയുടെ അക്കരയിൽ നിന്നും (പരുതൂർ പഞ്ചായത്ത്) ഗ്രാമീണ കർഷകരുടെ ഉൽപ്പന്നങ്ങൾ തൃത്താലയിലെ പച്ചക്കറി കച്ചവടക്കാരാണ് വാങ്ങുന്നത്. കർഷകർക്ക് ഉയർന്നവില ലഭിക്കുന്നില്ല എങ്കിൽ കൂടി സമീപ പ്രദേശങ്ങളിലെ പച്ചക്കറി വിലയെക്കാൾ ഉയർന്നതാണ് തൃത്താല പഞ്ചായത്തിലേത്.

അതിനാൽ എന്തുകൊണ്ടും ഒരു ഉപഭോക്തൃ സഹകരണ സംഘത്തിന്റെ രൂപീകരണത്തിന് സാധ്യതയുള്ള പഞ്ചായത്താണ് തൃത്താല പഞ്ചാ യത്ത്. തൃത്താല പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ ഇതിനുള്ള നടപടികൾ സ്വീകരിക്കുന്നത് ഉചിത മായിരിക്കും.

**1995-96 വർഷത്തെ റേഷൻ ഷോപ്പുകളിലെ കാർഡുടമകളുടെയും വിതരണം ചെയ്യപ്പെട്ട വസ്തുക്കളുടെയും കണക്ക്.**

| ഷോപ്പ് നമ്പർ | കാർഡുടമകളുടെ എണ്ണം | | | ഗുണഭോക്താക്കളുടെ എണ്ണം | | | വിതരണം ചെയ്ത ഭക്ഷ്യവസതുക്കൾ | | | | മണ്ണെണ്ണ | |
|---|---|---|---|---|---|---|---|---|---|---|---|---|
| | N.E | E | ആകെ | മേജർ | മൈനർ | ആകെ | അരി (ക്വിന്റലിന്) | ഗോതമ്പ് (ക്വിന്റലിന്) | പഞ്ചസാര (ക്വിന്റലിന) | പാമോയിൽ | പെർമ്മിറ്റുകളിലൂടെ വിതരണം | കാർഡു വഴി വിതരണം ലിറ്റർ |
| 157-തൃത്താല | 251 | 713 | 964 | 4720 | 1135 | 5855 | 5499 | 5499 | 281.04 | | 84പർമിറ്റ് 20352 | 32244 |
| 158-കടവ് | 167 | 298 | 465 | 2396 | 519 | 2915 | 2671.72 | 2671.72 | 139.92 | | 43പർമിറ്റ് 5328 | 17172 |
| 159-മേഴത്തൂർ | 291 | 582 | 873 | 3933 | 1001 | 4934 | 4610.84 | 4610.84 | 236.83 | | 11760 | 29928 |
| 160-മാട്ടായ | 186 | 392 | 578 | 2726 | 682 | 3408 | 3189.68 | 2016.56 | 163.58 | | 5988 | 20568 |
| 172-ഞാങ്ങാട്ടിരി | 211 | 360 | 571 | 2894 | 653 | 3547 | 3272.36 | 3276.36 | 165.69 | | 466പേർ 5148 | 21084 |
| 218-കോടനാട് | 159 | 196 | 355 | 1681 | 387 | 2068 | 1949.48 | 1948.48 | 99.26 | | 17പേർ 2112 | 13044 |
| Total | 1265 | 2541 | 3806 | 18350 | 4377 | 22727 | 21193.08 | 20023.96 | 1086.32 | | 50688 | 134040 |

റേഷൻ ഷോപ്പ് നമ്പർ 157തൃത്താലയിൽ നിന്നും 159 മേഴത്തൂരിൽ നിന്നും മുടവന്നൂർ ഭാഗത്തുള്ളവരുടെ കാർഡുകൾ മുടവന്നൂർ കേ ന്ദ്രമായി പുതിയ റേഷൻ കടയുണ്ടാക്കി 'അവിടേക്ക് മാറ്റേണ്ടതാണ്, മുകളിൽ കാണിച്ച നമ്പർ റേഷൻ പീടികകളിൽ വമ്പിച്ച തിരക്ക് അനുഭവപ്പെടാറുണ്ട്. കണ്ണന്നൂരും ഒരു പുതിയ റേഷൻ പീടിക ആരംഭിക്കേണ്ടതുണ്ട്. റേഷൻസാധനങ്ങൾക്ക് ആ ഭാഗക്കാർ ഞാങ്ങാട്ടരിയെ ആശ്രയിക്കേണ്ടിവരുന്നു.



# II

## വികസനമേഖല

# മൃഗസംരക്ഷണം

# മത്സ്യബന്ധനം

# മൃഗസംരക്ഷണം

ഒരു കാലത്ത് ഓരോ ഗ്രാമത്തിനും വേണ്ട പാലും, മുട്ടയും അതാത് ഗ്രാമങ്ങളിൽ തന്നെ ഉത്പാദിപ്പിക്കപ്പെട്ടിരുന്ന പഞ്ചായത്തായിരുന്നു നമ്മുടേത്. ഗൾഫ് പണത്തിന്റെ സ്വാധീനവും, വെള്ളക്കോളർ ജോലിയൊഴിച്ചുള്ള തൊഴിലുകൾ (പ്രത്യേകിച്ചും കാർഷികവൃത്തി) തീരെ മോശമാണെന്ന ദുരഭിമാനവും ജനങ്ങളെ ഈ മേഖലയിൽ നിന്നും അകറ്റി നിർത്താൻ ഇടയാക്കുകയും തന്മൂലം ഈ മേഖല ശോഷണത്തിന് വിധേയമാവുകയും ചെയ്തു. കാർഷിക മേഖലയായ നമ്മുടെ പഞ്ചായത്തിൽ ശാസ്ത്രീയ പരിശീലനമുറകളും ആവശ്യമായ ധനസഹായവും മതിയായ പ്രോത്സാഹനങ്ങളും ലഭ്യമാക്കിയാൽ ഒരു കുതിച്ചു ചാട്ടം തന്നെ ഈ മേഖലയിൽ ഉണ്ടാക്കിയെടുക്കാൻ നമുക്ക് സാധിക്കും.

പഞ്ചായത്തിൽ ഇന്ന് നിലവിലുള്ള വളർത്തുമൃഗങ്ങളെയും പക്ഷികളെയും കുറിച്ചുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു.

| No. | വളർത്തുമൃഗം | എണ്ണം |
|---|---|---|
| 1. | സങ്കരവർഗ പശുക്കൾ | 1100 |
| 2. | സങ്കരവർഗമല്ലാത്ത പശുക്കൾ | 400 |
| 3. | എരുമകൾ | 2 |
| 4. | പോത്തുകൾ | 68 |
| 5. | ആടുകൾ | 1350 |
| 6. | കാള | 24 |
| 7. | പട്ടികൾ | 730 |
| | ആകെ | 3674 |

പട്ടിക 2 (വളർത്തുപക്ഷികൾ)

| No. | വളർത്തുപക്ഷികൾ | എണ്ണം |
|---|---|---|
| 1. | പൂവൻകോഴി | 1605 |
| 2. | പിടക്കോഴി | 5500 |
| 3 | താറാവ് | 35 |
| 4 | മറ്റുള്ളവ | 35 |
| | ആകെ | 7175 |

നമ്മുടെ പഞ്ചായത്തിൽ പാലുല്പാദനത്തിന് മുഖ്യമായും പശുക്കളെയാണ് ആശ്രയിക്കുന്നത്. കറവയുള്ള നാടൻ പശുക്കൾ ഏകദേശം 300 ആണ്. അവയിൽനിന്ന് വർഷം പ്രതി 16,2,000 ലിറ്റർ പാൽലഭിക്കുന്നു.കറവയുള്ള സങ്കരയിനം പശുക്കൾ ഏകദേശം 800 ആണ്. അവയിൽ നിന്ന് ലഭിക്കുന്ന പാലിന്റെ അളവ് 9,60,000 ലിറ്ററാണ്. ആകെ 11,22,000 ലിറ്റർ പാൽ ഒരു വർഷം നമ്മുടെ പഞ്ചായത്തിൽ ഉൽപാദിപ്പിക്കപ്പെട്ടു.

ഉൽപാദിപ്പിക്കപ്പെടുന്ന പാലിന്റെ 13% (14,600 ലി.) സഹകരണ സംഘങ്ങളിൽ വിൽക്കപ്പെടുന്നു. 40% പാൽ വീടുകളിലും ഹോട്ടലുകളിലുമായി വിൽക്കപ്പെടുന്നു. 15% പാൽ സ്വന്തം ആവശ്യത്തിനായി ഉൽപാദകർ തന്നെ ഉപയോഗിക്കുന്നു. ആകെ ഉപയോഗിക്കുന്ന പാൽ 7,63,100 ലി. ആണ്. അതായത് 3,58,900 ലിറ്റർ പാൽ സംഘടിത വിപണന ശൃംഖലയുടെ അഭാവം മൂലം ശരിയായ വിനിയോഗമില്ലാതെ പോവുന്നു.

പ്രതിവർഷം നമ്മുടെ പഞ്ചായത്തിൽ 1,48,320 കി.ഗ്രാം. മാംസം ഉപയോഗിക്കപ്പെടുന്നുണ്ട്. അവയുടെ ഇനം തിരിച്ച കണക്ക് താഴെ പട്ടികയിൽ കൊടുക്കുന്നു.

പട്ടിക 3 (മാംസത്തിന്റെ ഉപയോഗം)

| No. | വളർത്തുമൃഗങ്ങൾ | എണ്ണം | മാംസം (Kg) | വില (Rs) |
|---|---|---|---|---|
| 1. | പോത്ത്/പശു മുതലായവ | 924 | 1,18,500 | 34,65,000 |
| 2 | ആട് | 1548 | 23,220 | 20,89,800 |
| 3 | മുരിക്കുട്ടികൾ | 192 | 9,600 | 3,36,000 |

നമ്മുടെ പഞ്ചായത്തിൽ 58,90,800 രൂപയുടെ മാംസം ഒരു വർഷം ഉത്പാദിപ്പിക്കപ്പെടുന്നുണ്ട്. പഞ്ചായത്തിൽ വിറ്റഴിക്കുന്ന മാംസത്തിൽ പോത്ത്/മൂരി മുതലായവയുടെ മാംസം 1,25,100 Kg ഉം ആട് 23,220 Kg ഉം ഉൾപ്പെടുന്നു.

ഒരു വർഷം നമ്മുടെ പഞ്ചായത്തിൽ ഉണ്ടാകുന്ന മൂരിക്കുട്ടികളുടെ ശരാശരി എണ്ണം 360 ആണ്. അവയിൽനിന്നുണ്ടാവുന്ന മാംസത്തിന്റെ അളവ് 22,500 Kg ! അതായത് ബാക്കി നമുക്ക് വേണ്ടി വരുന്ന 1,02,600 മാംസത്തിനാവശ്യമായ മൂരിക്കുട്ടികളെ മറ്റു പ്രദേശങ്ങളിൽ നിന്ന് വാങ്ങേണ്ടിവരുന്നു. അതുകൊണ്ട് നമുക്കുണ്ടാകുന്ന സാമ്പത്തിക നഷ്ടം 30,78,000 രൂപയും! അതുപോലെ തന്നെ ഒരു വർഷം നമ്മുടെ പഞ്ചായത്തിലുണ്ടാകുന്ന ആട്ടിൻ കുട്ടികളുടെ എണ്ണം 1213 ആണ്. അവയിൽ നിന്ന് ലഭിക്കുന്ന മാംസത്തിന്റെ അളവ് 18195 കിലോയും. നമുക്ക് വേണ്ടി വരുന്ന ആട്ടിൻ മാംസം 23,220 Kg. ആണ്. ബാക്കി 5,025 Kg. ആട്ടിൻമാംസത്തിനാവശ്യമായ ആടുകളെ നാം മറ്റുപ്രദേശങ്ങളിൽ നിന്നും വാങ്ങേണ്ടിവരുന്നു. അതായത് ഈയിനത്തിൽ നമുക്ക് നഷ്ടപ്പെടുന്നത് 4,52,250 രൂപ! ആകെ മാംസം ഇനത്തിൽ നമുക്ക് 35,30,250 രൂപ നഷ്ടപ്പെടുന്നു.

മൃഗസംരക്ഷണമേഖലയിൽ നമ്മുടെ ഇന്നത്തെ അവസ്ഥ എന്താണെന്ന് പരിശോധിക്കാം.

പഞ്ചായത്തിൽ ശരാശരി 360 മൂരിക്കുട്ടികൾ ഒരു വർഷത്തിൽ ഉണ്ടാകുന്നുണ്ട്. അശാസ്ത്രീയ പരിചരണം മൂലം നല്ലൊരു ശതമാനവും ചത്തു പോകുന്നു. മാംസോത്പാദനത്തിനു വേണ്ടി മൂരിക്കുട്ടികളെ വളർത്തുന്നത് വരുമാനം വർദ്ധിപ്പിക്കും.

നമ്മുടെ പഞ്ചായത്തിൽ സംഘടിതമായി ആടുവളർത്തുന്ന ഫാമുകൾ ഇല്ല. ആടുകളെ വളർത്തുന്നരീതിയോ ശാസ്ത്രീയമല്ല. ആട്ടിൻകുട്ടികളെ കിട്ടുവാൻ ബുദ്ധിമുട്ടനുഭവപ്പെടുന്നു. ശരിയായ പരിചരണവും ഇവക്ക് ലഭിക്കുന്നില്ല. പ്രത്യേകിച്ചും വിരമരുന്ന്പോലുള്ള ഔഷധങ്ങൾ അവയ്ക്ക് നൽകുന്നില്ല. ശരിയായ മാംസോൽപാദനം ഉണ്ടാകുന്നില്ല എന്ന് മാത്രമല്ല ഉൽപാദിപ്പിക്കുന്ന മാംസത്തിന് വിപണിലഭ്യമല്ല. അതിനാൽ മാംസ വിപണനത്തിന് സഹകരണ വിപണന ശൃംഖല അനിവാര്യമാണ്. ആടുകളുടെ എണ്ണപ്പെരുപ്പം മൂലം 'ആട് വളവ്' എന്നറിയപ്പെടുന്ന എന്നറിയ പ്പെടുന്ന സ്ഥലങ്ങൾപോലും നമ്മുടെ പഞ്ചായത്തിലുണ്ടെങ്കിലും ഇന്ന് ഈ രംഗം അത്ര അഭിമാനത്തിന് വകനൽകുന്നില്ല.

നമ്മുടെ പഞ്ചായത്തിൽ ശരാശരി വിൽക്കപ്പെടുന്ന ഇറച്ചിക്കോഴികളുടെ എണ്ണം 14,600 ആണ്. അതായത് 21,900 Kg. കോഴികൾ!. പഞ്ചായത്തിൽ ഉൽപാദിപ്പിക്കുന്നതോ 8160 Kg. ഉം! ബാക്കി നമുക്ക് വേണ്ടിവരുന്ന കോഴികൾ 13,740 Kg. ഇറച്ചി കോഴികൾക്കാവശ്യമായ ബ്രോയിലർ കിട്ടുവാൻ ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. ജനങ്ങളിൽ പൊതുവെ ബ്രോയിലർ കോഴികളെ വളർത്തുന്നതിൽ താല്പര്യക്കുറവ് അനുഭവപ്പെടുന്നു. കോഴിതീറ്റകൾക്കുള്ള വിലകൂടുതലും ഇതിനൊരു കാരണമാണ്. ബ്ലോക്കുതലത്തിൽ കോഴിക്കുഞ്ഞുങ്ങളെ ഉൽപാദിപ്പിക്കുന്ന ഹാച്ചറിക്ക് നല്ലൊരു സാധ്യതയാണുള്ളത്.

നമ്മുടെ പഞ്ചായത്തിന് ആവശ്യമായ മുട്ടയുടെ 80% വും പുറത്തുനിന്ന് വരുന്നതാണ്. അതിനാൽ തന്നെ മുട്ടയുൽപാദനത്തിന് മുട്ടക്കോഴിവളർത്തലിന് നാം മുന്തിയപരിഗണന നൽകേണ്ടതുണ്ട്. സഹകരണ അടിസ്ഥാനത്തിൽ മുട്ടക്കോഴി വളർത്തുന്ന സംരംഭങ്ങൾക്ക് വേണ്ടുന്ന പ്രോൽസാഹനങ്ങളും ധനസഹായവും നൽകേണ്ടിയിരിക്കുന്നു.

പശു, ആട്, കോഴി മുതലായവ വളർത്തി പരിപാലിക്കുന്നതിൽ നിന്ന് ജനങ്ങളെ പിൻതിരിപ്പിക്കുന്ന ഒരു ഘടകം അവയുടെ തീറ്റച്ചെലവാണ്. 1125 പശുക്കൾക്ക് ഒരുവർഷം വേണ്ടിവരുന്ന കാലിത്തീറ്റ 10,03,150 Kg. ആണ്. അതിനു ചെലവഴിക്കുന്നതോ 45,16,875 രൂപയും! കാലിത്തീറ്റക്ക് നാം ആശ്രയിക്കുന്നത് മറ്റു സംസ്ഥാനങ്ങളെയോ, പ്രദേശങ്ങളെയോ ആണ്. ഇത് വലിയ ധനനഷ്ടത്തിനിടയാക്കുന്നു. തീറ്റചെലവ് കുറയ്ക്കാൻ തീറ്റപുൽകൃഷി വീടിന്റെ തൊടിയിലും ഒഴിഞ്ഞ പറമ്പുകളിലും ചെയ്യാൻ കൃഷിക്കാർക്ക് പ്രോത്സാഹനവും അതിന്റെ ആവശ്യകത അവരെ ബോധ്യപ്പെടുത്തുകയും ചെയ്യുക. സഹകരണ മേഖലയിൽ ഒരു ഫീഡ് മിക്സിംഗ് യൂണിറ്റ് സ്ഥാപിച്ച് കൃഷിക്കാർക്ക് ന്യായവിലക്ക് കാലിത്തീറ്റ എത്തിക്കാനുള്ള ഏർപ്പാടുണ്ടാക്കുകയും വേണ്ടിയിരിക്കുന്നു. അതിവഴി 20% ഉൽപാദനക്ഷമത വർദ്ധിപ്പിക്കാൻ കഴിയും.

ഈ രംഗത്തുനിന്ന് കർഷകരെ മാറ്റിനിർത്തുന്ന മറ്റൊരുഘടകം വളർത്തുമൃഗങ്ങൾക്ക് വരുന്ന അസുഖങ്ങളാണ്. 1995-96 വർഷകാലയളവിൽ റിപ്പോർട്ട് ചെയ്യപ്പെട്ട കന്നുകാലി അസുഖങ്ങളെ കുറിച്ച് താഴെകൊത്തിരിക്കുന്ന പട്ടികയിൽ സൂചിപ്പിച്ചിരിക്കുന്നു.

**പട്ടിക 4:-**
**(1995-96 കാലയളവിലെ റിപ്പോർട്ട് ചെയ്യപ്പെട്ട കന്നുകാലി അസുഖങ്ങൾ)**

| No. | രോഗവിവരം | എണ്ണം |
|---|---|---|
| 1. | ദഹനസംബന്ധമായവ | 848 |
| 2. | ശ്വാസകോശ സംബന്ധമായവ | 315 |
| 3. | ഉപാപചയ സംബന്ധം | 74 |
| 4. | ത്വക് രോഗം | 98 |
| 5. | ധാതുലവണങ്ങളുടെ അഭാവംമൂലമുള്ളരോഗങ്ങൾ | 34 |
| 6. | പരാദരോഗങ്ങൾ | 620 |
| 7. | പ്രസവസംബന്ധമായവ | 352 |
| 8. | വന്ധ്യത | 52 |
| 9. | അകിടുവീക്കം | 137 |
| 10. | മുടന്തൻപനി | 117 |
| 11. | സർജറി | 366 |
| 12. | മറ്റുരോഗങ്ങൾ | 341 |
| 13. | പേവിഷബാധ പ്രതിരോധ കുത്തിവെയ്പുകൾ | 108 |
| | ആകെ | 3354 |

**പട്ടിക 5**
**(കൃത്രിമ ബീജസങ്കലനം)**

| No. | ഇനം | എണ്ണം |
|---|---|---|
| 1. | പശുക്കൾ | 1086 |
| 2. | കിടാരികൾ | 378 |
| 3. | എരുമ | 16 |

മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ ഒരു വെറ്റിനറി ഡിസ്പെൻസറി 6-4-1964 മുതൽ പഞ്ചായത്തിലെ കോടനാട് എന്ന പ്രദേശത്ത് പ്രവർത്തിച്ചു വരുന്നു. കേരളത്തിലെ വളരെ പ്രശസ്തി നേടിയ ചില വെറ്റിനറി ഡോക്ടർമാരുടെ സേവനം ലഭ്യമായി വരുന്നതിനാൽ വളരെകാലം മുതൽക്ക്തന്നെ മൃഗസംരക്ഷണവകുപ്പിലെ പ്രവർത്തനങ്ങൾ പഞ്ചായത്തിൽ വേരൂന്നിയതായി കാണുന്നുണ്ട്. സമീപത്തുള്ള പ്രദേശങ്ങളിലെ എല്ലാ മൃഗാശുപത്രികളിലേക്കും സബ്സെന്ററുകളിലേക്കും തണുപ്പിച്ച സെമൻ വിതരണം നടത്തിയിരുന്നത് ഇവിടെനിന്നുമായിരുന്നു. ഇതിനുവേണ്ടി കാളകളേയും ഇവിടെ വളർത്തിയിരുന്നു. സർക്കാറിന്റെ സ്വന്തം കെട്ടിടത്തിലാണ് മൃഗാശുപത്രി പ്രവർത്തിക്കുന്നത്.

മൃഗസംരക്ഷണവകുപ്പ് എട്ടാം പഞ്ചവത്സരപദ്ധതിയിലെ പ്രവർത്തനങ്ങൾ ഭൂരിഭാഗവും ഐ. എച്ച്. ഡി. പി. കോളനികളിൽ കേന്ദ്രീകരിച്ചായിരുന്നു. കോളനികളിലെ തെരഞ്ഞെടുക്കപ്പെടുന്ന കുടുംബങ്ങൾക്ക് കിടാരി വിതരണം, ഓരോ ജോഡി മൂരിക്കുട്ടികളുടെ വിതരണം, ആടുവിതരണം, മുട്ടക്കോഴിക്കുഞ്ഞുങ്ങളുടെ വിതരണം തുടങ്ങിയ പദ്ധതികൾ സൗജന്യമായി നടപ്പിലാക്കിയിരുന്നു. മേൽപദ്ധതികളിൽ പൂർണ്ണമായ ഇൻഷൂറൻസ് സംരക്ഷണവും ഒരു പ്രത്യേകകാലഘട്ടം വരെയുള്ള ചെലവും സൗജ്യമായി തന്നെ നൽകിയിരുന്നു.

ജനറൽ സെക്ടറിൽ 1991-92 കാലഘട്ടത്തിൽ ആടുവളർത്തുന്നതിൽ ധനസഹായം, ധാതുലവണ മിശ്രിതങ്ങളും, വിരമരുന്നുകളും സൗജന്യമായി, വിതരണം ചെയ്യൽ തുടങ്ങിയവ നടപ്പിലാക്കി. 1994-95, 95-96 ഘട്ടത്തിൽ മുട്ടക്കോഴി വളർത്തൽ പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് 1500 കോഴിക്കുഞ്ഞുങ്ങളെ സബ്സിഡ് നിരക്കിൽ വിതരണം നടത്തുകയുണ്ടായി. വന്ധ്യത നിവാരണ ക്യാമ്പുകൾ, കന്നുകാലി പ്രദർശനങ്ങൾ, കന്നുകുട്ടി പ്രദർശനങ്ങൾ, ഗോരക്ഷാ ക്യാമ്പുകൾ തുടങ്ങിയ പരിപാടികൾ എല്ലാവർഷങ്ങളിലും നടത്തുകയുണ്ടായിട്ടുണ്ട്. കാലിവസന്ത നിർമ്മാർജന പദ്ധതി, സബ്സിഡി നിരക്കിൽ കുളമ്പുരോഗത്തിനെതിരെ കുത്തിവെയ്പ്, പേവിഷബാധയ്ക്കെതിരെയുള്ള കുത്തിവെയ്പ്, സൗജന്യമായി മറ്റുരോഗങ്ങൾക്കെതിരെയുള്ള കുത്തിവെയ്പുകൾ, കോഴിരോഗങ്ങൾക്കെതിരെയുള്ള കുത്തിവെയ്പുകൾ എന്നിവയും 1994-95 സാമ്പത്തിക വർഷം മുതൽ 'പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി' തുടങ്ങിയവയും ഈ പ്രദേശത്ത് നടപ്പിലാക്കിവരുന്നു.

1994 ആഗസ്റ്റ് മാസത്തിൽ രൂപീകൃതമായ 'പാലക്കാട് ലൈവ് സ്റ്റോക്ക് ഇൻപ്രൂവ്മെന്റ് അസോസിയേഷൻ' മേഴത്തൂർ യൂണിറ്റ്, 1995 സെപ്റ്റംബറിൽ രൂപീകൃതമായ മൃഗാശുപത്രി വികസന സമിതി എന്നിവ മൃഗസംരക്ഷണവകുപ്പിന്റെ വിവിധ പ്രവർത്തനങ്ങളിൽ സഹകരിക്കുന്നു. 205 ഉപഭോക്താക്കൾക്ക് സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണം നടത്തിവരുന്ന 'പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി' പി.എൽ.ഐ.എ യുടെ മേഴത്തൂർ യൂണിറ്റ് മുഖാന്തിരമാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. സബ്സിഡിനിരക്കിലുള്ള ഇൻഷൂറൻസ് പരിരക്ഷണവും ഈസ്കീമിന്റെ പ്രത്യേകതയാണ്. ക്ഷീര കർഷകരുടെ

പഠനയാത്ര സംഘടിപ്പിക്കുക വഴി കുറേകർഷകർക്ക് ഈ രംഗത്തെ വികസനപരിപാടികൾ നേരിട്ടനുഭവിക്കുന്നതിനുള്ള സൗകര്യം ഉണ്ടായി.

മഹാപ്രളയത്തിൽ സ്വന്തം മകൻപോലും മുങ്ങിമരിക്കുന്നത് നോക്കിനിൽക്കേണ്ടി വരുന്ന നോഹയോട് വിശ്വാസികൾക്ക് പുറമെ ഓരോജോഡി പക്ഷിമൃഗാദികളുടെ ഇണകളെ പേടകത്തിൽ കയറ്റി രക്ഷപ്പെടുത്താനാണ് ദൈവം കൽപിച്ചതെന്നോർക്കുക. മനുഷ്യന്റെ നിലനിൽപിന് പക്ഷിമൃഗാദികളുടെ സംഭാവന അത്രക്കു വലുതാണെന്ന് അതിപുരാതന മനുഷ്യൻ വരെ മനസ്സിലാക്കിയിരുന്നു!

### മൃഗസംരക്ഷണമേഖലയിലെ പ്രശ്നങ്ങൾ:

1. ഐ.എച്.ഡി.പി, ഐ.ആർ,ഡി.പി. പദ്ധതികളിൽ ഉപഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിലുള്ള അപാകതകൾ.

2. അയൽവാസിയുടെയോ, ബന്ധുവിന്റെയോ ഉരുക്കളെ കാണിച്ച് ധനസഹായം തട്ടിയെടുക്കുക.

3. ഐ.ആർ,ഡി.പി. പദ്ധതികളിൽ നിന്ന് ലഭിക്കുന്ന ലോണും, ധനസഹായവും അപര്യാപ്തമാണ്. അതിനാൽ വിലകുറഞ്ഞ ഉൽപാദനക്ഷമതയില്ലാത്ത പശുക്കളെ വാങ്ങിക്കുവാൻ കർഷകർ നിർബന്ധിതരാകുന്നു.

4. ഐ.ആർ,ഡി.പി. മേഖലയിൽ കച്ചവടക്കാർ ഉപഭോക്താക്കളെ പരമാവധി ചൂഷണം ചെയ്യുന്നു.

5. ശാസ്ത്രീയ പരിചരണമുറകൾ സ്വീകരിക്കാത്തതുകൊണ്ട് ഉദ്ദേശിക്കുന്ന രീതിയിലുള്ള ഉൽപാദനം ലഭിക്കുന്നില്ല.

6. രോഗങ്ങൾക്ക് ചികിത്സ ചെയ്യുന്നത് വിരളമാണ്.

7. ആനുകൂല്യങ്ങൾ ലഭ്യമായി അധികം വൈകാതെ വളർത്തുമൃഗങ്ങളെ വിറ്റഴിക്കുന്ന ഉപഭോക്താക്കൾക്കെതിരെ ഫലപ്രദമായ നടപടികൾ സ്വീകരിക്കുവാനുള്ള സംവിധാനങ്ങൾ ഇല്ല.

8. സബ്സിഡി നിരക്കിൽ അനുവദിച്ചു കിട്ടുന്ന കാലിത്തീറ്റ കൂടിയവിലക്ക് മറിച്ച് വിൽക്കുന്നു.

9. മൃഗാശുപത്രിയിലെ സ്റ്റാഫിന്റെ കുറവ്, അവശ്യ മരുന്നുകളുടെ കുറവ് എന്നിവ യഥാസമയത്ത് ചികിത്സ ലഭ്യമാക്കുന്നതിന് തടസ്സമാകുന്നു.

10. മൃഗാശുപത്രി പഞ്ചായത്തിന്റെ ഒരറ്റത്ത് സ്ഥിതിചെയ്യുന്നതിനാൽ പഞ്ചായത്തിലെ ഭൂരിപക്ഷത്തിനും മൃഗാശുപത്രിയുടെ സൗകര്യങ്ങൾ ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല.

11. മൃഗാശുപത്രി കെട്ടിടത്തിന്റെ സ്ഥിതി ശോചനീയമാണ്. ഒരു മൈനർ ഓപ്പറേഷൻ നടത്തുന്നതിനുള്ള സൗകര്യം പോലും ആശുപത്രിയിൽ ഇല്ല.

12. ക്ഷീര കർഷകർക്ക് അവരുടെ ഉൽപന്നങ്ങൾക്ക് മതിയായ വില ലഭിക്കുന്നില്ല.

13. തീറ്റപുൽ കൃഷിയിൽ വളരെക്കുറച്ചു പേർ മാത്രമെ താൽപര്യം കാണിക്കുന്നുള്ളു.

14. കർഷകർക്ക് മാതൃക ആയേക്കാവുന്ന 'മിനി ഡയറി' ഫാമുകളൊന്നും നമ്മുടെ പഞ്ചായത്തിലില്ല.

15. പ്രതിരോധ കുത്തിവെയ്പുകൾ നടത്തുന്ന കാര്യത്തിൽ കർഷകർ താൽപര്യം കാണിക്കുന്നില്ല.

16. മിച്ചം വരുന്ന പാൽ കൊണ്ട് ഉണ്ടാക്കാവുന്ന ഉപോൽപന്നങ്ങളെക്കുറിച്ചുള്ള കർഷകരുടെ അജ്ഞത.

17. പശുവളർത്തലൊഴിച്ച്, ആടുവളർത്തൽ, മുയൽവളർത്തൽ, കാടവളർത്തൽ, കോഴി വളർത്തൽ, താറാവുവളർത്തൽ തുടങ്ങിയവയിൽ കർഷകർ താൽപര്യം കാണിക്കുന്നില്ല.

18. മൃഗസംരക്ഷണ രംഗത്തെ നൂതന ആശയങ്ങളായ എമ്പ്രയ ട്രാൻസ്ഫർ, പ്രീമിയം ബുൾ സെമൻ എന്നിവയെക്കുറിച്ചുള്ള കർഷകരുടെ അജ്ഞത.

19. പേ വിഷ നിയന്ത്രണ പരിപാടികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് സംവിധാനങ്ങൾ ഒന്നും തന്നെയില്ല. ഇത്തരം കേസുകൾ ചികിത്സിക്കുന്നതിന് ആവശ്യമായ മരുന്നുകളുടെ ലഭ്യത കുറവാണ്.

20. അറവുശാലകളിൽ മൃഗങ്ങളെ ആരോഗ്യപരവും ശാസ്ത്രീയവുമായ രീതിയിൽ കശാപ്പു ചെയ്യുന്നതിനും സംസ്കരിക്കുന്നതിനും വേണ്ട സംവിധാനങ്ങൾ ഇല്ല.

21. കശാപ്പു ചെയ്യുന്നതിനു മുമ്പോ, കശാപ്പു ചെയ്തതിനു ശേഷമോ മാംസം ഭക്ഷ്യയോഗ്യമാണോ അല്ലയോ എന്ന് നിശ്ചയിക്കുന്നതിനും ഭക്ഷ്യ യോഗ്യമല്ലാത്തവ വിൽപന നടത്തുന്നത് തടയുന്നതിനും വേണ്ട സംവിധാനങ്ങൾ ഒന്നും തന്നെയില്ല.

22. മാംസാവശിഷ്ടങ്ങൾ വെളിമ്പ്രദേശങ്ങളിൽ തള്ളുന്നത് പരിസരമലിനീകരണത്തിനും ജന്തുജന്യമായ രോഗങ്ങൾക്കും ഇടയാക്കുന്നു.

23. അഭ്യസ്തവിദ്യർ ഈ മേഖലയിൽ നിന്നും പുറം തിരിഞ്ഞു നിൽക്കുന്നു.

### സാധ്യതകൾ

1. പദ്ധതികൾ ഏതെങ്കിലും പ്രത്യേക ഭാഗത്തു കേന്ദ്രീകരിച്ചു നൽകുന്നതിനു പകരം വികേന്ദ്രീകരിച്ചു

നടപ്പിലാക്കുക.

2. ഉപഭോക്താക്കളുടെ താൽപര്യവും, വിഷയത്തിലുള്ള അറിവും മനസിലാക്കിമാത്രം ഉപഭോക്താക്കളെ തെരഞ്ഞെടുക്കുക.

3. ധന സഹായവും ലോണും കൊടുക്കുന്ന പദ്ധതിയുടെ നിയമവശങ്ങൾ കർശനമായി പാലിക്കപ്പെടണം.

4. ധന സഹായത്തിന്റെയും ലോണിന്റേയും പരിധി ഉയർത്തുക.

5. ബാങ്കിങ് സ്ഥാപനങ്ങളിൽ നിന്നും ലോൺ അനുവദിക്കുന്നതിനു വേണ്ട സാങ്കേതിക ബുദ്ധിമുട്ടുകൾ പരമാവധി കുറയ്ക്കുക.

6. ലോണുകളിലൂടെ നടപ്പിലാക്കുന്ന പദ്ധതികളിൽ ഇൻഷ്വൂറൻസ് പരിരക്ഷ നിർബന്ധമാക്കുക.

7. മൃഗാശുപത്രിയിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക. ആവശ്യമായ സ്റ്റാഫിനെ നിയമിക്കുക, അവശ്യ മരുന്നുകളുടെ ലഭ്യത ഉറപ്പു വരുത്തുക.

8. കൃത്രിമ ബീജദാനസൗകര്യം ലഭ്യമല്ലാത്ത പഞ്ചായത്തിന്റെ പ്രദേശങ്ങളെ കേന്ദ്രീകരിച്ചുകൊണ്ട് ഒരു സബ്സെന്റർ ആരംഭിക്കുക.

9. അറവുശാലകളും, മാംസവില്പന കേന്ദ്രങ്ങളും ശാസ് 0249തീയമായ രീതിയിൽ സംവിധാനം ചെയ്യുക. അശാസ്ത്രീയമായ ചുറ്റുപാടിൽ സംസ്കരിച്ച മാംസം ഭക്ഷിച്ചാലുണ്ടാകന്ന ഭവിഷ്യത്തുകളെകുറിച്ച് പൊതുജനത്തെ ബോധ വത്കരിക്കുക.

10. ഉൽപാദന ചെലവ് കുറയ്ക്കുന്നതിനായി കാലിത്തീറ്റയും, മരുന്നുകളും സബ്സിഡി നിരക്കിൽ ലഭ്യമാക്കുക.

11. പഞ്ചായത്തു തലത്തിൽ ഏറ്റവും നല്ല ക്ഷീര കർഷകനെ തെരഞ്ഞെടുത്ത് പ്രോത്സാഹനം നൽകുക.

12. പദ്ധതികളുടെ പുരോഗതി പരിശോധിക്കാൻ പഞ്ചായത്തു തലത്തിൽ വിജിലൻസ് യൂണിറ്റ് രൂപീകരിക്കുക.

13. കർഷകർക്ക് ശാസ്ത്രീയ പരിശീലനം നൽകാനുള്ള സംവിധാനമുണ്ടാക്കുക.

14. ബ്ലോക്കു തലത്തിൽ സഹകരണ മേഖലയിൽ കാലിത്തീറ്റ നിർമ്മാണ/മിക്സിംഗ് യൂണിറ്റ് ആരംഭിക്കുക.

15. ബ്ലോക്കു തലത്തിൽ സഹകരണ മേഖലയിൽ ശാസ്ത്രീയമായ മാംസോത്പാദന- സംസ്കരണ- വിപണന ശൃഖലകൾ സ്ഥാപിക്കുക.

16. ബ്ലോക്കു തലത്തിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു വെറ്റ. പോളിക്ലീനിക് സ്ഥാപിക്കുക. ഓപ്പറേഷൻ തിയ്യറ്റർ, ആംബുലൻസ്, മുഴുവൻസമയ പ്രവർത്തനം തുടങ്ങിയവ ലഭ്യമാക്കുക.

17. ബ്ലോക്കു തലത്തിലുള്ള ഒരു പേ വിഷ നിർമ്മാർജന പദ്ധതിക്ക് രൂപം നൽകുക.

18. ബ്ലോക്കിലുള്ള എല്ലാ മൃഗാശുപത്രികളിലേയും എഴുത്തുകുത്തുകൾ കൈകാര്യം ചെയ്യുന്നതിന് ഒരു ക്ലർക്കിനെ നിയമിക്കുക.

19. വിഷ്വൽ മാദ്ധ്യമങ്ങൾ പ്രദർശിപ്പിക്കുന്നതിനു വേണ്ട സംവിധാനങ്ങൾ (വീഡിയോ/പ്രൊജക്ടർ/മൈക്ക് സെറ്റ്) ബ്ലോക്കു തലത്തിൽ ലഭ്യമാക്കുക.

20. പഞ്ചായത്തിലെ പുളിയമ്പറ്റ കായലിനോട് ചേർന്ന്കിടക്കുന്ന മേഖലകളിൽ സഹകരണാടിസ്ഥാനത്തിൽ താറാവു വളർത്തു കേന്ദ്രം സ്ഥാപിക്കുക.

21. മുടവന്നൂർ മേഖലയിൽ സംഘടിതമായ ആടുവളർത്തു കേന്ദ്രം സ്ഥാപിക്കാം

## മത്സ്യബന്ധനം

തൃത്താല പഞ്ചായത്തിൽ വളരെ ഏറെ സാധ്യതകളുള്ള ഒരു മേഖലയാണ് മത്സ്യബന്ധനവും മത്സ്യവിപണനവും കടലോരങ്ങളോ, കായലുകളോ ഇല്ലാത്ത പ്രദേശമായതിനാൽ മത്സ്യം വളർത്തുന്നതിന് ആശ്രയിക്കാവുന്നത് പുഴയും, ചെറുകിട ജലാശയങ്ങളുമാണ്. മുൻപുകാലങ്ങളിൽ ഭാരതപ്പുഴയിൽ നിന്ന് മീൻപിടിച്ച് ഉപജീവനം കഴിക്കുന്ന ജനവിഭാഗങ്ങൾ തൃത്താല പഞ്ചായത്തിൽ ഉണ്ടായിരുന്നു.

കളങ്ങളിലും, മറ്റു ജലാശയങ്ങളിലും വാണിജ്യാടിസ്ഥാനത്തിൽ മത്സ്യകൃഷിചെയ്യുന്നവരുടെ എണ്ണം വളരെ കുറവാണ്. എന്നാൽ പൊതുകുളങ്ങളിൽ വളരുന്ന മത്സ്യങ്ങളെ വർഷാവർഷം ലേലംചെയ്ത് വിൽക്കാറുണ്ട്.

തൃത്താല പഞ്ചായത്തിലെ പ്രതിദിനമത്സ്യ ഉപഭോഗം ഏതാണ്ട് 1000 കി.ഗ്രാം ആണ്. (മത്സ്യ വിപണന തൊഴിലാളികളിൽ നിന്ന് ലഭിച്ച കണക്കുപ്രകാരം). മത്തി, അയില, കോര, ഐക്കൂറ, ആവോലി, തളയൻ തുടങ്ങി കടൽ മത്സ്യങ്ങളാണ് വ്യാപകമായി ഉപയോഗിച്ചു വരുന്നത്. പണ്ട് ചെമ്മീൻ ധാരാളമായി ലഭിച്ചിരുന്നു. എന്നാൽ ഇന്ന് ചെമ്മീൻ പേരിനുപോലും വില്പനക്കെത്തുന്നില്ല.

ഇതിനു പുറമെ മാന്തൾ, മുള്ളൻ, സ്രാവ് തുടങ്ങി ഉണക്കമത്സ്യങ്ങളും ജനങ്ങൾ ധാരാളമായി ഉപയോഗിക്കുന്നു.

സാധാരണക്കാരന്റെ ആഹാരപദാർത്ഥമായിരുന്നു മത്സ്യം. ഈ അടുത്ത കാലം വരെ പച്ചക്കറിക്ക്

തീപിടിച്ച വിലയുണ്ടായിരുന്ന കാലത്തും പച്ചക്കറി ദൗർലഭ്യം അനുഭവപ്പെട്ടിരുന്ന കാലത്തും മത്സ്യ മായിരുന്നു ഗ്രാമീണരുടെ ഏക ആശ്രയം. എന്നാൽ കഴിഞ്ഞ കുറച്ചുമാസങ്ങളായി മത്സ്യത്തിന് തീപിടിച്ച വിലയായി. ഒരു കിലോ സാധാരണ മത്സ്യത്തിന് അമ്പതും, അറുപതും അതിനുമുകളിലുമായി വില ഉയർന്നു. മത്സ്യാഹാരത്തെ ആശ്രയിച്ചുവന്നിരുന്ന നാട്ടുകാർക്ക് താങ്ങാവുന്നതിലും കൂടുതലായിരുന്നു ഈ പ്രഹരം അതോടൊപ്പം മത്സ്യവിപണനത്തെ ആശ്രയിച്ചു ജീവിച്ചിരുന്ന നൂറുകണക്കിന് തൊഴിലാളി കൾക്ക് മറ്റുമാർഗ്ഗങ്ങളില്ലാതായി.

കടലോരപ്രദേശം ഇല്ലാത്ത നമ്മുടെ പഞ്ചായത്തിൽ കടൽമത്സ്യം മറ്റുപ്രദേശങ്ങളിൽ നിന്ന് കൊണ്ടുവന്ന് വിൽക്കുകയാണ് ചെയ്യുന്നത്. പണ്ടുകാലത്ത് ഭാരതപ്പുഴയിൽ ധാരാളം മത്സ്യമുണ്ടായിരുന്നു. എന്നാൽ ഏതാനും വർഷം മുമ്പുണ്ടായ മത്സ്യരോഗവും, പുഴയിൽ വേണ്ടത്ര വെള്ളം ഇല്ലാത്തതും നമ്മുടെ ജലാശ യങ്ങളിലെ മത്സ്യങ്ങളെ സാരമായി ബാധിച്ചു. അവശേഷിച്ച മത്സ്യങ്ങളെക്കൂടി ഇന്ന് രോഗം ബാധി ച്ചിരിക്കയാണ്. കണ്ണൻ എന്നപേരിൽ അറിയപ്പെടുന്ന മത്സ്യം ഇന്ന് രോഗം ബാധിച്ച തീരെ ലഭ്യമല്ലാതാ യിരിക്കുന്നു.

മത്സ്യവിപണനമാണ് പ്രധാനമായും നടക്കുന്നത്. ഇരു ചക്രവാഹനങ്ങളും, ഓട്ടോറിക്ഷകളും മത്സ്യവിപ ണനത്തിനായി ഉപയോഗിക്കുന്നു. ഞാങ്ങാട്ടിരി, മേഴത്തൂർ, തൃത്താല എന്നീ സെന്ററുകളിൽ റോഡരി കിലുമായി മത്സ്യവിപണനം നടക്കുന്നുണ്ട്, മത്സ്യ വിപണനരംഗത്ത് തൃത്താലയിൽ 101 തൊഴിലാളികൾ ഉണ്ട്. ഇവർ അസംഘടിതരാണ്.

തൃത്താല പഞ്ചായത്തിൽ 146 ഉൾനാടൻ മത്സ്യക്കൃഷിക്കാരുള്ളതായി രേഖകളിൽ കാണുന്നു. ഇവർ 690 സെന്റ് സ്ഥലത്ത് മത്സ്യക്കൃഷി നടത്തുന്നു.

**മത്സ്യകൃഷി നടത്തുന്ന സ്ഥലവും, കൃഷിക്കാരുടെ എണ്ണവും വാർഡ് തിരിച്ച്**

| വാർഡ് | I | II | III | IV | V | VI | VII | VIII | IX | X |
|---|---|---|---|---|---|---|---|---|---|---|
| മത്സ്യകൃഷി നടത്തുന്നവർ (Cent) | 50 | 60 | 75 | 80 | 75 | 80 | 75 | 40 | 30 | 125 |
| വിസ്തീർണ്ണം | 10 | 15 | 25 | 16 | 13 | 14 | 12 | 11 | 9 | 11 |

**മത്സ്യവിപണനവുമായി ബന്ധപ്പെട്ട തൊഴിലാളികൾ (വാർഡ് തിരിച്ച്)**

| വാർഡ് | I | II | III | IV | V | VI | VII | VIII | IX | X |
|---|---|---|---|---|---|---|---|---|---|---|
| ഴെിലായികൾ | 3 | 6 | 12 | 14 | 13 | 19 | 12 | 9 | 5 | 8 |

**മത്സ്യകൃഷിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ**

1. കടൽ മത്സ്യം ആവശ്യാനുസരണം നീതിപൂർവ്വമായ നിലയിൽ ലഭിക്കുന്നില്ല.

2. മത്സ്യവിപണനം ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകുന്നു.

3. ഭാരതപ്പുഴയിൽ മത്സ്യകൃഷി ചെയ്യാനുള്ള സൗകര്യമില്ല.

4. ഉൾനാടൻ ജലാശയങ്ങൾ മത്സ്യക്കൃഷിക്കായി ഉപയോഗപ്പെടുത്തുന്നില്ല.

5. മത്സ്യ സഹകരണ സംഘങ്ങൾ സ്ഥാപിക്കപ്പെട്ടിട്ടില്ല.

6. മത്സ്യകൃഷിയുടെ സാധ്യതകളെകുറിച്ച് ഗ്രാമീണർ ക്കുള്ള അജ്ഞത.

**സാധ്യതകൾ**

1. വെള്ളിയാം കല്ല് കോസ് വേകം റഗുലേറ്റർ സ്ഥാപിക്കപ്പെടുമ്പോൾ ഏഴ് കി.മീ. ദൂരത്ത് ജലം തടഞ്ഞുനിർത്താൻ കഴിയും. ആ പ്രദേശത്ത് വ്യാവസായികാടിസ്ഥാനത്തിൽ മത്സ്യകൃഷിനടത്താം.

2. പഞ്ചായത്തിലെ പൊതു കുളങ്ങളും, കിണറുകളും വൃത്തിയാക്കി മത്സ്യക്കൃഷിക്കായി ഉപയുക്തമാക്കാം.

3. മത്സ്യവിപണനത്തിന് പഞ്ചായത്ത് ഉടമസ്ഥത തയിൽ കേന്ദ്രങ്ങൾ സ്ഥാപിക്കുക.

4. മത്സ്യസഹകരണസംഘങ്ങൾ സ്ഥാപിക്കുക.

5. മത്സ്യക്കൃഷിയിൽ താല്പര്യവും, അറിവും വളർത്തുന്നതിനാവശ്യമായ പഠനക്യാമ്പുകൾ നടത്തുക.

6. പുളിയപറ്റക്കായലിൽ മത്സ്യക്കൃഷിക്കുള്ള സാധ്യതകൾ കണ്ടെത്തി ഉപയോഗപ്പെടുത്തുക.

7. മത്സ്യരോഗം കാരണം വംശനാശം സംഭവിച്ചു കൊണ്ടിരിക്കുന്ന കണ്ണൻ, മൊയ്യ്, പരൽ തുടങ്ങിയ മത്സ്യങ്ങളെ സംരക്ഷിച്ചു വളർത്തുന്നതിന് സംവിധാനം ഉണ്ടാക്കുക.

8. ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് (മത്സ്യ ബന്ധനവും വിപണനവും) സർക്കാർ ആനുകൂല്യങ്ങൾ യഥാസമയം ലഭ്യമാക്കുക.



# III

# വികസനമേഖല

# വ്യവസായം

# ചെറുകിട വ്യവസായ യൂണിറ്റുകൾ

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി അഞ്ച് കൊപ്ര സംസ്കരണ യൂണിറ്റുകൾ പ്രവർത്തിക്കുന്നു. എല്ലാവാർഡുകളിലും നെല്ലുകുത്തു മില്ലുകളും പ്രവർത്തിക്കുന്നുണ്ട്. മേഴത്തൂരിൽ മൂന്നും ഞാങ്ങാട്ടിരിയിൽ ഒന്നുമടക്കം മൊത്തം 4 മരമില്ലുകൾ പ്രവർത്തിക്കുന്നുണ്ട്. വ്യാവസായികാടിസ്ഥാനത്തിൽ ആയുർവ്വേദ മരുന്നുല്പാദിപ്പിക്കുന്ന 5 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

**ആയുർവ്വേദ മരുന്നുല്പാദന കേന്ദ്രങ്ങൾ**

| ക്രമനമ്പർ | പേര് | സ്ഥാപിതവർഷം | തൊഴിലാളികൾ |
|---|---|---|---|
| 1. | വൈദ്യമഠം | 1912 | 69 |
| 2. | ശക്തിഫാർമസ്യൂട്ടിക്കൽസ് | 1986 | 7 |
| 3. | സി.എൻ.എസ്. വൈദ്യശാല | 1987 | 18 |
| 4. | കെ.വി. ഫാർമസ്യൂട്ടിക്കൽസ് | 1996 | 7 |
| 5. | സീന ഇൻഡ്യൻ മെഡിക്കൽസ് | 1994 | 12 |

ആയുർവ്വേദ മരുന്നു നിർമ്മാണ രംഗത്തെ പ്രശ്നങ്ങൾ പഠിച്ച് പരിഹാരമുണ്ടാക്കിയാൽ ധാരാളം പേർക്ക് തൊഴിൽ കൊടുക്കുവാൻ കഴിയും. വൈദ്യുതിയുടെ ദൗർലഭ്യം, ശുദ്ധജലക്ഷാമം, സാമ്പത്തികപ്രശ്നം, മാർക്കറ്റിംഗ് എന്നിവ ഈ രംഗത്തെ പ്രധാന പ്രശ്നങ്ങളാണ്.

ഞാങ്ങാട്ടിരിയിൽ മൂന്ന് സിമന്റ് കൊണ്ടുള്ള ഗൃഹോപകരണങ്ങൾ നിർമ്മിക്കുന്ന സ്വകാര്യ സ്ഥാപനങ്ങളുണ്ട്. ഇവിടെ സിമന്റ് കൊണ്ട് കട്ടിലകൾ, ജനലുകൾ, വെന്റിലേറ്ററുകൾ, ഗ്രില്ലുകൾ എന്നിവ നിർമ്മിക്കുന്നു. ഇവക്കുപുറമെ കോഴിക്കാട്ടിരി പാലത്തിനു സമീപം ഒന്നും, വൈദ്യമഠത്തിനു സമീപം ഒന്നുമടക്കം സിമന്റ് കൊണ്ടുള്ള ഗൃഹസാമഗ്രികൾ നിർമ്മിക്കുന്ന 5 സ്ഥാപനങ്ങളുണ്ട്.

**ചെറുകിട വ്യവസായ യൂണിറ്റുകൾ**

| ക്രമ നമ്പർ | യൂണിറ്റുകൾ | എണ്ണം | തൊഴിലെടുക്കുന്ന സ്ത്രീ | തൊഴിലെടുക്കുന്ന പു. | ആകെ |
|---|---|---|---|---|---|
| 1 | കൊപ്രസംസ്കരണം | 5 | 18 | – | 18 |
| 2 | ആയൂർവേദമരുന്ന് | 6 | 95 | 40 | 135 |
| 3 | അച്ചടി | 1 | 3 | 2 | 5 |
| 4 | ഭക്ഷ്യസംസ്കരണം | 15 | 25 | 5 | 30 |

| | | | | | |
|---|---|---|---|---|---|
| 5 | ഗൃഹോപകരണ നിർമ്മാണം | 5 | 3 | 20 | 23 |
| 6 | തീപ്പെട്ടിക്കമ്പനി | 2 | 20 | 8 | 28 |
| 7 | സിറാമിക്സ് | 1 | 12 | 14 | 26 |
| 8 | മണൽ വാരൽ | 4 | 1 | 245 | 246 |
| 9 | ലെതർ–റെക്സിൻ | 1 | 9 | – | 9 |
| 10 | റെഡിമെയ്ഡ് | 1 | 6 | 2 | 8 |
| 11 | കല്ലുവെട്ട്+ക്വോറി | 10 | 60 | 69 | 129 |
| 12 | മരവ്യവസായം | 2 | – | 30 | 30 |
| 13 | മറ്റുള്ളവ | 11 | 40 | 82 | 122 |
| | ആകെ | 64 | 292 | 517 | 809 |

1988ൽ ശ്രീദുർഗാ സിറാമിക്സ് എന്നപേരിൽ കളിമണ്ണുപയോഗിച്ച് ഓട്, ഇഷ്ടിക തുടങ്ങിയവ നിർമ്മിക്കുന്ന ഒരു സ്ഥാപനം സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. കളിമണ്ണ് ആവശ്യത്തിന് ലഭിക്കാത്തതും, പവർക്കട്ടും, വിറകിന്റെ ദൗർലഭ്യവും ഈ വ്യവസായ സ്ഥാപനത്തെ പ്രതികൂലമായി ബാധിക്കുന്നു.

ഒക്ടോബർ മാസം മുതൽ ഏപ്രിൽ മാസം വരെ നീളുന്ന സമയത്ത് ഭാരതപ്പുഴയുടെ തീരത്ത് ഇഷ്ടിക നിർമ്മാണ യൂണിറ്റുകൾ ഉയർന്നു വരാറുണ്ട്. അസംഘടിതരായ കുറഞ്ഞ കൂലി നിരക്കുള്ള നൂറുകണക്കിന് സ്ത്രീ തൊഴിലാളികൾ ഇവിടെ പണിയെടുക്കാനെത്താറുണ്ട്.

ഞാങ്ങാട്ടിരി, മാട്ടായ എന്നീ പ്രദേശങ്ങളിൽ രണ്ടു തീപ്പെട്ടിക്കമ്പനികൾ പ്രവർത്തിക്കുന്നു. പവർക്കട്ട് ഈ വ്യവസായത്തെ പ്രതികൂലമായി ബാധിക്കാറുണ്ട്. ഇവിടെ തീപ്പെട്ടിക്കൂട് നിർമ്മിക്കനാവശ്യമായപോളനിർമ്മിക്കുന്നു അതുപോലെ തന്നെ മരുന്നു മുക്കുന്നതിനാവശ്യമായ കൊള്ളിയും ഉണ്ടാക്കുന്നു കുറഞ്ഞകൂലിനിരക്കിൽ സ്ത്രീകളാണ് ഇവിടെ പണിയെടുക്കുന്നത്. ഈ തൊഴിലാളികൾ അസംഘടിതരാണ്. ഈ മേഖലയിൽ പണിയെടുക്കുന്നവർക്ക് സാമൂഹികമായ ജീവിതസുരക്ഷിതത്വം ഉണ്ടാക്കേണ്ടത് അത്യാവശ്യമാണ്. അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യമാണ് മറ്റൊരു പ്രധാനപ്രശ്നം.

ലതർ–റെക്സിൻ ഉപയോഗിച്ച് ബേഗു നിർമ്മാണം നടത്തുന്നു. തൃത്താല സെന്ററിലും ഉള്ളന്നൂരുമായി അഞ്ചുറെഡിമെയ്ഡ് ഗാർമെന്റ് യൂണിറ്റുകൾ പ്രവർത്തിക്കുന്നു. ഞാങ്ങാട്ടിരിയിൽ ചീരൻസ് ടൈലറിംഗ് ഇൻസ്റ്റിറ്റ്യൂട്ട് എന്ന പേരിൽ ഒരു സ്ഥാപനം പ്രവർത്തിക്കുന്നുണ്ട്.

### DWCRA പ്രകാരം രൂപപ്പെട്ട തൊഴിൽ സംരംഭങ്ങളുടെ വിവരം

| ക്രമ നമ്പർ | തൊഴിൽ സംരംഭത്തിന്റെ ഇനം | ആരംഭിച്ച വർഷം | പ്രവർത്തിക്കുന്ന അംഗങ്ങൾ |
|---|---|---|---|
| 1 | പനമ്പ്, മുറം, കുട്ട നെയ്ത്ത് | 1985–1986 | 15 |
| 2 | റെക്സിൻ ബാഗ് | 1994–1995 | 9 |
| 3 | ഫുഡ് പ്രൊസസിംഗ് | 1988–1989 | 14 |
| 4 | കല്ലുടക്കൽ യൂണിറ്റ് | 1987–1988 | 15 |
| 5 | ബീഡി നിർമ്മാണം | 1988–1989 | 12 |
| 6 | കറിപൗഡർ | 1984–1985 | 15 |

DCWRA പദ്ധതി പ്രകാരം രൂപപ്പെട്ട തൊഴിൽ സംരംഭങ്ങളൊന്നും തന്നെ പ്രവർത്തനക്ഷമമല്ല.

അച്ചടി വ്യവായരംഗത്ത് ഭാരത് പ്രിന്റേഴ്സ് എന്ന സ്ഥാപനം തൃത്താലയിൽ പ്രവർത്തിക്കുന്നുണ്ട്. ഈ സ്ഥാപനം ആധുനിക വൽക്കരണത്തിന് വിധേയമായിട്ടില്ല. അസംസ്കൃത വസ്തുവായ പേപ്പറിന്റെ വിലകൂടുതലും വൈദ്യുതി പ്രതിസന്ധിയും സ്ഥാപനം നേരിടുന്ന പ്രധാന പ്രശ്നങ്ങളാണ്.

മുടവന്നൂർ പ്രദേശത്ത് ചെങ്കല്ല്ക്വാറികൾ പ്രവർത്തിക്കുന്നുണ്ട്. മേഴത്തൂരിലും പരിസര പ്രദേശങ്ങളിലും കരിങ്കല്ല് ക്വാറികളും സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. മോട്ടോർ വാഹന മേഖലയിൽ പണ്ടുകാലം മുതൽ ധാരാളം പേർ പണിയെടുത്തു വരുന്നു. ഇതിനു പുറമെ സർവ്വീസ് മേഖലകളിലും മറ്റുമായി ധാരാളം പേർ പണിയെടക്കുന്നുണ്ട്.

നമ്മുടെ പഞ്ചായത്തിന്റെ പ്രധാന വരുമാനമാർഗ്ഗമാണ് ഭാരതപ്പുഴയിലെ മണൽ കച്ചവടം 1996-97 വർഷത്തിൽ 50 ലക്ഷത്തിഒരായിരം രൂപക്കാണ് മണൽ ലേലം ചെയ്തത്. 246 തൊഴിലാളികൾ ഈ രംഗത്ത് തൊഴിലെടുക്കുന്നു പട്ടാമ്പി കടവ്, ഞാങ്ങാട്ടിരി, തോട്ടപ്പായ, കണ്ണന്നൂർ, വി.കെ.കടവ് എന്നിവിടങ്ങളിൽനിന്നാണ് മണൽ വാരുന്നത്. സാമ്പത്തികനേട്ടം ഉണ്ടാകുന്നുണ്ട്.

22.78 ച.കി.മി. വിസ്തൃതിയുള്ള 22312 ലധികവും ജനങ്ങൾ അധിവസിക്കുന്ന തൃത്താല പഞ്ചായത്തിൽ നിത്യോപയോഗ സാധനങ്ങളുടെ വിപണി മാത്രമെയുള്ളൂ. അവ ഉൽപ്പാദിപ്പിക്കാൻ ആവശ്യമായ യൂണിറ്റുകളുടെ അഭാവം പ്രശ്നം തന്നെയാണ്. വ്യവസായിക വികസനത്തിനാവശമായ ഏറ്റവും അടിസ്ഥാന സൗകര്യങ്ങൾ, വൈദ്യുതിയും ഗതാഗതവും ഇന്നും വേണ്ടത്ര ലഭ്യമല്ല.

## ചെറുകിട വ്യവസായ രംഗത്തെ പ്രധാന പ്രശ്നങ്ങൾ

1. ചെറുകിട വ്യവസായങ്ങൾക്ക് ആവശ്യമായ അസംസ്കൃത പദാർത്ഥങ്ങൾക്ക് ദൗർലഭ്യം നേരിടുന്നു.

2. പവർക്കട്ടും വോൾട്ടേജ് ക്ഷാമവും വ്യവസായ യൂണിറ്റുകളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നു.

3. ഈ രംഗത്ത് പ്രവർത്തിക്കുവർക്ക് സാങ്കേതിക പരിജ്ഞാനക്കുറവ് അനുഭവപ്പെടുന്നുണ്ട്.

4. ബാങ്കിങ്ങ് സ്ഥാപനങ്ങളിൽ നിന്ന് ആവശ്യത്തിനും സമയത്തിനും വായ്പ ലഭിക്കുന്നില്ല.

5. വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് ലൈസൻസ് ലഭിക്കാനുള്ള ബുദ്ധിമുട്ട്.

6. പലപ്പോഴും പ്രാദേശികമായി അനുയോജ്യമായ വ്യവസായങ്ങളില്ല തെരെഞ്ഞെടുക്കപ്പെടുന്നത്.

7. വ്യവസായങ്ങൾ ആരംഭിക്കുന്നതിന് ജനങ്ങൾക്കുള്ള താല്പര്യക്കുറവും ഭീതിയും.

8. ഒരു വ്യവസായ സംരംഭകൻ നിരവധി ഡിപ്പാർട്ടുമെന്റുകളിൽ തുടർച്ചയായി കയറിയിറങ്ങേണ്ടി വരുന്നു.

9. ഉൽപ്പന്നങ്ങൾ വിറ്റഴിക്കാൻ വിഷമം നേരിടുന്നു.

10. സാങ്കേതിക പരിജ്ഞാനം നേടിയവർക്ക് സ്വയം തൊഴിൽ കണ്ടെത്താനുള്ള സാമ്പത്തികക്കുറവ്.

## സാധ്യതകൾ

1. ഗൾഫ് നാടുകളിൽ ജോലിചെയ്യുന്ന ആയിരകണക്കിന് ആളുകളിൽ നിന്ന് മൂലധനം സ്വരൂപിച്ച് വ്യവസായ സംരംഭങ്ങൾ ആരംഭിക്കാവുന്നതാണ്.

2. തുകൽ വ്യവസായം ആരംഭിക്കുന്നതിനുള്ള സാധ്യത വളരെയേറെ ഉണ്ട്.

3. പഞ്ചായത്തിലെ നൂറോളം വരുന്ന തുന്നലറിയാവുന്ന യുവതികളെ സംഘടിപ്പിച്ച് സഹരണാടിസ്ഥാനത്തിൽ റെഡിമെയ്ഡ് ഉല്പന്നങ്ങൾ നിർമ്മിക്കുന്ന സ്ഥാപനം തുടങ്ങാവുന്നതാണ്.

4. വ്യവസായ സംരംഭങ്ങൾക്ക് പഞ്ചായത്ത്തലത്തിൽ വിദഗ്ദ്ധ പരിശീലനം നൽകണം.

5. അസംസ്കൃത പദാർത്ഥങ്ങൾ ലഭ്യമാക്കുന്നതിനും ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനുമുള്ള സംവിധാനമുണ്ടാക്കണം.

6. ചെറുകിട വ്യവസായങ്ങൾ തുടങ്ങുന്നതിനാവശ്യമായ നിബന്ധനകളിൽ ഇളവു വരുത്തണം.

7. സഹകരണ സംരംഭങ്ങൾക്ക് കമേഴ്സ്യൽ ബാങ്കുകൾക്കും വ്യവസായങ്ങൾക്ക് കൂടുതൽ സംഖ്യ മുടക്കാവുന്നതിനുവേണ്ടി പ്രരിപ്പക്കാവുന്നതാണ്.

## ഗ്രാമസഭാനിർദ്ദേശങ്ങൾ

1. കാർഷികോപകരങ്ങൾ, ആണി, സ്ക്രൂ, എന്നിവയുടെ നിർമ്മാണയൂണിറ്റ് ആരംഭിക്കുക.

2. നോട്ടുപുസ്തകം, സ്ലേറ്റ്, ചോക്ക്, എന്നിവ നിർമ്മിക്കുന്ന യൂണിറ്റ്.

3. ശീലക്കുട, മെഴുകുതിരി, എന്നിവ നിർമ്മിക്കുന്നയൂണിറ്റ്.

4. റെഡിമെയ്ഡ് വസ്ത്രനിർമ്മാണം സഹകരണാടിസ്ഥാനത്തിൽ തുടങ്ങുക.

5. റെക്സിൻ–ലെതർ എന്നിവ ഉപയോഗിച്ച് ബാഗ്–ചെരുപ്പ് നിർമ്മാണ യൂണിറ്റ്.

6. അടക്ക സംസ്കരണ യൂണിറ്റ്.

7. സഹകരണാസ്ഥാനത്തിലുള്ള കളിമൺ വ്യവസായം.

8. പനമ്പ്, കുട്ട, മുറം എന്നിവ ഉണ്ടാക്കുന്ന വ്യവസായ യൂണിറ്റ്.

9. ഭക്ഷ്യസംസ്കരണയൂണിറ്റ്, (അച്ചാർ, ചിപ്സ് ബേക്കറിസാധനങ്ങൾ)

10. ചിരട്ട കൊണ്ട് കരകൗശല വസ്തുക്കൾ ഉണ്ടാക്കുന്ന യൂണിറ്റ്.

11. ഫർണ്ണീച്ചർ നിർമ്മാണ യൂണിറ്റ്.

12. സിറാമിക്സ് യൂണിറ്റ്.

13. ഹോളോബ്രിക്സ്, മൊസൈക്, ടൈൽസ് നിർമ്മാണ യൂണിറ്റ്.

14. പ്ലാസ്റ്റിക് ഉൽപ്പന്ന നിർമ്മാണ യൂണിറ്റ്.

15. കശുവണ്ടി സംസ്കരണ യൂണിറ്റ്.

16. സോപ്പ് നിർമ്മാണ യൂണിറ്റ്.

17. ചന്ദനത്തിരി നിർമ്മാണ യൂണിറ്റ്.

18. പൽപ്പൊടി നിർമ്മാണ യൂണിറ്റ്.

19. പഴയ ഇരുമ്പ്, പ്ലാസ്റ്റിക്, പേപ്പർ, കുപ്പി എന്നിവ ഉപയോഗിച്ച് പുതിയ വസ്തുക്കൾ നിർമ്മിക്കുന്ന യൂണിറ്റ്.

20. ഇലക്ട്രോണിക് ഉപകരണങ്ങൾ നിർമ്മിക്കുന്ന യൂണിറ്റ്.

21. മിഠായിനിർമ്മാണ യൂണിറ്റ്.

22. കാർഡ് ബോർഡ് പെട്ടി നിർമ്മാണ യൂണിറ്റ്.

23. ദക്ഷത കൂടിയ അടുപ്പുകളുടെ നിർമ്മാണ യൂണിറ്റ്.

24. തീപ്പെട്ടി നിർമ്മാണ യൂണിറ്റ്.

**പഞ്ചായത്തിൽ തുടങ്ങുന്ന മറ്റു വ്യവസായങ്ങൾ.**

1. ആധുനിക രീതിയിലുള്ള ഫർണ്ണീച്ചർ നിർമ്മാണം.

2. പഴസംസ്കരണ യൂണിറ്റുകൾ.

3. കന്നുകാലിത്തീറ്റ നിർമ്മാണ യൂണിറ്റ്.

4. ഇളനീർ ഉപയോഗിച്ച് വ്യത്യസ്ത ഭക്ഷ്യവസ്തുക്കൾ നിർമ്മിക്കുന്ന യൂണിറ്റ്.

5. കളിമൺ വ്യവസായ യൂണിറ്റുകൾ.

6.മെറ്റൽ ക്രഷർ യൂണിറ്റുകൾ.

7. അടക്ക സംസ്കരണ യൂണിറ്റ്.

തീപ്പെട്ടിക്കൊള്ളികൾ ഉണ്ടാക്കുന്ന രണ്ടു യൂണിറ്റുകൾ ഞാങ്ങാട്ടിരിയിൽ പ്രവർത്തിക്കുന്നു. ഈ തീപ്പെട്ടികൊള്ളി തമിഴ് നാട്ടിൽ കൊണ്ടുപോയി തീപ്പെട്ടിയായി തിരിച്ചുകൊണ്ടുവരുന്നു. ഇതിനു പകരം ഇവിടെത്തന്നെ ഒരു യൂണിറ്റ് സ്ഥാപിക്കാവുന്നതാണ്.

ഒരു കോടി എഴുപത്തഞ്ചുലക്ഷം അടക്ക ഒരു വർഷം ഉല്പ്പാദിപ്പിക്കപ്പെടുന്നതായി കൃഷി ഭവൻ രേഖകളിൽ കാണുന്നു. ഇത് ഉത്തരേന്ത്യൻ പ്രദേശങ്ങളിൽ കൊണ്ടു പോയി സംസ്ക്കരിച്ച് കേരളത്തിൽത്തന്നെ വിൽക്കപ്പെടുന്നു. നമ്മുടെ പ്രദേശത്തുതന്നെ ഒരു അടക്ക സംസ്ക്കരണയൂണിറ്റ് ആരംഭിച്ച് ഈ പ്രശ്നത്തിന് പരിഹാരം കാണാം.

വ്യവസായം തുടങ്ങുന്നതിന് താൽപ്പര്യമുള്ളവരുടെ രജിസ്ട്രഷൻ പഞ്ചായത്തിൽ നടത്തിയവർക്ക് വിദഗ്ദ പരിശീലനം നൽകി സംരംഭകരെ വാർത്തെടുത്ത് താൽപ്പര്യമുള്ള വ്യവസായ യൂണിറ്റുകൾ തുടങ്ങാൻ വേണ്ട എല്ലാവിധ പ്രോത്സാഹനവും നൽകണം. പരിശീലനം നൽകുന്നതിന് താഴെപ്പറയുന്ന സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പഞ്ചായത്ത് തലത്തിൽ സംവിധാനമുണ്ടാക്കണം.

a) District industrial centre palakkad

b) Small industries service institute, Trichur,

c) National small industries corporation, Trichur

d) Kerala state industrial and technology consultency organisation Eranakulam.

e) STED project office kozhikode.

f) Regional Engineering college Kozhikode.

g) National institute or Enterpernership and small buisness devolopment New Delhi.

h) Enterprenership Devolopment institute of India Ahamendabad.

റെഡിമെയ്ഡ് വ്യവസായം തുടങ്ങാനാഗ്രഹിക്കുന്നവർക്ക് പ്രസ്തുത രംഗത്തുള്ള നവീന രീതിയെപ്പറ്റിയും Indian Institute of fation technology, Madras എന്ന സ്ഥാപനത്തിന്റെ കീഴിൽ വിദഗ്ദ പരിശീലനം നൽകണം.

പരിശീലനത്തിലൂടെ വാർത്തെടുക്കുന്ന സംരംഭകർക്ക് വ്യവസായ സംരംഭങ്ങളെക്കുറിച്ച് മനസ്സിലാക്കുന്നതിനു വേണ്ടി വ്യവസായ രംഗത്ത് വിജയികളായ വ്യക്തികളെ നേരിൽക്കണ്ട് കാര്യങ്ങൾ പഠിക്കുന്നതിനും വ്യവസായയൂണിറ്റുകൾ സന്ദർശിക്കാനുമായി പഠനയാത്രകൾ സംഘടിപ്പിക്കാം.

വ്യവസായസംരഭകരുടെ നിയമ പ്രശ്നങ്ങൾ പെട്ടന്ന് തീർക്കുന്നതിന് നിലവിലുള്ള ഗ്രീൻ ചാനൽ സിസ്റ്റത്തിന്റെ ഒരു സിറ്റിങ്ങ് മാസത്തിൽ ഒരു തവണ ബ്ലോക്ക് തലത്തിൽ നടത്താവുന്നതാണ്.

ചെറുകിട വ്യവസായ സംരംഭകരുടെ പ്രശ്നങ്ങൾ മനസസ്സിലാക്കുന്നതിനും അവർക്കുവേണ്ട നിർദ്ദേശങ്ങൾ നൽകുന്നതിനുമായി മൂന്നുമാസത്തിലൊരിക്കൽ ചെറുകിട വ്യവസായ രംഗത്ത് വിദഗ്ദരായവർ കൂടി പങ്കെടുത്ത് സെമിനാറുകൾ നടത്തണം. ഈ സെമിനാറിൽ ചെറുകിട വ്യവസായ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുകയും ചെയ്യാം. ഇത് ബ്ലോക്ക് തലത്തിൽ സംഘടിപ്പിച്ചാൽ മതി.

വ്യവസായ രംഗത്തേക്ക് വരുന്നവർക്ക് വൈദ്യുതി ഉറപ്പുവരുത്തുന്നതിന് നിലവിലുള്ള വൈദ്യുത ലൈനുകൾ ത്രീഫേസ് ആക്കി മാറ്റുവാൻ നടപടി സ്വീകരിക്കണം.

പഞ്ചായത്ത് മെമ്പർമാർക്കും വിദഗ്ദരുമടങ്ങുന്ന വ്യവസായ വികസന സമിതി രൂപീകരിക്കണം നല്ല വ്യവസായ സംരംഭകരെ നിരന്തരം പ്രോത്സാഹിപ്പിച്ച് വേണ്ട സഹായസഹകരണങ്ങൾ ചെയ്തു കൊടുക്കണം.

വ്യവസായ കേരളം പ്രസിദ്ധീകരണം പഞ്ചായത്തിൽ വരുത്തണം.

കരകൗശലരംഗത്ത് പരിശീലനം നൽകുന്നതിന് Deputy commisioner ministry of hand loom textiles Trichur. എന്നിവരുമായി ബന്ധപ്പെട്ട് ഒരു Craft devolopment centere സ്ഥാപിക്കുക.

തൃത്താല സർവ്വീസ് സഹകരണ ബാങ്കിന്റെ തൃത്താല അമ്പലവട്ടത്തുള്ള ഫ്ലോർമിൽ ഇപ്പോൾ പ്രവർത്തിക്കുന്നില്ല. ഈസ്ഥാപനം വ്യക്തികൾക്കൊ, ഗ്രൂപ്പുകൾക്കൊ നൽകി സ്ഥാപനത്തെ വീണ്ടും പ്രവർത്തിപ്പിക്കാവുന്നതാണ്.

ഭാരതപ്പുഴ യിലും തീരത്തും വമ്പിച്ച കളിമൺ ശേഖരമുണ്ട്. ഇത് വ്യാവസായികാടിസ്ഥാനത്തിൽ ഖനനം നടത്തിയാൽ ഇപ്പോൾ ദൗർലഭ്യം നേരിടുന്ന കളിമൺ വ്യവസായങ്ങൾ വികസിപ്പിക്കുവാനും പുതിയവ തുടങ്ങുവാനും സാധ്യതകൾ ഏറെയാണ്. ഇത് പഞ്ചായത്തിന് വിഭവ സമാഹരണത്തിന് ഒരു മുതൽക്കൂട്ടാണ്.

വ്യവസായം

തൃത്താല പഞ്ചായത്തിൽ വൻകിട ആധുനിക വ്യവസായങ്ങളൊന്നും പ്രവർത്തിക്കുന്നില്ല. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന പരമ്പരാഗത വ്യവസായങ്ങളെല്ലാം തകർച്ചയിലാണ്. വ്യാവസായികമായി വളരെ പിന്നണിയിൽ നിൽക്കുന്നു എന്നു കൊണ്ടുതന്നെ വ്യാവസായികമായി ഒരു മുന്നേറ്റം കൊണ്ടല്ലാതെ രൂക്ഷമായ തൊഴിലില്ലായ്മാ പ്രശ്നത്തിന് പരിഹാരം കാണാൻ കഴിയില്ല.

1991ലെ സെൻസസ് പ്രകാരം തൃത്താല പഞ്ചായത്തിൽ 10524 പുരുഷന്മാരും 11788 സ്ത്രീകളുമടക്കം 22312 പേർ അധിവസിക്കുന്നു. ഇതിൽ തന്നെ കാർഷിക-വ്യാവസായിക മേഖലകളിലും, പൊതുമേഖലാ-സ്വകാര്യമേഖലകളിലും, സർവ്വീസ് മേഖലകളിലുമായി 6015 പേർ തൊഴിലെടുക്കുന്നു. തൊഴിലില്ലാത്തവരായി 16297 പേർ ഉണ്ട് 5992 പുരുഷന്മാരും 10305 സ്ത്രീകളും തൊഴിലില്ലാത്തവരാണ്.

| ജനസംഖ്യ | | ആകെ | തൊഴിലെടുക്കുന്നവർ | | ആകെ | തൊഴിലില്ലാത്തവർ | | ആകെ |
|---|---|---|---|---|---|---|---|---|
| പുരുഷ | സ്ത്രീകൾ | | പുരുഷ | സ്ത്രീകൾ | | പുരുഷ | സ്ത്രീകൾ | |
| 10524 | 11788 | 22312 | 4532 | 1483 | 6015 | 5992 | 10305 | 16297 |

## പരമ്പരാഗത വ്യവസായങ്ങൾ

മുള ഓട എന്നിവ ഉപയോഗിച്ചുള്ള കുട്ട, പായ, മുറം, എന്നിവ തൃത്താല ഈരാറ്റിങ്ങൽ കോളനിയിലും, ഞാങ്ങാട്ടിരി തലയണപ്പറമ്പ് കോളനിയലും വളരെ വർഷങ്ങൾക്കു മുൻപുതന്നെ നിർമ്മിച്ചിരുന്നു. മേഴത്തൂർ പ്രദേശത്ത് കളിമൺ പാത്ര നിർമ്മാണത്തിലേർപ്പെട്ടിരുന്ന ജന വിഭാഗങ്ങളുണ്ടായിരുന്നു ചുരുക്കം കുടുംബങ്ങൾ ഇന്നും ഇവിടെ

താമസിക്കുന്നു. തൃത്താല പഞ്ചായത്തിലെ 8, 10വാഡുകളിൽ വളരെ പണ്ടുകാലം മുതൽക്കുതന്നെ പുൽപ്പായ നെയ്തും നിലവിലുണ്ടായിരുന്നു.

## പരമ്പരാഗത-കുടിൽ വ്യവസായ മേഖല

| ക്രമനമ്പർ | പേര് | പെൺ | ആൺ | ആകെ |
|---|---|---|---|---|
| 1 | കുട്ട, പായ പനമ്പ്, മുറം | 20 | 6 | 26 |
| 2 | മൺപാത്ര നിർമ്മാണം | 4 | 4 | 8 |
| 3 | കള്ളു വ്യവസായം | – | 35 | 35 |
| 4 | പപ്പടനിർമ്മാണം | 16 | 10 | 26 |
| 5 | ഖാദി യൂണിറ്റ് | 20 | – | 20 |
| 6 | ബീഡി വ്യവസായം' | 10 | 3 | 13 |
| | ആകെ | 70 | 48 | 118 |

പരമ്പരാഗത വ്യവസായ മേഖലയിൽ ഉൽപ്പാദനവും, വിപണനവും ഗൗരവമായ പ്രതിസന്ധിയെ നേരിട്ടു കൊണ്ടിരിക്കുകയാണ് ഒരു കാലത്ത് വളരെയേറെ കുടുംബങ്ങൾ ഈ വ്യവസായങ്ങളെ ആശ്രയിച്ചിരുന്നു എന്നാൽ ഇന്ന് ഈ വ്യവസായ ങ്ങളെല്ലാം തകർച്ചയിലാണ്.

ആവശ്യത്തിന് അസംസ്കൃത പദാർത്ഥങ്ങൾ ലഭിക്കുന്നില്ലെന്നതും ഉൽപ്പന്നങ്ങൾക്ക് ഡിമാന്റ് കുറവാണെന്നതും ഈ വ്യവസായത്തിന്റെ ഏറ്റവും വലിയ പ്രശ്നമാണ്.

തൃത്താല പഞ്ചായത്തിൽ ഈരാറ്റിങ്ങൽ കോളനിയിലും 4, 6, 7, 8, 10 വാർഡുകളിൽ താമസിക്കുന്ന ചില കുടുംബങ്ങളും പരമ്പരാഗതമായി കുട്ട, മുറം, പനമ്പ്, പായ എന്നിവ മുള കൊണ്ട് നിർമ്മിച്ച് ഉപജീവനം നടത്തുന്നവരാണ്. എന്നാൽ ഈ വ്യവസായത്തിനുണ്ടായ തകർച്ചയെ തുടർന്ന്, ഈ തൊഴലിലേർപ്പെട്ടിരുന്നവർ മറ്റു മേഖലകളിലേക്ക് ചേക്കേറി.

8ാം വാർഡിൽ നാലു വീടുകളിലായി മൺപാത്ര നിർമ്മാണം നടക്കുന്നുണ്ട്. അലുമിനിയം പാത്രങ്ങളുടെ കടന്നുവരവോടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കാൻ സാധിക്കാതെ വന്നു. മാത്രവുമല്ല പാത്രനിർ മ്മാണത്തിനാവശ്യമായ കളിമണ്ണ് ലഭിക്കാതെയുമായി.

കള്ളു ചെത്ത് വ്യവസായവുമായി ബന്ധപ്പെട്ട് 35 പേർ പ്രവർത്തിക്കുന്നു. ആറുമാസം മാത്രമെ ഈ മേഖലയിലെ തൊഴിലാളികൾക്ക് തൊഴിൽ ലഭിക്കു ന്നുള്ളൂ.

ഖാദി ഉല്പാദന രംഗത്ത് ഒരു ചെറുകിട സ്ഥാപനം മേഴത്തൂരിൽ പ്രവർത്തിക്കുന്നു. ഏതാണ്ട് 20 പേർ ഇവിടെ പ്രവർത്തിക്കുന്നു.

ബീഡി നിർമ്മാണരംഗത്ത് തൃത്താലയിലും ഞാങ്ങാട്ടിരിയിലുമായി രണ്ട് ചെറുകിട സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. ഇവയിൽ തൊഴിലെടുക്കുന്നത് അധികവും അസംഘടിതരായ സ്ത്രീ തൊഴിലാളികളിലാണ്.

പപ്പട നിർമ്മാണ രംഗത്തും വളരെയേറെ പേർ തൊഴിലെടുക്കുന്നുണ്ട്. എല്ലാ വാർഡുകളിലും പപ്പടനിർമ്മാണത്തിലേർപ്പെട്ട കുടുംബങ്ങളുണ്ട് 1ാം വാർഡിൽ 4വീട്ടുകാർ, 2, 4, 7വാർഡുകളിൽ 1വീട്ടുകാർ വീതം 8 , 9, വാർഡുകളിൽ 2 വീട്ടുകാർ വീതം 10ാം വാർഡിൽ 3 വീട്ടുകാർ എന്നീക്രമത്തിൽ ഈ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നു. ഞാങ്ങാട്ടിരിയിലുള്ള ന്യൂ കേരളാ പപ്പടം വർക്സിൽ വ്യവസായികാടിസ്ഥാനത്തിൽ തൊഴിലാളികളെ സംഘടിപ്പിച്ചുകൊണ്ട് പപ്പട നിർമ്മാണം തുടങ്ങി യിട്ടുണ്ട്.

### പ്രശ്നങ്ങൾ

1 പരമ്പരാഗത വ്യവസായ മേഖലയിൽ പണി എടുക്കുന്നവർ വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്നവരും, സാങ്കേതിക പരിജ്ഞാനം ഇല്ലാത്തവരുമാണ്.

2 ഇടത്തട്ടുകാരുടെ ചൂഷണം വളരെ കൂടുതലാണ്. ഉൽപ്പാദകന് മതിയായ വില ലഭിക്കുന്നില്ല.

3 അസംസ്കൃതവസ്തുക്കളുടെ ദൗർലഭ്യം.

4 ചെത്തു തൊഴിലാളികൾക്ക് എല്ലാക്കാലത്തും തൊഴിൽ ലഭിക്കുന്നില്ല.

5 പനമ്പ്, കുട്ട, മുറം, പുൽപ്പായ എന്നിവ മറ്റു പ്രദേശങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യുന്നതിനാൽ ഇവിടെ നിർമ്മിക്കുന്ന വസ്തുക്കൾ വിറ്റഴിക്കാൻ കഴിയുന്നില്ല.

6 ഖാദി മേഖലയൽ അസംസ്കൃത വസ്തുക്കൾക്ക് വില വളരെ കൂടുതലാണ്.

7 പുതിയ തലമുറ ഈ രംഗത്തേക്ക് കടന്നു വരാൻ മടിക്കുന്നു.

**സാധ്യതകൾ**

1 പരമ്പരാഗത വ്യവസായങ്ങൾ പുനസംഘടിപ്പിക്കുന്നതിനു വേണ്ടി സഹകരണസംഘങ്ങൾ പഞ്ചായത്തടിസ്ഥാനത്തിൽ രൂപീകരിക്കാം.

2 അസംസ്കൃത പദാർത്ഥങ്ങൾ സഹകരണസംഘം വഴി വിതരണം ചെയ്യുകയും ഉൽപ്പന്നങ്ങൾ സംഘം വഴി സ്വീകരിക്കുകയുമാവാം. പരമ്പരാഗത വ്യവസായങ്ങളുടെ നിലനിൽപ്പിന്റെ പ്രശ്നമായ ഉൽപ്പാദന വിതരണ രംഗത്തെ പ്രതിസന്ധി പരിഹരിക്കാൻ കഴിയും.

3 മൺപാത്ര നിർമ്മാണ രംഗത്ത് കാലോചിതമായ പരിഷ്കാരങ്ങൾ ഉണ്ടാവണം. ഗൃഹോപകരണങ്ങൾ നിർമ്മിക്കുന്നതിനു പകരം പൂച്ചട്ടികൾ തുടങ്ങിയവ നിർമ്മിക്കുന്നത് പ്രോത്സാഹിപ്പിച്ചാൽ വിപണനത്തിന്റെ പ്രശ്നം പരിഹരിക്കാം.

4 പരമ്പരാഗത വ്യവസായങ്ങളെ പഞ്ചായത്തിന്റെ കീഴിൽ പൊതുസ്ഥലങ്ങളിലേക്ക് കേന്ദ്രീകരിക്കാം.



# IV
# വികസനമേഖല
# ഊർജ്ജം

# ഊർജ്ജം

ഊർജ്ജമെന്നാൽ വൈദ്യുതിയെക്കുറിച്ച് മാത്രമല്ല നാം ചർച്ച ചെയ്യുന്നത്. വിറക്, ചാണകം, പെട്രോളിയം, കൽക്കരി, പ്രകൃതിവാതകം സൗരോർജ്ജം തുടങ്ങിയ മുഴുവൻ ഊർജ്ജസ്രോതസ്സുകളെക്കുറിച്ചും നാം വിശദമായി പരിശോധിക്കണം. സമഗ്രഊർജ്ജാസൂത്രണം അനിവാര്യമാണ്. ഇന്നത്തെഊർജ്ജാസൂത്രണ പദ്ധതി കേന്ദ്രീകൃതമാണ്. ഇതിൽ നിലവിലുള്ള ഊർജ്ജത്തെക്കുറിച്ചും മാത്രമേ സൂചിപ്പിക്കുന്നുള്ളൂ. കാര്യക്ഷമതയിലോ ഊർജ്ജത്തിന്റെ അന്തിമോപയോഗത്തിലോ, ഭാവിയെക്കുറിച്ചുള്ള ചിന്തക്കോ ഇതിൽ സ്ഥാനമില്ല.

ഇന്ത്യയിൽ പ്രതിശീർഷ ഗാർഹിക ഊർജ്ജ ഉപയോഗം 3601.46 കലോറിയാണ്. അമേരിക്കയിൽ ഇത് 42197.18 കലോറിയാണ്. ഇതിൽ പാചകോപയോഗത്തിനായി 3274.05 കലോറി ഊർജ്ജം ഇന്ത്യയിലും ഇതേ ആവശ്യത്തിനായി 2291.84 കലോറി ഊർജ്ജം അമേരിക്കയിലും ഉപയോഗിക്കുന്നു. ഇതിൽ സഫലോർജ്ജമായി ഇന്ത്യയിൽ കാട്ടുന്നത് 327.41 കലോറിയും അമേരിക്കയിൽ 1113.17 കലോറിയുമാണ് അതായത് ഉപയോഗിക്കുന്ന ഊർജ്ജത്തിന്റെ പകുതി സഫലോർജ്ജമായി ഇന്ത്യയിൽ ഇതിന്റെ അളവ് 10ൽ ഒന്നുമാത്രമാണ്. ഇതിനുള്ള കാരണത്തെ സംബന്ധിച്ചും ഊർജ്ജനഷ്ടം തടയാനുള്ള മാർഗ്ഗത്തെ സംബന്ധിച്ചും വിശദമായി പരിശോധിക്കണം.

ഊർജ്ജാസൂത്രണത്തിൽ ഗ്രാമതല പ്ലാനിംഗിന്റെ ലക്ഷ്യം ജനകീയ അന്തിമോപയോഗത്തിൽ ഊന്നുന്ന വികസനോന്മുഖമായ ഊർജ്ജാസൂത്രണം നടത്തുക എന്നുള്ളതാണ് ഊർജ്ജോൽപ്പാദനത്തെ ഒറ്റപ്പെട്ട ലക്ഷ്യമായിക്കരുതിയുള്ള ആസൂത്രണത്തിൽ നിന്ന് ഭിന്നമായി ഒരു സംയോജിത വികസനവ്യൂഹത്തിന്റെ ഘടകമായി അതിന്റെ മറ്റുഘടകങ്ങളുമായി ബന്ധപ്പെടുത്തി ഊർജ്ജാസൂത്രണത്തെ കാണുന്ന സമഗ്രമായ ഒരു വീക്ഷണം വളർന്നു വരണം.

ഊർജ്ജഉപയോഗത്തെ ഗാർഹികം, കാർഷികം, വാണിജ്യം, വ്യവസായം എന്നിങ്ങനെ നാലു മേഖലയാക്കളാക്കാം

ഗാർഹികമേഖലയിലെ ഊർജ്ജഉപയോഗം പരിഗണിക്കുമ്പോൾ വിറക് പ്രഥമ ഗണനീയമായി വരുന്നു. തൃത്താല പഞ്ചായത്തിലെ 70% വീടുകളിലും ആഹാരം പാകം ചെയ്യുന്നതിന് വിറകാണ് ഉപയോഗിക്കുന്നത്. 10950 ടൺ വിറക് പാചകാവശ്യത്തിനായി പ്രതിവർഷം ഈ പഞ്ചായത്തിൽ ഉപയോഗിക്കപ്പെടുന്നുണ്ട്. റബ്ബർകായതൊട്ട്, തെങ്ങുൽപ്പന്നങ്ങൾ, കരിയില, ചാണകവരടി എന്നിവയും ഗാർഹികോപയോഗത്തിൽ സ്ഥാനം പിടിച്ചിട്ടുണ്ട്. പഞ്ചായത്തിൽ ഏതാണ്ട് 2000ത്തോളം വീടുകളിൽ വിറകാണ് പാചകാവശ്യത്തിനായി ഉപയോഗിക്കുന്നത്. 800ലധികം വീടുകളിൽ മണ്ണെണ്ണ സ്റ്റൗവും ഭാഗികമായി വിറകും ഉപയോഗിക്കുന്നു.

നമ്മുടെ പഞ്ചായത്തിൽ പാചക വാതക ഉപയോഗം സാർവ്വത്രികമാക്കാൻ തുടങ്ങിയതിന് 10 വർഷത്തെ പഴക്കമേയുള്ളൂ. 300ഓളം വീടുകളിൽ പാചകവാതകം ഉപയോഗിക്കുന്നുണ്ട്. ഷൊർണ്ണൂരിലെ 'ഇൻഡയിൻ' പൊന്നാനിയിലെ 'ഭാരതഗ്യാസ്' എന്നീ സ്ഥാപനങ്ങളാണ് പാചകവാതകം വിതരണം ചെയ്യുന്നത്. മറ്റു സ്വകാര്യ ഏജൻസികളും ഈ രംഗം കൈയ്യടക്കിയിട്ടുണ്ട്.

പഞ്ചായത്തിൽ മൊത്തം 20 ബയോഗ്യാസ് പ്ലാന്റുകളുണ്ട്. മുഖ്യമായും പാചകആവശ്യത്തിനാണ് ഇതിൽനിന്നുള്ള ഊർജ്ജം ഉപയോഗിക്കുന്നത്. തൃത്താല പഞ്ചായത്തിൽ ഗാർഹികാവശ്യത്തിനുപയോഗിക്കുന്ന വൈദ്യുതിയുടെ ഉപഭോക്താക്കൾ 2942 ആണ്. ഓർഡിനറി സ്കീമിൽ 68 എണ്ണവും O.T.P. പ്രകാരം 18 എണ്ണവും OYEC പ്രകാരം 21 എണ്ണവും കണക്ഷൻ കൊടുക്കാനുണ്ട് പഞ്ചായത്തിലെ മുഴുവൻ പ്രദേശങ്ങളിലും വൈദ്യുതി എത്തിയിട്ടില്ല.

## ഗാർഹിക മേഖലയിലെ പ്രശ്നങ്ങൾ

തൃത്താല പഞ്ചായത്തിലെ ഭൂരിഭാഗം വീടുകളും

വൈദ്യുതീകരിച്ചിട്ടുണ്ട്. വൈദ്യുതീകരിക്കാത്ത, മണ്ണെണ്ണ വിളക്കുകൾ ഉപയോഗിക്കുന്ന വീടുകളും ധാരാളം ഉണ്ട്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ചില മേഖലകളിൽ ഇപ്പോഴും വൈദ്യുതിയെത്തിയിട്ടില്ല. 1,34,040 ലി. മണ്ണെണ്ണ പ്രതിവർഷം വിളക്കുകത്തിക്കാൻ മാത്രം വീടുകളിൽ ഉപയോഗിക്കുന്നു.

1. നിലവിലുള്ള അടുപ്പിന്റെ ദക്ഷതക്കുറവു മൂലം ഇന്ധനം പാഴാക്കുന്നു.

2. അടുപ്പിൽ നിന്നുയരുന്ന പുക ആരോഗ്യത്തെ ബാധിക്കുന്നു.

3. വിറകിന്റെ ദൗർബല്യവും അമിതവിലയും പ്രശ്ന മാകുന്നു.

4. സാധാരണ ഉപയോഗിക്കുന്ന വൈദ്യുതവിളക്കുകൾ കൂടതൽ ചൂടും കുറച്ച് പ്രകാശവും തരുന്നു.

5. മുഴുവൻ വീടുകളിലും വൈദ്യുതി എത്തിയിട്ടില്ല.

## സാധ്യതകൾ

1. ദക്ഷത കൂടിയ പുകയില്ലാത്ത പരിഷത്ത് മോഡൽ അടുപ്പുകൾ വീടുകളിൽ സ്ഥാപിക്കുക.

2. ഈർച്ചപ്പൊടി അടുപ്പകളുടെ ഉപയോഗം വ്യാപകമാക്കുക.

3. വിറകുൽപ്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സാമൂഹ്യവനവൽക്കരണം നടത്തുക.

4. അനർട്ടിന്റെ സഹായത്തോടെ അടുപ്പുകൾ നിർമ്മിച്ച് സ്ഥാപിക്കുന്നതിന് കുറച്ചുപേർക്ക് വിദഗ്ദപരിശീലനം നൽകാം അടുപ്പുകൾ സ്ഥാപിക്കുന്നതിനും നിർമ്മി ക്കുന്നതിനും ആവശ്യമായ മോൾഡുകൾ, ഗ്രില്ലുകൾ, പൈപ്പുകൾ, ഇഷ്ടിക മുതലായവ ലഭ്യമാക്കണം. അനർട്ട് സബ്സിഡി സംയോജിത ഗ്രാമീണ ഊർജ്ജാസൂത്രണ പരിപാടിയിലൂടെ ലഭ്യമാക്കണം. ഉപഭോക്താക്കളുടെ വിഹിതവും പഞ്ചായത്തിൽ നിന്ന് ലഭ്യമാക്കുന്ന പ്രയോജനവും ഇതുമായി ബന്ധപ്പെടുത്തി ഉപയോഗിക്കാം.

5. കച്ചിപ്പെട്ടി പ്രഷർകുക്കർ എന്നിവ ഉപയോഗിച്ച് പാചക ഊർജ്ജഉപയോഗം കുറക്കാം.

6. ദക്ഷത കൂടിയ മെച്ചപ്പെട്ട മണ്ണെണ്ണ സറ്റൗവ് ഉപയോഗിക്കുന്നത് വഴി ഊർജ്ജഉപയോഗം കുറക്കാം.

7. പമ്പിംഗിന് വേണ്ട ഊർജ്ജം കുറക്കുന്നതിന് പമ്പ് സെറ്റുകളിൽ ഫിക്ഷൻലെസ് ഫുട്ട്വാൽവുകൾ ഉപയോഗിക്കുക.

8. സാധാരണ ബൾബുകൾക്കു പകരം കോംപാക്ട് ഫ്ലൂറൻസ് ലാംബുകൾ സ്ഥാപിക്കുകയാണെങ്കിൽ വൈദ്യുതി ലാഭിക്കാം.

9. വൈദ്യുതിയുടെ ഉപയോഗം കുറക്കുന്നതിന് അനർട്ട് സഹായത്തോടെ സോളാർ ലാംബുകൾ തെരുവുവിളക്കുകൾ, പാചകഅടുപ്പുകൾ തുടങ്ങിയവ പ്രോത്സാഹിപ്പക്കുക.

10. വിറക് കാർഷികാവശിഷ്ടങ്ങൾ, വിസർജ്ജ്യ വസ്തുക്കൾ മുതലായവ ഉപയോഗിച്ച് അനെർറോബിക് ദഹനത്തിലൂടെ ഇന്ധന വാതകം ഉത്പാദിപ്പിക്കുന്ന ബയോഗ്യാസ് പ്ലാന്റ് ആരംഭിക്കുക.

## വ്യാപാര-വ്യവസായ-കാർഷികമേഖല

വ്യാപാരവ്യവസായ കാർഷികരംഗങ്ങളിൽ മുഖ്യമായും ആശ്രയിക്കുന്നത് ഊർജ്ജസ്രോതസ്സ് വൈദ്യുതിയാണ്. വ്യാപാരആവശ്യത്തിനായി വൈദ്യുതി ഉപയോഗിക്കുന്നവർ 450 പേരാണ്. വ്യവസായ കാർഷിക ആവശ്യമായി യഥാക്രമം 43ഉം, 510ഉം പേർ വൈദ്യുതി ഉപയോഗിക്കുന്നുണ്ട്. ജലസേചനം നടത്തുന്നതിനും മറ്റ് കാർഷികാവശ്യങ്ങൾക്കുമായി 40000ൽഅധികം ലിറ്റർ മണ്ണെണ്ണ പ്രതിവർഷവും ഉപയോഗിക്കുന്നു.

## വൈദ്യുതി മേഖല

തൃത്താലയിലെ കൂറ്റനാട്, ഷൊർണ്ണൂർ, കൊപ്പം, സബ്സേറ്റഷനുകളിൽ നിന്ന് വിതരണം ചെയ്യപ്പെടുന്ന വൈദ്യുതി കൊണ്ട് ഏറെക്കുറേ നിറവേറ്റപ്പെടുന്നുണ്ട്. വളരെ ഉയർന്ന തോതിൽ വൈദ്യുതി ഉപയോഗിക്കുന്നത് തൃത്താല ടൗണിലെ വാട്ടർ അതോറിറ്റി, ഇറിഗേഷൻ ഡിപ്പാർട്ടുമെന്റാണ്.

വൈദ്യുതിയുടെ ഉപയോഗക്ഷമത മെച്ചപ്പെടുത്തുന്നതിന് 11കെ.വി.ഫീഡറിന് പദ്ധതിയുണ്ടെങ്കിലും സാധനങ്ങളുടെ ദൗർഭല്യവും മൂലം നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. അത് പോലെ തന്നെ 9/92 വരെ C.D. അടച്ച O.H.കണക്ഷനുകളും 9/94വരെ C.D. അടച്ച് W/P കണക്ഷനുകളും ഇപ്പോൾ കൊടുക്കാൻ നിയമം ഉണ്ടെങ്കിലും സാധന സാമഗ്രികളുടെ അഭാവം മൂലം ബോർഡിന് ഇതിനു കഴിയുന്നില്ല.

## കോളനി വൈദ്യുതീകരണം സംബന്ധിച്ച വിവരങ്ങൾ

| കോളനുയടെ പേര് | വൈദ്യുതികണക്ഷൻ ലഭിച്ചകുടുംബങ്ങൾ | സൗജന്യസ്ലാബിൽവൈദ്യുതി പയോഗിക്കുന്നകുടുംബ-എണ്ണം | പണം നൽകി ഉപയോഗി ക്കുന്ന കുടുംബങ്ങൾ |
|---|---|---|---|
| ഈരാലിങ്ങൽ കോളനി | 5 | – | 5 |
| എടപ്പറമ്പ് കോളനി | 30 | – | 30 |
| ചോലക്കുന്ന് കോളനി | 20 | – | 20 |
| മുടവന്നൂർ കോളനി | 20 | – | 20 |
| പണ്ടാരക്കുന്ന് കോളനി | 26 | – | 26 |
| കിഴക്കേ തോടനാട് | 30 | 2 | 18 |
| അംബേദ്കർ കോളനി | 24 | 6 | 18 |
| കുന്നത്ത്കാവ് | 20 | 6 | 14 |
| മുല്ലയം പറമ്പ്കാവ് | 8 | – | 8 |
| ചെറുകുന്നിൻ | 16 | – | 16 |
| ചെമ്മാംകുന്ന് | 22 | – | 22 |
| നായൻ കുന്ന് | 30 | – | 30 |
| മാട്ടായ | 30 | 3 | 27 |
| ഉള്ളാംമ്പുഴ | 24 | – | 24 |
| പനമ്പറ്റ കോളനി | 58 | – | 58 |
| തറ കോളനി | 5 | 4 | 1 |

വളയത്താഴത്ത് കോളനി പോലെ പല കോളനികൾക്കും ഇനിയും വൈദ്യുതി ലഭിക്കേണ്ടിയിരിക്കുന്നു. 8ാം പദ്ധതിക്കാലത്ത് കൊടുത്തതും, കൊടുക്കാൻ ബാക്കിയുള്ളതും, 9ാം പഞ്ചവത്സരപദ്ധതിക്കാലത്ത് കൊടുക്കാനുദ്ദേശിക്കുന്നതുമായ പദ്ധതികൾ (K.S.E.B തൃത്താലയുടെ കണക്ക്)

| No. | Name of work | Connection effected during 8th five year plans | | Balance series to fee give non 8th five year plans | | No proposed for 9th five year | |
|---|---|---|---|---|---|---|---|
| | | No. | Estimate Amount | No. | Estimate Amount | No. | Altimate Amount |
| 1 | O.T.P.service | 75 | 300000 | 18 | 70000 | 250 | 850000 |
| 2 | OYEC service | 250 | 950000 | 21 | 82000 | 350 | 1400000 |
| 3 | Ordinary connection | 110 | 450000 | 68 | 320000 | 500 | 2200000 |

Line extension works done under "OYEC" Scheme (From K.S.E.B. Department)

| Site of works | Quantum fo works | | Ultimate amount | | Conversion in KM | Estimate |
|---|---|---|---|---|---|---|
| Works done 8th five year plan | Transformer with capacity | 1KV line KM | LTBA line in KM | LTSP line in KM | | |
| 1. S.O.P. to pararty rural Water Supply Scheme at Thrithala Ambalavattam. | 100 = 1 | 0.150 | | | | 125,000 |
| 2. S.O.P. to Asst. Engineer K.W.A.Thrithala For Water Supply Scheme at H.S. Road TLA | 100 = 1 | 0.320 | | | | 146102 |
| 3. OYES LE works f expected for 9th five year plan period -do 10 works | 100 = 6 | 5.00 | 10.00 | 10.00 | 10.00 | 400000 |

## V. I) Voltage Improvement Scheame from KSEB

| Sire of works | Quantam of works | | | | | |
|---|---|---|---|---|---|---|
| Voltage improvement works done on 8th five year plans | Transformar with capacity | 11KV line in KM | LT 3P line in KM | LTSP line in KM | Conver-sion inKM | Estimate amount |
| 1. Enhancing capacity of existing 100 KVA Tr: to 160 KVA Tr: at Thrithala | 100 KVA to 160 =1 | | | | | 62550 |
| 2. Installation fo one new KVA Tr: at Vattolikkavu Road | 100 = 1 | | | | | 93100 |
| 3. Enhancing capacity of 63 to100 KVA Tr. At Velanoor | 63 to 100 = 1 | | | | | 23054 |
| 4. V.I. at Thrithala Road, Nhangattri. | 100 = 1 | | | | | 81400 |
| 5. V.I at Moorthimana Nhangattri | 100 = 1 | 1 | | | | 207500 |
| 6. V.I at Mudavanur Road Thrithala | 100 = 1 | 0.75 | | | | 204575 |
| 7. V.I at Mattaya & Kakkarathupadi new Tr. Installation | 100 = 1 | | | | | 81400 |

II)

| | | | | | | |
|---|---|---|---|---|---|---|
| Balance works to be done for 8th 5 year plans period | | | | | | |
| 1. V.I. at Valiyakulam/ Mezhathur | 100 = 1 | 1.5 | | | | 270550 |

III)

| | | | | | | |
|---|---|---|---|---|---|---|
| V.I. Programs proposed for 9th five year plan period | | | | | | |
| - do - 10 works expected at several areas | 100 = 6<br>100 =4 | 15.00 | 5.00 | | 10.00 | 4400000 |

**VI. SSI program of line Extention works (From KSEB)**

| Sl. No: | Name (sire) of works | Quantum of works | | | | | Estimate Amount |
|---|---|---|---|---|---|---|---|
| | | Transformer with capacity | 11 KV line in Km. | LT. 3p line in Km | Convertion | purposed & HP | Rs. |
| | SSI CE programs coryolotel on 8th 5 year plan period | | | | | | |
| | 1) S.O.P to K.Kuttan Nair and Kaliyath Achuthan Nair Mezhathur for industrial purposes | 100=1 | – | – | – | 40HP | 58300/- |
| | 2) S.O.P to T.M.Abdul Majid Janshid Industries, Kodanad | 100=1 | – | 0.20 | – | 35HP | 72260/- |
| | 3) S.O.P. to C.Lakshmi Cholaparambil house, PO. Thrithala for industries | – | – | 0.30 | – | 10 | 35000/- |
| | New SSI LE works expected on 5th year plan periods | | | | | | |

| Sl. No: | Name (sire) of works | Quantum of works | | | | | Estimate Amount |
|---|---|---|---|---|---|---|---|
| | | Transformer with capacity | 11 KV line in Km. | LT. 3p line in Km | Convertion | purposed & HP | Rs. |
| | -do- 10 works expected at several Location at TLA Panchayath | 100=8 | 10 | 10 | 5 | 500HP | 3800000/- |
| | NewAgricultural scheme proposed for 9th 5 year plan period. | | | | | | |
| | -do- expected 10 Nos works | 100=8 | 5.00 | 7.00 | 5.00 | 400HP | 3000000/- |

സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം:

1. ഓർഡിനറി ബൾബ് 40 W 196 Nos.
2. " " 60 W 9 Nos.
3. " " 100 W 1 Nos.
4. ഡ്യൂബ് – 53 Nos.
5. എസ്.വി. ലാമ്പ് – 22 Nos.

സ്ട്രീറ്റ് ലൈറ്റിനു വേണ്ടി മാസം 8621/ രൂപ ആടക്കുന്നു.

പഞ്ചായത്തു പരിധിയിൽ 28 എൽ.ടി. ട്രാൻസ്ഫോർമറുകൾ ഉണ്ട് അവ സ്ഥാപിച്ച സ്ഥലങ്ങൾ:

1. കോടനാട്
2. ശിവക്ഷേത്രം മേഴത്തൂർ
3. വൈദ്യമഠം
4. മരമില്ല് മേഴത്തൂർ
5. വട്ടോളിക്കാവ് റോഡ് മേഴത്തൂർ I
6. " " " II
7. അംബേദ്കർ കോളനി
8. മേഴത്തൂർ
9. മുടവന്നൂർ റോഡ്
10. തൃത്താലടൗൺ
11. എച്ച്.എസ്.റോഡ് തൃത്താല
12. എച്ച്.എസ്.റോഡ് "
13. അമ്പലവട്ടം തൃത്താല I
14. " " II
15. തച്ചറക്കുന്ന്
16. വി.കെ.കടവ്
17. പനമ്പറ്റപ്പടി എച്ച്.സി.
18. ഉള്ളന്നൂർ
19. മുടവന്നൂർ
20. ഉള്ളാമ്പുഴ എച്ച്.സി.
21. കണ്ണന്നൂർ
22. ഞാങ്ങാട്ടിരി ഓട്ടുകമ്പനി
23. ഞാങ്ങാട്ടിരി പാതിരക്കുന്ന്.
24. ഞാങ്ങാട്ടിരി ലിഫ്റ്റ് ഇറിഗേഷൻ

Street Lighting Program (From K.S.E.B Thrithala)

| St.No. Discription of works | Installation of ordinery street light as catogary No1 | do-II | do-III | do-IV | do S.V.lamp | do M.V. lamp | Totel | Estimate Amount. Rs. | Remarks. |
|---|---|---|---|---|---|---|---|---|---|
| 1. Installeed aa OrdineryStreetlight On 8th 5year plan period:- | | | | | | | | | |
| 1.Ambedkar Harijan Colony Mezhathur | | | 20 | | | | 20 | | Ammount catered in each H.C. classification scheam |
| 2.Chemmanam kundu Harijan Colony | | | 16 | | | | 16 | | |
| 3.Panampattapadi I.H.D.P. Colony | | | 20 | | | | 20 | | |
| (1st part) | | | 30 | | | | 30 | | |
| 4.Velampuram H.C. | | | 10 | | | | 10 | | |
| 5.Cherukunnin Mul.Colony H.C. | | | | | | | | | |
| II Balance works being compleated for 8th 5year plan periods. | | | 96 | | | | 96 | | Voucher catered in the H.C. classification scheam |
| 1.Balance works of panampattapadi H.C.(I.H.D.P.) | | | 30 | | | | 30 | | |
| 2.Kalathil padi H.C Mezhathur | | | 30 | | | | 30 | | |
| III New street light program proposed for 9th 5year plan period | | | | | | | | | Thise work can be toneonly after Remitting deposit Ammounts. |
| 1.Installation of ord: Street light etc.on the ex: poles: already sanctioned on 88-89 period But not remitted deposit- | | | 130 | 14 | | | 144 | 200000 | |
| 2. -do- 27-3-91 -do- | | | 10 | | | | 10 | 8000 | |
| 3 .New program at differant location expected on 9th 5year plan periods | | | 150 | 15 | 50 | 20 | 235 | 800000 | |

25. ഞാങ്ങാട്ടിരി സ്ക്കൂൾ
26. ഞാങ്ങാട്ടിരി മന
27. മോഴിക്കുന്ന് മന
28. കാക്കരത്ത് പടി

## വൈദ്യുതി രംഗത്തെ പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ മുഴുവൻ പ്രദേശങ്ങളിലും വൈദ്യുതി എത്തിയിട്ടില്ല.

2. പ്രേഷണ വിതരണരംഗങ്ങളിലെ ബോർഡിന്റെ ശ്രദ്ധക്കുറവ് – പ്രത്യേകിച്ച് ലൈനിൽ മുട്ടുന്ന മരച്ചില്ലകളും മറ്റും മുറിക്കാത്തതും ഒരു സ്ഥിരം പ്രശ്നമായി തുടരുന്നു.

3. പഞ്ചായത്തിൽ പത്തോളം കോളനി പ്രദേശങ്ങൾ ഇനിയും വൈദ്യുതീകരിക്കാനുണ്ട്.

4. സ്ട്രീറ്റ് ലൈറ്റുകൾ മുഴുവൻ സ്ഥലങ്ങളിലും എത്തിയിട്ടില്ല.

5. കെ.എസ്.ഇ.ബി. റജിസ്റ്ററിൽ കാണുന്നതിനേക്കാൾ എത്രയോ അധികം വൈദ്യുതി ഉപയോഗിക്കുന്നു.

6. പകൽ സമയങ്ങളിലും സ്ട്രീറ്റ് ലൈറ്റുകൾ ഓഫാക്കാത്തതു മൂലം കത്തുന്നു. ഇതുമൂലം വൈദ്യുതി പാവാകു.

7. സമ്പന്ന കുടുംബങ്ങളിലെ സ്റ്റപ്പ്അപ്പ് ഉപയോഗം സൃഷ്ടിക്കുന്ന വോൾട്ടതാ പ്രശ്നങ്ങൾ.

8. ബോർഡ് ജീവനക്കാരുടെ അനാസ്ഥ ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള, വിമുകത അഴിമതി എന്നിവ ഉള്ള പ്രദേശങ്ങളെ സങ്കീർണ്ണമാക്കുന്നു.

9. പല സ്ട്രീറ്റ് ലൈറ്റുകളും കേടുവന്ന് ഉപയോഗപ്രദമല്ലാതെ കിടക്കുന്നു.

10. വൈദ്യുതിയുടെ പ്രസരണ നഷ്ടം, വീടുകളിലെ ദുരുപയോഗം എന്നിവ മൂലം വൈദ്യുതി പാഴാകുന്നു.

## സാധ്യതകൾ

വൈദ്യുതി ഓഫീസുകളിലെ രജിസ്ട്രറിൽ ഉള്ളതിനേക്കാൾ എത്രയോ അധികമാണ് യതാർ ത്ഥ വൈദ്യുതി ഉപയോഗം. സമ്പന്നകുടുംബങ്ങളിൽ സ്റ്റപ്പ്അപ്പുകളുടെ നിയന്ത്രണമില്ലാത്ത ഉപയോഗം കുറച്ച് മറ്റുവീടികളിലെ വോൾട്ടേജ് പ്രശ്നം പരിഹരിക്കേണ്ടതാണ്. പ്രേഷണ വിതരണ രംഗങ്ങളിലെ തകരാറുകൾ നഷ്ടത്തിന് കാരണമാകുന്നുണ്ട്. മരച്ചില്ലകളും ലൈനിൽ തട്ടിയുണ്ടാകുന്ന തടസ്സങ്ങളും വൈദ്യുതിവിതരണ രംഗത്തെ സ്ഥിരം സംഭവ ങ്ങളാണ്. കൊടികുത്തിയ അഴിമതിയും, അനാസ്ഥയും (ഉദ്യോഗസ്ഥതലത്തിൽ) ഈ രംഗം നേരിടുന്ന പ്രശ്നങ്ങളാണ്. ഇത്തരം കാര്യങ്ങൾ ശ്രദ്ധിക്കുവാൻ പഞ്ചായത്തു തലത്തിൽ മാത്രമായി ഉദ്യോഗസ്ഥരും ജനപ്രതിനിധികളും, രാഷ്ട്രീയ സാംസ്കാരിക പ്രവർത്തകരും ഉൾപ്പെടുന്ന ജനകീയ സമിതി രൂപീകരിക്കണം. വൈദ്യുതി മേഖലയിൽ തദ്ദേശസ്ഥാപനങ്ങൾക്ക് അതാതു മേഖലയിൽ നിയന്ത്രണമുണ്ടായിരിക്കണം. പാരമ്പര്യേതര ഊർജ്ജങ്ങൾ കണ്ടെത്തി ഉപയോഗ്യമാക്കുക. വിവിധഗ്രാമസഭകളിൽ നിന്നും, സ്ട്രീറ്റ് ലൈറ്റുകൾക്കും മറ്റും വേണ്ടിയുള്ള നീണ്ട പട്ടികതന്നെ സമർപ്പിച്ചിട്ടുണ്ട്. ആവശ്യങ്ങളുടെ തീവ്രതയും, ഫണ്ടിന്റെ പരിമിതിയും കണക്കിലെടുത്ത് അവയുടെ എണ്ണം നിജപ്പെടുത്തേണ്ടിയിരിക്കുന്നു.

## വൈദ്യുതീകരിക്കേണ്ട കോളനികൾ

1. കുന്നത്ത് കാവ് നാലുസെന്റ് കോളനി

1. മുടവന്നൂർ ലക്ഷംവീട്, കോടനാട് ലക്ഷംവീട് നാലുസെന്റ്, മുടവന്നൂർ നാല്സെന്റ് കോളനി, കണയം ലക്ഷംവീട് എന്നീ സ്ഥലങ്ങളിൽ വൈദ്യുതീകരണം നടത്തുക.

2. തലയിണപറമ്പ് കോളനി, ഞാങ്ങാട്ടിരി

3. മുടവന്നൂർ നമ്രവട്ടത്ത് കോളനി

4. തറയിൽ കോളനി

5. താനിക്കുന്ന് കോളനി

6. തെക്കേമുടവന്നൂർ (കളത്തിൽ കോളനി)

7. കിഴക്കേ കോടനാട് നാവുസെന്റ് കോളനി

8. കണ്ണന്നൂർ കിഴക്ക് കോളനി

9. ഉള്ളന്നൂർ ലക്ഷംവീട് പനമ്പറ്റ മേഖല, ചിറയിക്കൽ മേഖല, ചോലക്കാവ് മേഖല എന്നീ കോളനികൾ വൈദ്യുതീകരിക്കണം

കേടുവന്ന എല്ലാ സ്ട്രീറ്റുകളും നേരെയാക്കുന്നതിന് ഉടനെ തന്നെ സംവിധാനമുണ്ടാക്കണം. വൈദ്യുതിയുടെ പ്രസരണ നഷ്ടവും, ബോർഡുകളിലെ ദുരുപയോഗവും തടയുന്നതിന് വൈദ്യുദി ബോർഡ് മുൻകൈയ്യെടുത്ത് ബോധവൽകരണ പരിപാടികൾ സംഘടിപ്പിക്കണം. അനർട്ടും, ബോർഡും ചേർന്ന് സോളാർ ലാമ്പുകൾ വികസിപ്പിച്ചെടുക്കുന്നതിന് പഞ്ചായത്തുതലത്തിൽ സംവിധാനമുണ്ടാക്കണം. വൈദ്യുതിരംഗത്തെ ജീവനക്കാരുടെ പരസ്പരാധനകാരണം ഉറപ്പാക്കുകയും ഓഫീസം ഫീൽഡുമായി ബന്ധപ്പെട്ട ഗ്രാമസഭാ

നിർദ്ദേശങ്ങളും പ്രവർത്തനങ്ങളും സുതാര്യമാക്കുകയും വേണം

വാർഡ് 2

1. തൃത്താല, അത്താണിമുതൽ ചോലമുക്ക് വരെ തെരുവുവിളക്കുകൾ സ്ഥാപിക്കുക.

2. കനാൽ റോഡിൽ തെരുവുവിളക്കുകൾ സ്ഥാപിക്കുക.

3. വാർഡിലുള്ള വൈദ്യുതീകരിക്കാത്ത മുഴുവൻ വീടുകളും വൈദ്യുതീകരിക്കുക.

വാർഡ് 3

സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുക.

1. വി.കെ കടവ് പള്ളിമുതൽ, മീങ്കിരി റോഡ് വരെ (2 കി.മി).

2. വി.കെ കടവ് പനമ്പറ്റവരെയുള്ള റോഡ്.

3. റേഷൻ കടമുതൽ പമ്പ് ഹൗസ്വഴി അഞ്ച് പുരവരെയുള്ള ഇറിഗേഷൻ കനാലിന്റെ വശങ്ങളിലും പാലത്തിനടുത്തും.

4. ഉള്ളന്നൂർ റോഡ് മുതൽ ചോലക്കാവ് വരെ.

5. വി.കെ. കടവ് പള്ളിക്ക് മുമ്പിലും, മനയ്ക്കൽ പറമ്പിലും ഓരോ സോഡിയം ലാമ്പ് സ്ഥാപിക്കുക.

6. ഉള്ളന്നൂർ ലക്ഷംവീട് വൈദ്യുതീകരിക്കണം.

7. പനമ്പറ്റമേഖല, ചോലക്കാവ് മേഖല, ചിറയ്ക്കൽ മേഖല എന്നിവ വൈദ്യുതീകരിക്കുക.

വാർഡ് 6.

1. മാട്ടായ സിറ്റിയിൽ നിന്നും മോഴിപ്പടിവരെയുള്ള റോഡിൽ വഴിവിളക്കുകൾ സ്ഥാപിക്കുക.

2. വൈദ്യുതീകരിക്കാത്ത മുഴുവൻ വീട്ടിലും വൈദ്യുതീകരിക്കണം.

വാർഡ് 7.

1. ആശുപത്രി മേൽഭാഗം, ചോലക്കുണ്ട്, പണ്ടാരക്കുണ്ട് തുടങ്ങിയ സ്ഥലങ്ങളിൽ സ്ട്രീറ്റ്ലൈറ്റ് സ്ഥാപിക്കുക.

2. മുടവന്നൂർ ലക്ഷം വീട്, നാലുസെന്റ്, കണയം ലക്ഷം വീട് എന്നീവിടങ്ങളിലും, വൈദ്യുതി എത്താത്ത മുഴുവാ വീടുകളിലും വൈദ്യുതി എത്തിക്കണം.

3. വൈദ്യുതി ലൈൻ ആശുപത്രി റോഡിൽ നിന്ന് നിലംപനിക്ക് താഴോട്ടുള്ള റോഡിൽ ക്കുടി ചീനിപ്പാറ പ്രദേശം വരെഎത്തിക്കണം.

വാർഡ് 8.

1. ചീനികുണ്ടിൽ സോഡിയം ലാംമ്പ് സ്ഥാപിക്കുക.

2. കോടനാട് ലക്ഷംവീട്ടിൽ വൈദ്യുതി എത്തിക്കണം.

3. കോടനാട് ഓട്ടിരി പള്ളിയാലിൽ വൈദ്യുതി എത്തിക്കണം.

ഗാർഹിക, കാർഷിക, വാണിജ്യ വ്യവസായ മേഖലകളിലെ ഊർജ്ജ പ്രശ്നങ്ങൾ അപഗ്രഥിച്ച് വിലയിരുത്തി ഒരു സമഗ്ര ഊർജ്ജാസൂത്രണ പരിപാടിക്ക് രൂപം കൊടുക്കണം. ശാസ്ത്ര സാങ്കേതിക വിദഗ്ദരേയും, സന്നദ്ധപ്രവർത്തകരേയും ഇതിന് ലഭ്യമാക്കണം. ഈ സമഗ്ര പദ്ധതിയുടെ ഭാഗമായി പാചകം, വെളിച്ചം, ജലസേചനം, കുടിവെള്ളം, വ്യവസായോർജ്ജം എന്നീ വിവിധ മേഖലകൾക്ക് ഊർജം നൽകാനുള്ള പദ്ധതികൾക്കു രൂപം നൽകണം. സാങ്കേതിക വിദഗ്ദരുടേയും സന്നദ്ധപ്രവർത്തകരുടേയും സഹായത്തോടെ പ്രൊജക്റ്റ് റിപ്പോർട്ടുകൾ തയ്യാറാക്കി പദ്ധതികൾക്ക് സാങ്കേതിക സേവനവും സാമ്പത്തിക സഹായവും മൽകാൻ കഴിവുള്ള സർക്കാർ ഏജൻസികളേയും സന്നദ്ധ സംഘടനകളേയും കണ്ടെത്തണം. പഞ്ചായത്ത് നേരിട്ട് നടത്തുന്ന പ്രവർത്ത നമായതിനാൽ എല്ലാ തലങ്ങളിലും കഴിയുന്നത്ര സുതാര്യതയും ജനപങ്കാളിത്തവും ഉറപ്പാക്കേണ്ടത താണ്.

## ഗതാഗതം 1.

നാടിന്റെ വികസനത്തിൽ റോഡുകൾ പഹിക്കുന്ന പങ്ക് പരമപ്രധാനമാണ്. തൃത്താലസെന്ററിൽ നിന്നും ആരംഭിച്ച് കൂറ്റനാട് ഭാഗത്തേക്ക് പോകുന്ന പ്രധാന റോഡ്, തൃത്താല-കുമ്പിടി റോഡ്, തൃത്താല-പടിഞ്ഞാറങ്ങാടി റോഡ്, തൃത്താല- പട്ടാമ്പി (വി.കെ.കടവ് വഴി) റോഡ്, മേഴത്തൂർ- വട്ടൊള്ളിക്കാവ് എന്നിവ നമ്മുടെ പഞ്ചായത്തിനെ മറ്റുപ്രദേശങ്ങളുമായി. ബന്ധപ്പെടുത്തുന്ന പഞ്ചായ ത്തിന്റെ വികസനത്തിൽ പ്രധാനപങ്കുവഹിക്കുന്ന റോഡുകളാണ്. പഞ്ചായത്തിന്റെ വിവിധഭാഗങ്ങ ളുമായി ബന്ധപ്പെടുന്ന ധാരാളം പഞ്ചായത്തു റോഡുകളും നമുക്കുണ്ട്. നമ്മുടെ പഞ്ചായത്തിൽ 99% ആളുകളും ഗതാഗതത്തിനായി റോഡുഗതാ ഗതമാണ് ആശ്രയിക്കുന്നത്. തൃത്താല സർവ്വീസ് സഹകരണ ബാങ്കിന്റെ പിൻഭാഗത്തുള്ള പുഴകടവിൽ നിന്നും തൃത്താല ഹൈസ്ക്കൂൾ കടവിൽ നിന്നും പരതൂർ പഞ്ചായത്തിലേക്ക് വഞ്ചി വഴി

ജലഗതാഗതം നടത്തുന്നുണ്ടെങ്കിലും ഇതിന്റെ വകയായി ഒരു സാമ്പത്തിക നേട്ടവും തൃത്താല പഞ്ചാ7ത്തിനില്ല. പരുതൂർ പഞ്ചായത്താണ് ജലഗതാഗതത്തിന്റെ സാമ്പത്തിക നേട്ടം അനുഭവിക്കുന്നത് ഈ വരുമാനത്തിന്റെ വിഹിതം തൃത്താല പഞ്ചായത്തിനും ലഭിക്കേണ്ടതാണ്.

നമ്മുടെ പഞ്ചായത്തിൽ റെയിൽ ഗതാഗതം ഇല്ല. ബസ്സ്ഗതാഗതയോഗ്യമായ 22.648 കി.മീ റോഡ് നമ്മുടെ പഞ്ചായത്തിലുണ്ട്. 43.698 കി.മീ റോഡ് നമ്മുടെ പഞ്ചായത്തിൽ ആകെ ടാർ ചെയ്തിട്ടുണ്ട്. ഓട്ടോറിക്ഷകളും ജീപ്പുകളും യാത്രട532യ്യുന്നതിന് വ്യാപകമായി ഉപയോഗിക്കപ്പെടുന്നുണ്ട്. ഈ അടുത്തകാലം വരെ ജീപ്പുകൾ സമാന്തര സർവ്വീസ് നടത്തിയിരുന്നു ഇതു മൂലം ബസ്സുകൾ തൃത്താല പഞ്ചായത്ത് മേഖലയിൽ ഓടിയിരുന്നില്ല എന്നുതന്നെ പറയാം. ഇതുമൂലം സ്കൂൾ-കോളേജ് വിദ്യാർത്ഥികൾ ബുദ്ധിമുട്ടിയിരുന്നു.

ഇപ്പോൾ ജീപ്പുകൾ സമാന്തര സർവ്വീസ് നിറുത്തുകയും ബസ്സുകൾ ഓടിതുടങ്ങുകയും ചെയ്തിട്ടുണ്ട്. എങ്കിലും ജനങ്ങളുടെ യാത്രാക്ലേശം പരിഹരിക്കുന്ന രീതിയിൽ നിലവിലുള്ള ബസ്സുകളുടെ സമയത്തിൽ മാറ്റങ്ങൾ വരുത്തണം.

പഞ്ചായത്തിൽ ബസ്സ് ഗതാഗതമില്ലാത്ത സ്ഥലങ്ങളിലൂടെ ബസ്സ് ഗതാഗതം നടത്തുന്നതിന് സംവിധാനമുണ്ടാകണം. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളലുള്ള ജനങ്ങളമായി ബന്ധപ്പെടുത്തുന്ന രീതിയിൽ ബസ്സ്

## പഞ്ചായത്തിലെ റോഡുകൾ

| റോഡ് | ഉടമസ്ഥ | ദൂരം | ബസ്സ്/ യാത്രാസൗകര്യം |
|---|---|---|---|
| പാലക്കാട്-പൊന്നാനി (പട്ടാമ്പി-കൂട്ടുപാത) | പി.ഡബ്ലിയു.ഡി | 3.8 കി.മീ. | ഉണ്ട് |
| വരണ്ട്കുറ്റികടവ്-പട്ടാമ്പി | പി.ഡബ്ലിയുഡി | 4.2 കി.മീ. | ഉണ്ട് |
| തൃത്താല-കുമ്പിടി | പി.ഡബ്ലിയുഡി | 4.4 കി.മീ | ഉണ്ട് |
| കൂറ്റനാട്-തൃത്താല | പി.ഡബ്ലിയുഡി | 5.048 കി.മീ | ഉണ്ട് |
| മേഴത്തൂർ-വട്ടോളികാവ | പി.ഡബ്ലിയുഡി | 4.2 കി.മീ | ഉണ്ട് |
| കൂട്ടുപാത-തിരുമിറ്റക്കോട് (ക്കോഴിക്കാട്ടിരി പാലംവരെ) | പി.ഡബ്ലിയുഡി | 1. കി.മീ | |
| പണ്ടാരകുണ്ട്കോളനി-4സെന്റ്കോളനി | പഞ്ചായത്ത് | 1/2. കി.മീ | ഇല്ല |
| മുക്കാരത്തിക്കാവ്-കണ്ണന്നൂർ | പഞ്ചായത്ത് | 1. കി.മീ | ഇല്ല |
| ഞാങ്ങാട്ടിരിഭഗവതിക്ഷേത്രം | പഞ്ചായത്ത് | 1/2. കി.മീ | ഇല്ല |
| ഞാങ്ങാട്ടിരി അമ്പലപ്ര | പഞ്ചായത്ത് | 1. കി.മീ | ഉണ്ട് |
| മുടവന്നൂർ പിറപ്പ് റോഡ് | പഞ്ചായത്ത് | 5. കി.മീ | ഇല്ല |
| കോടനാട്-മുടവന്നൂർ റോഡ് | പഞ്ചായത്ത് | 2.1/2 കി.മീ | ഇല്ല |
| തിരുത്തിൻമേൽബണ്ട് ഏറാഡ് | പഞ്ചായത്ത് | 2.1/2. കി.മീ | ഇല്ല |

| | | | |
|---|---|---|---|
| പണ്ടാരക്കുണ്ട് എച്ച്.സി.റോഡ് | പഞ്ചായത്ത് | 1. കി.മീ | ഇല്ല |
| ചീനിക്കുണ്ട് റോഡ് | പഞ്ചായത്ത് | 1.1/2. കി.മീ | ഇല്ല |
| വട്ടോളിക്കാവ്–കാക്കരാത്തു പടി | പഞ്ചായത്ത് | 1/4. കി.മീ | ഇല്ല |
| മീങ്കിരി റോഡ് | പഞ്ചായത്ത് | 300. മീറ്റർ | ഇല്ല |
| തച്ചറക്കുന്ന് റോഡ് | പഞ്ചായത്ത് | 1. കി.മീ | ഇല്ല |
| ചങ്ങണംചിറ–വലിയകുളം റോഡ് | പഞ്ചായത്ത് | 1.1/2. കി.മീ | ഇല്ല |
| മേഴത്തൂർ മൃഗാശുപത്രി റോഡ് | പഞ്ചായത്ത് | 2. കി.മീ | ഇല്ല |
| ചേനാട്ടുകുളം റോഡ് | പഞ്ചായത്ത് | 500. കി.മീ | ഇല്ല |
| ഗാന്ധി റോഡ് | പഞ്ചായത്ത് | 1. കി.മീ | ഇല്ല. |

ഗതാഗതം പുനക്രമീകരിക്കണം.

മേൽസൂചിപ്പിച്ച ടാർ റോഡുകൾ കൂടാതെ നൂറോളം മെറ്റൽ–മൺറോഡുകൾ നമ്മുടെ പഞ്ചായത്തിൽ ഉണ്ട്. റോഡ് ശൃംഖല സാമർത്ഥ്യം മെച്ചപ്പെട്ടതാണെങ്കിലും റോഡുകളുടെ അവസ്ഥ ശോചനീയമാണ്. അറ്റ കുറ്റ പണികൾ യഥാസമയം നടക്കുന്നില്ല. വർഷകാലത്ത് മിക്കറോഡുകളിലും നീർക്കെട്ട് അനുഭവപ്പെട്ട് ഓവുചാലുകളുടെയും, കലുങ്കുകളുടെയും അഭാവമാണ് ഇതിനകം.

**ഓട്ടോറിക്ഷാ–ടാക്സിസ്റ്റാന്റുകൾ**

തൃത്താല, മേഴത്തൂർ, ഞാങ്ങാട്ടിരി, കാക്കരാത്തുപടി എന്നീ നാലുസ്ഥലങ്ങളിലായി ആട്ടോറിക്ഷ സ്റ്റാന്റുകളുണ്ട്. നാലുസ്റ്റാന്റുകളിലായി 100ലധികം ഓട്ടോറിക്ഷകൾ സർവ്വീസ് നടത്തുന്നുണ്ട്. തൃത്താല സെന്ററിൽ ജീപ്പിന്റെയും കാറിന്റെയും സ്റ്റാന്റുകളുണ്ട്. ഏകദേശം 20ലധികം ജീപ്പുകളും, 6 കാറുകളും ഇവിടെ പാർക്ക് ചെയ്യുന്നു.

**ബസ് വെയ്റ്റിങ്ങ് ഷെഡുകൾ:**

തിരുത്തിപ്പാറ, കോടനാട്, വൈദ്യമഠം, മേഴത്തൂർ, പഴയ ഇലക്ട്രിസിറ്റി ഓഫീസ്, തൃത്താല കുമ്പിടി ജംഗ്ഷൻ, ഞാങ്ങാട്ടിരി, മാട്ടായ, കാക്കരാത്തുപടി എന്നീ സ്ഥലങ്ങളിൽ ബസ് വെയ്റ്റിങ്ങ് ഷെഡുകളുണ്ട്.

**പ്രശ്നങ്ങൾ**

1. റോഡുകളുടെ നിലവാര മില്ലായ്മ.
2. മൺറോഡുകളുടെയും, മെറ്റൽ റോഡുകളുടേയും ദയനീയ സ്ഥിതി.
3. റോഡുകളുടെ വീതികുറവ്, ഓവുചാലുകളുടെയും, കലുക്കുകളുടേയും അഭാവം.
4. കോൺട്രാക്ട് വർക്ക്മൂലം ജനപങ്കാളിത്തക്കുറവ്.
5. ഓട്ടോറിക്ഷകൾക്കും ടാക്സികൾക്കും പാർക്ക് ചെയ്യാൻ സൗകര്യമില്ല.
6. ബസ് സ്റ്റാന്റ് ഇല്ല. വെയ്റ്റിങ്ങ് ഷെഡുകളുടെ മോശമായ സ്ഥിതി.
7. വിവിധഡിപ്പാർട്ടുമെന്റുകളുടെ പരസ്പരധാരണയില്ലായ്മ. ഉദാ: റോഡ്പണി പൂർത്തിയാക്കുമ്പോഴേക്ക് പൈപ്പ് ലൈനും, ടെലിഫോൺ ലൈനും സ്ഥാപിക്കാൻ റോഡുകുഴിക്കുന്നതുമൂലമുള്ള ബുദ്ധിമുട്ടും ധനനാശവും.

**സാധ്യതകൾ**

1. കോൺട്രാക്ട് സമ്പ്രദായത്തിൽ വ്യക്തികൾക്ക് കൊടുക്കുന്ന രീതി മാറ്റി ജനപങ്കാളിത്തത്തോടെ നടത്തണം.

2. നിലവിലുള്ള റോഡുകളുടെ ഗുണനിലവാരം ഉറപ്പാക്കണം. റോഡുകൾക്ക് ആവശ്യത്തിന് ഓവുചാലുകൾ കരുക്കുകൾ എന്നിവ നിർബന്ധമായും ഉണ്ടായിരിക്കണം.

3. സൗകര്യപ്രദമായ സ്ഥലത്ത് ഓട്ടോറിക്ഷ, ടാക്സി സ്റ്റാന്റുകൾ സ്ഥാപിക്കണം.

4. തൃത്താല സെന്ററിനടുത്ത് തന്നെ യാത്രക്കാരുടേയും വാഹനങ്ങളുടേയും സൗകര്യാർത്ഥം ബസ്സ്റ്റാന്റ് നിർമ്മിക്കാം.

5. ബസ്സുകൾ ഓടുന്ന സമയം എല്ലാ വെയ്റ്റിങ്ങ് ഷെഡുകളിലും പ്രധാനകവലകളിലും പ്രദർശിപ്പിക്കാം.

6. വിവിധ വകുപ്പുകൾ സഹകരണാടിസ്ഥാനത്തിൽ പ്രവർത്തിക്കണം.

തൃത്താല പഞ്ചായത്തിൽ യാ ത്രക്കാരുടെ ബാഹുല്യം അനുസരിച്ച് ബസ്സർവ്വീസ് ഇല്ലാത്തത് ഈ രംഗത്ത് പ്രതിസന്ധിക്ക് കാരണമാകുന്നു. കൂടുതൽ ബസ്സർവ്വീസ് ആരംഭിച്ച് യാത്രാക്ലേശം പരിഹരിക്കേണ്ടതാണ്.

താഴെപറയുന്ന സ്ഥലങ്ങളിൽ ബസ്സർവ്വീസ് ആരംഭിക്കേണ്ടതാണ്.

1. തൃത്താല-അത്താണ്-തച്ചറക്കുന്ന്- പനമ്പറ്റവഴി-പട്ടാമ്പിയിലേക്ക് ബസ്സർവ്വീസ് ആരംഭിക്കണം.

2. തൃത്താല-മേഴത്തൂർ-മുടവന്നൂർ വഴി പട്ടാമ്പിയിലേക്ക് മിനിബസ് സർവ്വീസ് നടത്തണം.

3. തൃത്താല-മേഴത്തൂർ-കിഴക്കേകോടനാട് വഴി പാലക്കാട്ടേക്ക് ബസ്സർവ്വീസ് ആനുവദിക്കുക.

4. തൃത്താല-വരണ്ടുകുറ്റിക്കടവ് വഴി പാലക്കാട്ടേക്ക് കെ.എസ്.ആർ.ടി.സി. ബസ് അനുവദിക്കുക.

5. തൃത്താലയിൽനിന്ന് എറണാകുളത്തേക്ക് കെ.എസ്.ആർ.ടി.സി. അനുവദിക്കുക.

## ഗ്രാമസഭാ നിർദ്ദേശങ്ങൾ

### ഒന്നാം വാർഡ്

1. കുമ്പിടി ജംഗ്ഷനിൽനിന്ന് 9-ാം വാർഡിലേക്ക് ഫാം റോഡ് നിർമ്മിക്കണം.

2. തൃത്താലയിൽ നിന്ന് തുരുത്തന്മേൽ ഭാഗത്തേക്ക് റോഡ് നിർമ്മിക്കണം.

3. പഴയ ഇലക്ട്രിസിറ്റി ഓഫീസിൽനിന്ന് ഓടമാക്കയിൽപടി റോഡ് നിർമ്മിക്കണം.

### വാർഡ് രണ്ട്

1. അത്താണിയിൽ വെയ്റ്റിങ്ങ്ഷെഡ് സ്ഥാപിക്കണം.

2. തൃത്താല-അത്താണ്-തച്ചറക്കുന്ന്-പനമ്പറ്റപടി പട്ടാമ്പിയിലേക്ക് മിനിബസ് സർവ്വീസ് നടത്തണം.

### വാർഡ് മൂന്ന്

1. വാർഡിലെ റോഡുകൾ അറ്റകുറ്റപണിനടത്തണം.

2. ഉള്ളന്നൂർമുതൽ ചിറക്കൻകാട് വഴി മുടവന്നൂർ വരെ റോഡ് നിർമ്മിക്കുക.

3. വി.കെ.കടവ് മുതൽ ഘോരനാൽകാവിന്റെ മുന്നിലൂടെ മണ്ണാറത്തോട് വഴി ലക്ഷം വീട്ടിലേക്ക് പുതിയ റോഡ്.

4. പി.ഡബ്ല്യു.ഡി. റോഡ് കൾവർട്ട് മുതൽ (ആമിനപ്പടി) രാജഗോപാൽ ക്ലബ്ബുവരെ നിലവിലുള്ള ജലസേചന കനാലിനു മുകളിലൂടെ സ്ലാബുകൾ സ്ഥാപിച്ച് പുതിയ റോഡ്.

5. ഉള്ളന്നൂൽ രുഗ്മിണി സ്ക്കൂൾ മുതൽ മുടവന്നൂരിലേക്ക് പുതിയറോഡ്.

6. ഉള്ളന്നൂർ ആമിനപ്പടിയിൽ നിന്ന് നിലവിലുള്ള കനാൽപടി തിട്ടിലേക്ക് പുതിയറോഡ്.

7. തടത്തിൽ നാരായണന്റെ പടിമുതൽ ചോലക്കാവിലേക്ക് പുതിയറോഡ്.

8. പനമ്പറ്റകിണറ് മുതൽ തെക്കോട്ട് ലക്ഷം വീട് വരെ പുതിയറോഡ്.

9. പനമ്പറ്റതിട്ടുമുതൽ ഘോരനാൽകാവ് വഴി ഉള്ളന്നൂർ ഫാത്തിമാ ഓയിൽമിൽ വരെ പുതിയ റോഡ്.

### പുതുതായ അഴുക്കുചാൽ കേട്ടേണ്ട റോഡ്:

1. തൃത്താല-പട്ടാമ്പി റോഡ്.

2. അത്താണി-പനമ്പറ്റ കോളനി റോഡ്.

### പുനരുദ്ധാരണം ആവശ്യമായ റോഡ്:

1. ഉള്ളന്നൂർ സെന്റർ മുതൽ, ചോലക്കാവ് വരെയുള്ള റോഡ് മെറ്റൽ ചെയ്ത് ടാർ ചെയ്യുക.

2. അത്താണി തയ്യറക്കുന്ന് ഉള്ളന്നൂർ റോഡ് ടാർ ചെയ്യണം.

3. ഉള്ളന്നൂരിലും വി.കെ.കടവിലും ബസ്‌വെയ്റ്റിങ്ങ് ഷെഡുകൾ വേണം.

4. അത്താണി-തയ്യറക്കുന്ന്-ഉള്ളന്നൂർ റോഡിലൂടെ ബസ്സ് ഗതാഗതം വേണം.

**വാർഡ് നാല്**

1. അച്ചുത പിഷാരടി മാസ്റ്റർ, കണ്ണന്നൂർ ഭാഗം റോഡ് ബാക്കി ടാറിങ്ങ് നടത്തുക.

2. ഞാങ്ങാട്ടിരി, ബാലവടി-പള്ളി റോഡ് ടാർ ചെയ്യുക.

3. കരിമ്പനക്കടവ് റോഡ് ടാർ ചെയ്യുക.

4. നെല്ലിപറമ്പ്, കണ്ണന്നൂർ റോഡ് ടാറിങ്ങ് നടത്തുക.

5. കുന്നുംമ്മൽ പടി റോഡ് വി.കെ.കടവ് റോഡിൽ എത്തിക്കുക.

6. കണ്ണന്നൂർ അംഗനവാടിപുഴയിലേക്ക് റോഡ് നിർമ്മിക്കുക.

7. കണ്ടരാമങ്ങ് ഹരിദാസൻ വീടുമുതൽ വി.കെ.കടവ് റോഡ് വരെ ഗതാഗതയോഗ്യമാക്കുക.

8. കരിമ്പനക്കടവ് കോളനി ജംഗ്ഷനിൽ വെയ്റ്റിങ്ങൻഷെഡ് പണിയുക.

9. ഞാങ്ങാട്ടിരി അമ്പലവട്ടം സ്റ്റോപ്പിൽ വെയ്റ്റിങ്ങ് ഷെഡ് നിർമ്മിക്കുക.

**വാഡ് 5.**

1. 5-ാം വാർഡിലെ തോട്ടുമെനിക്കൽ കോളനിയിലേക്ക് റോഡ് പണിയുക.

2. ഭാരതപ്പുഴയുടെ തീരത്തുകൂടി തീരദേശ റോഡ് നിർമ്മിക്കുക.

3. വാർഡിലെ അറ്റകുറ്റപണികൺ നടത്തുക.

5. ഞാങ്ങാട്ടിരി സെന്ററിൽ നിന്നുള്ള റോഡ് വട്ടോള്ളിവരെ നിർമ്മിക്കുക.

6. തോട്ടുമുകം കോളനി റോഡ് നന്നാക്കുക.

**വാർഡ് 6**

1. മുടവന്നൂരിലെ കളത്തിൽ പടി ഭാഗത്തുകൂടി മേഴത്തൂർ വട്ടോള്ളിക്കാവ് റോഡിലേക്ക് റോഡ് വെട്ടണം.

2. പട്ടാമ്പി മെയിൻറോഡിൽ നിന്ന് കോഴിക്കാട്ടിരി പാലത്തിനടുത്തേക്ക് പോകുന്നറോഡ് ടാർ ചെയ്യണം.

3. മേഴത്തൂർ റോഡിൽ നിന്നും മാട്ടായയിലേക്ക് പോകുന്ന റോഡ് ടാർ ചെയ്യണം.

4. മാട്ടായ മുടവന്നൂർ റോഡ് ടാർ ചെയ്യണം. (റിപ്പയറിങ്ങങ്ങൻ).

5. മുടവന്നൂർ തൃത്താലറോഡിൽ നിന്ന് ആരംഭിച്ച് മിങ്കിരിവഴി കാവിൽ പടിയിലേക്ക് വരുന്ന റോഡ് ടാർ ചെയ്യണം.

**വാർഡ് 7**

1. ചോലക്കുണ്ട് മുടവന്നൂർ ഡിറപ്പ് റോഡ് റിപ്പയർ ചെയ്യുക. (സൈഡ് കെട്ടണം).

2. ആശുപത്രിക്ക് ഗ്രൗണ്ട്‌വാർ കെട്ടി റോട് നിർമ്മിക്കുക.

3. ആശുപത്രിഭാഗത്തുനിന്ന് ചോലക്കുണ്ടിലേക്ക് പുതിയ റോഡ് വെട്ടണം. (സ്ഥലം കൊടുക്കുന്നതിന് തയ്യാറാണ്).

4. ചോലക്കുണ്ടിൽ നിന്ന് ചുടലവഴി മെയിൻ റോഡിലേക്ക് റോഡ് വെട്ടണം (സ്ഥലം കൊടുക്കാൻ തയ്യാറാണ്).

5. കുണ്ടയം ലക്ഷം വീട്ടിലേക്ക്, തങ്കരിക്കുണ്ടിലേക്കും റോഡ് വെട്ടണം.

6. ആശുപത്രി മേൽ ഭാഗത്തുള്ള 30ഓളം വീട്ടുകാർക്ക് റോഡ് ഉപയോഗിക്കുന്ന ഉപറോഡ് വെട്ടണം.

7. മെയിൻ റോഡിൽ നിന്ന് മുടവന്നൂർ റോഡിലേക്കുള്ള വഴി റോഡാക്കണം.

8. ചോലക്കുണ്ടിൽ നിന്ന് തൃത്താല കൂറ്റനാട് റോട്ടിലേക്ക് ക്രോസ്കട്ട് റോഡ്.

9. പണ്ടാരക്കുണ്ട് സ്മശാനം റോഡ്.

10. പണ്ടാരക്കുണ്ട് മുടവന്നൂർ തോട്ട് റോഡ് നിർമ്മാണം.

**വാർഡ് 8**

1. മേഴത്തൂർ മോസ്കോ റോഡ് കാനകീറി സംരക്ഷിക്കണം.

2. കുണ്ടുകുളം വൈദ്യമഠം റോഡ് നിർമ്മിക്കണം.

3. കോടനാട് ലക്ഷംവീട് 4 സെന്റ് റോഡ് ടാർചെയ്യണം.

4. പട്ടന്മാർ പള്ളിയാലിലേക്ക് പോകുന്ന ഇടവഴി റോഡാക്കണം.

5. ഞാവൽകാട് തലക്കോട്ടക്കുന്ന് റോഡ് നിർമ്മിക്കണം.

6. മുടവന്നൂർ കോടനാട് റോഡിൽ നിന്ന് പടുപത്ത്

പാടത്തേക്ക് റോഡ് വെട്ടണം.

7. ചീനിക്കുന്ന് കോളനിയിൽ നിന്നുള്ള റോഡ് മുടവന്നൂർ റോഡിലേക്ക് ബന്ധിപ്പിക്കണം.

8. കണ്ണാംകുളം റോഡിൽ നിന്ന് പാടത്തേക്ക് റോഡ് നിർമ്മിക്കണം.

9. സഖറിയായുടെ വീടിനു മുന്നിലൂടെ മോസ്കോ റോഡിലേക്ക് ലിങ്ക് റോഡ് നിർമ്മിക്കുക.

**വാർഡ് 9.**

1. വലിയ കുളം റോഡിൽ നിന്നും കുമ്പിടി റോഡിലേക്ക് പുതിയ റോഡ് വെട്ടുക.

2. നാലുസെന്റ് കോളനിയിലേക്ക് പുതിയറോഡ് വട്ടുക.

3. ആന്തൂരാം കുണ്ട് റോഡിൽ നിന്ന് കുന്നത്തുകാവിലേക്ക് പുതിയ റോഡ് പണിയണം.

4. പുളിയാറ്റക്കാവിലേക്ക് ഗാന്ധീറോഡിൽ നിന്നും ലിങ്ക്റോഡ് വെട്ടുക.

5. അറയ്ക്കൽ പാലം റോഡും വൈദ്യമഠം റോഡുമായി ബന്ധിപ്പിക്കുക.

6. മഠത്തിൽ പടി റോഡും ചങ്ങംചിറ റോഡുമായി ബന്ധിപ്പിക്കുന്ന ലിങ്ക് റോഡ് നിർമ്മിക്കുക. തിക്കുത്തിന്മേൽ റോഡുമായി ബന്ധിപ്പിക്കുക.

7. കൈത്തറക്കുന്ന് റോഡ് ഗതാഗത യോഗ്യമാക്കുക.

8. ആശാരി കോളനി റോഡ് ഗതാഗത യോഗ്യമാക്കുക.

**വാർഡ് 10**

1. വൈദ്യമഠം റോഡ് ടാർ ചെയ്യുക.

2. ചെനാട്ടുകുളം റോഡ് നാഗലശ്ശേരി പഞ്ചായ ത്തുമായി ബന്ധിപ്പിക്കുന്നതിന് റോഡ് നിർമ്മിക്കുക.

3. നാലുസെന്റ് കോളനിയിലേക്ക് പുതിയ റോഡ് വെട്ടുക.

ഇതിനു പുറമെ തൃത്താലയിൽ ഒരു ബസ്സ്റ്റാന്റും, ഞാങ്ങാട്ടിരിയിൽ പട്ടാമ്പി കോസ്‌വേക്ക് സമീപം കെ.എസ്.ആർ.ടി.സി. ബസ്സ്റ്റേഷൻ തുടങ്ങേണ്ടതും അടിയന്തിര പ്രധാനമർഹിക്കുന്ന കാര്യങ്ങളാണ്.

**റോഡ് വികസനം**

പഞ്ചായത്തിൽ പുതുതായി നിർമ്മിക്കേണ്ട റോഡുകളെ കുറിച്ചും മെറ്റൽ ചെയ്യേണ്ട റോഡുകളെ കുറിച്ചും ടാർ ചെയ്യേണ്ട റോഡുകളെ കുറിച്ചും ഗ്രാമസഭകളിൽ നിന്നും വ്യ മായ നിർദ്ദേശങ്ങൾ ഉയർന്നു വന്നിട്ടുണ്ട്. അവയെല്ലാം തന്നെ വളരെയധികം പ്രാധാന്യമേറിയ നിർദ്ദേശങ്ങൾ ആയതിനാൽ തന്നെ നിർമ്മിക്കേണ്ട റോഡുകളുമാണ്. അതിനാൽ പഞ്ചായത്തിൽ പുതിയതായി നിർമ്മിക്കേണ്ട റോഡുകളുടെ പട്ടിക വീണ്ടും പ്രസിദ്ധീകരിക്കുന്നില്ല.

**ജനശക്തി ഉപയോഗിച്ചുള്ള സന്നദ്ധ പ്രവർത്തനം**

റോഡുകളുടെ വികസനത്തിൽ നമുക്ക് കൈമുതലായുള്ളത് ജനശക്തിയാണ്. ഗ്രാമസഭകളിൽ നിന്ന് ഉയർന്ന് വരുന്ന പുതിയ റോഡുകളെകുറിച്ചുള്ള നിർദ്ദേശങ്ങളിൽ പലതും ജനങ്ങളുടെ സന്നദ്ധ പ്രവർത്തനത്തിലൂടെ നടത്താൻ കൻഴിയും. പഞ്ചായത്തിന്റെ പരിമിതമായ ധനശേശിയും, സുലഭമായ ജനശക്തിയും പരിഗണിയ്ക്കുമ്പോൾ നമ്മുടെ മാർഗ്ഗം വളരെ വെക്തമാണ്. റോഡുനിർമ്മാനത്തിൽ സന്നദ്ധ സംഘടനകളുടേയും രാഷ്ട്രീയ പ്രസ്ഥാനങ്ങളുടേയും, മറ്റുബഹുജന സംഘടനക ളുടെയും സന്നദ്ധപ്രവ ർത്തനം ഉപയോഗിക്കാൻ പഞ്ചായത്തിന് കഴിയണം ആകെ ചിലവാകുന്ന ഫണ്ടിന്റെ 4ഇരട്ടിയെങ്കിലും സന്നദ്ധപ്രവർത്തനത്തിലൂ ടെ സംഘടിപ്പിക്കാൻ ലക്ഷ്യമിടണം. ഗ്രാമ പഞ്ചായത്തുകളിൽ നിന്ന് ഉയർന്നു വന്ന പല റോഡുകൾക്കും സ്ഥലവും സന്നദ്ധ പ്രവർത്തനവും സംഭാവന ചെയ്യാൻ തയ്യാറാണെന്ന് ഗ്രാമസഭകളിൽതന്നെ ജനങ്ങൾ പ്രഖ്യാപിച്ചിട്ടുണ്ട്. ഇത് ഗൗരവപൂർവ്വം കണക്കിലെടുത്ത് മനുഷ്യാധ്വാനം എന്ന വിലമതിക്കാനാവാത്ത സമ്പത്തിനെ ഫലപ്രദമായി വികസന പ്രക്രി യയിൽ ഉപയോഗിക്കാൻ പഞ്ചായത്തിന് കഴിയണം.

ഗ്രാമസഭകളിൽനിന്നുയർന്നു വന്ന മുഴുവൻ റോഡുകളും പണിപൂർത്തിയാക്കി കൊടുക്കേണ്ടത് നമ്മുടെ പഞ്ചായത്തിന്റെ സമ ഗ്ര വികസനത്തിന് അത്യാവശ്യമാണ്. അതുകൊണ്ട്തന്നെ, കുറച്ചുഫണ്ടും സന്നദ്ധപ്രവർത്തനത്തിലൂടെ കൂടുതൽ മനുഷ്യാധ്വാനും എന്ന ശൈലി അംഗീകരിച്ച് ഗ്രമസഭാനിർദ്ദേശങ്ങളിലെ മുഴുവൻറോഡും പണി പൂർത്തിയാക്കിക്കൊടുക്കണം. ഗ്രാമപഞ്ചായത്ത് മെമ്പർമാർ തങ്ങളുടെ വാർഡുകളിലെ റോഡ് വികസനപ്രവർത്തനങ്ങൾ പഠിച്ച് പഞ്ചായത്തിൽ നിന്ന് കിട്ടാവുന്ന. ഫണ്ട് റോഡു വികസനത്തിന് വേണ്ടി വാങ്ങുന്നതിനും ഒപ്പം വാർഡുകളിലെ മനുഷ്യാധ്വാനം ഉപയോഗിച്ചുള്ള ശ്രമദാനത്തിന്

നേതൃത്വം കൊടുക്കുകയും വേണം.

സമഗ്രമായ, ശാസ്ത്രീയമായ, സുതാര്യമായ, അഴിമതി തൊട്ടു തീണ്ടാത്ത ജനകീയ കമ്മിറ്റികളാൽ നിയന്ത്രിക്കപ്പെടുന്ന ഒരു വികസന സംസ്കാരം റോഡു നിർമ്മാനത്തിലും മറ്റുവികസന മേഖലകളിലും വളർന്നുവന്നാൽ നമ്മുടെ പഞ്ചായത്തിന് സമഗ്രമായ വികസന പ്രക്രിയയ്ക് രൂപം കൊടുക്കാൻ കഴിയും. ഇത്തരമൊരു വികസന സംസ്കാരത്തിലൂടെ വികസന പ്രക്രിയയിൽ തങ്ങളുടെ പങ്ക് തൊട്ടറിയാൻ ജനങ്ങൾക്കും കഴിയും.





# V

# വികസനമേഖല

# പാർപ്പിടം

# പാർപ്പിടം

ഭവന നിർമ്മാണരംഗത്ത് ഒട്ടേറെ പദ്ധതികളുള്ള ഒരു പഞ്ചായത്താണ് തൃത്താല ഗ്രാമപഞ്ചായത്ത്. പഞ്ചായത്തിലെ വീടുകളെ മൊത്തം മൂന്നായിതിരിക്കാം 1. സാമ്പത്തികമായി മുന്നോക്കം നിൽക്കുന്നവർ, 2.) ഇടത്തരക്കാർ 3) ദുർബ്ബലവിഭാഗക്കാരും പുറമ്പോക്കിൽ താമസിക്കുന്നവരും.

ഗൾഫ് പണത്തിന്റെ സ്വാധീനം ഈ പഞ്ചായത്തിന്റെ സാമ്പത്തികമേഖലയിലെ നിർണ്ണായക ഘടകമാണ്. എന്നാൽ ഈ പണം ക്രിയാത്മകമായ രീതിയിൽ ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. ഭവന നിർമ്മാണരംഗത്തെ കോൺക്രീറ്റ് സൗധങ്ങളിൽ ഒതുങ്ങി നിൽക്കുന്നു ഗൾഫ് പണം.

കൂലിപ്പണിയെടുത്ത് ഉപജീവനം നടത്തുന്ന വരാണ് പഞ്ചായത്തിൽ കൂടുതലും. അതുകൊണ്ടുതന്നെ ഇടത്തരം വീടുകളാണ് പഞ്ചായത്തിൽ ഭൂരിപക്ഷവും ഇതിൽ കർഷകതൊഴിലാളികളും നിർമ്മാണതൊഴി ലാളികളുമാണ് കൂടുതൽ.

1991ലെ കണക്കു പ്രകാരം പഞ്ചായത്തിലെ 4575 വീടുകളിൽ ഒന്നിൽ കൂടുതൽ നിലയുള്ള 243 കെട്ടിടങ്ങളും 999 കോൺക്രീറ്റ് കെട്ടിടങ്ങളും ഉണ്ട്. ഓടുമേഞ്ഞ 1169 വീടുകളും മറ്റുള്ളവ 22 എണ്ണവും ഉണ്ട്. ഈകണക്കിൽ കാര്യമായ മാറ്റം സംഭവിച്ചിട്ടുണ്ട്.

10 വാർഡുകളിലായി നിർമ്മിച്ച വിവിധതരം വീടുകളിൽ, നിർമ്മാണ ചെലവ് വർദ്ധിച്ചിരിക്കുന്നത് കോൺക്രീറ്റ് വീടികൾക്കാണ്. ആർഭാടമായ വലിയ വീടുകൾ ഉണ്ടാക്കുകയും ചെയ്തിട്ടുണ്ട്.

റോഡുകൾക്ക് സമീപമായിട്ടാണ് ലക്ഷങ്ങൾ മുടക്കിയ വലിയ വീടുകൾ നിർമ്മിക്കുന്നതെങ്കിലും വയൽ നികത്തി കെട്ടിടം പണിയുന്ന അവസ്ഥ പഞ്ചായത്തിൽ ധാരാളമായുണ്ട്. കാർഷിക മേഖലയെ ദോഷകരമായി ബാധിക്കുന്ന ഈ പ്രവർത്തനത്തിൽ പഞ്ചായത്തിലെ ജനങ്ങൾ ആശങ്കാകുലരാണ്.

ഭവന നിർമ്മാണ രംഗത്ത് പ്രവർത്തിക്കുന്ന പട്ടിത്തറ പഞ്ചായത്ത് ഭവന നിർമ്മാണ സഹകര ണസംഘം, ഒറ്റപ്പാലം പ്രാഥമിക കാർഷിക വികസന ബാങ്കിന്റെ കൂറ്റനാട് ശാഖ തൃത്താല സർവ്വീസ് സഹകരണ ബാങ്ക്. തിരീമിറ്റക്കോട് സർവ്വീസ് സഹ കരണ ബാങ്കിന്റെ ഞാങ്ങാട്ടിരി ശാഖ എന്നിവയെ പഞ്ചായത്തിലെ ജനങ്ങൾ വീട് നിർമ്മാണത്തിന് ഉപയോഗപ്പെടുത്തുന്നുണ്ട്. എന്നാൽ അമിതമായ പലിശയും സങ്കീർണ്ണമായ ജാമ്യവ്യവസ്തകളും, യഥാസമയം വായ്പ ലഭിക്കായ്കയും കാരണം ഈ വായ്പകൾ സാധാരണക്കാരന് ലഭിക്കാത്ത സ്ഥിതിയാണുള്ളത്.

ഈ ഭവന വായ്പകൾ സാധാരണക്കാരനും ലഭിക്കത്തക്ക രീതിയിൽ ഭവന വായ്പാ വ്യവസ്ഥകൾ ഉദാരമാക്കേണ്ടതുണ്ട്. അതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്.

1. തൃത്താല പഞ്ചായത്തിൽ ഒരു ഭവന നിർമ്മാണ സഹകരണസംഘം രൂപീകരിക്കുക.

2. നിർമ്മിക്കുന്ന വീട് ഈടായി സ്വീകരിച്ച് ദീർഘകാലാടിസ്ഥാനത്തിൽ വായ്പാ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുക.

3. പലിശ നിരക്ക് 10% ആയി നിജപ്പെടുത്തുക.

4. പ്ലോട്ട് അടിസ്ഥാനത്തിൽ തവണവ്യവസ്ഥയോടു കൂടി വീടു നിർമ്മിച്ചു നൽകുക.

ഈ പഞ്ചായത്തിൽ 1169 കുടുംബങ്ങൾ സ്വന്തമായി വീടില്ലാത്തവരാണെന്നിരിക്കെ, സർക്കാർ ഏജൻസികൾ മുഖേന പഞ്ചായത്തിൽ ലഭ്യമായ വീടിന്റെ എണ്ണം വളരെ മോശപ്പെട്ടതാണെന്ന് കണക്കുകൾ കാണിക്കുന്നു.

സർക്കാർ ഭവന നിർമ്മാണ ബോർഡ് വഴി ദുർബ്ബല ഇടത്തരം വിഭാഗക്കാർക്ക് നടപ്പിലാക്കി ക്കൊണ്ടിരിക്കുന്ന ഭവന വായ്പാ വിരലി

ലെണ്ണാവുന്നവർക്കു മാത്രമാണ് ലഭിക്കുന്നത്. ദുർബല വിഭാഗക്കാർക്ക് വീടു വയ്ക്കാനും ഇടത്തരക്കാർക്ക് നിർമ്മാണത്തിനും പുതുക്കി പണിയാനുള്ള സഹായങ്ങളൊ വായ്പകളൊ ലഭ്യമല്ലാത്തതിനാൽ ഈ വിഭാഗക്കാർക്ക് പൊതുവെ പ്രവർത്തനങ്ങളിൽ ഉത്സാഹക്കുറവ് കാണപ്പെടുന്നു. ജനകീയാവശ്യ ങ്ങളിൽ വലിയ സ്വാധീനം ചെലുത്തുന്ന പാർപ്പിട പ്രശ്നം അടിയന്തിര പ്രാധാന്യത്തോടെ പരിഹരിക്കപ്പെടേണ്ടതും അതു വഴി നാടിന്റെ പ്രത്യുൽപാദന രംഗങ്ങളിൽ ആത്മാർത്ഥതയോടെയും ഉത്സാഹത്തോടെയും സമസ്ത ജനവിഭാവങ്ങളേയും സജീവമാക്കാൻ കഴിയേ ണ്ടിയിരിക്കുന്നു.

ഇന്ദിരാ ആവാസ് യോജന പദ്ധതി പ്രകാരം 86 വീടകളും DRDA പദ്ധതി പ്രകാരം 58 വീടുകളുമാണ് പഞ്ചായത്തിൽ അനുവദിച്ചിട്ടുള്ളത്. കൈരളി ഭവന നിർമ്മാണ പദ്ധതി പ്രകാരം 42 ഗുണഭോക്താക്കൾക്ക് വീടു നിർമ്മിക്കുന്നതിന് ലോൺ അനുവദിച്ചിട്ടുണ്ട്. LIGH സ്കീം പ്രകാരം ഒരാൾക്ക് വീടു നിർമ്മാണത്തിന് ദീർഘകാല വായ്പ അനുവദിച്ചിട്ടുണ്ട്. ഇങ്ങിനെ വിവിധ കാലയളവിൽ 207 പേർക്കു മാത്രമാണ് ധനസഹാ യങ്ങളും വായ്പകളും അനുവദിച്ചു കിട്ടിയിട്ടുള്ളത്.

എന്നാൽ ഇത്തരത്തിൽ ധനസഹായവും വായ്പയും ലഭിച്ചിട്ടുള്ളവരിൽ നല്ലൊരു വിഭാഗം വീടുകൾ പണി പൂർത്തിയാകുന്നതിലും വായ്പകൾ തിരിച്ചടക്കുന്നതിലും ഗുരുതരമായ അനാസ്ഥ കാട്ടുന്നതായി ഡിപ്പാർട്ടുമെന്റ് റിവ്യൂകളിൽ കാണുന്നു. ഈ പ്രവണത അടിയന്തിരമായി പരിഹരി ക്കപ്പെടേണ്ടതാണ്.

ഭവന നിർമ്മാണ സാമഗ്രികളുടെ അമിതമായ വിലക്കയറ്റവും കൂലി നിരക്കിലെ ക്രമാതീതമായ വർദ്ധനവുമൂലവും പാവപ്പെട്ടവന്റെ 'സ്വന്തമായൊരു വീട്' എന്ന സ്വപ്നം സ്വപ്നമായിത്തന്നെ അവശേഷിക്കെ കിട്ടിയ ആനുകൂല്യങ്ങൾ കൊണ്ട് വീട് നിർമ്മിക്കാനും പണി പൂർത്തിയാക്കാനും കഴിയാത്ത അവസ്ഥയുണ്ട്. സർക്കാരിൽ നിന്ന് വിവിധ പദ്ധതികളിലൂടെ ദുർബല വിഭാഗങ്ങൾക്ക് നൽകുന്ന ധനസഹായങ്ങളും വായ്പകളും വർദ്ധിപ്പിക്കേ ണ്ടിയിരിക്കുന്നു.

പഞ്ചായത്തിലെ അഞ്ചു ലക്ഷം കോളനി കളിലെയും സ്ഥിതി വളരെ ശോചനീയമാണ് 4ലക്ഷം വീടുകൾ പുതുക്കി പണി ചെയ്തു എങ്കിലും കോളനികളിൽ കക്കൂസ്, കുടിവെള്ളം, വൈദ്യുതി എന്നിവ എത്തിക്കുന്നതിന് വളരെ അടിയന്തിര പ്രാധാന്യം നൽകുകയും ഇവരുടെ ജീവിതനിലവാരം ഉയർത്തുകയും ചെയ്യേണ്ടതുണ്ട്.

ലക്ഷം വീടുകളിൽ നിലവിൽ താമസിക്കു ന്നവർക്ക് പട്ടയം ലഭിച്ചില്ലാത്തവർക്കും നാല് സെന്റ് കോളനികളിൽ താമസിക്കുന്നവർക്കും പട്ടയം അനുവദിക്കേണ്ടതുണ്ട്. പുറം പോക്കിൽ വസിക്കുന്നവരെ നാലുസെന്റ് കോളനികൾ പുനരധിവസിപ്പിക്കാൻ സംവിധാനം ചെയ്തു കൊടുക്കേണ്ടതാണ്.

അതുപോലെത്തന്നെ പഞ്ചായത്തിലെ വിവിധ കോളനികളിൽ നിരവധി ആളുകൾ സ്വന്തമായി വീടില്ലാത്തവരും സ്വന്തമായി സ്ഥലമില്ലാത്തവരു മായിട്ടുണ്ട്. ഭൂരഹിതരും ഭവനരഹിതരുമായവരെ പുനരധിവസിപ്പിക്കുന്ന പദ്ധതി പ്രകാരവും വളരെ ക്കുറച്ചു പേർക്കു മാത്രമേ ഈ ആനുകുല്യങ്ങൾ ലഭ്യമായിട്ടുള്ളു. ഈ ആനുകൂല്യങ്ങൾ അർഹതപ്പെട്ട മറ്റുള്ളവർക്കുകൂടി ലഭ്യമാക്കേണ്ടതുണ്ട്. മാത്രമല്ല കോളനികളിലെ പ്രാഥമിക സൗകര്യങ്ങ ളും പശ്ചാത്തല സൗകര്യങ്ങളും തൃപ്തികരമല്ല. ഇവ പരിഹരിക്കപ്പെടണം.

റവന്യൂ വകുപ്പുകൾ വഴി പ്രകൃതി ക്ഷോഭ ത്താൽ വീട് നഷ്ടപ്പെട്ടവർക്കുള്ള പുനരധിവാസ പദ്ധതിയുടെ ആനുകൂല്ല്യം പഞ്ചായത്തിലെ ലഭ്യതയുടെ കണക്കുകൾ മോശമാണ്. ഇത്തരത്തിൽ വീട് നഷ്ടപ്പെടുകയോ, നാശം സംഭവിക്കുകയോ ചെയ്യുന്നവർക്ക് പുനർനിർമ്മാണത്തിനും നന്നാക്കു ന്നതിനും ആവശ്യമായ സഹായങ്ങൾ ലഭ്യമാക്കേ ണ്ടതുണ്ട്.

പഞ്ചായത്തിൽ ഭവനനിർമ്മാണരംഗത്തു വരുന്ന വർദ്ധിച്ച ചെലവുകൾ കുറക്കുന്നതിന്, നിർമ്മിതി കേന്ദ്രത്തിന്റെ ചെലവു കുറഞ്ഞ വീടുകളെക്കുറിച്ചുള്ള വ്യാപകമായ ബോധവൽ ക്കരണം ജനങ്ങളിൽ നടക്കേണ്ടതുണ്ട്. ഇതിനാവ ശ്യമായ സെമിനാറുകളും ക്യാമ്പുകളും നടത്തുകയും ചെലവ് കുറഞ്ഞ വീടുകൾ നിർമ്മിക്കുന്നതിനാ വശ്യമായ വിദഗ്ദ പരിശീലനം ഈ പ്രദേശത്തെ തൊഴിലാളികൾക്ക് നൽകുകയും ചെയ്യേണ്ടതാണ്.

പഞ്ചായത്തിലെ കുടിലുകൾ മാറ്റിയെടുക്കാനും ഭവന രഹിതർക്ക് വീട് നിർമ്മിച്ച് നൽകാനും സർക്കാർ വിവിധ ഏജൻസികളലൂടെ ഇപ്പോൾ ലഭ്യമാക്കുന്ന വായ്പ കൊണ്ടും സഹായങ്ങൾ കൊണ്ടും കാര്യമായി കഴിയില്ലെന്ന് അനുഭവം നമ്മെ അറിയിക്കുന്നു. വാർഡ് തലത്തിൽ ഒരു ബൃഹത്തായ പദ്ധതിക്കേ ഇതു മാറ്റിയെടുക്കാൻ കഴിയൂ. ഇതിനായി വാർഡ് തലത്തിൽ ഗുണഭോക്താക്കളുടെയും സന്നദ്ധ സംഘടനകളുടെയും സംയുക്തയോഗം വിളിച്ചു

ചേർത്ത് ഗുണഭോക്താ ക്കൾക്ക് എത്ര രൂപ സമാഹരിക്കാൻ കഴിയുമെന്ന് മനസ്സിലാക്കി സർക്കാർ ഫണ്ടിനു പുറമെ സാധനങ്ങളും അദ്ധ്വാനവും സംഭാവന വഴി സ്വരൂപിച്ച് ഇതിനു പരി ഹാരം കാണാവുന്നതാണ്.

പാർപ്പിട രംഗത്തെ സങ്കീർണ്ണമായ പ്രശ്നങ്ങൾ പരിഹരിക്കാൻ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്.

1. പഞ്ചായത്തു തലത്തിൽ ഭവന നിർമ്മാണ സഹകരണ സംഘം രൂപീകരിക്കുക. എഞ്ചിനീയർ മുതൽ ലേബർ വരെയുള്ളവരെ സപ്ലൈ ചെയ്യുക. സർക്കാർ പദ്ധതികൾ പഞ്ചായത്തിലെത്തിക്കുന്ന ഏജൻസിയായി ഈ സംഘത്തെ പ്രവർത്തിപ്പിക്കുക.

2. കെട്ടിട നിർമ്മാണ സാമഗ്രികളുടെ വിതരണത്തിൽ സിവിൽസപ്ലൈസ് ഇടപെടുക (സിമന്റ്, കമ്പി, മുതലായവ)

3. നിർമ്മാണ ചെലവ് 2ലക്ഷം രൂപക്ക് മുകളിൽ വരുന്ന വീടുകൾക്ക് കർശനമായി പരിധി ഏർപ്പെ ടുത്തുക.

4. സർക്കാർ ലഭ്യമാക്കുന്ന വായ്പക്കുള്ള സാങ്കേതിവും സാമ്പത്തികവുമായ ബുദ്ധിമുട്ടുകൾ ഇല്ലാതാക്കുക. കാലതാമസം ഒഴിവാക്കുക.

5. ചെലവു കുറഞ്ഞ വീടുകൾക്ക് പ്രചാരണം നൽകുക, ആവശ്യമായ തൊഴിലാളികൾക്ക് വിദഗ്ദ പരിശീലനം നൽകുക.

6. പഞ്ചായത്തിൽ വിവിധസ്ഥലങ്ങളിൽ ആയി പതിച്ചുകൊടുത്ത നാലു സെന്റു സ്ഥലത്ത് വീടു വെക്കാത്തവരെയും ഒന്നിൽ കൂടുതൽ പ്ലോട്ടുകൾ കൈവശപ്പെടുത്തിയവരെയും കണ്ടെത്തി പുറമ്പോക്കിൽ താമസിക്കുന്നവർക്ക് പതിച്ചു കൊടുക്കുക.

7. സർക്കാരിൽ നിന്ന് ലഭ്യമാക്കുന്ന ഭവന നിർമ്മാണ വായപകളുടെ സംഖ്യ വർദ്ധിപ്പിക്കുക.

(a) IAY, MWS, JRY, RLEGP എന്നിവക്കുള്ള സഹായം 15,800 രൂപയിൽ നിന്ന് 30,000 രൂപയായി ഉയർത്തുക.

(b) രാജീവ് ദശലക്ഷം പാർപ്പിട പദ്ധതി 26,400 രൂപയിൽ നിന്ന് 50,000 രൂപയായി ഉയർത്തുക.

(c) പ്രകൃതിക്ഷോഭ പുനരധിവാസ പദ്ധതി 15,000 രൂപയിൽ നിന്ന് 25,000 യായി ഉയർത്തുക.

(d) ഇടത്തരകാർക്കും ദുർബ്ബല വിഭാഗങ്ങ ൾക്കും വീട് റിപ്പയർ ചെയ്യുന്നതിന് വായ്പകൾ അനുവദിക്കുക.

ഭവനരഹിതരുടെ പ്രശ്നം പരിഹരിക്കപ്പെട ണമെങ്കിൽ അവർക്ക് പ്രാഥമികമായി ഭൂമി ലഭ്യമാക്കേണ്ടതുണ്ട്. പഞ്ചായത്തിലുള്ള മിച്ച ഭൂമി ഇതിനായി ഉപയോഗിക്കാവുന്നതാണ്. ഭൂരഹിതർക്ക് 4 സെന്റ് ഭൂമി സൗജന്യമായി നൽകുകയും അവിട ങ്ങളിൽ LIC തുടങ്ങിയ പൊതു മേഖലാസ്ഥാ പനങ്ങളിലൂടെ ഏറ്റവും ചുരുങ്ങിയ പലിശക്കുള്ള വായ്പ ലഭ്യമാക്കുകയും വീടിന്റെ നിർമ്മാണം നിർമ്മിതി കേന്ദ്രം തുടങ്ങിയ ഏജൻസികളെക്കൊണ്ട് നടത്തിക്കുകയും ചെയ്യുക. ഇതിനായി ഗുണഭോക്താ ക്കളുടെയും സന്നദ്ധസംഘടനകളുടെയും പരമാവധി മനുഷ്യാദ്ധ്വാനം ഉപയോഗപ്പെടുത്താർ കഴിയണം.

നമ്മുടെ ലക്ഷ്യം അഞ്ചുവർഷം കൊണ്ട് പഞ്ചായത്തിലെ പാർപ്പിട പ്രശ്നം പരിഹരിക്കലാണ്.





# VI

# വികസനമേഖല

# ആരോഗ്യം

# കുടിവെള്ളം

# ആരോഗ്യം

## I സ്ഥിതിവിശകലനം

ആരോഗ്യരംഗത്ത് നിലവിലുള്ള സൗകര്യങ്ങൾ വേണ്ടവിധത്തിൽ ഉപയോഗിക്കാൻ കഴിയാത്ത ഗുരുതരമായ പരിതസ്ഥിതി തൃത്താല പഞ്ചായത്തിനുണ്ട്.

താലൂക്കാശുപത്രിക്കാവശ്യമായ കെട്ടിട – സ്ഥലസൗകര്യമുള്ള 'തൃത്താല ഗവൺമെന്റ് ഡിസ്പെൻസറി' എന്ന സ്ഥാപനം 'തൃത്താല പ്രൈമറി ഹെൽത്ത് സെന്റർ' എന്ന ശീർഷകത്തിലേക്ക് താഴ്ന്നിറങ്ങിയിട്ട് ഏതാനും വർഷങ്ങളായി. നിത്യേന 200ലധികം രോഗികൾ ഔട്ട് പേഷ്യന്റ് വിഭാഗത്തിൽ ഈ പി.എച്ച്.സി. യിൽ എത്തിച്ചേരുന്നുണ്ട്. എന്നാൽ മൂന്നുവാർഡുകളിലായി 47 രോഗികളെ കിടത്തി ചികിത്സിക്കാൻ ഇവിടെ സൗകര്യമുണ്ടെങ്കിലും ഒരാളെപോലും കിടത്തിചികിത്സിക്കാതായിട്ടും വർഷങ്ങളായി! ഒരു ഐ.പി.പി. വാർഡും, ഒരു ലേഡി ഡോക്ടറും ഉണ്ടായിരുന്നിട്ടുകൂടി തൃത്താലപഞ്ചായത്തിലെ ഒരു സ്ത്രീക്കുകൂടി (പണചെലവില്ലാതെ) ഇവിടെ പ്രസവിക്കാനാവുന്നില്ലെന്നതും, പ്രസവം നിർത്തുന്നതുപോലെയുള്ള, സർക്കാർ സഹായധനം ലഭിക്കുന്ന ഓപ്പറേഷനു വരെ അവസരം നിഷേധിക്കപ്പെടുന്നു എന്നതും വേദനാജനകമായ ഒരു വസ്തുതയാണ്. ദാരിദ്ര്യരേഖക്ക് താഴെ 3000ത്തോളം കുടുംബങ്ങളുള്ള തൃത്താലപഞ്ചായത്തിൽ സർക്കാർ മേഖലയിലുള്ള ഈ ഏകസ്ഥാപനം ഒരുകാലത്ത് ആരോഗ്യരംഗത്ത് വിലപ്പെട്ട സേവനങ്ങൾ നൽകിയിരുന്നതാണ്. ഒട്ടേറെപോരെ ഇവിടെ കിടത്തി ചികിത്സിച്ചിരുന്നു. വാഹനങ്ങളില്ലാത്തകാലത്ത് വിവിധ പ്രദേശങ്ങളിൽ നിന്ന് മഞ്ചലുകളിൽ രോഗികൾ ഇവിടെ എത്തിയിരുന്നു. അന്നത്തേ അപേക്ഷിച്ച് പുതിയ രണ്ട് വാർഡുകൾ പണിതീർത്തിട്ടും രോഗികളെ കിടത്തി ചികിത്സിക്കാൻ കഴിയാത്തത് ചില ചില്ലറ പ്രശ്നങ്ങളുടെ പേരിലാണെന്നുള്ളതാണ് ശ്രദ്ധേയമായ ഒരുകാര്യം. രോഗികളെ കിടത്തിയാൽ കുടിവെള്ളം പ്രശ്നമാകുന്നതാണ് ഒരു കാര്യം. പി.എച്ച്.സിയിൽ കിണറുണ്ട്. അതിൽ മൂന്ന് എച്ച്.പി.യുടെ മോട്ടോറുണ്ട്. എന്നാൽ അതിന്റെ ഫൂട്ട് വാൾവ് കേടാണെന്നുമാത്രം. ഇത് ശരിയാക്കാൻ അല്പസ്വൽപം പ്ലംബിംഗ് ജോലികളുണ്ട്. റിപ്പയർ ചെയ്ത വാർഡുകളിൽ ഇലക്ട്രിക് വയറിങ്ങ് കേടുവന്നത് മാറ്റിയാൽ വെളിച്ചമായി പിന്നെ ജീവനക്കാർ ഉന്നയിക്കുന്ന പ്രധന പ്രശ്നം അവരുടെ രാത്രികാലങ്ങളിലെ സുരക്ഷിതത്വമായി ബന്ധപ്പെട്ടതാണ്. ആശുപത്രിക്കു കുറുകെ ഒരു പൊതു റോഡ് കടന്നുപോകുന്നു. അതിലൂടെ പലപ്പോഴും വാഹനങ്ങളും – ആശുപത്രിക്ക് ചുറ്റുമതിൽ നിർമ്മിച്ച് റോഡ് അതിനരികിലൂടെ തിരിച്ചുവിടാ വുന്നതേയുള്ളൂ. ഈ പി.എച്ച്.സി. ചുറ്റുവട്ടത്ത് പോസ്റ്റുമോർട്ടത്തിന് സൗകര്യമുള്ള ഏക പി.എച്ച്.സിയാണെന്നതും ഇതിന്റെ പ്രാധാന്യം വർദ്ധിപ്പിക്കുന്നു. വമ്പിച്ച സാമ്പത്തിക ബാദ്ധ്യത വരാതെതന്നെ തൃത്താലപഞ്ചായത്തിലെ പാവപ്പെട്ടവർക്ക് ഈ പി.എച്ച്.സി. യുടെ സേവനം ഉപയോഗപ്പെടുത്താനാവും. 23 ജീവനക്കാരുടെ ഒഴിവുകളുള്ള ഈ പി.എച്ച്.സി. യിൽ ഇപ്പോൾ 17 പേർ ജോലിചെയ്യുന്നുണ്ട്.

ഈ പ്രധാന പി.എച്ച്.സി.ക്ക് കീഴിൽ 5000 ജനങ്ങൾക്ക് ഒരു സബ്സെന്റർ എന്ന തോതിൽ മുടവന്നൂർ, കണ്ണന്നൂർ, ഞാങ്ങാട്ടിരി, മേഴത്തൂർ എന്നിവിടങ്ങളിൽ 4സബ്സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. രോഗ പ്രതിരോധത്തിനാണ് ഇവിടെ ഊന്നൽ നൽകുന്നത്. അതിനാൽ ഈ കേന്ദ്രങ്ങളിൽ മാസത്തിൽ മിക്കവാറും ഒരു തവണയെ ഡോക്ടറുടെ സേവനം ലഭ്യമാകൂ. ഈ സബ്സെന്ററുകളുടെ പ്രവർത്തനത്തിനും ഫീൽഡ് വർക്കിനുമായി 10 പേരുടെ ഒഴിവുകളുണ്ട്. അതിൽ 8പേരുടെ സേവനമാണ് ഇപ്പോൾ ലഭിക്കുന്നത്.

തൃത്താല പഞ്ചായത്തിന്റെ കിഴക്കേ അതിർത്തിയിൽ പട്ടാമ്പി നേഴ്സിംഗ്ഹോം എന്ന ഒരു സ്വകാര്യ ആശുപത്രി പ്രവർത്തിക്കുന്നുണ്ട്. ഇവിടെയും ആധുനിക സൗകര്യങ്ങൾ പൂർണ്ണമായും ലഭ്യമല്ല. ഇവ ലഭ്യമാക്കുന്നതിനു വേണ്ടിപഞ്ചാ

യത്തിലെ രോഗികൾക്ക് മറ്റു പ്രദേശങ്ങളെ ആശ്രയിക്കേണ്ടിയിരിക്കുന്നു.

ആയുർവേദചികിത്സാരംഗത്തെ പൊതു മേഖലയിൽ ഈ പഞ്ചായത്തിൽ സ്ഥാപനമില്ല. വൈദ്യമഠം എന്ന സ്വകാര്യമേഖല വാതരോഗങ്ങൾക്ക് മുൻതൂക്കം നൽകി പ്രവർത്തിക്കുന്നു. ബാലചി കിത്സാരംഗത്ത് (ആയുർവ്വേദ) സി.എൻ.എസ്. വൈദ്യ ശാല എന്ന സ്വകാര്യ സ്ഥാപനം പ്രവർത്തിക്കു മ്പോൾ നേത്യചികിത്സാരംഗത്ത് മുക്കടക്കാട്ടിൽ ക്ലിനിക് എന്ന സ്വകാര്യ സ്ഥാപനവും പ്രവർത്തിക്കുന്നുണ്ട്. താരതമ്യേന വർദ്ധിച്ച ചികിത്സാചെലവ് വരുമെന്നതിനാൽ കുറഞ്ഞ വരുമാനക്കാർക്ക് ഇവ അപ്രാപ്യമാണ്. ഈ മൂന്ന് സ്വകാര്യ സ്ഥാപനങ്ങൾക്കു പുറമെ ശക്തി ഫാർമസ്യൂട്ടിക്കൽസ്, കെവീസ് ഫാർമസ്യൂട്ടിക്കൽസ് എന്നീ സ്ഥാപനങ്ങളടക്കം അഞ്ച് ഔഷധനിർമ്മാണ ശാലകളും ഈ പഞ്ചായത്തിലുണ്ട്. ഇതൊരുപക്ഷേ കേരളത്തിൽ മറ്റൊരുപഞ്ചായത്തിലും കാണാത്ത സവിശേഷ തയാണ്. ഇവയിൽ ചിലത് ഗൾഫ് രാജ്യങ്ങളിലേക്കും മറുസംസ്ഥാനങ്ങളിലേക്കും മരുന്നുകൾ കയറ്റി അയക്കുന്നുണ്ട്. ഇവയിലെല്ലാംകൂടി മൊത്തം 130 പേർക്ക് നേരിട്ട് തൊഴിലുണ്ട്. ഇവയുടെ ശാഖകളിലൂടെ പല ഏജന്റുമാർക്കും തൊഴിലുണ്ട്. ഹോമിയോപ്പതി എന്ന ചികിത്സാപദ്ധതി ഈ പഞ്ചായത്തിൽ പ്രാവർത്തികമായിട്ടില്ല. അങ്ങിങ്ങ് ചിലപ്രൈവറ്റ് പ്രാക്റ്റീഷണർമാർ ഉണ്ടെന്നല്ലാതെ പൊതുമേഖലയിൽ ഹോമിയോ ചികിത്സാകേന്ദ്രം ഇല്ല.

ആരോഗ്യരംഗവുമായി ബന്ധപ്പെട്ട് ആദ്യം ചൂണ്ടിക്കാണിക്കേണ്ടത് കേരളത്തിലെ പൊതുമര ണനിരക്കിലും കുറവാണ് പഞ്ചായത്തിലെ മരണനിരക്ക് കഴിഞ്ഞ അഞ്ചുവർഷത്തെകണക്കെടുക്കുമ്പോൾ ഇത് അഞ്ചിലും കുറവാണ്. ശിശുമരണനിരക്കാകട്ടെ കേവലം പന്ത്രണ്ടും കഴിഞ്ഞവർഷത്തിൽ മാതൃമരണം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. തൃത്താല പഞ്ചായത്തിലെ മൊത്തം ജനന നിരക്ക് 14.4 ആണ്.

എന്നാൽ ജലജന്യരോഗങ്ങൾ ഒരു വർഷ ത്തിൽ ശരാശരി 400 പേർക്കെങ്കിലും വരുന്നുണ്ട്. ശുദ്ധജലത്തിന്റെ അപര്യാപ്തതയും, പരിസരമലിനീകര ണവും ഇതിനുകാരണങ്ങളാണ്. പരിസര ശുചീകരണ ത്തിന് പഞ്ചായത്തിൽ ഒരെറ്റവാർഡിലും പരിപാടി കളില്ല. പൊതുസ്ഥലങ്ങളിലുള്ള മത്സ്യ വിൽപന, ആടുമാടുകളെ കശാപ്പുചെയ്യൽ, പച്ചക്കറികളുടെ ചീഞ്ഞളിഞ്ഞ അവശിഷ്ടങ്ങൾ പൊതുവഴികളിൽ നിക്ഷേപിക്കൽ തുറന്ന പ്രദേശങ്ങളിൽ മലമൂത്ര വിസർജ്ജനം എന്നിവ പഞ്ചായത്തിലെ ഒന്ന്, രണ്ട് വാർഡുകളെ വലിയ തോതിൽ മലീമസമാക്കുന്നുണ്ട് പഞ്ചായത്ത് കിണറുകളുടെ പരിസരം അലക്കുന്നതിനും മറ്റും ഉപയോഗിക്കുന്നത് കൊണ്ടും മലിനമാക്കപ്പെടു ന്നുണ്ട്.

വായുജന്യമായും, പ്രാണിജന്യമായും റിപ്പോർട്ട് ചെയ്യപ്പെട്ട രോഗങ്ങൾ കുറവാണെ ന്നുമാത്രം. എങ്കിലും തൃത്താല സെന്ററിലുള്ള ഓടകൾ കാലാകാലങ്ങളിൽ ശുചീകരിക്കപ്പെടാ ത്തതിനാൽ കൊതുകുകളുടെ ശല്യം വളരെയുണ്ട്. പ്രാണിജന്യമായ നാല് രോഗികളാണ് കഴിഞ്ഞവർഷം പി.എച്ച്.സിയിൽ എത്തിയത്, കുഷ്ഠരോഗം, മലമ്പനി, ക്ഷയം എണ്ണിവയുടെ വളർച്ച തടയുന്നതിനായിട്ടുണ്ട്. പ്രതിരോധകുത്തിവെയ്പുകളിലൂടെ.

ഒരു വയസ്സിനു താഴെയുള്ള 489 കുട്ടികളിൽ 60%ത്തിന് ബി.സി.ജി. കുത്തിവെയ്പും, 80% ഡി.പി.റ്റി. പോളിയോ വാക്സിനുകളും, 75% മീസെവസ് പ്രതിരോധ കുത്തിവെയ്പുകളും പ്രാഥമികാരോഗ്യ കേന്ദ്രത്തിലൂടെ നൽകപ്പെട്ടിട്ടുണ്ട്. കൂടാതെ 203 കുട്ടികൾക്ക് വിറ്റാമിൻ എ ഡ്രോപ്സും നൽകിയിട്ടുണ്ട്.

ഒന്നുമുതൽ 12 വയസ്സുവരെയുള്ള കുട്ടികളിൽ കേവലം 1029 കുട്ടികൾക്കു മാത്രമാണ് അനുപൂരക പോഷകാഹാരം ലഭിക്കുന്നത്. വിദ്യാലയങ്ങളിലെ ഉച്ച ഭക്ഷണസ്കീം ഫലപ്രദമായി നടക്കുന്നില്ല. ഇതേ പോലെ വിദ്യാലയ വൈദ്യപരിശോദനയും വേണ്ടവിധത്തിൽ പ്രാവർത്തിക മായി കാണുന്നില്ല.

**ഘടക നടപ്പു പദ്ധതികളുടെ അവലോകനം:**

2000-ാം ആണ്ടോടെ എല്ലാവർക്കും പൂർണ്ണ ആരോഗ്യം എന്ന ലക്ഷ്യമിട്ടുള്ള പദ്ധതികളാണ് പൊതുജനാരോഗ്യരംഗത്ത് നടപ്പാക്കാമുദ്ദേശിച്ചിരുന്നത്. ഇവയെല്ലാം രോഗചികിത്സയേക്കാൾ രോഗപ്രതിരോധത്തിനാണ് ഊന്നൽ നൽകുന്നത്. പ്രധാനപദ്ധതികൾ താഴെ ചേർക്കുന്നു.

**1. നാഷണൽ ഫാമിലി വെൽഫെയർ പ്രോഗ്രാം:**

a) മെറ്റേണൽ ചൈൽഡ്ഹെൽത്ത് & ഫാമിലി പ്ലാനിംഗ് സർവ്വേയിലൂടെ ഗർഭിണികളുടെ എണ്ണം, മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം, കുടുംബക്ഷേ മമാർഗ്ഗം സ്വീകരി ച്ചവരുടേയും ഇല്ലാത്തവരുടേയും എല്ലം, 0-5 വയസ്സുവ രെയുള്ള കുട്ടികളുടെ എണ്ണം, എന്നിവ ശേഖരിച്ച് ഇവർക്കാവശ്യമായ പ്രതിരോധകു ത്തിവെയ്പുകൾ, കുടുംബക്ഷേമത്തെ കുറിച്ചുള്ള ബോധവൽക്കരണം, കുടുംബാസൂത്രണമാർഗ്ഗങ്ങൾ ഉപദേശിക്കൽ എന്നിവ നടത്തി വരുന്നു.

ഈ പദ്ധതി ഉദ്ദേശിച്ച ലക്ഷ്യം കൈവരിച്ച തായി കാണുന്നില്ല. തൃത്താല പി.എച്ച്.സിയിൽ

ഐ.പി.പി. വാർഡുണ്ടായിരുന്നിട്ടും വിരലിലെണ്ണാവുന്ന ശസ്ത്ര ക്രിയകളേ നടന്നിട്ടുള്ളൂ. മുലയൂട്ടുന്ന അമ്മമാരിൽ 397–ൽ 125 പേർക്കുമാത്രമേ അനുപൂരക പോഷകാഹാരം ലഭിക്കുന്നുള്ളൂ എന്നതാണ് കണക്ക്. 1996–ൽ ജനിച്ച 420 കുട്ടികളിൽ 60%ത്തോളം കുട്ടികൾക്ക് പ്രാഥമികാ രോഗ്യ കേന്ദ്രങ്ങൾ വഴി പ്രതിരോധ കുത്തിവെയ്പുകൾ നടത്തിയിട്ടുള്ളൂ.

b) **ഇമ്മ്യൂണൈസേഷൻ ഓഫ് ചിൽഡ്രൻ:**

കുട്ടികൾക്ക് കാലാകാലങ്ങളിൽ ബി.സി.ജി., ഡി.പി.ടി., പോളിയോ, മീസെൻസ് എന്നിവയ്ക്കുള്ള കുത്തി വെയ്പുകൾ നടത്തുക. വി.ഐ.ടി.എ., അയേൺഗുളികകൾ സൗജന്യമായി നൽകുക.

ജനിച്ച കുട്ടികളിൽ നല്ലൊരുവിഭാഗം സ്വകാര്യാ ശുപത്രിയിൽ നിന്നും പ്രതിരോധകുത്തിവെയ്പുകൾ പണം ചെലവഴിച്ചു നേടിയിരുന്നു. പകുതി കുട്ടികൾക്കു മാത്രമേ വി.ഐ.ടി.എ., അയേൺഗുളികകൾ സൗജന്യമായി അനുവദിച്ചു കാണുന്നുള്ളൂ.

c) **ആന്റിനേറ്റണൽ റജിസ്ട്രേഷൻ:**

ഗർഭിണികളുടെ പേർ റജിസ്റ്റർ ചെയ്യുന്നതിന്. ബോധവൽകരണത്തിന്റെ അപര്യാപ്തതമൂലം മുഴുവൻ ഗർഭിണികളും പേരുകൾ രജിസ്റ്റർ ചെയ്യുന്നില്ല.

d) **ഹൈറിക്സ് കൈസസ്റഫേർഡ്:**

അപകടസാദ്ധ്യതയുള്ള ഗർഭിണികളെ സ്പെഷലിസ്റ്റ്കളുടെ അടുത്തേക്ക് റഫർ ചെയ്യുക.

2. **നാഷണൽമലേറിയ ഇറാഡിക്കേഷൻ പ്രോഗ്രാം:**

മലേറിയ തുടച്ചുമാറ്റുന്നതിന് പനിയുള്ളവറുടെ രക്തം പരിശോധിക്കുക. മലേറിയ ഉള്ളവരെ ചികിത്സിക്കുക.ഡി.ഡി.ടി സ്പ്രേ ചെയ്യുക.

ഈസൗകര്യങ്ങളൊന്നുംതന്നെ ഫലപ്രദമായി ഉപയോഗിച്ചുകാണുന്നില്ല. കഴിഞ്ഞ 5 വർഷങ്ങൾക്കുള്ളിൽ ചിലവാർഡുകളിൽ ഡി.ഡി.ടി. തളിക്കുകയുണ്ടായില്ല.

3.

തുടർച്ചയായ പനിയും, ചുമയും ഉള്ളവരുടെ കഫം മുതലായവ പരിശോധനക്കു വിധേയമാക്കുക – വേണ്ടചികിത്സ കൊടുക്കുക.

4. **നാഷണൽ ലെപ്രസി കൺട്രോൾ പ്രോഗ്രാം:**

ഫീൽഡ് സർവ്വേ നടത്തി രോഗം കണ്ടെത്തുകയും ചികിത്സിക്കുകയും ചെയ്യുക.

5. **നാഷണൽ ബ്ലൈൻസ്നസ്ഇറാഡിക്കേഷൻ:**

അന്ധതനിവാരണമാണ് ലക്ഷ്യം. 9മാസം മുതൽ 3വയസ്സുവരെയുള്ള കുട്ടികൾക്ക് വിറ്റമിൻ എ. സിറപ്പ് നൽകുക. വെള്ള എഴുത്തുള്ളവരെ സ്പെഷലിസ്റ്റിന്റെ അടുത്തേക്കയക്കുക.

പാവപ്പെട്ടവർക്ക് സ്പെഷലിസ്റ്റിനെ സമീപിക്കാൻ പ്രയാസം നേരിടുന്നു.

6. **നാഷണൽ നോയിറ്റർ കൺട്രോൾ പ്രോഗ്രാം:**

തൊണ്ടവീക്ക ത്തിനെതിരായുള്ള ബോധവൽക്കരണം അയഡിൻ ചേർന്ന ഉപ്പു കഴിക്കാൻ പ്രേരിപ്പിക്കുക.

7. **വയറിളക്കം നിയന്ത്രിക്കുന്ന പ്രോഗ്രാം:**

വയറിളക്കം നിയന്ത്രിക്കാനുള്ള ബോധവൽക്കരണം. ഒ.ആർ.എസ്. നൽകുക. ക്ലോറിനേഷൻ ഫലപ്രദമായി നടത്തുക.

8. **ന്യൂട്രീഷ്യൻ പ്രോഗ്രാം:**

ഐ.സി.പി.എസും ആയി ചേർന്ന് കുട്ടികൾക്കും മുല യൂട്ടുന്ന അമ്മമാർക്കും ഗർഭിണികൾക്കും പോഷകാഹാരം നൽകുക.

9. **STD and AIDS പ്രോഗ്രാം**

ലൈംഗിക രോഗത്തെപ്പറ്റി ബോധവൽക്കരണം നടത്തുക.

10. **Actue റസ്പിറേറ്ററി ഇൻഫെക്ഷൻ:**

11. **നാഷണൽ സ്കൂൾ ഹെൽത്ത് പ്രോഗ്രാം:**

സ്കൂളുകളിൽ ചെന്ന് കുട്ടികളെ പരിശോധിച്ച് പ്രത്യേക രോഗങ്ങളുണ്ടെങ്കിൽ റഫർ ചെയ്യുക.

ഈ പദ്ധതികളിൽ ബോധവൽക്കരണത്തിന് മുൻതൂക്കം നൽകുന്നുവെങ്കിലും അതങ്ങനെ ഫലപ്രദമായി നടപ്പാക്കണം എന്നാലോചിച്ച് കാണിന്നില്ല. പി.എച്ച്.സി. യിൽ എത്തുന്നവർക്ക്

കൂടി ഫലപ്രദമായി ബോധവൽക്കരണം നടത്താൻ സാധിക്കുന്നില്ല. സൗജന്യപ്രതിരോധ സമ്പ്രദായങ്ങൾ പലരും അതിനാൽ അറിയുന്നുമില്ല. വിദ്യാലയ വൈദ്യപരിശോധനാ പരിപാടി കടലാസിൽ മാത്രം ഒതുങ്ങുന്നതാണ്. ഉപരി ഈ പദ്ധതികെണ്ടൊന്നും പൂർത്തീകരിച്ചിട്ടില്ല.

### 3. പ്രശ്നങ്ങൾ

1. തൃത്താല പി.എച്ച്.സിയിൽ 47 രോഗികളെ കിടത്തി ചികിത്സിക്കാൻ സൗകര്യമുണ്ടായിട്ടും നിസ്സാരപ്രശ്നങ്ങളാൽ അതിനു കഴിയുന്നില്ല.

2. പി.എച്ച്.സി.സെന്ററിനു മദ്ധ്യേയുള്ള പൊതുറോഡ് രോഗികൾക്കും, ജീവനക്കാർക്കും സുരക്ഷിതത്വ ബോധം നൽകുന്നില്ല.

3. പി.എച്ച്.സി.യിൽ ആവശ്യത്തിനുള്ള മരുന്നും, ആവശ്യമായ ഉപകരണങ്ങളും സർക്കാരിൽ നിന്ന് ലഭിക്കുന്നില്ല. ഡോക്ടർമാരുടെ കോർട്ടേഴ്സ് അറ്റകുറ്റപണി നടത്തില്ല.

4. ആവശ്യത്തിനുള്ളസ്ഥാഫിനെ നിയമിക്കുന്നില്ല.

5. സബ്സെന്ററുകളിൽ ഡോക്ടർമാർ കൂടെകൂടെ എത്തുന്നില്ല.

6. തൃത്താല പി.എ ച്ച്.സി. പഞ്ചായത്തിന്റെ പടിഞ്ഞാറെ അറ്റത്താണെന്നതിനാൽ ഞാങ്ങാട്ടിരി ഭാഗത്തുള്ളവർക്ക് ഇവിടെ ചികിത്സ തേടിയെത്താൻ കഴിയുന്നില്ല.

7. ചികിത്സാരംഗത്തെ ബോധവൽക്കരണം ഫലപ്രദമായി നടത്താൻ കഴിയുന്നില്ല.

8. വിദ്യാലയ വൈദ്യപരിശോധന ഫലപ്രദമായി നടക്കുന്നില്ല.

9. പരിസരമലിനീകരണം തടയാൻ കഴിയുന്നില്ല.

10. ശുദ്ധജലവിതരണത്തിൽ അപാകതകൾ ഉണ്ട്.

11. സന്നദ്ധസംഘടനകളെ ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുന്നില്ല.

12. ഹോമിയോ ആയുർവ്വേദ ചികിത്സാകേന്ദ്രങ്ങൾ സർക്കാർ തുടങ്ങിയിട്ടില്ല.

### 4. സാധ്യതകൾ

1. തൃത്താല പി.എച്ച്.സി. ആശുപത്രിയായി ഉയർത്തുക.

2. പി.എച്ച്.സിക്ക് ചുറ്റും മതിൽകെട്ടി ഒരരികിലൂടെ പൊതുജനപങ്കാളിത്തത്തോടെ പുതിയ റോഡ് നിർമ്മിക്കുക.

3. 25000 രൂപയിൽ ആശുപത്രിക്ക് അത്യാവശ്യമായ ഉപകരണങ്ങളും, ക്വോർട്ടേഴ്സ് അറ്റകുറ്റ പണികളും സാധ്യമാകുമെന്നതിനാൽ അതിന് ശ്രമിക്കും.

4. 47 ബഡ സ്ട്രെങ്ങ്ത്തും, ഫീൽഡ് വർക്കും, പോസ്റ്റ്മോർട്ടവും ഉള്ളതിനാൽ മൂന്നാമത് ഒരു ഡോക്ടറേയും ഒഴിവുള്ള 4 സ്റ്റാഫ് നേഴ്സുമാരെയും നിയമിക്കുക.

5. ഞാങ്ങാട്ടിരി 4, 5, 6, വാർഡുകളെ കേന്ദ്രീകരിച്ച് ഒരു ആയുർവ്വേദ ചികിത്സാകേന്ദ്രം സ്ഥാപിക്കുക. ഇതിനു പഞ്ചായത്തിൽ പ്രവർത്തിക്കുന്ന പ്രസിദ്ധ ഔഷധനിർമ്മാണ സ്ഥാപനങ്ങളുടെ സഹായം ഉപയോഗപ്പെടുത്തുക.

6. 8, 9, 10 വാർഡുകൾ കേന്ദ്രീകരിച്ച് ഒരു ഹോമിയോ ചികിത്സാകേന്ദ്രം ആരംഭിക്കുക.

7. പഞ്ചായത്തിന്റേയും സന്നദ്ധസംഘടനയുടെയും നേതൃത്വത്തിൽ മാസത്തിലൊരിക്കൽ ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുക.

8. പി.ടി.എ.കളുടെ മുൻകൈയ്യോടെ വിദ്യാലയ പരിശോധന രണ്ട് മാസത്തിലൊരിക്കലെങ്കിലും മുടങ്ങാതെ നടത്തുക.

9. തൃത്താല സെന്ററിൽ കംഫർട്ട് സ്റ്റേഷൻ നിർമ്മിച്ച് വ്യക്തികൾക്കോ സംഘടനകൾക്കോ ലേലത്തിൽ നൽകുക.

10. പൊതുസ്ഥലങ്ങളിൽ അറവുനടത്തുന്നതും മത്സ്യവിൽപന നടത്തുന്നതും തടയുക. പച്ചക്കറിവ്യാപാരികൾ, അറവുകാർ മത്സ്യവിൽപനക്കാർ എന്നിവരെ അതാതു വാർഡുകളിൽ സംഘടിപ്പിച്ച് വ്യവസായാടിസ്ഥാനത്തിൽ കമ്പോസ്റ്റ് കുഴികൾ നിർമ്മിക്കുക.

11. പഞ്ചായത്തിലെ യുവജന-കലാസാംസ്കാരിക സംഘടനകൾ നടത്തുന്ന നേത്ര ചികിത്സാ ക്യാമ്പുകൾ - ബ്ലഡ്ഗ്രൂപ്പ് നിർണ്ണയിക്കൽ, ആയുർവ്വേദ ക്യാമ്പുകൾ എന്നിവയ്ക്ക് പ്രോത്സാഹനം നൽകുക.

12. നേത്രദാനം, രക്തദാനം എന്നിവക്കു മുന്നിട്ടിറങ്ങുന്ന സംഘടനകൾക്ക് സഹായങ്ങൾ നൽകുക.

13. ക്ലീൻപഞ്ചായത്ത് പദ്ധതി എന്നപേരിൽ ബഹുജന പങ്കാളിത്തത്തോടെ ആറുമാസത്തിലൊരിക്കലെങ്കിലും വിവിധ വാർഡുകളിൽ ശുചീകരണം നടത്തുക. ആവശ്യ മായ സ്ഥലങ്ങളിൽ ചവറിടാൻ ടിന്നുകൾ വെയ്ക്കുക. തുറന്നുകിടക്കുന്ന ഓടകൾ സ്ലാബിട്ടു മൂടുക.

14. പഞ്ചായത്ത് ഒരു ആംബുലൻസ് പാങ്ങിക്കുക.

# കുടിവെള്ളം

## സ്ഥിതിവിശകലനം

ദാന ശീലത്തിൽ കർണന്റെ പാരമ്പര്യമാണ് കുടിവെള്ളപ്രശ്നത്തിൽ തൃത്താല പഞ്ചായത്തിനുള്ളത്. ഗുരുവായൂരിലേക്കും കുന്നംകുളത്തേക്കും കുടിവെള്ളമെത്തിക്കുന്നതിനുള്ള പദ്ധതി, ചാവക്കാട്ടേക്കുമാത്രമുള്ള കുടിവെള്ള പദ്ധതി, നടപ്പിലാകാൻ പോകുന്ന 18 പഞ്ചായത്തുകൾക്കുള്ള ബൃഹത്തായ ഡ ച്ചുഗവൺമെന്റുകൾ സഹായത്തോടെയുള്ള പദ്ധതി എന്നിവക്കെല്ലാം ആവശ്യമായ ജലം നൽകേണ്ടത് ഈ കൊച്ചുപഞ്ചായത്താണ്. തൃത്താലയുടെ ഹൃദയത്തിലൂടെ ഭീമാകാരങ്ങളായ പൈപ്പുകളിലൂടെ കുടിവെള്ളം കുത്തിഒഴുകി ദൂരങ്ങളിലെത്തിപ്പെട്ട് അവിടങ്ങളിലെ ദാഹം ശമിപ്പിക്കുമ്പോൾ തൃത്താല പഞ്ചായത്തിലെ വിവിധ വാർഡുകൾ കുടിവെള്ളത്തിനു കേഴുകയാണെന്നത് സത്യം മാത്രം. ഭാരതപ്പുഴയോരത്തുള്ള ഒന്നും, രണ്ടും, മൂന്നും വാർഡുകളിൽ കൂടി വേനൽക്കാലത്ത് കുടിവെള്ളക്ഷാമം അനുഭവപ്പെടുമ്പോൾ മലമ്പ്രദേശത്തുള്ള മറ്റു വാർഡുകളുടെ കഥ പറയേണ്ടതില്ല.

തൃത്താല പഞ്ചായത്തിലെ ജല ലഭ്യത ഭാരതപ്പുഴയുമായി ബന്ധപ്പെട്ടാണ് കിടക്കുന്നത്. അശാസ്ത്രീയമായ മണൽ വാരലും മറ്റും നടക്കുന്നതുകൊണ്ട് ഭാരതപ്പുഴ ഇന്ന് ജലസമ്പന്നമല്ല. ജനുവരി മാസത്തിൽ തന്നെ പുഴ പരിപൂർണ്ണമായി വറ്റി വരണ്ടു പോകുന്നു. പുഴയിൽ വെള്ളമുണ്ടെങ്കിൽ സമീപപ്രദേശത്തെ കിണറുകളിൽ വെള്ളമുണ്ട്. പുഴയിൽ വെള്ളമില്ലെങ്കിൽ കിണറ്റിലുമില്ല. കുന്നം കുളം – ഗുരുവായൂർ വാട്ടർ സപ്ലൈ സ്കീമിനും, ചാവക്കാട് വാട്ടർ സപ്ലൈ സ്കീമിനുമായി ജലം നൽകുന്നതിനു തൃത്താല സെന്ററിൽ പടുകൂറ്റൻ പമ്പുകൾ ദിവസത്തിൽ 21 മണിക്കൂർ ഭാരതപ്പഴയെ ഊറ്റിക്കുടിച്ചു കൊണ്ടിരിക്കുന്നു. ഒരു മണിക്കൂറിൽ 145എച്ച്.പി. വീര്യമുണ്ട് ഇതിന്റെ പ്രവർത്തനത്തിന് വോൾട്ടേജ് ക്ഷാമം കൊണ്ട് 3മണിക്കൂർ ദിവസത്തിൽ ഒഴിവാകുന്നു എന്നുമാത്രം ഭാരതപ്പുഴക്കുള്ളിലൂടെ കിലോമീറ്ററുകൾ താണ്ടിപൈപ്പ് ലൈനിട്ട്, കിണറുകൾ ഇടയിലിടയിൽ കുഴിച്ച് , ഗ്യാലറികൾ നിർമ്മിച്ചാണ് ഈവെള്ളം ഊറ്റി പമ്പ് ഹൗസിലേക്കെത്തിച്ച് പമ്പിംഗ് നിർവ്വഹിച്ചുപോരുന്നത്.വേനൽക്കാലത്ത് കേവലം 10 മണിക്കൂർ അടിക്കാനുള്ള വെള്ളമേകിട്ടുകയുള്ളൂ. തൃത്താലയിൽ ഭാരതപ്പുഴയിൽ ഒരു റഗുലേറ്റർ കം ബ്രിഡ്ജ് വന്നില്ലെങ്കിൽ വിഭാവനം ചെയ്തു കഴിഞ്ഞ പദ്ധതികൾ പോലും അവതാളത്തിലാകുമെന്ന് സാങ്കേതിക വിദഗ്ദർ വരെ വിലയിരുത്തിക്കഴിഞ്ഞിരുന്നു.

പഞ്ചായത്തിലെ 75% കുടുംബങ്ങളും സ്വന്തം കിണറുകളിൽ നിന്നാണ് കുടിവെള്ളം ശേഖരിക്കുന്നത്. എന്നാൽ മിക്കവാർഡുകളിലും ഇവയിൽ 75%ലും വറ്റിപ്പോകുന്ന മുടവന്നൂർ പ്രദേശത്തുകാർ വേനൽക്കാലത്ത് 2കി.മി. ഓളം നടന്ന് പൊതു ടാപ്പുകളിൽ നിന്ന് വെള്ളം ചുമന്നു കൊണ്ടു പോകുന്നത് കാണാറുണ്ട് 25 പഞ്ചായത്തുകിണറുകളും 25 പൊതുകുഴൽക്കിണറുകളും പൊതുവായുണ്ട് എന്നാൽ വേനൽ കാലങ്ങളിൽ ഇവയെ ആശ്രയിക്കാനാവില്ല. പൊതുജലവിതരണ പദ്ധതികൾക്കൊന്നും തന്നെ കുടിവെള്ള പ്രശ്നം പരിഹരിക്കാനായിട്ടില്ല. 125 പൊതുടാപ്പുകൾ ഉണ്ടെങ്കിലും പലതും പ്രവർത്തനക്ഷമമല്ല.

ജലവിതരണം പഞ്ചായത്തിൽ നടത്തുന്നതിന് 1962ൽ തൃത്താല ടി.ബി.യിൽ സ്ഥാപിച്ച ഒരു ടാങ്കും ഉപയോഗിക്കുന്നുണ്ട്. എന്നാൽ ഇവയിലേക്ക് ശുദ്ധീകരിച്ച ജലമല്ല പമ്പുചെയ്യുന്നത്. ചാവക്കാട്ടേക്കുള്ള പദ്ധതിയിൽ നിന്നും താല്ക്കാലികമായി ഈ ടാങ്കിലേക്ക് വെള്ളം എത്തിക്കയാണ് ചെയ്യുന്നത് 1962ൽ സ്ഥാപിക്കപ്പെട്ട തുരുമ്പുപിടിച്ച പൈപ്പിലൂടെയാണ് ഒന്ന്, രണ്ട് വാർഡുകളിൽ ജലവിതരണം നടത്തുന്നത്. തുരുമ്പിച്ച പൈപ്പിന്റെ ന്യൂനതകൾ മൂലം പലപ്പോഴും വെള്ളം ഈ പൈപ്പ്ലൈനിലുള്ള ടാപ്പുകളിൽ നിന്നും കിട്ടാറില്ല. ഇവയുടെ അറ്റകുറ്റപ്പണികൾ നിർവ്വഹിക്കേണ്ടത് ഷൊർണ്ണൂർ സബ്ഡിവിഷനിൽ നിന്നാകയാൽ വളരെ വൈകിയേ അറ്റകുറ്റപ്പണികൾ വരെ നടക്കാറുള്ളൂ.

പഞ്ചായത്തിലെ തച്ചറംകുന്ന് പ്രദേശം,

മുടവന്നൂർ, മേഴത്തൂർ, കണ്ണന്നൂർ, ഉള്ളന്നൂർ, കോടനാട്, ഞാങ്ങാട്ടിരി പ്രദേശങ്ങൾ കുടിവെള്ള പ്രശ്നം നേരിടുന്ന പ്രദേശങ്ങളാണ്. പഞ്ചായത്തിലെ ഒന്നു രണ്ടു വിദ്യാലയങ്ങൾ ഒഴിച്ച് മറ്റൊന്നിനും കുട്ടികൾക്ക് കുടിവെള്ളം നൽകാനുള്ള സംവിധാ നമില്ല. മുടവന്നൂർ പ്രദേശത്ത് കിണറുകൾ കുഴിക്കു മ്പോൾ പാറ തടസ്സമാകാറുണ്ട് ഭാരതപ്പുഴയുടെ തീരത്ത് 30 മീറ്റർ അടിവരെ കളിമണ്ണാണ്.

## നടപ്പു പദ്ധതികളുടെ അവലോകനം

ഡച്ച് ഗവൺമെന്റിന്റെ സഹായത്തോടെ യുള്ള പാറവട്ടി പദ്ധതി 18 പഞ്ചായത്തുകൾക്കും, 2മുൻസിപ്പാലിറ്റികൾക്കും കുടിവെള്ളം നൽകാനുള്ള പദ്ധതി.

ഈ പദ്ധതി നടപ്പാക്കിയാൽ ഇതിനു കീഴിലുള്ള ഒരു പഞ്ചായത്തെന്ന നിലയിൽ തൃത്താലയിലും ജലം ലഭ്യമായേക്കും എന്നാൽ പമ്പിംഗ് നടത്തേണ്ടത് ഭാരതപ്പുഴയിൽ നിന്നാണ്. ഇപ്പോൾ നിലവിലുള്ള കുന്നംകുളം ഗുരുവായൂർ ജലവിതരണ പദ്ധതിക്കും നാഗലശ്ശേരി ചാലിശ്ശേരി പഞ്ചായത്തുകൾക്കും ചാവക്കാട ട്ടക്കും വെള്ളമെ ത്തിക്കുന്ന പദ്ധതിക്ക് ആവശ്യമായ ജലം തന്നെ പുഴയിൽ നിന്നും ലഭ്യമല്ല. അതിന്റെ 4 ഇരട്ടി ശേഷിയുള്ള ഈ പദ്ധതി മറ്റു പദ്ധതികൾക്കായുള്ള പമ്പിംഗ് സ്റ്റേഷന്റെ 500 മീറ്ററിനുള്ളിലുള്ള പുതിയ പമ്പിംഗ് സ്റ്റേഷനിൽനിന്നുമാണ് ജലം അടിച്ചു കൊണ്ടുപോകാമെന്ന് കരുതുന്നത്. 18 പഞ്ചായത്തു കളിൽ ചെലവഴിക്കാൻ പോകുന്ന വമ്പിച്ച തുക വ്യഥാപാഴായി പോവുകയാവും ഫലം. ഭാരതപ്പുഴയിൽ ജലംകെട്ടിനിർത്താതെ ഒരു പദ്ധതിക്കും ജലം പ്രതീക്ഷിക്കേണ്ടതില്ല.

**പ്രശ്നങ്ങൾ.**

1. വാർഡുകളിലെല്ലാം തന്നെ സ്ഥിരമായ കുടി വെള്ളക്ഷാമം നേരിടുന്നു.
2. മുടവന്നൂർ പ്രദേശങ്ങളിൽ പാറകളും – ഭാരതപ്പുഴയുടെ തീരത്ത് കളിമണ്ണും കിണറുകൾ കുഴിക്കുന്നതിന് ബുദ്ധിമുട്ടുണ്ടാകുന്നു.
3. കുഴൽകിണറുകളിൽനിന്നും പ്രതീക്ഷിച്ചത്ര ജലം ലഭിക്കുന്നില്ല.
4. മിക്കകിണറുകളും വേനൽക്കാലങ്ങളിൽ വറ്റിവരണ്ടുപോകുന്നു.
5. ശുദ്ധീകരിക്കാത്തജലം വിതരണം ചെയ്യപ്പെടുന്നു.
6. പൈപ്പുകൾ തുരുമ്പെടുത്ത് കിടക്കുന്നത് മാറ്റുന്നില്ല.
7. ടാപ്പുകളുടെ തകരാറുമൂലം ജലം നഷ്ടപ്പെടുന്നു.
8. പുതിയ ടാപ്പുകൾ അനുവദിക്കുന്നില്ല.
9. പ്രധാന ജലസ്രോതസ്സായ ഭാരതപ്പുഴ അഞ്ചുമാസത്തോളം വറ്റിവരണ്ടുകിടക്കുന്നു.
10. അശാസ്ത്രീയമായ മണൽ എടുക്കൽ ഉപരിതല വാട്ടർ ലെവലിനെ താഴേക്ക് വലിക്കുന്നു.

**സാധ്യതകൾ**

1. ജലവിതരണം പഞ്ചായത്ത് ഏറ്റെടുത്ത് ഹൗസ് കണക്ഷൻ നൽകുക.
2. മുണ്ടനാട്ടു കോളനിയെ പോലെ, നച്ചറക്കുന്നത്തെ പോലെ, തൃത്താല സെന്റർ പോലെ, ആവശ്യമായ സ്ഥലങ്ങളിൽ കൂടുതൽ ടാപ്പുകൾ അനുവദിക്കുക.
3. ഉള്ളന്നൂർ ഭാഗത്തെ രണ്ട് ചിറകളിൽ ലഭ്യമായ ജലം ശുദ്ധീകരിച്ച് വിതരണം ചെയ്യാൻ ശ്രമിക്കുക.
4. ആറുമീറ്റർ പൈപ്പ് കൊണ്ട് ഡച്ചുപദ്ധതിയുമായി തച്ചറം കുന്നത്ത് വിതരണം നടത്തുന്ന പൈപ്പു ലൈനുമായി ബന്ധിച്ച് അവിടത്തെ ജലക്ഷാമം പരിഹ രിക്കാം.
5. തൃത്താല സെന്ററിൽ (ഒന്നും രണ്ടും വാർഡിൽ) സുമാർ 100മീറ്റർ പൈപ്പ് മാറ്റി നിലവിലുള്ള ജലവി തതരണം മെച്ചപ്പെടുത്തുക.
6. പൊതുകിണറുകളും, കുഴൽകിണറുകളും ടാപ്പുകളും യഥാസമയം റിപ്പയർ ചെയ്യുക.
7. ഞാങ്ങാട്ടിരിഭാഗത്ത് തടയണകെട്ടി കുടിവെള്ളം ലഭ്യമാക്കുക.
8. കുന്നംകുളം, ഗുരുവായൂർ പദ്ധതിയുമായി ബന്ധിപ്പിച്ച് മേഴത്തൂർ ഗവൺമെന്റ് ഹൈസ്ക്കൂളിൽ കുടിവെ ള്ളമെത്തിക്കുക.
9. 8–ാം വാർഡിലെ ലക്ഷംവീട് കോളനിയിലെ പഞ്ചായത്തുകിണറിന്റെ അപകടാവസ്ഥമാറ്റുക.
10. 9–ാം വാർഡിലെ നാല്സെന്റ് കോളനിയിൽ കുടിവെള്ളമെത്തിക്കാൻ ഊർജ്ജിത ശ്രമം നടത്തുക.
11. ഭാരതപ്പുഴയിൽ ജലം സമൃദ്ധിയായി ഉണ്ടാകുന്നതിന് പഞ്ചായത്തിന്റെ അത്യാവശ്യ പദ്ധതിയായ വെള്ളിയാം കല്ല് റഗുലേറ്റർ കം ബ്രിഡ്ജ് പദ്ധതി നടപ്പിലാക്കുക. മണൽ വാരലിൽ നിയന്ത്രണം ഏർപ്പെടുത്തുക.



# VII

# വികസനമേഖല

# വിദ്യാഭ്യാസം

സർക്കാർ/എയ്ഡഡ് വിദ്യാലയങ്ങൾ ഭൂപടം

1. തൃത്താല ഹൈസ്കൂൾ
2. ജി.എം.എൽ.പി.സ്കൂൾ
3. എം.ഡി.യം.യു.പി തൃത്താല
4. ജി.എം.എൽ.പി വി.കെ.കടവ്
5. ആർ.എൽ.പി.എസ് ഉള്ളന്നൂർ
6. എ.യു.പി.എസ് ഞാങ്ങാട്ടിരി
7. മേഴത്തൂർ ഹൈസ്കൂൾ മേഴത്തൂർ




വിദ്യാഭ്യാസ സ്ഥാപനങ്ങൾ

# വിദ്യാഭ്യാസം

കേരളത്തിന്റെ അഭിമാനാർഹമായ വിദ്യാഭ്യാസ ഈ പ്രദേശവുംനേരത്തെതന്നെ പങ്കാളിയായിരുന്നു. മേഴത്തൂർ അഗ്നിഹോത്രിയുടെയും, പാക്കനാരുടേയും അമതന്റെയും ചരിത്രമുറങ്ങുന്ന ഈ പ്രദേശത്ത് അക്ഷരം നിഷിദ്ധമായിരുന്നവർ അത് നേടിയെടുക്കാൻ നടത്തിയ പോരാട്ടങ്ങളുടെ ചരിത്രം പ്രസിദ്ധമാണ്. ഗുരുവായൂർ സത്യാഗ്രഹ പ്രശ്നവും, വി.ടി നേതൃത്വം നൽകിയ സാമൂഹ്യ പരിഷ്കരണപ്രസ്ഥാനവും സ്ത്രീ വിദ്യാഭ്യാസമുൾപ്പെടെയുള്ള വിദ്യാഭ്യാസമുന്നേറ്റത്തിന് സഹായകമായി. കേരളത്തിലെ നമ്പൂതിരി സമുദായത്തിലെ പരിഷ്കരണങ്ങളുടെ ആസ്ഥാനമായിരുന്നു മേഴത്തൂർ. വിധവാവിവാഹം, മിശ്രഭോജനം എന്നിവയ്ക്ക് നേതൃത്വം നൽകുകയും, വൃദ്ധനമ്പൂതിരിമാർ ബാലികമാരെ വിവാഹം ചെയ്യുന്നതിനെതിരായി വിവാഹപന്തൽ പിക്കറ്റിങ്ങ് ചെയ്യുന്നതടക്കമുള്ള സമരമുറകൾ നടത്തുകയും ചെയ്തത് ഈ കാലഘട്ടത്തിലാണ്. ചരിത്രപ്രസിദ്ധമായ ഗുരുവായൂർ സത്യാഗ്രഹ സമരത്തിന്റെ ആലോചനാ കേന്ദ്രമായിരുന്നു മേഴത്തൂരിലെ വി.ടിയുടെ ഭവനം ഇതോടനുബന്ധിച്ച് ജാതി മർദ്ദനത്തിനും, അയിത്താചരണത്തിനുമെതിരെ വ്യാപകമായ ബോധവൽകരണ പ്രവർത്തനം നടന്നു. ഋതുമതികളായ പെൺകുട്ടികൾക്ക് തുടർന്നുള്ള പഠനത്തിന് പ്രോത്സാഹനം നൽകി. നമ്പൂതിരി സമുദായത്തിലെ യുവാക്കൾക്ക് വിദ്യാഭ്യാസ സഹായം നൽകുന്നതിന് "യാചനായാത്ര" നടത്തി. അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്, കണ്ണീരും കിനാവും തുടങ്ങിയ നാടകങ്ങൾ സ്ത്രീ വിദ്യാഭ്യാസത്തിനും, സ്ത്രീ സ്വാതന്ത്ര്യത്തിനും വേണ്ടിയുള്ള ശക്തമായ പ്രസ്ഥാനത്തിന് തുടക്കം കുറിച്ചു. നമ്പൂതിരിസമുദായത്തിലുണ്ടായ പരിഷ്കരണ പ്രവർത്തനങ്ങൾ സമൂഹത്തിലാകെ ശക്തമായ ചലനം സൃഷ്ടിച്ചു. ഈ പഞ്ചായത്തിന്റേയും, പരിസരപ്രദേശങ്ങളുടേയും, സാംസ്കാരികവും, വിദ്യാഭ്യാസപരവുമായ നേട്ടത്തിൽ ഈ പ്രസ്ഥാനങ്ങൾ നിർണ്ണായക പങ്ക്വഹിച്ചു. എസ്.എസ്.എൽ.സി. വരെയുള്ള ഫീസ് പൂർണ്ണമായി എടുത്തുകളഞ്ഞതും, കാർഷിക പരിഷ്കരണവും സാർവ്വത്രിക വിദ്യാഭ്യാസത്തിന് അടിത്തറ പാകി.

ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ തന്നെ അറിവിന്റെ വെളിച്ചം പകരുന്നതിനുള്ള പ്രവർത്തനങ്ങൾ ഇവിടെ തുടങ്ങിയിരുന്നു. എഴുത്താശാന്മാരും, എഴുത്തുപള്ളികളും ഇതിൽ നിർണ്ണായക പങ്ക് വഹിച്ചിട്ടുണ്ട്. ഈ ഗ്രാമപഞ്ചായത്തിലെ ആദ്യ വിദ്യാലയമായ എം.സി.എം. യു.പി.സ്കൂൾ 1898–ൽ ബാസൽമിഷ്യന്റെ നേതൃത്വത്തിൽ 8–ാം തരംവരെയുള്ള വിദ്യാലയമായി പ്രവർത്തനം ആരംഭിച്ചു. 1920ന് മുമ്പുതന്നെ എഴുത്തുപള്ളിയായി തുടങ്ങി 1928–ൽ എലിമെന്ററി വിദ്യാലയവും, 1956–ൽ അപ്പർപ്രൈമറിയായും ഞാങ്ങാട്ടൂർ എ.യു.പി.എസ്. മാറി. ജി.എം.എൽ.പി. വരണ്ടുകുറ്റിക്കടവ് സ്ക്കൂൾ ഡി.എം.ആർ.ടി.യുടെ കീഴിൽ രാത്രി വിദ്യാലയമായാണ് പ്രവർത്തനം ആരംഭിച്ചത്. 1953–ൽ ഡോ: കെ.ബി.മേനോന്റെ നേതൃത്വത്തിൽ തൃത്താല എഡ്യുക്കേഷണൽ സൊസൈറ്റി രൂപീകരിച്ച് തൃത്താല ഹൈസ്ക്കൂൾ സ്ഥാപിച്ചതിനാൽ ഹൈസ്ക്കൂൾ പഠനത്തിനും ഇവിടെയുള്ളവർക്ക് അനുഗ്രഹമായി. കൂടാതെ 1981–ൽ ഈ ഗ്രാമപഞ്ചായത്തിലെ മേഴത്തൂർ യു.പി.സ്ക്കൂൾ അപ്ഗ്രേഡ് ചെയ്ത് ഹൈസ്ക്കൂളാക്കിയതും, വിദ്യാഭ്യാസ നിലവാരത്തിന് നേട്ടമുണ്ടാക്കി.

നമ്മുടെ ഗ്രാമപഞ്ചായത്തിലെ അഞ്ചുവയസ്സായ എല്ലാകുട്ടികളും വിദ്യാലയങ്ങളിലെത്തുന്നുണ്ട്. ഈ ഗ്രാമപഞ്ചായത്തിൽ 6217 വിദ്യാർത്ഥികൾ ഉണ്ട്. ഇതിൽ 3059 ആൺകുട്ടികളും, 3157 പെൺകുട്ടികളും ആണ്. ഇവിടെയുള്ള ഏഴ് വിദ്യാലയങ്ങൾക്ക് പുറമെ ഹൈസ്കുൾ വിദ്യഭ്യാസത്തിനായി പട്ടാമ്പി, പട്ടിത്തറ, തിരുമിറ്റക്കോട് എന്നീ സമീപ പഞ്ചായത്തുകളിലെ വിദ്യാലയങ്ങളിലേക്ക് ഇവിടത്തെകുട്ടികൾപോകുന്നുണ്ട്. നാഗലശ്ശേരി ഗവ: യു.പി. സ്ക്കൂളിലേക്ക് സമീപത്തുള്ളകുറച്ചുകു ട്ടികൾ ഈ പഞ്ചായത്തിൽ നിന്നും പോകുന്നുണ്ട്. അകലെയുള്ള ഇംഗ്ലീഷ് മീഡിയം, കോൺവന്റ് എന്നിവിടങ്ങളിലെക്കും കുട്ടികൾ പോകുന്നു. അടുത്തക്കാലത്തായി അൺഎയ്ഡഡ് ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങൾ ഈ ഗ്രാമപഞ്ചായത്തിൽ വളരെയധികം പ്രവർത്തനം തുടങ്ങിയിട്ടുണ്ട്.

ഈ ഗ്രാമപഞ്ചായത്തിലെ വിദ്യാലയങ്ങളിൽ രണ്ട് ഹൈസ്ക്കൂൾ, രണ്ട് യു.പി. സ്ക്കൂൾ

എന്നിങ്ങനെയാണ്. ഇവയിൽ രണ്ട്. എൽ.പി.സ്ക്കൂളും, ഒരു ഹൈസ്ക്കൂളും സർക്കാർ മേഖലയിലാണ്. പാലക്കാട് ജില്ലയിലെ 20 വിദ്യാലയങ്ങൾ ആനക്കര ഡയറ്റിന്റെ നേതൃത്വത്തിൽ എം.എൽ.എൽ.വിദ്യാലയങ്ങളായി തെരഞ്ഞെടുത്തിട്ടുണ്ട്. ഞാങ്ങാട്ടൂർ എ.യു.പി. സ്ക്കൂൾ ഇവയിൽ ഒന്നാണ്. ഇവിടെയുള്ള ജി.എം. എൽ.പി.എസ്. വരണ്ടു കുറ്റിക്കടവ് ഭൗതിക സാഹചര്യം മോശമായതിനാലും ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകൾ അടുത്തുവന്നതിനാലും കുട്ടികളുടെ എണ്ണം കുറവായതിനാലും അടച്ചുപൂട്ടൽ ഭീഷണി നേരിടുന്നുണ്ട്. ഇവിടെ നാലുക്ലാസുകളിലായി ആകെ 71 വിദ്യാർത്ഥികൾ മാത്രമേയുള്ളൂ.

കഴിഞ്ഞ 10 വർഷത്തിനുള്ളിൽ ഈ ഗ്രാമപഞ്ചായത്തിൽ 5 ഇംഗ്ലീഷ് മീഡിയം അൺഎയ്ഡഡ് സ്ക്കൂളുകൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഈ പ്രവണത പൊതു വിദ്യാഭ്യാസത്തെ സാരമായി ബാധികുന്നു. ഗൾഫ് പണത്തിന്റെ ഒഴുക്കാണ് ഇത്തരം വിദ്യാലയങ്ങളുടെ വളർച്ചയെ സഹായിക്കുന്നത്. ഇന്ന് വിദ്യാഭ്യാസം ഒരു ലാഭകരമായ കച്ചവടമായി മാറിയിരിക്കുന്നു. ജനസംഖ്യ നിയന്ത്രണം ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളുടെ ആധിക്ക്യം എന്നിവ ഒന്നാം ക്ലാസിലെത്തുന്നുന്ന കുട്ടികളുടെ എണ്ണത്തെ ബാധിക്കുന്നില്ലെങ്കിലും കൊഴിഞ്ഞുപോക്ക് വളരെ കൂടുതലാണ്.

**5 വർഷങ്ങളിലെ ഒന്നാം സ്റ്റാന്റേർഡ് അഡ്മിഷൻ**
**പട്ടിക ഒന്ന്**

| നമ്പർ | വിദ്യാലയം | 92-93 B.G. | 93-94 B.G. | 94-95 B.G. | 95-96 B.G. | 96-97 B.G. |
|---|---|---|---|---|---|---|
| 1. | GMLPS തൃത്താല | 8+12 | 19+19 | 18+9 | 11+16 | 10+20 |
| 2. | GMLPS V.K. കടവ് | 9+13 | 13+13 | 6+14 | 7+7 | 14+10 |
| 3. | AUPS ഞാങ്ങാട്ടൂർ | 104 | 111 | 116 | 108 | 116 |
| 4. | MCMUPS തൃത്താല | 52+60 | 45+42 | 34+50 | 57+48 | 40+41 |
| 5. | RALPS ഉള്ളന്നൂർ | 25+9 | 20+16 | 22+25 | 17+23 | 22+21 |
| 6. | G.H.S. മേഴത്തൂർ | 55+65 | 60+50 | 60+70 | 63+78 | 63+78 |

ഈ ഗ്രാമപഞ്ചായത്തിൽ 204 അദ്ധ്യാപകരുണ്ട് അവരിൽ പുരുഷന്മാർ 86 സ്ത്രീകൾ 118. കൂടുതൽ വരുമാനമുള്ള തൊഴിൽ തേടി പുരുഷന്മാർ പോകുന്നതിനാൽ വിദ്യാലയങ്ങളിൽ പുരുഷന്മാരുടെ എണ്ണം കുറഞ്ഞുവരുന്നു. ഉള്ളവരിൽ ഒരു വിഭാഗം ദീർഘകാല ലീവെടുത്ത് ഗൾഫ്മേഖലകളിലേക്ക് ചേക്കേറുന്നു.

ഇവിടുത്തെ മുഴുവൻ വിദ്യാലയങ്ങളും ഭൗതികസാഹചര്യങ്ങളുടെ കാര്യത്തിൽ സ്വയം പര്യാപ്തമല്ല. മേഴത്തൂർ ഗവ: ഹൈസ്കൂൾ, GMLPS, VK കടവ് എന്നിവിടങ്ങളിൽ ഫർണ്ണിച്ചറുകളുടെ കുറവ് വളരെ രൂക്ഷമാണ്. തൃത്താല ഹൈസ്കൂൾ, ഞാങ്ങാട്ടിരി യു. പി. എന്നിവയൊഴിച്ചാൽ മിക്ക വിദ്യാലയങ്ങളിലും ആവശ്യത്തിന് കക്കൂസില്ല. ഭൂരിപക്ഷം വിദ്യാലയങ്ങളിലും കുടിവെള്ള സൗകര്യം പോലുമില്ല. 7 വിദ്യാലയങ്ങളിൽ 4 എണ്ണം വൈദ്യതീകരിച്ചതാണ് ലൈബ്രറി ലബോറട്ടറി എന്നിവ തൃത്താല ഹൈസ്കൂളിലൊഴിച്ച് മറ്റ് വിദ്യാലയങ്ങളിൽ നാമമാത്രമാണ്. കളിസ്ഥലങ്ങളിൽ മിക്കതും ഉപയോഗപ്രദമല്ല. GMLPS, VK കടവ്. RALPS ഉള്ളന്നൂർ എന്നിവിടങ്ങളിൽ ക്ലാസ്റൂം Seperation ഇല്ല. മേഴത്തൂർ GHS-ൽ ഭാഗികമായി മാത്രമേയുള്ളൂ. വേണ്ടത്ര കെട്ടിടമില്ലാത്തതിനാൽ മേഴത്തൂർ ഹൈസ്കൂളിൽ LP തലം മുതൽ ഹൈസ്കൂൾതലം കൂടി Shift അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നു.

**1996-97 അദ്ധ്യയന വർഷത്തിലെ വിവരങ്ങൾ**

| Sl No. | വിദ്യലയങ്ങൾ | സർക്കാർ | പ്രൈവറ്റ് | ആൺകുട്ടികൾ | പെൺ കുട്ടികൾ | ആകെ കുട്ടികൾ | ആകെ അദ്ധ്യാപകർ |
|---|---|---|---|---|---|---|---|
| 1 | T.H.S-തൃത്താല | | | 1254 | 1298 | 2552 | 92 |
| 2 | G.H.S.മേഴത്തൂർ | | | 714 | 743 | 1458 | 44 |
| 3 | M.C.M.U.P.Sതൃത്താല | | | 397 | 410 | 807 | 21 |
| 4 | A.U.P.S. ഞാങ്ങാട്ടൂർ | | | 487 | 509 | 996 | 31 |
| 5 | G.M.L.P.S.തൃത്താല | | | 53 | 62 | 115 | 5 |
| 6 | G.M.L.P.S.V.K.കടവ് | | | 35 | 36 | 71 | 4 |
| 7 | R.A.L.P.S.ഉള്ളന്നൂർ | | | 119 | 99 | 218 | 7 |
| | ആകെ | | | | | 6217 | 204 |

ഈ ഗ്രാമപഞ്ചായത്തിലെ വിദ്യാലയങ്ങളിൽ PTA, മാതൃസംഗമം ഇവയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമല്ല. G.M.L.P.S.തൃത്താല, M.C.M.U.P.S തൃത്താല എന്നിവിടങ്ങളിൽ PTA തീരെ സജീവമല്ല. ഞാങ്ങാട്ടിരി UPS, മേഴത്തൂർ GHS ഇവിടങ്ങളിൽ PTA സജീവമാണ്. ഞാങ്ങാട്ടിരി വിദ്യാലയം കലക്ടർ ഏറ്റെടുത്ത വർഷങ്ങളിൽ സ്കൂളിന്റെ അറ്റകുറ്റപ്പണികൾ നടത്തുക, ആവശ്യത്തിന് ഫർണ്ണീച്ചർ നിർമ്മിക്കുക എന്നീ പ്രവർത്തനങ്ങൾ PTA യുടെ നേതൃത്വത്തിൽ നടത്തുകയുണ്ടായി. ഇതിനായി 50000 രൂപപിരിച്ചെടുത്തു. ഈ വർഷം 10000 രൂപ PTA യുടെ നേതൃത്വത്തിൽ പിരിച്ചെടുത്ത് പാവപ്പെട്ട കുട്ടികൾക്ക് യൂണിഫോം, പഠനോപകരണങ്ങൾ എന്നിവ വിതരണം ചെയ്തു. പാഠ്യേതര പ്രവർത്തനങ്ങൾക്ക് ആവശ്യമായ മേഴത്തൂർ GHS ഹൈസ്കൂളാക്കി Upgrade ചെയ്യുന്നതിനാവശ്യമായ സ്ഥലവും കെട്ടിടവും സംഭാവനയായി നൽകിയത് അന്നത്തെ PTA ആണ്. എല്ലാ വർഷവും ഉള്ള സ്കൂളിന്റെ അറ്റകുറ്റപ്പണികൾ PTA യുടെ നേതൃത്വത്തിലാണ് നടത്തുന്നത്. ഈ അദ്ധ്യയനവർഷം ക്ലാസ് റൂം Seperation, ഫർണ്ണീച്ചർ നിർമ്മാണം എന്നിവയും PTA നടത്തു കയുണ്ടായി. കൂടാതെ ഈ ഹൈസ്കൂളിന് തൃത്താല സഹകരണബാങ്കിന്റെ പൊതുനന്മാ ഫണ്ടിൽ നിന്ന് ചുറ്റുമതിൽ കെട്ടാൻ ഉപയോഗിച്ചു. GMLPSVK കടവിൽ നിലം പതിക്കാറായ കെട്ടിടം റിപ്പയർ ചെയ്തു. ഞാങ്ങാട്ടിരി UPSൽ മാതൃസംഗമത്തിന്റെ പ്രവർത്തനം സജീവമാണ് പിന്നോക്കം നിൽക്കുന്ന കുട്ടികളെ പരീക്ഷ നടത്തി കണ്ടെത്തി അവർക്ക് പ്രത്യേക ക്ലാസ്സെടുക്കുന്നതിന് ഉള്ള സംവിധാനം PTA യുടെ സഹകരണത്തോടെ ഇവിടെ നടത്തുന്നു. ഇതിനു വേണ്ടി വാർഡ് മെമ്പർ ചെയർമാനും ഹെഡ്മാസ്റ്റർ കൺവീനറുമായി വിദ്യാഭ്യാസവികസന സമിതി രൂപീകരിച്ച് പ്രവർത്തിക്കുന്നുണ്ട്. ഇവിടത്തെ എല്ലാ വിദ്യാലയങ്ങളും പാഠ്യാനുബന്ധ പ്രവർത്തനങ്ങൾ, പാഠ്യേതര പ്രവർത്തനങ്ങൾ എന്നിവയിൽ വേണ്ടത്ര സജീവമല്ല. തൃത്താല സബ്ജില്ലാ കായികമേളയിൽ എ.യു.പി.എസ്. ഞാങ്ങാട്ടൂർ യു.പി. വിഭാഗത്തിൽ രണ്ടാം സ്ഥാനവും പെൺകുട്ടികളുടെ വിഭാഗത്തിൽ അഗ്രഗേറ്റ് ഷീൽഡും, ശാസ്ത്രമേളയിൽ യു.പി. വിഭാഗം ഒന്നാം സ്ഥാനവും എൽ.പി. വിഭാഗം രണ്ടാം സ്ഥാനവും നേടി. ബാലകലോത്സവത്തിൽ കലാതിലകമുൾപ്പടെ നല്ലപ്രകടനവും ഈ വിദ്യാലയം കാഴ്ചവെക്കുന്നു. ജില്ലാ സംസ്ഥാനതലമത്സരങ്ങളിലും നമ്മുടെ ഗ്രാമപഞ്ചായത്തിലെ വിദ്യാലയങ്ങളിൽ നിന്നും കുട്ടികൾ പങ്കെടുക്കുന്നു. യുറീക്കാ വിജ്ഞാനോത്സവത്തിലും വിദ്യാലയങ്ങൾ സജീവമാണ്. മേഖലവിജ്ഞാനോത്സവത്തിൽ ഞാങ്ങാട്ടൂർ എ.യു.പി.എസ്., മേഴത്തൂർ ജി.എച്ച്.എസ്, തൃത്താല ടി.എച്ച്.എസ് എന്നിവ പതിവായി മുൻ നിരയിലെത്താറുണ്ട്.

ഈ ഗ്രാമപഞ്ചായത്തിലെ രണ്ട് ഹൈസ്ക്കൂളിലും എസ്.എസ്.എൽ.സി. വിജയശതമാനം 20% ത്തോളമെയുള്ളൂ. അഞ്ചുവർഷങ്ങളിലെ എസ്.എസ്.എൽ.സി വിജയശതമാനം.

പട്ടിക : 3

| Sl.No. | വിദ്യാലയം | വർഷം | ആകെ പരീക്ഷക്ക് ഇരുന്നവർ | വിജയിച്ചവർ | വിജയ% |
|---|---|---|---|---|---|
| 1. | ടി.എച്ച്.എസ്. തൃത്താല | 1991–92 | 480 | 124 | 26 |
| | | 1992–93 | 477 | 118 | 25 |
| | | 1993–94 | 465 | 112 | 23 |
| | | 1994–95 | 483 | 101 | 21 |
| | | 1995–96 | 532 | 67 | 12.5 |
| 2. | ജി.എച്ച്.എസ്. മേഴത്തൂർ | 1991–92 | 86 | 20 | 24 |
| | | 1992–93 | 98 | 17 | 18 |
| | | 1993–94 | 95 | 20 | 19 |
| | | 1994–95 | 100 | 26 | 26 |
| | | 1995–96 | 114 | 22 | 19 |

രണ്ട് ഹൈസ്ക്കൂളിലും വർഷം തോറും വിദ്യാർത്ഥികൾ കൂടുകയും വിജയശതമാനം കുറയുകയുമാണ്.

മാനവ വിഭവശേഷിമന്ത്രാലയത്തിന്റെ സഹായത്തോടെ ഷൊർണൂർ ഐ.പി.ടി. & ജി.പി.ടിയിലെ കമ്മ്യൂണിറ്റി പോളി ടെക്നിക് സ്കീമിന്റെ കീഴിൽ പ്രവർത്തിക്കുന്ന എം.ആർ.ആർ.ടി.വി. ഇലക്ട്രിക്കൽ വയറിങ്ങ് എന്നീരണ്ടുക്ലാസ്സുകൾ കഴിഞ്ഞ വർഷം മുതൽ പ്രവർത്തിച്ചു വരുന്നു. ആറ് മാസത്തെ കോഴ്സാണ് ഇവിടെ നടന്നു വരുന്നത്. എം.ആർ. ആർ.ടി.വി. കോഴ്സിന് 12 ആൺകുട്ടികളും ഒരു പെൺകുട്ടിയും പഠിക്കുന്നു. ഇലക്ട്രിക്കൽ വയറിങ്ങിന് 26 ആൺകുട്ടികളും പഠിക്കുന്നുണ്ട്. മാസ്റ്റേഴ്സ്, ടൈപെക്സ്, വിക്ടറി എന്നീ ട്യൂഷൻ സെന്ററുകൾ ഇവിടെ പ്രവർത്തിക്കുന്നുണ്ട്. 5 അൺഎയ്ഡഡ് ഇംഗ്ലീഷ് മീഡിയം ശിശു വിദ്യാലയങ്ങൾ സ്വകാര്യമേഖലയിൽ പ്രവർത്തിച്ചു വരുന്നു. ഇവക്ക് പുറമേ 25 അംഗനവാടികളും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. അംഗനവാടികൾ സബ്ജില്ലാ തലത്തിലുള്ള പാഠ്യേതര പ്രവർത്തനങ്ങളിൽ പങ്കെടു ക്കാറുണ്ട്.

ഈ ഗ്രാമപഞ്ചായത്തിൽ 10 വായനശാലകളും 6 ഗ്രന്ഥശാലകളും പ്രവർത്തിക്കുന്നു. കണ്ണനൂരിൽ ഒരു ഗ്രന്ഥശാല ആരംഭിക്കേണ്ടതാണ്. എൽ.എൽ.എ. യുടെ കീഴിലുള്ള ഞാങ്ങാട്ടിരി എ.യു.പി.എസ്. ലെ ഒരു മൂലയിലാണ് പ്രവർത്തിക്കുന്നത്. ഈ ഗ്രന്ഥശാലക്ക് സ്വന്തമായ ഒരു കെട്ടിടം അനിവാര്യമാണ്. കിഴക്കേകോടനാടുള്ള ഗ്രന്ഥശാലക്കും സ്വന്തമായ കെട്ടിടം ഇല്ല. ജനങ്ങളുടെ വായനശീലം വളർത്തുന്നതിൽ നിലവിലുള്ള ഗ്രന്ഥശാലകൾക്ക് ഏറെയൊന്നും ചെയ്യാൻ കഴിയുന്നില്ല. മരച്ചുവടോ, ഓലമേഞ്ഞചെറിയ ഷെഡുകളോ വായനാ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾക്ക് തിരഞ്ഞെടുക്കാം. ഇവിടേക്കാവശ്യമായ പത്രങ്ങൾ, മാസികകൾ എന്നിവ അടുത്തുള്ള വ്യക്തികളിൽ നിന്നും സ്വീകരിക്കാവുന്നതാണ്. അവ രണ്ട്ദിവസം കഴിഞ്ഞാൽ തിരിച്ച് നൽകുകയും ചെയ്യാം. ഇത്തരം വായനാകേന്ദ്രങ്ങൾ ഓരോ വാർഡിലും സൗകര്യപ്രദമായ സ്ഥലത്ത് നടത്താവുന്നതാണ്.

അഭിമാനാർഹമായ നേട്ടം കൈവരിച്ചതായിരുന്നു കേരളത്തിലെ 1990-ൽ നടപ്പാക്കിയ സാക്ഷരതാ പ്രവർത്തനം. നമ്മുടെ ഗ്രാമപഞ്ചായത്തും ഇതിൽ സജീവപങ്കാളിയായി. 4, 5, 6, 7, 8, 9 വാർഡുകളിൽ സാക്ഷരതാ പ്രവർത്തനം വളരെ

സജീവമായിരുന്നു. ഇവിടെ മൊത്തം നൂറോളം ക്ലാസ്സുകൾ നടത്തിയിട്ടുണ്ട്. 78% ഉണ്ടായിരുന്ന നമ്മുടെ സാക്ഷരത, ഒരു വർഷത്തെ സാക്ഷരതാ പ്രവർത്തനങ്ങൾക്ക് ശേഷം 88.75% ആയി ഉയർന്നു.

ഈഗ്രാമ പഞ്ചായത്തിൽ രണ്ട് കി.മീലധികം യാത്ര ചെയ്ത് പ്രാഥമിക വിദ്യാലയങ്ങളിലെത്തേണ്ട സ്ഥലങ്ങളുണ്ട്. ഇതൊഴിവാക്കാൻ മുടവന്നൂർ, ചോലക്കുണ്ട്, കിഴക്കേകോടനാട് എന്നീ പ്രദേശങ്ങളിലെ കുട്ടികൾക്ക് പഠിക്കാൻ സൗകര്യ പ്രദമായി മുടവന്നൂരിൽ ഒരു പ്രാഥമിക വിദ്യാലയം ആരംഭിക്കേണ്ടതാണ്. ഇതുപോലെ കെക്കേകോടനാടും ഒരു എൽ.പി.സ്ക്കൂൾ സ്ഥാപിക്കേണ്ടത് വളരെ അത്യന്താപേക്ഷിതമാണ്. കൂടാതെ സാങ്കേതിക രംഗത്ത് മികച്ച വൈദഗ്ദ്യം നേടിയ 15 ഡോക്ടർമാരും, 27 എഞ്ചിനീയർമാരും, 12 വക്കീൽമാരും, 36 പോസ്റ്റ്ഗ്രാജുവേറ്റർമാരും, ഒരു ചാർട്ടേട് എക്കൗണ്ടന്റും നമ്മുടെ പഞ്ചായത്തിലുണ്ട്.

**പ്രശ്നങ്ങൾ**

1. പ്രാഥമിക ഭാഷാഗണിത നൈപുണികൾ ആർജ്ജിക്കാത്ത നല്ലൊരു ശതമാനം കുട്ടികൾ വിദ്യാലയങ്ങളിലുണ്ട്.

2. ഭൗതികസാഹചര്യങ്ങൾ വേണ്ടത്രയില്ല.

3. പൊതുവിദ്യാലയങ്ങളിൽ അനുഭവപ്പെടുന്ന കുട്ടികളുടെ കുറവ്.

4. പി.ടി.എ., മാതൃസംഗമം എന്നിവയുടെ പ്രവർത്തനം ഫലപ്രദമല്ല.

5. അദ്ധ്യാപകരുടെ ഒഴിവുകൾ യഥാസമയം നികത്തുന്നില്ല.

6. വിദ്യാർത്ഥികളുടെ ഹാജർകുറവ്. (പ്രത്യേകമായി പിന്നോക്കം നിൽക്കുന്നവർ.)

7. സ്ക്കൂൾ ലൈബ്രറി, ലബോറട്ടറി എന്നിവയുടെ അപര്യാപ്തത.

8. അദ്ധ്യായനദിവസങ്ങളുടെ കുറവ്. ( ത്രീ ടേം പരീക്ഷ, കായിക ശാസ്ത്രകലാമേളകൾ, ആകസ്മിക അവധികൾ, അദ്ധ്യാപകരുടെ കാഷ്വൽ അവധികൾ).

9. കുട്ടികൾക്ക് പ്രായോഗിക പ്രവർത്തനങ്ങൾക്ക് സമയം കിട്ടത്തക്കവിധമല്ല പാഠ്യപദ്ധതി.

10. സ്ക്കൂൾ കോംപ്ലക്സ് പ്രവർത്തനങ്ങൾ നടക്കുന്നില്ല.

11. പഠനനിലവാരം വേണ്ടപോലെ വിലയിരുത്തപ്പെടുന്നില്ല.

12. എസ്.എസ്.എൽ.സി. വിജയശതമാനം വളരെ പരിതാപകരമാണ്.

13. 25 അംഗനവാടികളിൽ മൂന്നെണ്ണത്തിനു മാത്രമേ സ്ഥിരം കെട്ടിടമുള്ളൂ.

14. ഡിവിഷനിലെ കുട്ടികളുടെ എണ്ണപ്പെരുപ്പം.

15. അനൗപചാരിക വിദ്യാഭ്യാസത്തിന് ആസൂത്രിത പരിപാടികളുടെ കുറവ്.

16. പാഠ്യേതര പ്രവർത്തനങ്ങൾക്ക് പ്രാധാന്യമില്ലായ്മ.

17. സാങ്കേതിക വിദഗ്ധർക്ക് ഇവിടെ പരിശീലനത്തിന് സാഹചര്യങ്ങളില്ല.

**സാധ്യതകൾ**

1. വാർഡ് മെമ്പർ ചെയർമാനും ഹെഡ്മാസ്റ്റർ കൺവീനറുമായി ഓരോ വാർഡിലും വിദ്യാഭ്യാസ വികസനസമിതികൾ രൂപീകരിക്കുക.

2. അദ്ധ്യാപക വിദ്യാർത്ഥി അനുപാതം 1:30 ആക്കുക.

3. കുട്ടികൾക്ക് പ്രായോഗിക പ്രവർത്തനങ്ങൾക്ക് അവസരം നൽകുന്നവിധത്തിൽ കരിക്കുലം പരിഷ്കരിക്കുക.

4. മൂല്യനിർണ്ണയരീതി കാലോചിതമായി മാറ്റുക.

5. സ്ക്കൂൾ കോംപ്ലക്സ് ഫലപ്രദവും സജീവവുമാക്കുക.

6. പ്രാഥമിക ഭാഷാഗണിത നൈയ്പുണികൾ കൈവരിക്കാൻ കുട്ടികൾക്ക് വർഷാരംഭത്തിൽ തന്നെ സമയബന്ധിത പരിപാടി നടപ്പിലാക്കുക. (അക്ഷരപുലരി ക്ലാസ്സുകൾ).

7. അദ്ധ്യാപനം മെച്ചപ്പെടുത്താൻ അദ്ധ്യാപകർ തമ്മിലുള്ള ആശയ വിനിമയവും, അനുഭവവും പങ്കുവെക്കാൻ സബ്ജക്ട് കൗൺസിൽ രൂപീകരിക്കുക.

8. പാഠ്യേതരപ്രവർത്തനങ്ങൾ വ്യക്തമായപദ്ധതി അനുസരിച്ച് പ്രാവർത്തികമാക്കുക.

9. അദ്ധ്യാപന പഠനപ്രക്രിയയിൽ കൂടുതൽ സുതാര്യവും, രക്ഷിതാക്കളുടെ പങ്കാളിത്തവും ഉറപ്പാക്കുക.10. സ്ക്കൂളിലെ അദ്ധ്യായന നിലവാരത്തെ സംബന്ധിച്ച് അദ്ധ്യാപകരും രക്ഷിതാക്കളും വർഷത്തിൽ നാലോ അഞ്ചോ തവണ വിലയിരുത്തുക.

11. ഫലപ്രദമായ സൂപ്പർ വിഷനും, ജനകീയ നിർദ്ദേശങ്ങൾ സ്വീകരിക്കുക.

12. സർക്കാർ, സ്വകാര്യമേഖലകളിലെ വിദ്യാലയങ്ങ

ളിലുണ്ടാകുന്ന അദ്ധ്യാപകരുടെ താൽക്കാലിക ഒഴിവുകൾ നികത്താൻ ഗ്രാമപഞ്ചായത്തിന് അധികാരം നൽകുക.

13. ദീർഘകാല അവധികൾക്ക് 15 ദിവസം മുമ്പ് അനുവാദം വാങ്ങിക്കുക.

14. മേഴത്തൂർ ജി.എച്ച്.എസ്സിലെ ഷിഫ്റ്റ് ഒഴിവാക്കാൻ പുതിയ കെട്ടിടങ്ങൾ, പഠനോപകരണങ്ങൾ എന്നിവ ഉണ്ടാക്കി നൽകുക.

15. ക്ലാസ്സ് മുറികൾക്ക് നിർബന്ധമായും സെപ്പറേഷൻ സ്ഥാപിക്കുക.

16. സാക്ഷരതാ പ്രവർത്തനം ആവശ്യമുള്ളിടത്ത് പുന:രാരംഭിക്കുക.

17. പ്രീപ്രൈമറി വിദ്യാഭ്യാസം ശാസ്ത്രീയവും വ്യാപകവുമാക്കുക.

18. മേഴത്തൂർ, ചോലക്കുണ്ട്, കിഴക്കേകോടനാട് ഇവിടുത്തേയും, കെക്കേകോടനാട്ടേയും കുട്ടികളുടെ പഠനസൗകര്യങ്ങളെ മുൻനിർത്തി അവിടങ്ങളിൽ ഓരോ പ്രാഥമിക വിദ്യാലയം ആരംഭിക്കുക.

19. 4,5,6 വാർഡുകളിലെ കുട്ടികൾക്ക് ഹൈസ്ക്കൂൾ വിദ്യാഭ്യാസ സൗകര്യത്തിനായി ഞാങ്ങാട്ടൂർ എ.യു.പി.എസ്. ഹൈസ്ക്കൂളാക്കി അപ്ഗ്രേഡ് ചെയ്യുക.

20. പ്രാഥമികവിദ്യാലയങ്ങളിൽ ബോധനമാധ്യമം നിർബന്ധമായും മാതൃഭാഷയാക്കുക.

21. സാങ്കേതികവിദഗ്ധരുടെ സേവനം ഇവിടെ ലഭിക്കുന്നതിന് പദ്ധതികൾ തയ്യാറാക്കുക.



# VIII

# വികസനമേഖല

# സംസ്ക്കാരം

# സംസ്ക്കാരം

ഒരു പ്രദേശത്തിന്റെ സാംസ്ക്കാരിക ബോധം അവിടുത്തെ ജനജീവിതത്തിന്റെ പ്രതിഫലനമാണ്.

സമ്പന്നമായ ഒരു സാംസ്ക്കാരിക പൈതൃക ത്തിന്റെ ഭൂതകാലമുണ്ട് തൃത്താലക്ക്. ഒരമ്മപെറ്റ, വ്യത്യസ്ത ജാതിയിൽ പിറന്ന മക്കളെക്കുറിച്ചുള്ള "മിത്ത്" എന്നും തൃത്താലക്കാരന്റെ വഴികാട്ടിയാണ്. ബ്രാഹ്മ ണനായ മൂത്തമകൻ അഗ്നിഹോത്രിയും ജീവനില്ലാത്ത പശുവിന് അവകാശിയായ പാക്കനാരും.

പിൽക്കാലത്ത് ഒരു കറുത്ത കുറിയ മനുഷ്യൻ ആ വെളിച്ചം ഏറ്റെടുത്തു. വി.ടി. എന്ന രണ്ടക്ഷരം കൊണ്ട് ചിരപ്രതിഷ്ടനേടിയ ആ മഹദ്വ്യക്തി നമ്പൂതി രിയെ മനുഷ്യനാക്കി; മറക്കുടയുടെ മഹാനരകളിൽ കുരുങ്ങിക്കിടക്കുന്ന അന്തർജ്ജനങ്ങളെ അരങ്ങുകളി ലെത്തിച്ചു.

നിള, മലയാളിയുടെ സാംസ്കാരിക നവോദ്ധാന ത്തിന്റെ ഭൂമികയാണ്. അക്ഷരങ്ങളുടെ പിതാവായ തുഞ്ചത്താചാര്യൻ മുതൽ വള്ളത്തോൾ, ഇടശ്ശേരി, എം.ടി.പി. മഹാരഥന്മാരുടെ പട്ടികനീളുന്നു.

ഇവിടെ ഈ കരയിലും അഭിമാനത്തോടെ ചൂണ്ടിക്കാണിക്കാവുന്ന ഒട്ടേറെ പേരുണ്ട്. അവാർഡുക ൾക്കും, പുരസ്ക്കാരങ്ങൾക്കം അതീതമായി, പാണ്ഡിത്യത്തിന്റെ നിറകുടമായ എം.പി. ശങ്കുണ്ണി നായർ മേഴത്തൂരിൽ മൗനത്തിന്റെ വാൽമീകത്തിൽ ജീവിക്കുന്നു.

മാമ്മൻ മാപ്പിള അവാർഡ് ജേതാവ് എം.എസ്. കുമാർ, എം.പി. പോൾ അവാർഡിനർഹനായ ആര്യൻ കണ്ണനൂർ; അറിയപ്പെടുന്നവരും, അറിയപ്പെടാത്തവരുമായ സാഹിത്യകാരന്മാരുടെ പട്ടിക ഇനിയുമുണ്ട്.

അസുരവാദ്യമായ ചെണ്ടയിൽ സർഗ്ഗശക്തിയുടെ വരാനുഗ്രഹം കൊണ്ട് അനുഭൂതിയുടെ നാദഭേരിതീർത്ത തൃത്താല ശൈലിയുടെ അധിപന്മാർ തിരുവേഗപ്പുറ രാമപ്പൊതുവാളും, തൃത്താല കുഞ്ഞികൃഷ്ണ പൊതുവാളും, കേശവപ്പൊതുവാളും ഈ തീരത്ത് ചെണ്ടവായിച്ച് തായമ്പകയുടെ ചോദ്യം ചെയ്യാനാവാത്ത ചക്രവർത്തിമാരായി.

അപ്പുറത്ത് ഞാങ്ങാട്ടിരിയിൽ കല്ലാറ്റപരമേ ശ്വരക്കുറുപ്പ് താമസിക്കുന്നു. പച്ചയും, വെള്ളയും കറുപ്പും ചുവപ്പും പൊടികൾ കൊണ്ട് തീർത്ത രൗദ്രഭാവങ്ങളുള്ള കളങ്ങൾക്കു മുന്നിൽ രാവേറെ ചെന്നിട്ടും കുറുപ്പ് രാഗാർദ്രമായി പാടിക്കൊ ണ്ടിരിക്കുന്നു. നന്തൂർണിയുടെ പശ്ചാത്തലത്തിൽ കളം പാട്ടിൽ കേരളത്തിലെ അവശേഷിക്കുന്ന കണ്ണികളിലൊരാളാണ്. പാവക്കൂത്തിൽ അജയ്യനായ നടുവിലേതിൽ ബാലൻനായർ തൃത്താലയുടെ അഭിമാനമാണ്. ഇനിയുമുണ്ട്, തിറ, പൂതൻ, പറപ്പൂതൻ തുടങ്ങിയവ കെട്ടിയാടിയ നൂറുക്കണക്കിന് നാടൻ കലാകാരന്മാർ. പ്ലാവിന്റെ പലകകളിൽ ഉളികൊണ്ട് കവിതരചിച്ച തിറക്കോപ്പ് നിർമ്മാതാവ് ദിവംഗതനായ മുല്ലക്കൽ ഗണപതി വൈദ്യരുടെ പേര് പ്രത്യേകം സ്മരണീയമാണ്.

കേരളീയ ഗ്രാമങ്ങളിൽ പുരോഗമനത്തിന്റെ കാറ്റ് വിതക്കുന്നതിൽ മുൻ നിന്നത് ഒരു കാലത്ത് ഗ്രന്ഥശാലാ പ്രസ്ഥാനമായിരുന്നു. വായനയുടേയും സർഗ്ഗസംവാദങ്ങളുടേയും വസന്തകാലമായിരുന്നു. അന്ന് പതുക്കെ, പതുക്കെ വായനയും സ്വതന്ത്ര ചിന്തയും നമ്മിൽ നിന്ന് പടിയിറങ്ങിപ്പോയി. വായിക്ക പ്പെടാൻ ആളുകളില്ലാതെ വായനശാലകളുടെ ഉരുണ്ട, ചിതലരിച്ച അലമാരകൾക്കുള്ളിൽ പുസ്തക ങ്ങൾ നെടുവീർപ്പിടുന്നു.

തൃത്താല സെന്ററിൽ പഞ്ചായത്തു വക ഒരു ലൈബ്രറിയുണ്ട്. 200 അംഗങ്ങളെ പ്രസ്തുത ലൈബ്രറിയിൽ 2744 പുസ്തകങ്ങളാണുള്ളത്.

പുറമെ സി.എച്ച്. സ്മാരക വായനശാല വി.കെ.കടവ്, രാജഗോപാലൻ മെമ്മോറിയൽ ഗ്രന്ഥശാല ഉള്ളന്നൂർ, എൽ.എൽ.എ.യുടെ നേതൃത്വത്തിലുള്ള ഞാങ്ങാട്ടിരി റൂറൽ ലൈബ്രറി, മേഴത്തൂർ ഗ്രന്ഥശാല, മുടവന്നൂർ ഗ്രന്ഥശാല എന്നിവ പ്രവർത്തിക്കുന്നുണ്ട്.

**ഗ്രന്ഥശാലകളുടെ വിവരം:**

| നമ്പർ | ഗ്രന്ഥശാലകളുടെ പേര് | സ്ഥാപിത വർഷം | ഗ്രേഡ് | പുസ്തകങ്ങളുടെ എണ്ണം |
|---|---|---|---|---|
| 1. | തൃത്താലപഞ്ചായത്ത് ലൈബ്രറി | 1957 | ഡി | 2744 |
| 2. | സി.എച്ച്. സ്മാരക വായനശാല | 1988 | _ | 143 |
| 3. | ഓസ്കാർ യൂത്ത് ക്ലബ്ബ്, തൃത്താല | 1988 | _ | 650 |
| 4. | രാജഗോപാലൻ മെമ്മോറിയൽ വായനശാല, ഉള്ളന്നൂർ | 1993 | _ | 900 |
| 5. | സംഘശക്തി ലൈബ്രറി, ഉള്ളന്നൂർ | 1995 | _ | 1300 |
| 6. | ഞാങ്ങാട്ടിരി റൂറൽലൈബ്രറി | 1957 | _ | 3000 |
| 7. | മേഴത്തൂർ ഗ്രന്ഥശാല | 1957 | _ | 4600 |
| 8. | മുടവന്നൂർ വായനശാല | _ _ | | _ |
| 9. | ജനകീയ വായനശാല, കിഴക്കേകോടനാട് | _ _ | | _ |

വായനശാലകളിൽ മാതൃഭൂമി, മനോരമ, ദേശാഭിമാനി, ചന്ദ്രിക, മാധ്യമം, ഹിന്ദു, ഇന്ത്യൻഎക്സ്പ്രസ്സ് തുടങ്ങിയ പത്രങ്ങളും. ചിന്ത, മാതൃഭൂമി, മനോരമ, മംഗളം, ദേശാഭിമാനി, കലാകൗമുദി, ദി വീക്ക്, ഫ്രണ്ട്ലൈൻ, പീപ്പിൾസ് ഡെമോക്രസി തുടങ്ങിയ വാരികകളും എത്തുന്നുണ്ട്.

ഇവിടെ ഏറ്റവുമധികം വായിക്കപ്പെടുന്ന പത്രം മാതൃഭൂമിയും മനോരമയുമാണ്.

കഴിഞ്ഞ കുറച്ചുകാലത്തെകണക്കുകൾ വായനയുടെ എണ്ണത്തിലും, ഗുണത്തിലുമുള്ള നിലവാരത്തകർച്ചയെ സൂചിപ്പിക്കുന്നു. ഗൗരവമായ വായന ക്രമത്തിൽ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നോ എന്ന് ഭയപ്പെടണം.

വലുതും ചെറുതുമായ പതിനൊന്ന് കലാസമിതികൾ ഇവിടെ പ്രവർത്തിക്കുന്നുണ്ട്. നാമമാത്രമായ പ്രവർത്തനങ്ങൾ മാത്രമേയുള്ളൂ. ടി.എഫ്.എ. ടാസ്ക് തുടങ്ങിയവയുടെ ആഭിമുഖ്യത്തിൽ അഖിലേന്ത്യാ സെവൻസ് ഫുട്ബാൾ ടൂർണ്ണമെന്റ് തൃത്താലയിൽ നടന്നുവരുന്നുണ്ട്.

കലാസമിതികളുടെ നേതൃത്വത്തിൽ നൃത്തം, സംഗീതം എന്നിവ അഭ്യസിപ്പിച്ചു വരുന്നു. യുവജനോൽസവത്തിൽ സമ്മാനം ഉദ്ദ്യേശ്യംവെച്ചുകൊണ്ട് മാത്രമാണ് പലപ്പോഴും ഇത്തരം അഭ്യാസങ്ങൾ എന്നതാണ് ഇതിന്റെ പരിമിതി.

**കലാസമിതികളുടെ വിവരം:**

| നമ്പർ | കലാസമിതികളുടെ പേര് | സ്ഥാപിത വർഷം | അംഗങ്ങളുടെ എണ്ണം |
|---|---|---|---|
| 1. | ടി.എഫ്.എ. തൃത്താല | 1985 | 90 |
| 2. | യുവകാഹളം, ഞാങ്ങാട്ടിരി | 1964 | 41 |
| 3. | ബ്രദേഴ്സ് ക്ലബ്ബ്, കോടനാട് | 1995 | 15 |
| 4. | ഗ്രാമവിചാരവേദി, ഞാങ്ങാട്ടിരി | 1991 | 75 |

| | | | |
|---|---|---|---|
| 5. | സംഘശക്തി, ഉള്ളന്നൂർ | 1991 | 42 |
| 6. | ഇസ്ക്രാ, വി.കെ.കടവ് | 1991 | 44 |
| 7. | രാജഗോപാൽ മെമ്മോറിയൽ, ഉള്ളന്നൂർ | 1976 | 60 |
| 8. | ഭാവനാതിയ്യറ്റേഴ്സ്, കി.കോടനാട് | 1986 | 52 |
| 9. | യുവധാര, മാട്ടായ | 1993 | 50 |
| 10. | ടാസ്ക്, തൃത്താല | 1992 | – |
| 11. | ഓസ്കാർ, തൃത്താല | 1988 | 35 |
| 12. | വിജയനൃത്തകലാസദനം, ഞാങ്ങാട്ടിരി | 1987 | 75 |
| 13. | അമ്പിളി തിയ്യറ്റേഴ്സ്, മേഴത്തൂർ | 1968 | 95 |

ഇലക്ട്രോണിക് മാധ്യമങ്ങൾ സാംസ്കാരിക രംഗത്ത് സമഗ്രാധിപത്യം പുലർത്തിക്കൊണ്ടിരിക്കുന്നു. റേഡിയോ 80% വീടുകളിലുമുണ്ട്. 15% വീടുകളുൽ ടെലിവിഷനുകളുണ്ട്, മൂന്ന് കേബിൾ നെറ്റ്വർക്കുകൾ ഇവിടെ പ്രചാരത്തിലുണ്ട്., ഇലക്ട്രോണിക് മാധ്യമങ്ങൾ ഉപഭോക്തൃ സംസ്കാരത്തിന്റേയും പാശ്ചാത്യ ചിന്തയുടേയും പ്രചാരകരായി ജനങ്ങളിൽ സ്വാധീനം ചെലുത്തിവരുന്നു.

നമ്മുടെ പഞ്ചായത്തിൽ രണ്ട് സിനിമാശാലകൾ പ്രവർത്തിക്കുന്നുണ്ട്. സാമ്പത്തികലാഭം ഉണ്ടാക്കുക മാത്രമാണവയുടെ താൽപര്യം.

നൂറ്റാണ്ടുകൾ പഴക്കമുള്ള നിരവധി ഹൈന്ദവ ക്ഷേത്രങ്ങൾ തൃത്താല പഞ്ചായത്തിലുണ്ട്. തൃത്താല ശിവക്ഷേത്രം, ഞാങ്ങാട്ടിരി ഭഗവതിക്ഷേത്രം, കണ്ണന്നൂർ ഭഗവതിക്ഷേത്രം, മുടവന്നൂർ ശിവക്ഷേത്രം, ഇരുപ്പക്കോട്ട്കാവ് അയ്യപ്പക്ഷേത്രം, യജ്ഞേശ്വരം ക്ഷേത്രം, പുല്ലാനിക്കാവ് ഭഗവതിക്ഷേത്രം, കോടനാട് ശിവക്ഷേത്രം, മുല്ലിയം പറമ്പത്ത്കാവ് ഭഗവതിക്ഷേത്രം എന്നിവ പലതരത്തിലും പേരുകേട്ടവയാണ്. ക്ഷേത്രോത്സവങ്ങൾ, പൂരങ്ങൾ എന്നിവ ജാതിമതഭേതമന്യേ ആഘോഷിച്ചു വരുന്നു.

തൃത്താല, വരണ്ടു കുറ്റിക്കടവ് ജുമാമസ്ജിദുകളും ഏറെ പഴക്കമുള്ളവയാണ് ഇവിടത്തെ നേർച്ചകളും മതേതരസ്വഭാവത്തോടെ ഏറെ ആഘോഷപൂർവ്വമായി നടന്നുവരുന്നു. എല്ലാ മഹല്ലുകളിലും പള്ളികളും, മതപഠനകേന്ദ്രങ്ങളുമുണ്ട്. പഞ്ചായത്തിലെ കൃസ്ത്യൻ ജനസംഖ്യ നാമമാത്രമാണ്. മാട്ടായാ, ഞാങ്ങാട്ടിരി, തൃത്താല, മേഴത്തൂർ തുടങ്ങിയ സ്ഥലങ്ങളിൽ ചുരുക്കം കുടുംബങ്ങൾ താമസിച്ചു വരുന്നു.

## പ്രശ്നങ്ങൾ

1. നാടൻ കലകളെ പുനരുദ്ധരിക്കാൻ പരിപാടികളില്ല.

2. പാരമ്പര്യ കലകൾ ഉപജീവനമാർഗ്ഗമാക്കാൻ കഴിയുന്നില്ല.

3. പുസ്തകവായനക്കാരുടെ എണ്ണം കുറഞ്ഞുവരുന്നു.

4. ഇലക്ട്രോണിക് മാധ്യമങ്ങളുടെ കടന്നുകയറ്റം.

5. സാമ്പത്തികനേട്ടം മാത്രം മുൻനിർത്തിയുള്ള സിനിമാപ്രദർശനം.

6. വർദ്ധിച്ചു വരുന്ന വാറ്റുചാരായത്തിന്റേയും മറ്റു ലഹരിപദാർത്ഥങ്ങളുടേയും ഉപഭോഗം.

7. ബഹുഭൂരിപക്ഷം ജനങ്ങളും അന്ധവിശ്വാസങ്ങളിൽ കുടുങ്ങിക്കിടക്കുന്നു.

8. വിവാഹാദി ചടങ്ങുകളിലെ വർദ്ധിച്ചു വരുന്ന ആർഭാടം.

9. കായിക വിനോദ സൗകര്യങ്ങളുടെ അപര്യാപ്തത.

10. സ്ത്രീകൾക്കുനേരെയുള്ള സാംസ്കാരിക സമീപനത്തിലെ അധഃപതനം.

11. സ്ത്രീധന സമ്പ്രദായം.

12. ബാല്യവിവാഹം.

## സാധ്യതകൾ

1. നാടൻ കലാകളരി രൂപീകരിച്ച് പരിശീലനത്തിനും പ്രോത്സാഹനത്തിനും സൗകര്യങ്ങൾ സ്ഥാപിക്കുക.

2. അന്ധവിശ്വാസങ്ങൾക്കും, അനാചാരങ്ങൾക്കും, ലഹരിഉപയോഗത്തിനുമെതിരെ വിപുലമായ

പ്രചരണം.

3. സ്ത്രീകൾക്കു നേരെയുള്ള കടന്നുകയറ്റത്തിനെതിരെയും, വർദ്ധിച്ചു വരുന്ന ആർഭാടങ്ങൾക്കെതിരെയും ബോധവൽക്കരണം.

4. വായനശാലകളുടെ ഗ്രാന്റുകൾ വർദ്ധിപ്പിക്കുകയും യഥാസമയത്ത് വിതരണം ചെയ്യുകയും ചെയ്യുക.

5. പഞ്ചായത്ത് ലൈബ്രറിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.

6. പഞ്ചായത്തിന്റെ നേതൃത്വത്തിൽ സാംസ്കാരിക പരിപാടികൾ നടപ്പിലാക്കുക.

7. കേരളോത്സവം തുടങ്ങിയ പരിപാടികൾ വിപുലമാക്കുക.

8. പഞ്ചായത്തിന്റെ പ്രധാനകേന്ദ്രങ്ങളിൽ കമ്മ്യൂണിറ്റി ഹാളുകൾ നിർമ്മിക്കുക.





# IX

## വികസനമേഖല

## സ്ത്രീകളുടെ പദവി

# സ്ത്രീകളുടെ പദവി

സ്ത്രീകളുടെ സജീവ പങ്കാളിത്തമില്ലാത്ത ഏതൊരു സമൂഹവും ഒറ്റക്കാലിൽ നടക്കുന്ന ഒരു മനുഷ്യനെപ്പോലെയാണ്. കേരളത്തിലെ എല്ലാവികസന പരിപാടികളും ഇപ്രകാരം ഏകപക്ഷീയമയിരുന്നു. 'നാടിന്റെ കാര്യത്തിൽ സ്ത്രീകൾക്കെന്തുകാര്യം' എന്ന സമീപനമായിരുന്നു സ്ത്രീയോടു പുലർത്തിയിരുന്നത്. സ്ത്രീ സമൂഹമാണെങ്കിൽ തങ്ങൾക്കിതിലൊന്നും കാര്യമില്ലെന്ന ചിന്തയിലേക്ക് ഒതുങ്ങിക്കൂടി. ഒരു ശരാശരി മലയാളി സ്ത്രീ ദിവസത്തിൽ പതിനെട്ടു മണിക്കൂർ ജോലി ചെയ്യുന്നു എന്ന് പഠനങ്ങൾ കാണിക്കുന്നു.

തൃത്താല പഞ്ചായത്തിൽ പുരുഷൻമാരുടെ എണ്ണത്തേക്കാൾ കൂടുതലാണ് സ്ത്രീകളുടെ എണ്ണം

**ജനസംഖ്യ താരതമ്യപഠനം**

| ആകെ | ആൺ | പെൺ |
|---|---|---|
| 25204 | 12467 | 12739 |

സാക്ഷരതയിൽ സ്ത്രീകൾ പുരുഷൻമാരേക്കാൾ അല്പം പിറകിലാണ് സ്ത്രീ സാക്ഷരത

**സാക്ഷരത-താരതമ്യപഠനം**

| ആൺ (ശതമാനം) | പെൺ (ശതമാനം) | ആകെ (ശതമാനം) |
|---|---|---|
| 92.5% | 85% | 88.75% |

അംഗീകൃത തൊഴിലെടുത്തു ജീവിക്കുന്ന സ്ത്രീകളുടെ എണ്ണം പുരുഷൻമാരുടെ എണ്ണത്തേക്കാൾ കുറവാണ്.

തൊഴിൽ ഒരു താരതമ്യ പഠനം

| | തൊഴിൽ മേഖല | പുരുഷന്മാർ | സ്ത്രീകൾ |
|---|---|---|---|
| 1. | വിദ്യാഭ്യാസ മേഖല | 89 | 118 |
| 2. | കൃഷി | 965 | 722 |
| 3. | വനം, മത്സ്യം, മറ്റുമേഖലകൾ | 130 | 6 |
| 4 | ക്വാറി | 131 | 7 |
| 5 | ഉല്പാദനമേഖല | 66 | 39 |
| 6 | കച്ചവടം | 838 | 31 |
| 7 | ഗതാഗതം, വാർത്താവിനിമയം | 448 | 7 |
| 8 | കുടിൽവ്യവസായം | 363 | 64 |
| 9 | കെട്ടിട നിർമ്മാണം | 182 | 1[illegible] |
| 10 | സർവ്വീസ് മേഖല | 544 | 237 |
| | ആകെ | 3756 | 1241 |

തൊഴിലെടുത്തു ജീവിക്കുന്ന സ്ത്രീകളുടെ എണ്ണം പുരുഷന്മാരുടെ എണ്ണത്തിന്റെ മുന്നിലൊന്നു മാത്രമാണ്. എന്നാൽ ഒരു കുടുംബത്തിൽ സ്ത്രീ ചെയ്യുന്ന തൊഴിൽ കണക്കാക്കപ്പെടുകയോ മൂല്യം നിശ്ചയിക്കപ്പെടുകയോ ചെയ്യുന്നില്ല. സ്ത്രീകളോടുള്ള വിവേചനം ഇക്കാര്യത്തിൽ മാത്രമല്ല. കൂലിയുടെ കാര്യത്തിലും നമുക്കു കാണാം വിദ്യാഭ്യാസ സർവ്വീസ് മേഖലകളിൽ പണിയെടുക്കുന്ന പുരുഷനും സ്ത്രീക്കും തുല്യവേതനം ലഭിക്കുന്നു എന്നാൽ ഇതര മേഖലകളിൽ പലപ്പോഴും പുരുഷ വേതനത്തിന്റെ പകുതി മാത്രമെ സ്ത്രീക്ക് ലഭിക്കുന്നുള്ളു.

തൊഴിൽ രംഗത്ത് ഏറെ ചൂഷണത്തിന് വിധേയമാകുന്നതും സ്ത്രീകൾ തന്നെയാണ്. ബീഡി നിർമ്മാണം, തീപ്പെട്ടി നിർമ്മാണം തുടങ്ങിയ മേഖലകളിലെല്ലാം തന്നെ സ്ത്രീകൾ നിരന്തരമായി ചൂഷണത്തിന് വിധേയമാകുന്നു. വീടുകളിൽ വേലക്കു നിൽക്കുന്ന പെൺകുട്ടികളും, സ്ത്രീകളും പലപ്പോഴും തുച്ഛമായ വേതനം പറ്റി അതികഠിനമായി ജോലി ചെയ്യുന്നവരാണ്.

**തൊഴിൽ ചൂഷണം ഒരു പഠനം**

| | തൊഴിൽ മേഖല | പ്രതിദിനവേതനം | പ്രതിമാസവേതനം |
|---|---|---|---|
| 1 | ബീഡിനിർമ്മാണം* | Rs 30 | Rs 900 |
| 2 | ഇഷ്ടിക നിർമ്മാണം* | Rs 30 | Rs 900 |
| 3 | തീപ്പെട്ടി നിർമ്മാണം* | Rs 20 | Rs 600 |
| 4 | വീട്ടുവേല | Rs 10 | Rs 300 |

DWCRA പ്രകാരം ആറ് യൂണിറ്റുകൾ അരംഭിച്ചു എങ്കിലും ഈ യൂണിറ്റുകളൊന്നും. ഇന്ന് പ്രവർത്തിക്കുന്നില്ല.

**DWCRA യുണിറ്റുകളും അവയിൽ തൊഴിലെടുക്കുന്നവരും.**

| | യൂണിറ്റിന്റെ പേര് | ആരംഭിച്ച വർഷം | തൊഴിലാളികളുടെ എണ്ണം |
|---|---|---|---|
| 1 | പനമ്പ്, മുറം, കുട, തൈയ്യൽ | 1985-86 | 15 |
| 2 | റെക്സിൻ ബാഗ് | 1994-95 | 9 |
| 3 | ഫുഡ് പ്രോസസ്സിംഗ് | 1988-89 | 14 |
| 4 | കല്ലുടയ്ക്കൽ യൂണിറ്റ് | 1981-88 | 15 |
| 5 | ബീഡിനിർമ്മാണം* | 1988-89 | 12 |
| 6 | കാർപെന്റർ | 1984-85 | 15 |
| | ആകെ | | 80 |

★ തൃത്താല ഗ്രാമപഞ്ചായത്ത്

**അംഗനവാടികൾ:**

പഞ്ചായത്തിൽ 25 അംഗനവാടികൾ ഉണ്ട് ഇവയിൽ മൂന്ന് അംഗനവാടികൾക്കു മാത്രമെ സ്വന്തമായി കെട്ടിടമുള്ളു ബാക്കി എല്ലാ അംഗനവാടികളും പ്രവർത്തിക്കുന്നത് വാടക കെട്ടിടത്തിലാണ് സ്ത്രീകൾക്ക് വീട്ടുജോലിക്കു പുറമെ അടുക്കളത്തോട്ടം ആട്, പശു, കോഴിവളർത്തൽ തയ്യൽ, നഴ്സറി തുടങ്ങിയ തൊഴിലുകളിൽ ഏർപ്പെടാവുന്നതാണ് എന്നാൽ ഇത്തരം തൊഴിലുകളിൽ ഏർപ്പെടുന്ന എണ്ണം വളരെ കുറവാണ്. ഈ പഞ്ചായത്തിൽ മറ്റു പഞ്ചായത്തുകളിൽ നിന്നും വ്യത്യസ്തമായ പഞ്ചായത്തു ഭരണസമിതിയിൽ സ്ത്രീപങ്കാളിത്തത്തിനപ്പുറം ഇവിടെ വനിതാ പ്രാതിനിധ്യം 50% ആണ് പഞ്ചായത്ത് പ്രസിഡന്റ് സ്ഥാനവും വനിതകൾക്കായി സംവരണം ചെയ്യപ്പെട്ടിരിക്കുന്നു.

ഇവിടെ 3% സ്ത്രീകൾ കുടുംബനാഥകളായ വീടുകളുണ്ട്. 20% സ്ത്രീകൾ നിലവിൽ വിധവാ പെൻഷൻ ലഭിക്കുന്നുണ്ട്. അർഹതപ്പെട്ട പലർക്കും വിധവാപെൻഷൻ ലഭിക്കുന്നില്ല.

സ്ത്രീവിമോചനത്തിന്റെ ശംഖൊലിമുഴക്കിയ 'അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്' അരങ്ങേറിയത് നമ്മുടെ പഞ്ചായത്തിലാണ്. കേരളത്തിലെ ആദ്യത്തെ നമ്പൂതിരി സമുദായത്തിലെ വിധവാവിവാഹം നടന്നത് വി.ടി.യുടെ മേഴത്തൂരിലിള്ള വീട്ടിൽ വെച്ചായിരുന്നു. എങ്കിലും സ്ത്രീകളുടെ പിന്നോക്കാവസ്ഥയും വിവേചനങ്ങളും ഇന്നും തുടരുന്നു. അവരിന്നും വേണ്ടത്രസാമൂഹ്യരാഷ്ട്രീയ രംഗങ്ങളിലെക്ക് വന്നിട്ടില്ല. 33% സംവരണം വന്നത് ഇതിൽ അല്പം മാറ്റംവരുത്തി. വീട്ടിലും സമൂഹത്തിലും അവൾക്ക് വേണ്ടത്ര അംഗീകാരം ലഭിക്കുന്നില്ല. കർഷകർ തൊഴിലാളികളൊഴിച്ച് മഹാഭൂരിപക്ഷവും സ്വന്തമായി സാമ്പത്തിക വരുമാനം ഇല്ലാത്തവരാണ്. അതുകൊണ്ട് തന്നെ വ്യക്തിസ്വാതന്ത്ര്യത്തിന് പരിമിതികളുണ്ട്. പരമ്പരാഗതമായ ഗാർഹികജീവിത വ്യവസ്ഥകളാണിന്ന് സ്ത്രീകൾ പൊതുരംഗത്തേക്ക് കടന്നുവരാൻ വൈമുഖ്യം കാട്ടാൻ കാരണം. സ്ത്രീകളെ തങ്ങളോടൊപ്പം പൊതുരംഗത്തേക്ക് കൊണ്ടുവരാൻ പുരുഷന്മാർ ബോധപൂർവ്വം ശ്രമിക്കേണ്ടതാണ്.

പട്ടികജാതി സ്ത്രീകളിലും, മുസ്ലീം സ്ത്രീകളിലും വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥ നിലനിൽക്കുന്നുണ്ട് ഈ ഭാഗങ്ങളിലാണ് വിദ്യാലയങ്ങളിൽ കൊഴിഞ്ഞുപോക്ക് കൂടുതലായിട്ടുള്ളത്. ഈ ഭാഗങ്ങളിൽ തന്നെ ബാല്യവിവാഹം നിലനിൽക്കുന്നു. മുസ്ലീം സമുദായത്തിൽ സ്ത്രീധനസമ്പ്രദായം ശക്തമായി നിലനിൽക്കുന്ന ഈ പ്രവണത മറ്റുസമുദായങ്ങളിലേക്കും വ്യാപിച്ചു വരുന്നുണ്ട്. സാമ്പത്തികവും, സാമൂഹികവുമായ പിന്നോക്കാവസ്ഥ ഗർഭിണികളുടേയും കുട്ടികളുടേയും ആരോഗ്യത്തിൽ നിഴലിക്കുന്നുണ്ട്. എന്നാൽ ഗർഭിണികളുടെ മരണം നമ്മുടെ പഞ്ചായത്തിലില്ല. ശിശുമരണവും രണ്ടോമൂന്നോമാത്രമാണ്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം അംഗനവാടികളിലൂടെയുള്ള പോഷകാഹാരവിതരണം എന്നിവ ഇവരുടെ ആരോഗ്യനില മെച്ചപ്പെടുത്താൻ നിർണ്ണായക പങ്ക് വഹിക്കുന്നുണ്ട്.

**പോഷകാഹാര വിതരണം**

| | | |
|---|---|---|
| 1. | അനുപൂരക പോഷകാഹാരം ലഭിക്കുന്ന കുട്ടികളുടെ എണ്ണം | 1029 |
| 2. | അനുപൂരക പോഷകാഹാരം ലഭിക്കുന്ന ഗർഭിണികളുടെ എണ്ണം | 76 |
| 3. | അനുപൂരക പോഷകാഹാരം ലഭിക്കുന്ന മുലയൂട്ടുന്ന അമ്മമാർ | 126 |

പൊതുപ്രവർത്തനരംഗത്ത് സ്ത്രീകളുടെ സജീവസാന്നിദ്ധ്യം കാണുന്നില്ല. അഖിലേന്ത്യാ ജനാധിപത്യ മഹിളാ അസോസിയേഷൻ, മഹിളാകോൺഗ്രസ്, കേരളാ ശാസ്ത്ര സാഹിത്യ പരിഷത്, കർഷകസംഘം, കർഷക കോൺഗ്രസ്, അദ്ധ്യാപക സംഘടനകൾ, തൊഴിലാളി അസോസിയേഷൻ എന്നിവയിലും യുവജനപ്രസ്ഥാനങ്ങളിലും സ്ത്രീകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും നേതൃത്വ നിരയിലേക്ക് ഉയർന്നവർ വിരളമാണ്. ഭൂരിപക്ഷം അംഗങ്ങളും അദ്ധ്യാപികമാരായിരുന്നിട്ടും അദ്ധ്യാപകസംഘങ്ങളിൽ നേതൃത്വം

ഏറ്റെടുക്കാൻ അവർക്കു കഴിഞ്ഞിട്ടില്ല. സജീവപ്രവർത്തകരായിരുന്നവർ പലരും വിവാഹത്തോടുകൂടി പുറകോട്ടുപോകുന്ന പ്രവണത കണ്ടുവരുന്നു. സ്തത്രീ പുരുഷ സമത്വമിന്നും ആർജ്ജിച്ചിട്ടില്ല. വീട്ടിൽ നിന്നും സമൂഹത്തിൽ നിന്നും മാനസികവും, ശാരീരികവുമായ പീഠനങ്ങൾക്ക്, കാരണം കൂടാതെയുള്ള ഉപേക്ഷിക്കൽ എന്നിവ സ്ത്രീകളുടെ ജീവിതം ദുരിതപൂർണ്ണമാക്കുന്നു. സ്ത്രീധന സമ്പ്രദായത്തിനെതിരെ ബോധവൽകരണം നടത്തേണ്ടതുണ്ട്. ഭർത്താവിനാൽ ഉപേക്ഷിക്കപ്പെസ്ത്രീകൾക്ക് ജീവനാംശം വാങ്ങിക്കൊടുക്കാനും അവരെ സഹായിക്കുവാനും വാർഡ് തോറും നിയമസഹായസമിതികൾ രൂപീകരിക്കാൻ ശ്രമിക്കേണ്ടതാണ്. ഇന്ന് കണ്ടുവരുന്ന ആർഭാഢമായവിവാഹസമ്പ്രദായങ്ങൾ ഒഴിവാക്കേണ്ടതാണ്. ലളിതമായ വിവാഹം, വിധവാവിവാഹം മിശ്രിതവിവാഹം എന്നിവ പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്.

സാമ്പ്രാജ്യത്വ സംസ്കാരത്തിന്റെ അധീശ്വത്വം നമ്മുടെ സംസ്കാരത്തിലും കണ്ടുവരുന്നുണ്ട്. സ്ത്രീ ഇന്നൊരു കച്ചവട ചരക്കാണ്. പ്വരസ്യങ്ങളിലും സിനിമകളിലും സ്ത്രീസൗന്ദര്യവും, ലൈംഗികതയും ചൂഷണം ചെയ്യപ്പെടുന്നു.

**പ്രശ്നങ്ങൾ**

1. സ്വന്തമായി സാമ്പത്തിക വരുമാനമില്ലാത്തവരാണ് ബഹുഭൂരിപക്ഷം സ്ത്രീകളും.

2. സ്വയം തൊഴിൽ സംരഭങ്ങളിൽ സ്ത്രീകൾ വേണ്ടത്ര താല്പര്യം കാട്ടുകയോ സംരംഭങ്ങൾ ആരംഭിക്കുകയോ ചെയ്യുന്നില്ല.

3. തൊഴിൽമേഖലകളിൽ സ്ത്രീകളോട് വിവേചനം നിലനിൽക്കുന്നു.

4. തുല്ല്യജോലിക്ക് തുല്ല്യവേദനം എന്നത് ചുരുക്കം ചില മേഖലകളിൽ മാത്രമേയുള്ളൂ. സ്ത്രീകൾക്ക് കൂലി കുറവാണ് പലമേഖലകളിലും.

5. അസംഘടിത മേഖലകളിൽ സ്ത്രീകളുടെ അദ്ധ്വാനം കുറഞ്ഞ കൂലികൊടുത്ത് ചൂഷണം ചെയ്യുന്നു. സ്ത്രീകൾക്ക് സഹായം നൽകുന്ന പലനിയമങ്ങളെകുറിച്ചും അവർ അജ്ഞരാണ്.

7. പരമ്പരാഗത ഗാർഹീക വ്യവസ്ഥകൾ സ്ത്രീകളെ പൊതുരംഗത്തുനിന്നും മാറ്റി നിർത്തുന്നു.

8. സാമാന്യ വിദ്യാഭ്യാസമുണ്ടെങ്കിലും സാങ്കേതികവിദ്യാഭ്യാസ രംഗത്ത് സ്ത്രീകൾ വളരെ പുറകിലാണ്.

9. പരസ്യങ്ങളിലും സിനിമയിലും സ്ത്രീ സൗന്ദര്യവും ലൈംഗികതയും ചൂഷണം ചെയ്യപ്പെടുന്നു.

10. വീട്ടിൽ നിന്നും സമൂഹത്തിൽ, നിന്നും മാനസികവും ശാരീരികവുമായ പീഢനംമേൽക്കേണ്ടിവരുന്നു.

11. സ്ത്രീധന സമ്പ്രദായം സ്ത്രീപീഢനത്തിന്റെ ആക്കം കൂട്ടുന്നു.

12. സ്ത്രീപുരുഷ സമത്വം ഇനിയും ആർജ്ജിച്ചിട്ടില്ല.

13. അംഗനവാടി അദ്ധ്യാപികമാർക്ക് വേതനം കുറവാണ്. പ്രാഥമിക സൗകര്യമില്ല.

**സാധ്യതകൾ**

1. സ്വന്തമായി സാമ്പത്തികവരുമാനം ഉണ്ടാക്കുന്നതിന് ഉൽപാദനപരമായ സ്വയം തൊഴിൽ പ്രവർത്തനങ്ങൾ സ്ത്രീകൾക്കിടക്ക് സംഘടിപ്പിക്കണം. ഉൽപന്നങ്ങൾക്ക് വിപണി കണ്ടെത്താൻ പഞ്ചായത്ത് ശ്രദ്ധിക്കണം.

2. തൊഴിലവസരങ്ങൾ തൊഴിൽ നിയമങ്ങൾ സാമ്പത്തിക സഹായം എന്നിവയെ കുറിച്ചുള്ള വിവരങ്ങൾ അപ്പോഴപ്പോൾ അറിയാവുന്ന സൗകര്യമുണ്ടാക്കണം.

3. തുല്ല്യജോലിക്ക് തുല്ല്യവേതനം നടപ്പിലാക്കാൻ ശ്രമിക്കണം.

4. അസംഘടിത തൊഴിൽ മേഖലകളിലെ ചൂഷണം തടയാൽ ഫലപ്രദമായി ഇടപെടണം.

5. സ്ത്രീകൾക്കായുള്ള പ്രത്യേക തൊഴിൽ പരിശീലനകേന്ദ്രങ്ങൾ തുടങ്ങണം.

6. സ്ത്രീധനസമ്പ്രദായം ബാലികാവിവാഹം എന്നിവക്കെതിരെ ബോധവൽക്കരണം നടത്തണം.

7. സ്ത്രീധനപീഢനം ജീവനാംശം ലഭിക്കൽ എന്നിവയിൽ ആവശ്യമായ നിയമോപദേശങ്ങൾ നൽകാനും സഹായിക്കാനും വാർഡ്തോറും നിയമ സഹായ സമിതികൾ രൂപീകരിക്കണം.

8. സ്ത്രീപുരുഷ വ്യത്യാസമില്ലാതെ എല്ലാ തൊഴിൽ രംഗങ്ങളിലും സ്ത്രീകൾക്ക് അർഹിക്കുന്ന പരിഗണന നൽകണം.

9. സ്ത്രീകളെ പൊതുരംഗത്തേക്ക് കൊണ്ടുവരാൻ ബോധപൂർവ്വമായ ശ്രമം ആവശ്യമാണ്.

10. വർദ്ധിച്ചു വരുന്ന വിവാഹചെലവുകൾ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ലളിതമായ വിവാഹചടങ്ങുകൾ പ്രോത്സാഹിപ്പിക്കണം. വിധവാവിവാഹം, മിശ്ര വിവാഹം, സമൂഹവിവാഹങ്ങൾ എന്നിവ പ്രോത്സാഹിപ്പിക്കണം.

11. മാധ്യമങ്ങളിൽ സ്ത്രീ സൗന്ദര്യത്തേയും, ലൈംഗികതയേയും ചൂഷണം ചെയ്യുന്നത് ഫലപ്രദമായി തടയണം.

12. അംഗനവാടി അദ്ധ്യാപികമാർക്ക് മെച്ചപ്പെട്ട വേതനം നൽകണം. ഇവിടെ കുട്ടികളുടെ വിനോദത്തിനും, ആരോഗ്യത്തിനും, വിശ്രമത്തിനും വേണ്ട സൗകര്യങ്ങൾ വികസിപ്പിക്കലാണ്.

13. അംഗനവാടികളിലെ പോഷകാഹാര വിതരണം ഫലപ്രദമാക്കണം.

സ്ത്രീയുടെ വ്യക്തിത്വത്തെ മാനിക്കുകയും അവരെ അംഗീകരിക്കുകയും ചെയ്യുന്ന ഒരു സമൂഹമാണ് ആവശ്യം. സാമ്പത്തിക സ്വാതന്ത്ര്യം സ്ത്രീ സ്വാതന്ത്ര്യത്തിന്റെ അടിത്തറയാണ്. അതിനാൽ തൊഴിൽ മേഖലകളിൽ പ്രത്യേക പരിഗണന നൽകേണ്ടത് നൂറ്റാണ്ടുകളായി സ്ത്രീയിൽ അടിഞ്ഞുകൂടിയിട്ടുള്ള അടിമത്വ മനോഭാവം തച്ചുടക്കുവാനും അവളിൽ ആത്മവിശ്വാസം പകരാനും സമൂഹത്തിന്റെ ബോധപൂർവ്വവും ശക്തവുമായ ഇടപെടലുകൾ ആവശ്യമാണ്.

# X

# വികസനമേഖല

# പട്ടികജാതി പട്ടികവർഗ്ഗ

# വികസനം

# പട്ടികജാതി പട്ടികവർഗ്ഗ വികസനം

സാമൂഹിക അസമത്വവും നീതിനിഷേധവും മൂലം ദയനീയമായ അവഗണന അനുഭവിച്ചിരുന്ന ഒരു ജനസമൂഹമായിരുന്നു കേരളപ്പിറവിയുടെ ആദ്യഘട്ടത്തിൽ തൃത്താലയിലെ പട്ടികജാതി വിഭാഗം. പട്ടികജാതിയിൽപ്പെട്ടവർതന്നെ ആചാരാനുഷ്ഠാനങ്ങളെക്കൊണ്ടും ജീവിതരീതി തൊഴിൽ വിഭജനം എന്നിവകൊണ്ട് വിവിധ തട്ടുകളിലായിട്ടായിരുന്നു ജീവിച്ചു പോന്നിരുന്നത് കണക്കൻ, പുലയൻ, ചെറുവൻ, പാണൻ, വണ്ണാൻ, മണ്ണാൻ, പെരുവണ്ണാൻ, പറയൻ, നായാടി തുടങ്ങിയ വിഭാഗത്തിൽപ്പെട്ട പട്ടികജാതിക്കാരാണ് പഞ്ചായത്തിൽ അധിവസിക്കുന്ന പട്ടികജാതിക്കാരിലധികവും ഇവരിൽ അംഗസംഖ്യ കൊണ്ട് മുന്നിൽ നിൽക്കുന്നത് കണക്കൻ വിഭാഗത്തിൽപ്പെട്ടവരാണ്.

അയിത്തമെന്ന നികൃഷ്ഠമായ അനാചാരങ്ങളും അന്ധവിശ്വാസങ്ങളും ഈ ജനവിഭാഗത്തിന്റെ സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ വളർച്ചയിലും വികാസത്തിലും കാര്യമായ വിഘാതമാണ് വരുത്തിവച്ചത്. എന്നാൽ ദേശീയസ്വാതന്ത്ര്യസമരപ്രസ്ഥാനങ്ങളുടെയും അയിത്തോച്ചാടന പരിഷ്കരണപ്രവർത്തനങ്ങളുടെ ഫലമായും ഇതരസമുദായങ്ങളുടെ സഹകരണവും പ്രോത്സാഹനവും കൊണ്ട് പട്ടികജാതിസമൂഹത്തെ ദേശീയധാരയിലേക്ക് കൈപിടിച്ച് ഉയർത്തുവാനും സമൂഹത്തിൽ മാന്യമായ അംഗീകാരം ലഭിക്കാനും സഹായകമായിട്ടുണ്ട്.

പഞ്ചായത്തിലെ ബഹുഭൂരിപക്ഷം പട്ടികജാതിക്കാരും കാർഷികമേഖലയിലായിരുന്നു പ്രവർത്തിച്ചുവന്നിരുന്നത്. അതിനുകാരണം പഴയകാലത്ത് നിലനിന്നുവന്നിരുന്ന അടിമത്വ വ്യവസ്ഥയായിരുന്നു. എന്നാൽ ഈ മേഖലയിൽ വിദ്യാഭ്യാസപരമായും സാമൂഹ്യപരവുമായുമുള്ള ബോധവൽക്കരണത്തിന്റെ ഭാഗമായോ മറ്റോ പട്ടികജാതിക്കാരുടെ ഇടയിൽ കാർഷിക തൊഴിലിനോട് ഒരുതരം നിഷേധമാണിന്നുള്ളത്. കാലാകാലങ്ങളിൽ തങ്ങളെ അടിച്ചമർത്തുവാൻ ഉപയോഗപ്പെടുത്തിയിരുന്ന ഒരു തൊഴിലായി അവർ ഇതിനെ കണക്കാക്കിയിരിക്കണം. 40വയസ്സിൽ താഴെയുള്ളവർ കർഷക തൊഴിൽ ഉപജീവനമാർഗ്ഗമായി സ്വീകരിക്കുവാൻ വിമുഖത കാണിക്കുന്നു. ഈ സാമൂഹ്യസത്യം കണക്കിലെടുത്തു വേണം പട്ടികജാതിക്കാരുടെ വികസനപ്രവർത്തനങ്ങൾക്ക് രൂപം നൽകുവാൻ. പണ്ട് പട്ടികജാതിക്കാർ ജന്മിമാരുടെ തടവറയിലായിരുന്നുവെങ്കിൽ ഇന്ന് രാഷ്ട്രീയക്കാരുടെ തടവറയിലാണെന്നു മാത്രം പട്ടികജാതിക്കാരായ ഉന്നത ഉദ്യോഗസ്ഥർ ധാരാളം പേർ ഈ പഞ്ചായത്തിലുണ്ടെങ്കിലും അവരൊന്നും തന്നെ സ്വസമുദായത്തിൽ പെട്ടവരെ കൈപിടിച്ച് ഉയർത്തുവാൻ യാതൊന്നും ചെയ്യുന്നില്ല എന്നത് ഒരു വിരോധാബആശണആമം.

പ്രത്യേകിച്ച് കേരളത്തിൽ ജനജീവിതത്തിൽ വിപ്ലവകരമായ മാറ്റംകുറിച്ച ഭൂപരിഷ്കരണത്തിന്റെ ഭാഗമായി പട്ടികജാതിക്കാരെ മണ്ണിനുടമകളാക്കിയെന്നതും ഒരു ചെറിയ കാര്യമല്ല. എന്നിരുന്നാലും ഈ സമൂഹത്തെ പൂർണ്ണമായും ഉയർത്തിക്കൊണ്ടുവരുന്നതിന് ഇനിയും ഒട്ടേറെ പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കേണ്ടത് അനിവാര്യമാണ്.

**അവലോകനം**

1991ലെ സെൻസസിന്റെ അടിസ്ഥാനത്തിൽ 800ഓളം കുടുംബങ്ങളിലായി 4763 ആണ് തൃത്താല

ഗ്രാമപഞ്ചായത്തിൽ പട്ടികജാതിക്കാരായി ഉള്ളത്. 91ലെ ജനസംഖ്യാകണക്കെടുപ്പുപ്രകാരം പട്ടിക വർഗ്ഗത്തിൽപ്പെട്ട ഒരാൾ ഈ പഞ്ചായത്തിൽ ഉണ്ടായിരുന്നുവെങ്കിലും ആ വ്യക്തി ആരാണെന്നോ ജീവിച്ചിരിപ്പുണ്ടോ എന്നൊന്നും വിവരം ലഭ്യമായിട്ടില്ല.

പഞ്ചായത്തിൽ സർക്കാർ അംഗീകരിച്ച 17 പട്ടികജാതി കോളനികളും അംഗീകാരം അനിവാര്യമായ കോളനികളിൽ നിലവിലുണ്ട്. വാർഡടിസ്ഥാനത്തിൽ കോളനികളുടെ പേര് വിവരം താഴെച്ചേർക്കുന്നു.

| | | |
|---|---|---|
| വാർഡ് | I | ഈരാറ്റിങ്ങൽ പാക്കനാർ കോളനി |
| 2 | VII | ഇടപ്പറമ്പ് പട്ടികജാതികോളനി |
| | III | പനമ്പറ്റപട്ടികജാതികോളനി (ഐ.എച്ച്.ഡി.പി.) |
| 4 | IV | ചെമ്മാം കുന്ന് പട്ടികജാതികോളനി |
| 5 | IV | തലയണപ്പറമ്പ പട്ടികജാതികോളനി (ഐ.എച്ച്.ഡി.പി.) |
| 6 | V | നായക്കുന്ന് കോളനി |
| 7 | VI | മുടവന്നൂർ പട്ടികജാതികോളനി |
| 8 | VI | നമ്രവട്ടത്ത് പട്ടികജാതികോളനി |
| 9 | VI | മാട്ടായ പട്ടികജാതികോളനി |
| 10 | VI | ഉള്ളാമ്പുഴ പട്ടികജാതികോളനി |
| 11 | VI | മീങ്കീനി പട്ടികജാതികോളനി |
| 12 | VI | പണ്ടാരക്കുണ്ട് പട്ടികജാതികോളനി |
| 13 | VII | ചോലക്കുണ്ട് പട്ടികജാതികോളനി |
| 14 | VIII | അംബേദ്കർ പട്ടികജാതികോളനി |
| 15 | VIII | ചെറുകുന്നിൻമുകളിൽ പട്ടികജാതികോളനി |
| 16 | IX | കുന്നത്തുകാവ് പട്ടികജാതികോളനി |
| 17 | IX | തറയിൽ പട്ടികജാതികോളനി |

## അംഗീകാരം ലഭിക്കാത്തവ

| | | |
|---|---|---|
| 1. | VI | മാട്ടായ പട്ടികജാതികോളനി |
| 2. | VI | താന്നിക്കുന്ന് പട്ടികജാതികോളനി |
| 3. | VI | തെക്കെ മുടവന്നൂർ പട്ടികജാതികോളനി |
| 4. | VIII | കി.കോടനാട് 4സെന്റ് കോളനി |
| 5. | IX | മുല്ലം പറമ്പത്ത് കാവ് പട്ടികജാതികോളനി |
| 6. | IV | കണ്ണന്നൂർ. കിഴക്ക് പട്ടികജാതികോളനി |
| 7. | V | ചാക്കുരുത്തി ഹരിജൻ കോളനി |

8. VIII കൊഴിഞ്ഞിൽ പറമ്പ് കോളനി

9. II ആലും കൂട്ടം ഹരിജൻ കോളനി

10. V ചേരും കുന്ന് കോളനി

ഏകദേശം അഞ്ഞൂറിലധികം കുടുംബങ്ങൾ ഈ കോളനികളിലായി താമസിച്ചുവരുന്നു. കേ ാളനികളിലെ കുടിവെള്ളം വൈദ്യുതി കക്കൂസ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ തീർത്തും പരിമിതമാണ് മിക്ക കോളനികളിലും വൈദ്യുതി സൗകര്യം ഉണ്ടെങ്കിലും കുടിവെള്ളത്തിന്റെ കാര്യത്തിൽ കോളനി നിവാസികൾ ഇപ്പോഴും ദുരിതാവസ്ഥയിലാണ്. കോളനികളിലെ മഹാഭൂരിപക്ഷം വീടുകളിലും കക്കൂസുകളില്ലാത്തതുകൊണ്ട് നിവാസികൾ വളരെയേറെ ദുരിതത്തിലാണ്.

വിവിധ മേഖലകളിൽ പട്ടികജാതി വിഭാഗം ഇപ്പോഴും അവഗണിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. 10ാം തരം വരെ വിദ്യാഭ്യാസം ലഭിക്കുന്ന കുട്ടികളിൽ ഭൂരിഭാഗവും ഉപരിപഠനത്തിനും സാങ്കേതിക പഠനങ്ങൾക്കും തയ്യാറാകുന്നില്ല. സാമ്പത്തിക പിന്നോക്കാവസ്ഥയും രക്ഷിതാക്കളും ബോധനിലവാരക്കുറവും ഇതിനു കാരണമാകുന്നു.

പാരമ്പര്യതൊഴിലായി സ്വീകരിച്ചു പോന്ന കാർഷികതൊഴിലാളി രംഗത്തുനിന്ന് ക്രമേണ ഈ ജനവിഭാഗം അകന്നു കൊണ്ടിരിക്കുന്നു. ഗൾഫ് മേഖലയിൽനിന്നുള്ള പണപ്രവാഹത്തോടു കൂടി പട്ടികജാതിക്കാരിൽ ചെറുപ്പക്കാർ നിർമ്മാണ തൊഴിൽ രംഗത്തേക്ക് പ്രവേശിച്ചുകൊണ്ടിരിക്കുന്നു.

സ്വന്തമായി വീടില്ലാത്ത ധാരാളം കുടുംബങ്ങൾ ഈ വിഭാഗത്തിലുണ്ട് സ്വന്തമായി ഭൂമി കൈവശമില്ലാത്തതു കൊണ്ടും മറ്റു സാമ്പത്തിക പരാധീനതയുമാണ് ഈ അവസ്ഥക്ക് കാരണം.

പട്ടികജാതിക്കാർക്ക് സ്വന്തമായി ഒരു ശ്മശാനം ഉണ്ടാക്കുന്നതിനുവേണ്ടി പ്രവർത്തിക്കുകയും ഈ വിഭാഗത്തിന് സമൂഹത്തിൽ തുല്യത ലഭിക്കുന്നതിനുവേണ്ടിയുള്ള പോരാട്ടം നടത്തുകയും ചെയ്ത ഇടപ്പറമ്പിൽ കോന്തയുടെ സേവനങ്ങൾ പ്രത്യേകം സ്മരിക്കപ്പെടേണ്ടതാണ്. അധ്യാപക വൃത്തി സ്വീകരിച്ച പഞ്ചായത്തിലെ ആദ്യത്തെ പട്ടികജാതി വനിതയായ കാളിക്കുട്ടി ടീച്ചറും പട്ടികജാതിക്കാരുടെ വിദ്യാഭ്യാസ പുരോഗതിക്ക് കാര്യമായ സംഭാവന നൽകിയിട്ടുണ്ട്. മുൻ താലൂക്ക് ബോർഡ് മെമ്പർ ഇ. കുഞ്ഞനും ഈ രംഗത്ത് കാര്യമായി പ്രവർത്തിച്ച വ്യക്തിയാണ്.

കൂടാതെ പട്ടികജാതി പട്ടികവർഗ്ഗങ്ങളുടെ പുരോഗതിക്കു വേണ്ടി പേരെടുത്തുപറയാത്ത നിരവധി വ്യക്തികൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

സാമൂഹ്യപദവിയിൽ അടുത്തകാലത്തായി പുരോഗമനമുണ്ടായിട്ടുണ്ട്. ഉച്ചനീചത്വങ്ങൾ ഇപ്പോൾ നിലനിലില്ല. ഇവരുടെ വീടുകളിൽ വിവാഹം തുടങ്ങിയ ചടങ്ങുകളിൽ എല്ലാ് വിഭാഗം ആളുകളും പങ്കെടുത്ത് വരുന്നുണ്ട്. ഭക്ഷണ പാനീയങ്ങൾ കഴിക്കുന്നുണ്ട്. ജാതി പറഞ്ഞു വിളിക്കുന്ന രീതി ഇന്ന് നിലവിലില്ല.

നിലവിലുള്ള സ്ഥിതിവിവരക്കണക്കുകളുടെ അടിസ്ഥാനത്തിൽ 601 പേർ ദാരിദ്രരേഖക്ക് താഴെ ജീവിക്കുന്നവരാണ് 195 പേർക്ക് വിവിധ പദ്ധതികൾ മുഖേന ധനസഹായം ലഭിച്ചിട്ടുണ്ട്. 1365 വിദ്യാർത്ഥികൾ പഠനം നടത്തിക്കൊണ്ടിരിക്കുന്നു. മുഴുവൻ കുട്ടികൾക്കും ലംസംഗ്രാന്റ് ലഭിക്കുന്നുണ്ട്.

കോളനികളിലെ അടിസ്ഥാന സൗകര്യങ്ങൾ തീർത്തും അപര്യാപ്തമാണ് ദാരിദ്ര്യവും പട്ടിണിയും ഭാഗികമായി നിലനിൽക്കുന്നുണ്ട് വിദ്യാഭ്യാസ പിന്നോക്കാവസ്ഥ തുടരുകയാണ് തൊഴിൽപരമായ പിന്നോക്കാവസ്ഥയിൽ നിലനിൽക്കുന്നു അന്ധവിശ്വാസങ്ങൾ കാരണമുള്ള പ്രശ്നങ്ങൾ ഗൗരവമുള്ളവയാണ്. സാമൂഹിക ഉച്ചനീചത്വങ്ങൾ കുറവാണ് അർഹമായ ആനുകൂല്യങ്ങൾ ലഭ്യമാക്കാനുള്ള തടസ്സങ്ങൾ പദ്ധതികൾ നടപ്പാക്കുന്നതിനുള്ള പോരായ്മകളാണ്. പദ്ധതിയുടെ ഗുണഫലങ്ങൾ ഇടത്തട്ടുകാർ തട്ടിയെടുക്കുന്നത് ഇപ്പോഴും തുടരുന്നു.



# XI

## വികസനമേഖല

# സാമൂഹ്യക്ഷേമം

# സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമ രംഗത്ത് ദ്രരിദ്രരേഖക്ക് താഴെയുള്ളവരെ ഉദ്ധരിക്കാനുള്ള ദാരിദ്ര നിർമ്മാർജ്ജന പദ്ധതിയും സംഘടിത അസംഘടിത തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള ക്ഷേമപദ്ധതികളുമാണ് നിലവിലുള്ളത്.

പൂർണ്ണമായും കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ വഹിക്കുന്ന ദാരിദ്ര നിർമ്മാർജ്ജന പദ്ധതിയും തൊഴിലാളി തൊഴിലുടമ സഹകരണത്തോടെ ക്ഷേമ നിധി ബോർഡുകൾ വഴി നടപ്പാക്കുന്നവയും ആയി ഇതിനെ രണ്ടായി തരം തിരിക്കാം. ഈ പദ്ധതികൾക്ക് പുറമേ പട്ടികജാതി വികസനത്തിനും ഉന്നമനത്തിനും ആയി. പട്ടികജാതി വികസന കോർപ്പറേഷനും വനിതകളുടെ പുരോഗതിക്കായി വനിതാ വികസന കോർപ്പറേഷനും പ്രവർത്തിക്കുന്നുണ്ട്. ഈ പദ്ധതികളിൽ ദാരിദ്ര നിർമ്മാർജ്ജന പദ്ധതികൾ മുഖേനയുള്ള സഹായങ്ങളാണ്. വലിയതോതിലല്ലെങ്കിലും പഞ്ചായത്തിൽ ലഭ്യമാകുന്നവയും നാമമാത്രമായി മറ്റു പദ്ധതികളും ജനങ്ങൾ ഉപയോഗപ്പെടുത്തുന്നുണ്ട്.

നിലവിലുള്ള പദ്ധതികളുടെ അപര്യാപ്തത വളരെ പ്രകടമാണ്. പദ്ധതികളെ കുറിച്ചുള്ള അറിവില്ലായ്മ അർഹത പ്പെട്ടവർക്ക് കിട്ടായ്ക ഉദ്യോഗസ്ഥതലത്തിലുള്ള ബോധവൽക്കരണകുറവ്, ആവശ്യത്തിനും സമയത്തിനും കിട്ടായ്ക, ഉപയോഗപ്പെടുത്തുമ്പോഴുള്ള സാമ്പത്തിക നൂലാമാലകൾ എന്നിവ എടുത്തു പറയേണ്ടതാണ്.

തൊഴിലാളി, തൊഴിലുടമ സഹകരണത്തോടെയുള്ള ക്ഷേമനിധി ബോർഡുകൾ മുഖേനയുള്ള പ്രവർത്തനം തന്നെ കാര്യക്ഷമമായിട്ടില്ല. പഞ്ചായത്തിൽ കർഷക തൊഴിലാളികൾ, കെട്ടിട നിർമ്മാണ തൊഴിലാളികൾ, ആർട്ടിസാൻസ് വിഭാഗത്തിലുള്ള തൊഴിലാളികൾ, എന്നിവ കൂടുതലായി ഉണ്ടെങ്കിലും എല്ലാ തൊഴിലാളികളും ക്ഷേമനിധിയിൽ അംഗങ്ങളായിട്ടില്ല.

പട്ടികജാതി വികസന കോർപ്പറേഷൻ വഴിയുള്ള ആനുകൂല്യങ്ങൾ പരിമിതമായ തോതിലെ ലഭ്യമാകുന്നുള്ള. വനിതാ വികസന കോർപ്പറേഷന്റെ ആസ്ഥാനം തിരുവനന്തപുരത്തായതിനാൽ പഞ്ചായത്തിലെ സാധാരണ സ്ത്രീകൾക്ക് ഈ വഴിയുള്ള ആനുകൂല്യങ്ങൾ ലഭിക്കാറില്ല. സത്യത്തിൽ പൊതുപ്രവർത്തനരംഗത്ത് പ്രവർത്തിക്കുന്ന പല സ്ത്രീകൾക്കും ഇതിനെ കുറിച്ച് അറിയില്ലെന്നാണ് യാഥാർത്ഥ്യം. വനിതകൾക്ക് അന്യമാണ് ഈ കോർപ്പറേഷൻ എന്നതാണ് പഞ്ചായത്തിനെ വിലയിരുത്തുമ്പോൾ അറിയുവാൻ കഴിയുക.

സാമൂഹ്യക്ഷേമരംഗത്ത് കാര്യമായി പ്രവർത്തിച്ചതുകൊണ്ട് പഞ്ചായത്തിൽ സഹായം ലഭ്യമാക്കിക്കൊണ്ടിരിക്കുന്ന ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസിന് താഴെയുള്ള തൃത്താല വി.ഇ.ഒ. സർക്കിൾ വഴിയാണ്. നടപ്പാക്കിയ പദ്ധതികളെ സംബന്ധിച്ച് ശരിയായി വിലയിരുത്തപ്പെടണമെങ്കിൽ ഗുണഭോക്താക്കളിൽ നിന്നും ശരിയായ വിവരങ്ങൾ ശേഖരിക്കപ്പെടേണ്ടിയിരിക്കുന്നു.

തൃത്താല വി.ഇ.ഒ. സർക്കിൾ വഴി പഞ്ചായത്തിൽ ലഭ്യമാക്കിയ പദ്ധതികളെ സംബന്ധിച്ച് വിശദമായിതന്നെ താഴെ പ്രതിപാദിക്കുന്നു. പ്രസ്തുത പദ്ധതികൾ കൂടുതൽ ഫലപ്രദമായി ഉപയോഗപ്പെടുത്താൻ ആവശ്യമായ നിർദ്ദേശങ്ങൾ ഉൾപ്പടെ.

**൧. സംയോജിത ഗ്രാമവികസനപരിപാടി (ഐ.ആർ.ഡി.പി.)**

ഗ്രാമവികസന പരിപാടികളിൽ ഏറെസമ്പുഷ്ടമായ പരിപാടിയാണ് ഐ.ആർ.ഡി.പി. 1979–80 വർഷത്തിൽ ആരംഭിച്ച ഈ പദ്ധതിയിൽ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ളവായ്പയും ഗ്രാമവികസന ഏജൻസികളിൽ നിന്ന് ലഭിക്കുന്ന സഹായധനവും ഉപയോഗിച്ച് സ്വയം തൊഴിൽ കണ്ടെത്തി സ്വാശ്രയരായി തീരാൻ ഗ്രാമീണരെ ഇത് സഹായിക്കുന്നു.

വാർഷിക വരുമാനം 11000 രൂപയിൽ താഴെയുള്ള കുടുംബങ്ങളാണ് ഈ പദ്ധതിയിൽ

സഹായിക്കപ്പെടുന്നത്. കുടുംബം ഒരു യൂണിറ്റായാണ് ഇതിൽ സഹായിക്കപ്പെടുന്നത്.

1992-ൽ തയ്യാറാക്കിയ സർവ്വേലിസ്റ്റിൽ പഞ്ചായത്തിൽ 1925 കുടുംബങ്ങൾ ഇതിൽ 682 പട്ടികജാതികുടുംബങ്ങൾ ഉണ്ട്.

ഈ സർവ്വേ ലിസ്റ്റിൽനിന്നും 1995-96 വരെ തൃത്താലപഞ്ചായത്തിൽ 177 കുടുംബങ്ങൾ സഹായിക്കപ്പെട്ടിട്ടുണ്ട്. ഇതിൽ 98 പട്ടികജാതി കുടുംബങ്ങളാണ്. ഇതിൽതന്നെ 84 വനിതകളാണ്. ഈ പരിപാടിയിൽ 1310086 രൂപവായ്പയിനത്തിലും 775446 രൂപ സഹായധനമായും ചിലവഴിച്ചിട്ടുണ്ട്. 1996-97ൽ ബാങ്കിൽ എത്തിച്ചിട്ടുള്ള അപേക്ഷകളിൽ വിതരണം നടന്നുകൊണ്ടിരിക്കുന്നു.

ഈ പദ്ധതിയെ കുറിച്ചുള്ള സർക്കാറിന്റെ നിർവ്വചനം കാലോചിതമായ മാറ്റത്തിന് വിധേയമാക്കേണ്ടതാണ്. ദാരിദ്ര്യരേഖയുടെ പരിധി 25000 രൂപയെങ്കിലും ആക്കി ഉയർത്തണം.

ദേശസാൽകൃത ബാങ്കുകൾ ഈ സ്കീം അനുസരിച്ച് വായ്പ ലഭ്യമാക്കുന്നതിൽ ഗുരുതരമായ ഉദാസീനതയാണ് കാണിക്കുന്നത്. സഹകരണമേഖലക്ക് പരമാവധി ഫണ്ട് അനുവദിച്ചുകൊണ്ട് സഹകരണ ബാങ്കുകൾക്ക് ഈ മേഖലയിൽ ഗുണഭോക്താക്കളെ പരമാവധി സഹായിക്കാൻ ജില്ലാ സംസ്ഥാന സഹകരണ ബാങ്കുകൾ വഴി സർക്കാർ നടപടി സ്വീകരിക്കണം. അതോടൊപ്പം ദേശസാൽകൃത ബാങ്കുകളെകൊണ്ട് ഗുണഭോക്താക്കളെ സഹായിക്കാൻ സർക്കാർതലത്തിൽ നടപടി സ്വീകരിക്കണം. ഗുണഭോക്താക്കളെ കണ്ടെത്താൻ വർഷംതോറും സർവ്വേ നടത്തണം.

## II. ട്രൈസം

ഗ്രാമീണ യുവജനങ്ങൾക്ക് തൊഴിൽ കണ്ടെത്തുന്നതിനായി നടപ്പാക്കുന്ന ഒരു ഐ.ആർ.ഡി.പി. അനുബന്ധ പരിപാടിയാണ് ഇത്. ഐ.ആർ.ഡി.പി. സർവ്വേലിസ്റ്റിൽ ഉൾപ്പെടുന്ന 18നും 35നും ഇടക്ക് പ്രായമുള്ള യുവജനങ്ങൾക്ക് സ്വയംതൊഴിൽ പരിശീലനം നൽകി ഐ.ആർ.ഡി.പി. യിൽ ഉൾപെടുത്തി തൊഴിൽ നൽകുന്നു. 8-ാം പദ്ധതിയിൽ തൃത്താല പഞ്ചായത്തിൽ 17 യുവജനങ്ങൾക്ക് പരിശീലനം നൽകിയിട്ടുണ്ട്. ഇതിൽ അധികം പേരും കൂലിക്ക് പണിയെടുക്കുന്നു. കുറച്ചുപേർ മാത്രമാണ് ഐ.ആർ.ഡി.പി. ധനസഹായം നൽകിയിട്ടുള്ളവർ പരിശീലനം ലഭിക്കുന്നവർ തൊഴിൽ കണ്ടെത്തുന്നതിൽ മുന്നോട്ട് വരുന്നില്ല എന്നതാണ് ഇതിന്റെ പരാജയം എന്ന് ഡിപ്പാർട്ട്മെന്റ് റിവ്യൂയിൽ പറയുന്നു.

ഓരോ ഗ്രാമത്തിനും അനുയോജ്യമായ തൊഴിൽ പരിശീലനം നൽകാനും പരിശീലനം ലഭിച്ചവർക്ക് വായ്പലഭ്യമാക്കി തൊഴിൽ സംരംഭം ആരംഭിക്കാനും ശ്രദ്ധിക്കണം. ഇതുവഴി പരിശീലനം ലഭിക്കുന്നവർക്ക് തുടർന്ന് യോഗ്യതാ അടിസ്ഥാനത്തിൽ തൊഴിൽലഭിക്കുന്നില്ല എന്നത് ഈ പദ്ധതിയുടെ പോരായ്മയാണ്. വളരെ ചുരുക്കം പേർക്ക് മാത്രമേ ഈ പരിശീലനം നൽകാൻ കഴിയുകയുള്ളൂ. പരിശീലനം ലഭിക്കുന്നവരുടെ എണ്ണം പരമാവധി വർദ്ധിപ്പിക്കുകയും ഇവർക്ക് ഇപ്പോൾ ലഭിക്കുന്ന സ്റ്റൈപ്പന്റ് തുക കൂട്ടുകയും വേണം. ഗുണഭോക്താക്കളെ കിട്ടുന്നില്ല എന്ന ഉദ്യോഗസ്ഥരുടെ പരാതി പരിഹരിക്കാൻ ഗുണഭോക്താക്കളെ കണ്ടെത്തി അവരെ ബോധവാന്മാരാക്കാനും യുവജനസംഘടനകൾക്ക് ഒട്ടേറെകാര്യങ്ങൾ ചെയ്യാൻ സാധിക്കും. ഈ പദ്ധതിയിലൂടെ തൃത്താലപഞ്ചായത്തിൽ 8-ാം പദ്ധതി കാലത്ത് 17 പേർക്ക് മാത്രമേ പരിശീലനം നൽകാൻ കഴിഞ്ഞിട്ടുള്ളൂ എന്നത് ശ്രദ്ധിക്കേണ്ടതാണ്.

## III സിട്ര (കൈതൊഴിൽ ഉപകരണങ്ങൾ വിതരണപരിപാടി)

ഗ്രാമീണ കൈതൊഴിലുകാരുടെ പ്രവർത്തനം മെച്ചപ്പെടുത്തി വരുമാനം വർദ്ധിപ്പിക്കുന്നതിനുതകുന്ന ഒരു പരിപാടിയാണിത്. ഐ.ആർ.ഡി.പി. യുടെ ഒരുപദ്ധതിയാണിത്. ഈ പദ്ധതിയിൽ ഒരാൾക്ക് പരമാവധി 2000 രൂപ സബ്സിഡി ലഭിക്കും ഉപകരണ വിലയുടെ 10% ഗുണഭോക്താവ് വഹിക്കണം. 8-ാം പദ്ധതിയിൽ തൃത്താല പഞ്ചായത്തിൽ 25 പേർക്ക് സഹായം ലഭ്യമായിട്ടുണ്ട്.

ആവശ്യക്കാർക്കുലഭിക്കുന്നു എന്നുറപ്പ് വരുത്തുകയും സാധനങ്ങൾ യഥാസമയം വിതരണം ചെയ്യപ്പെടേണ്ടതുമാണ്.

IV ഡി.ഡബ്ല്യു.സി.ആർ.എ. (ഗ്രാമീണവനിത ശിശുവികസനപരിപാടി)

ഐ.ആർ.ഡി.പി. യുടെ അനുബന്ധപരിപാടിയായി 1983-84ൽ ഈ പദ്ധതി ആരംഭിച്ചു. 10-15 അംഗങ്ങളുള്ള വനിതായൂണിറ്റുകൾക്കാണ് ഇതിൽ ധനസഹായം നൽകുന്നത്.

വായ്പയും ധനസഹായവും ചേർന്ന സഞ്ചിതസഹായം ഉപയോഗിച്ച് മെച്ചപ്പെട്ട സംരംഭങ്ങൾ കണ്ടെത്തി വനിതകളുടെ സാമ്പത്തിക-സാമൂഹിക ഉന്നമനത്തിന് ഈ പദ്ധതി സഹായിക്കുന്നു. സഞ്ചിത സഹായത്തിനു പുറമെ ഓരോയൂണിറ്റിനും 25000 രൂപ റിവോൾവിങ്ങ് ഫണ്ട് ആയിലഭിക്കുന്നു.

നാളിതുവരെ തൃത്താല പഞ്ചായത്തിൽ 7യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട് എന്നാൽ ദൗർഭാഗ്യകരമെന്നു പറയട്ടെ ഇതിൽ രണ്ട് യൂണിറ്റുകൾ മാത്രമാണ് പ്രവർത്തിക്കുന്നത് പ്രവർത്തനക്ഷമമല്ലാത്ത മറ്റ് അഞ്ച് യൂണിറ്റുകളുടെ പ്രവർത്തനം ഉറപ്പു വരുത്തുന്നതിൽ ജനകീയ സമിതികൾ അടിയന്തിര ശ്രദ്ധചെലുത്തേണ്ടതാണ്.

താല്പര്യമുള്ളവരെ കണ്ടെത്തി ഓരോപ്രദേശത്തിനും അനുയോജ്യമായ യൂണിറ്റുകൾ ആരംഭിക്കാൻ ശ്രദ്ധിക്കണം. യൂണിറ്റുകളുടെ പ്രവർത്തനം വിലയിരുത്താനും ആവശ്യമായ സഹായം നൽകാനും അതാതു പ്രദേശത്തെ സന്നദ്ധസംഘടനാപ്രവർത്തകരുമടങ്ങുന്ന ഒരു കമ്മറ്റി രൂപീകരിക്കണം. അയൽകൂട്ട കമ്മറ്റികളെയും ഇതിന് ഉപയോഗപെടുത്താവുന്നതാണ്. ഈ സ്കീമിലൂടെ ഉല്പാദിപ്പിക്കപ്പെടുന്ന സാധനങ്ങൾക്ക് മാർക്കറ്റ് കണ്ടെത്താൻ സാധിക്കാത്ത സ്ഥിതിയുണ്ട്. ഇതിലൂടെയുള്ള ഉൽപന്നങ്ങൾ സർക്കാർ ഏജൻസികൾമുഖേന വിറ്റഴിക്കാനുള്ള സംവിധാനം ഉണ്ടാക്കണം. ഉദാഹരണമായി ഡി.ഡബ്ല്യു.സി.ആർ.എ.ക്ക് കീഴിലുള്ള ഒരു തയ്യൽയൂണിറ്റ് ഐ.സി.ഡി.എസ്.ന്റെ കീഴിൽ പ്രവർത്തിക്കുന്ന കുട്ടികൾക്കാവശ്യമായ കിറ്റുകൾ വിതരണം ചെയ്യുന്നുണ്ട്. ഈ ഉടുപ്പുകളും, മറ്റ് പ്രസ്തുത തയ്യൽയൂണിറ്റിലൂടെ നിർമ്മിച്ച് വിതരണം ചെയ്താൽ യൂണിറ്റിനെ ലാഭകരമാക്കി നടത്തിക്കൊണ്ടുപോകാൻ സാധിക്കും അതുകൊണ്ട് പത്തോ അതിലധികമോ സ്ത്രീകൾക്ക് വരുമാന മാർഗ്ഗമുണ്ടാകും. ഇത് പോലെ യൂണിറ്റുകളെ കാര്യക്ഷമമാക്കാവുന്നതാണ്.

V. സാമൂഹ്യവനവൽക്കരണ പരിപാടി

ഭൂമിയുടെ സംതുലിതാവസ്ഥ പരിപാലിക്കുന്നതിനും ഗ്രാമീണരുടെ വിറക് ആവശ്യം നിറവേറ്റുന്നതിനും ഉദ്ദേശിച്ചാണ് ഈ പദ്ധതി 1992-93 വർഷങ്ങളിൽ മഹിളാസമാജങ്ങൾ വഴി തൈകൾ ഉല്പാദിപ്പിച്ച് ഈ പഞ്ചായത്തിൽ വിതരണം ചെയ്തു. ഫലവൃക്ഷതൈകളാണ് പ്രധാനമായും വിതരണം ചെയ്തത്.

തൈകൾ സൗജന്യമായാണ് പട്ടികജാതിക്കാർക്ക് വിതരണം ചെയ്യുന്നത്. 1994-95ൽ 75 തെങ്ങിൻ തൈകളും 200 കവുങ്ങിൻ തൈകളും 250 മാഞ്ചിയം തൈകളും 150 തേക്കിൻതൈകളും വിതരണം ചെയ്തു.

VI. സി.പി.പി., എസ്.സി.എ., ടു. എസ്.സി.പി.

വികസനവകുപ്പിലെ എസ്.സി.പി. വഴി വിവിധപരിപാടികൾ ഈ പഞ്ചായത്തിൽ നടപ്പാക്കുന്നു.

1. പഠനോപകരണങ്ങൾ.

പാവപ്പെട്ട പട്ടികജാതിയിൽ പെട്ട വിദ്യർത്ഥികൾക്ക് മേശ, കസേര, ഡിക്ഷ്നറി ഇതുപോലുള്ള ഉപകരണങ്ങൾ വിതരണം ചെയ്യുന്ന പരിപാടിയാണിത്. ഇവർ ഐ.ആർ.ഡി.പി. ലിസ്റ്റിൽ ഉൾപ്പെടുന്നവരായിരിക്കണം.

നാളിതുവരെ ഈ പഞ്ചായത്തിൽ 13 വിദ്യാത്ഥികൾക്ക് മാത്രമാണ് പഠനോപകരണങ്ങൾ നൽകിയിട്ടുള്ളത്.

പഞ്ചായത്തിലെ നാമമാത്രമായ വിദ്യാർത്ഥികൾക്കുമാത്രം ലഭിച്ചിട്ടുള്ളൂ. ഈ ആനുകൂല്യം കൂടുതൽ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കേണ്ടതുണ്ട് ഇത്തരത്തിലുള്ള ഒരു പദ്ധതിയെകുറിച്ച് വിദ്യാർത്ഥികൾക്കിടയിൽ അറിവുണ്ടോ എന്ന് തന്നെ സംശയമാണ്.

2. കക്കൂസ് നിർമ്മാണം.

ഈ പദ്ധതിയിൽ 1991–92ൽ നൽകിയ 10 കക്കൂസുകളിൽ 9 എണ്ണം പൂർത്തിയായി. ചീനിക്കുണ്ട് കോളനിയിലെ ഒരെണ്ണം ഇപ്പോഴും പൂർത്തിയായിട്ടില്ല. 1993–94ൽ ചെറുകുന്ന് കോളനിയിൽ ഏഴെണ്ണം നൽകിയതിൽ ആറെണ്ണം പൂർത്തിയായി.

ഗ്രാമങ്ങളിലെ ശുചിത്വനിലവാരം ഉയർത്തുന്നതിന് ഉദ്ദേശിച്ചിട്ടുള്ള സി.ആർ.എസ്.പി. പദ്ധതിയിൽ പ്രധാനമായും കക്കൂസ് നിർമ്മാണത്തിന് സഹായം നൽകുന്നു. ഒരാൾക്ക് 2000 രൂപയാണ് നൽകുന്നത്. ഈ പഞ്ചായത്തിൽ ഈ പദ്ധതിയിൽ ഇതുവരെ 34 കക്കൂസുകളാണ് അനുവദിച്ചിട്ടുള്ളത് ഇതിൽ ഇപ്പോഴും മൂന്നെണ്ണം പൂർത്തിയാക്കാനുണ്ട്. പഞ്ചായത്തുകൾക്കും പൊതുകക്കൂസുകളും മറ്റും നിർമ്മിക്കുന്നതിന് ഈ പദ്ധതി പ്രയോജനപ്പെടുത്താവുന്നതാണ്.

പഞ്ചായത്തിൽ 8–ാം പദ്ധതികാലത്ത് സി.ഡി.പി.യിൽ 17ഉം സി.ആർ.എസ്.പി.യിൽ 34ഉം ഉൾപ്പടെ ആകെ 51 കക്കൂസുകളാണ് അനുവദിച്ചിട്ടുള്ളത് എന്ന കണക്കുതന്നെ ഈ രംഗത്തെ പോരായ്മ ചൂണ്ടിക്കാണിക്കുന്നു.

3. വയറിങ്ങ്

ഐ.എച്ച്.ഡി.പി. കോളനിയിൽ വയറിങ്ങിന് ധനസഹായം നൽകുന്നതിന് പനമ്പറ്റ ഐ.എച്ച്.ഡി.പി. കോളനിയിൽ 39 വീടുകൾ തെരഞ്ഞെടുത്തു. തലയിണപറമ്പ് കോളനിയിൽ 3 വീടുകൾ ഉൾപ്പടെ 42 വീടുകളാണ് തെരഞ്ഞെടുത്തത്.

4. പുകയില്ലാത്ത അടുപ്പുകൾ

പട്ടികജാതികുടുംബങ്ങളിൽ പുകയില്ലാത്ത അടുപ്പുകൾ നിർമ്മിക്കുന്ന പദ്ധതിയാണിത്. ഇപ്രകാരം നാളിതുവരെ പഞ്ചായത്തിന്റെ 75 വീടുകളിൽ പുകയില്ലാത്ത അടുപ്പും നിർമ്മിച്ചിട്ടുണ്ട്. കൂടുതൽ ഗുണഭോക്താക്കൾക്ക് പുകയില്ലാത്ത അടുപ്പുകൾ ഇനിയും നിർമ്മിച്ച് കൊടുക്കേണ്ടതാണ്.

**VII സി.എസ്.എസ്.**

8–ാം പദ്ധതിയുടെ ആരംഭത്തിൽ തന്നെ അസ്തമിച്ച പദ്ധതിയാണ് ഇത്. ഇതിൽ വരുമാന പരിധിബാധകമല്ലാത്തതിനാൽ എല്ലാകർഷകരേയും സഹായിക്കാനാകുന്നു. ഈ പദ്ധതിയിൽ കാർഷിക നിലവാരം മെച്ചപ്പെടുത്തുന്നതിന് മോട്ടോർ പമ്പ് തുടങ്ങിയവ നൽകിയിരിക്കുന്നു. ഈ പഞ്ചായത്തിൽ 32 കർഷകരെ സഹായിച്ചിട്ടുണ്ട്. കാർഷികനിലവാരം മെച്ചപ്പെടുത്താൻ ഉതകുന്ന ഈ പദ്ധതി പുൻർജീവിപ്പിക്കേണ്ടതും കൂടുതൽ ഗുണഭോക്താക്കൾക്ക് ഈ ആനുകൂല്യം ലഭ്യമാക്കേണ്ടതും ചെയ്യേത്തത് അത്യാവശ്യമാണ്.

**വില്ലേജ് ഓഫീസുകൾ വഴിയുള്ള ക്ഷേമപദ്ധതികൾ**

സാമൂഹ്യക്ഷേമരംഗത്ത് റവന്യൂ വകുപ്പ് കാര്യമായി പെൻഷനുകളും നിർധനരായ വിധവകളുടെ പെൺമക്കൾക്ക് വിവാഹധനസഹായങ്ങളുമാണ് പഞ്ചായത്തിൽ ലഭ്യമാക്കുന്നത്. നിത്യവൃത്തിക്ക് ബുദ്ധിമുട്ടുന്ന അവശർക്ക് നൽകുന്ന ഈ പദ്ധതികൾ കൃത്യമായി കിട്ടുന്നില്ലെന്നത് വലിയപ്രശ്നം തന്നെയായി അവശേഷിക്കുന്നു. നിരവധി മാസത്തെ പെൻഷനുകൾ കുടിശ്ശികയാണെന്ന പരാതി അടിയന്തിരമായി പരിഹരിക്കേണ്ടതാണ്.

**പെൻഷനുകളെ സംബന്ധിച്ച്**

1. വിധവാപെൻഷൻ.

പ്രായപൂർത്തിയായ ആൺകുട്ടികളുണ്ടെങ്കിൽ ലഭിക്കില്ല. ഇതിൽ മാറ്റംവരുത്തി വരുമാനത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം.

8-ാം പദ്ധതികാലത്ത് വിധവാ പെൻഷന് ലഭിച്ച 35 അപേക്ഷകളിൽ 13 എണ്ണം മാത്രമാണ് പാസ്സാക്കിയത് എന്നാൽ പെൻഷൻ ലഭിച്ചുകൊണ്ടിരിക്കുന്നവരുടെ എണ്ണം 1991ൽ 7ഉം 1992ൽ 5ഉം 1993 2ഉം 1994 3ഉം 1995ൽ 3ഉം ലഭ്യമാണ്.

അർഹതപ്പെട്ടവർക്ക് മുഴുവൻ പെൻഷൻ അനുവദിക്കുന്നില്ല. അനുവദിച്ചവർക്കുതന്നെ കിട്ടുന്നില്ല. ഈ അവസ്ഥ അടിയന്തിരപ്രാധാന്യത്തോടെ കണക്കിലെടുത്ത് പരിഹരിക്കപ്പെടേണ്ടതാണ്.

**വികലാംഗപെൻഷൻ**

വികലാംഗത്വം തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റിന് ബുദ്ധിമുട്ടുകയാണ്. വികലാംഗർക്ക് ജില്ലാ ആശുപത്രിയിൽ എത്തിപ്പെടാനുള്ള ബുദ്ധിമുട്ടും സർട്ടിഫിക്കറ്റ് കിട്ടാനുള്ള കാലതാമസവും വളരെയധികം പ്രയാസം ഉണ്ടാക്കുന്നുണ്ട്. വികലാംഗർ എന്നുള്ളതുകൊണ്ടുതന്നെ ദൂരയാത്രയിൽ ഒഴിവാക്കിക്കൊടുക്കണം. വികലാംഗത്വം തെളിയിക്കുന്നതിലുള്ള സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള അധികാരം താലൂക്ക് ആശുപത്രിയിലെ പ്രധാനമെഡിക്കൽ ഓഫീസർക്കു നൽകണം

8ാം പദ്ധതിക്കാലത്ത് കൊടുത്ത 29 വികലാംഗപെൻഷൻ അപേക്ഷകളിൽ 10 എണ്ണമാണ് അനുവദിച്ചിട്ടുള്ളത്. പെൻഷൻ ലഭ്യമായിക്കൊണ്ടിരിക്കുന്ന കണക്ക് താഴെ കൊടുക്കുന്നു.

1991ൽ രണ്ട്, 1992ൽ നാല്, 1993ൽ രണ്ട്, 1994ൽ ഒന്ന് 1995ൽ ലഭിച്ചിട്ടില്ല. മുകളിൽ സൂചിപ്പിച്ചതുപോലെ പെൻഷൻ കൊടുക്കുന്നതിൽ കാട്ടുന്ന അനാസ്ഥ ഇവിടെയും പ്രകടമാകുന്നു.

**കർഷക തൊഴിലാളി പെൻഷൻ**

അനർഹരായ ധാരാളം പേർക്ക് പെൻഷൻ ലഭിക്കുന്നുണ്ട് അർഹരായ മുഴവൻ പേർക്കും ലഭിക്കുന്നുമില്ല. അർഹരായവരെ തെരഞ്ഞെടുക്കാനുള്ള അധികാരം ഗ്രാമപഞ്ചായത്തിന് നൽകണം. അർഹരായവരെ തെരെഞ്ഞെടുത്ത ലിസ്റ്റ് പ്രസിദ്ധപ്പെടുത്തണം.

പഞ്ചായത്തിൽ 8ാം പദ്ധതിക്കാലത്ത് ലഭിച്ച 75 കർഷകതൊഴിലാളി പെൻഷൻ അപേക്ഷകളിൽ 24 അപേക്ഷകളാണ് പാസ്സാക്കിയിട്ടുള്ളത്. കർഷകതൊഴിലാളി പെൻഷൻ അനുവദിക്കുന്നതിന് അപേക്ഷകന്റെ വരുമാനപരിധി കാലാനുസൃതമായി ഉ യർത്തേണ്ടതും അർഹതപ്പെട്ട മുഴുവൻ ആളുകൾക്കും ലഭ്യമാക്കേണ്ടതുമാണ്.

**തൊഴിലില്ലായ്മാവേതനം**

പഞ്ചായത്തിൽ അർഹതപ്പെട്ട മുഴുവൻ ആളുകൾക്കും തൊഴിലില്ലായ്മാവേതനം ലഭിക്കുന്നില്ല. വർഷംതോറും വേതനം ലഭിക്കുന്നവരുടെ എണ്ണം കുറഞ്ഞു വരുന്നു. അർഹതപ്പെട്ട മുഴുവൻ പേർക്കും വേതനം കൃത്യമായി ലഭിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുകയും വേതനം കൈപ്പറ്റിക്കൊണ്ടിരിക്കുന്ന അനർഹരെ കണ്ടെത്തി ഒഴിവാക്കേണ്ടതുമാണ്.

ഇതിനുപുറമെ വില്ലേജ് ഓഫീസിൽ നിന്നും 8ാം പദ്ധതിക്കാലത്ത് കുഷ്ഠം, കാൻസർ എന്നീ രോഗങ്ങൾ ഉള്ള ഒന്നുവീതം രോഗികൾക്ക് ധനസഹായം പാസാക്കിക്കൊടുത്തിട്ടുണ്ട്.

**അംഗൻ വാടികൾ**

സാമൂഹ്യക്ഷേമരംഗത്ത് അടിസ്ഥാനപരമായ പ്രവർത്തനം കാഴ്ചവെക്കുന്ന അംഗൻ വാടികൾ നമ്മുടെ

പഞ്ചായത്തിൽ 10 വാർഡുകളിലായി 25എണ്ണം പ്രവർത്തിക്കുന്നു. അംഗൻവാടികളിലെ പ്രാഥമിക സൗകര്യത്തിന്റെ അഭാവം ജീവനക്കാരിൽ പ്രയാസവും കുട്ടികളിലും രക്ഷിതാക്കളിലും അസന്തുഷ്ടിയും ഉണ്ടാക്കുന്നു. പ്രവർത്തനത്തെ ഇത് ദോഷകരമായി ബാധിക്കുന്നു. തൃത്താല പഞ്ചായത്തിലെ 25 അംഗൻവാടികളുടെയും ഗുണഭോക്താക്കളായി 105ഗർഭിണികളും 129മുലയൂട്ടുന്ന അമ്മമാരും 3വയസ്സിൽ താഴെയുള്ള 679കുട്ടികളും 3മുതൽ ആറുവയസ്സുവരെയുള്ള 660കുട്ടികളുമുണ്ട്. ഇവർക്കെല്ലാം തന്നെ ഐ.സി.ഡി.എസ്.ന്റെസേവനങ്ങൾ ലഭ്യമാണ്.

അംഗൻവാടിയുടെ കാര്യക്ഷമമായ ,പ്രവർത്തനത്തിന് ഏറ്റവും അത്യാവശ്യമായ ഘടകമാണ് സൗകര്യപ്രദമായ ഒരു കെട്ടിടം. മൊത്തമുള്ള 25 അംഗൻവാടികളിൽ 3എണ്ണം സി.പി.ഡബ്ല്യൂ.പി.ബാലവാടിക്കെട്ടിടങ്ങളാണ് പ്രവർത്തിക്കുന്നത്. കൂടാതെ രണ്ടെണ്ണം സ്വന്തം കെട്ടിടത്തിലും പ്രവർത്തിക്കുന്നു.

സെന്റർ നമ്പർ– 4 മേഴത്തൂർ കുന്നത്തുകാവ് കോളനി
സെന്റർ നമ്പർ– 167 ലക്ഷംവീട് കോളനി കിഴക്കേ കോടനാട്
സെന്റർ നമ്പർ– 18 മുടവനൂർ ലക്ഷം വീട് കോളനി

എന്നീ അംഗൻവാടിസെന്ററുകൾക്ക് സ്വന്തം സ്ഥലം ലഭിച്ചിട്ടുള്ളതും ഇവിടെ കെട്ടിടം പണിയാൻ തുക ലഭിക്കുന്നതിനായി പ്രൊപ്പോസൽ അയച്ചിട്ടുണ്ട്.

**൯ാം പദ്ധതിയിൽ നടപ്പാക്കാവുന്നപദ്ധതികൾ**

സ്വന്തമായി കെട്ടിടമില്ലാത്ത മുഴുവൻ അംഗൻവാടികൾക്കും പഞ്ചായത്തിന്റെ നേതൃത്വത്തിൽ സ്ഥലം കണ്ടെത്തി കെട്ടിടം ഉണ്ടാക്കുന്നതിന് ഐ.സി.ഡി.എസ്.ന് ശുപാർശ ചെയ്യുവാൻ കഴിയും. പഞ്ചായത്തിൽ പിറപ്പ് പദ്ധതിയിൽ കുഴിച്ചിട്ടുള്ള പല കിണറുകളും ഇന്ന് തൂർന്ന് ഉപയോഗശൂന്യമായിക്കിടക്കുന്നുണ്ട്. ഈ സ്ഥലങ്ങൾ പഞ്ചായത്തിന്റേതായി പല സ്ഥലങ്ങളിലും അന്യാധീനപ്പെട്ടു കിടക്കുന്നുണ്ട്.

വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന അംഗൻവാടികൾ

1. കോടനാട്
2. വൈദ്യമഠം ജംഗ്ഷൻ
4. കുന്നത്ത് കാവ്
5. കിഴക്കേ കോടനാട്
6. ചീനിക്കുണ്ട് കോളനി
7. തൃത്താല സൗത്ത്
8. ഗവ:ആശുപത്രിക്ക് സമീപം
10. ആമിനപ്പടി
11. പനമ്പറ്റ കോളനി
12. കണ്ണന്നൂർ സെന്റർ
13. ഉള്ളന്നൂർ
14. പട്ടാമ്പിക്കടവ്
17. ഞാങ്ങാട്ടിരി സ്ക്കൂളിനുസമീപം
18. മുടവന്നൂർ
20. മാട്ടായ (വെസ്റ്റ്)
21. മാട്ടായ (ഈസറ്റ്)
164. തൃത്താല എച്ച്.എസ്.
165. തച്ചിറം കുന്ന്
166. മേഴത്തൂർ
167. കോടനാട്

മുകളിൽ കൊടുത്ത അംഗൻവാടികൾക്ക് കെട്ടിടം കയറ്റുന്നതിനുള്ള സ്ഥലം കണ്ടെത്തി സർക്കാരിൽ

നിന്നുള്ള സഹായത്തോടുകൂടി കെട്ടിടം കയറ്റേണ്ടതാണ്. അംഗൻവാടികൾ നേരിടുന്ന പ്രശ്നങ്ങൾ വാടക ബഞ്ച്, കളിക്കോപ്പുകൾ, കെട്ടിട നിർമ്മാണം രോഗപ്രതിരോധ പ്രവർത്തനങ്ങൾ ഇവ വിലയിരുത്തുന്നതിനായി പഞ്ചായത്തുതലത്തിൽ ഒരു കമ്മിറ്റി രൂപവൽക്കരിക്കുക.

ഗർഭിണികൾക്കും കുഞ്ഞുങ്ങൾക്കും നൽകുന്ന പ്രതിരോധ കുത്തിവയ്പ് പരിപാടിയിൽ പൊതുജനപങ്കാളിത്വം 100% ഉറപ്പുവരുത്തുവാൻ പഞ്ചായത്തുതലത്തിൽ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തണം. വരും തലമുറയെ വാർത്തെടുക്കുന്ന അങ്കക്കളരിയായി നാം കാണുന്ന അംഗൻവാടികളിലെ ജീവനക്കാരുടെ സ്ഥിതിയും ദയനീയമാണ് വർക്കർ, ഹെൽപ്പർ എന്നീ രണ്ടു തസ്തികകളാണ് ഇതിലുള്ളത്. രാവിലെ 9മുതൽ മൂന്നരമണി വരെ ജോലി ചെയ്യുന്ന ഇവർ ആരോഗ്യമേഖലയിലെ ഗൃഹസന്ദർശനം ഉൾപ്പെടെ നടത്തേണ്ടതായും വരുന്നുണ്ട്. പ്രയാസം സഹിച്ച് നാടിന്റെ ഉന്നമനത്തിനുവേണ്ടി പ്രവർത്തിക്കുന്ന പ്രസ്തുത ജീവനക്കാരുടെ വേതനം വളരെ തുച്ഛമാണ്. ഇവരെ സർക്കാർ ജീവനക്കാരായി അംഗീകരിക്കുകയും സേവനവേതന വ്യവസ്ഥകൾ ഉയർത്തുകയും ചെയ്യേണ്ടതുണ്ട്.

1. വാർഷിക വരുമാനം 11000 രൂപയിൽ താഴെയുള്ള കുടുംബങ്ങളെ മാത്രമേ നിലവിൽ ഐ.ആർ.ഡി.പി. ലിസ്റ്റിൽ ഉൾപ്പെടുത്തുന്നുള്ളു. ഈ പദ്ധതിയെക്കുറിച്ചുള്ള സർക്കാറിന്റെ നിർവ്വചനം കാലോചിതമായ മാറ്റത്തിനു വിധേയമാകണം ദാരിദ്രരേഖയുടെ പരിധി 25000 രൂപയെങ്കിലുമാക്കിയുയർത്തണം

2.(എ)

ഐ.ആർ.ഡി.പി. വായ്പ നൽകുന്നതിൽ ദേശസാൽകൃതബാങ്കുകൾ ഗുരുതരമായ അനാസ്ഥകാണിക്കുന്നു.

ദേശസാൽകൃതബാങ്കുകളെ കൊണ്ട് ഗുണഭോക്താക്കളെ സഹായിക്കാൻ സർക്കാർ തലത്തിൽ നടപടി സ്വീകരിക്കണം.

(ബി) ഐ.ആർ.ഡി.പി. വായപകൾ അനുവദിക്കുന്നതിന് സഹകരണമേഖലക്ക് പരമാവധി ഫണ്ട് അനുവദിക്കുകയും ഈ മേഖലയിൽ ഗുണഭോക്താക്കളെ പരമാവധി സഹായിക്കുവാൻ ജില്ലാസഹകരണ ബാങ്കുകൾ വഴി സർക്കാർ നടപടി സ്വീകരിക്കുകയും വേണം

(സി) ഗുണഭോക്താക്കളെ കണ്ടെത്തുവാൻ വർഷംതോറും സർവ്വേ നടത്തുക.

3 ട്രൈസം പദ്ധതിയിൽ ഓരോഗ്രാമത്തിനും അനുയോജ്യമായ പരിശീലനം നൽകുവാനും ലഭിച്ചവർക്ക് വായ്പ ലക്ഷ്യമാക്കി തൊഴിൽ സംരംഭം ആരംഭിക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കണം.

ഈ പദ്ധതിയിൽ പരിശീലനം ലഭിച്ചവരുടെ എണ്ണം പരമാവധി വർദ്ധിപ്പിക്കുകയും ഇവർക്ക് ഇപ്പോൾ നൽകുന്ന സ്റ്റൈപ്പന്റ് തുക വർദ്ധിപ്പിക്കുകയും വേണം.

ഗുണഭോക്താക്കളെ കിട്ടുന്നില്ല എന്ന ഉദ്യോഗസ്ഥരുടെ പരാതി പരിഹരിക്കാൻ ഗുണഭോക്താക്കളെ കണ്ടെ ത്തി അവരെ ബോധവാന്മാരാക്കുന്നതിന് യുവജന സംഘടനകൾക്ക് ഒട്ടേറെ കാര്യങ്ങൾ ചെയ്യാൻ കഴിയും

4 ഗ്രാമീണർക്ക് കൈത്തൊഴിലുപകരണങ്ങൾ വിതരണം ചെയ്യുന്ന സിത്ര പദ്ധതിപ്രകാരം സഹായം ലഭിക്കുന്ന ഗുണഭോക്താക്കളുടെ എണ്ണം വർദ്ധിപ്പക്കുകയും ആവശ്യക്കാർക്ക് യഥാസമയത്ത് ഇവ ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തുകയും വേണം.

5 പ്രവർത്തനക്ഷമമല്ലാത്ത പഞ്ചായത്തിലെ ഡി.ഡബ്ല്യൂ.സി.ആർ.എ. യൂണിറ്റുകളുടെ പ്രവർത്തനം തുടങ്ങുന്നതിന് ആവശ്യമായ നടപടിയെടുക്കുക.' ഈ മേഖലയിൽ താല്പര്യമുള്ളവരെ കണ്ടെത്തി ഓരോ പ്രദേശത്തിനും അനുയോജ്യമായ യൂണിറ്റുകൾ ആരംഭിക്കുക.

യൂണിറ്റുകളുടെ പ്രവർത്തനം വിലയിരുത്താനും ആവശ്യമായ സഹായം നൽകാനും അതത് പ്രദേശത്തെ സന്നദ്ധസംഘടന പ്രവർത്തകരടങ്ങുന്ന ഒരു കമ്മിറ്റി രൂപീകരിക്കുക. അയൽക്കൂട്ട കമ്മിറ്റികളെയും ഇതിന് ഉപയോഗപ്പെടുത്താവുന്നതുമാണ്. ഡി.ഡബ്ല്യൂ.സി.ആർ.എ.യൂണിറ്റുകൾ മുഖേന ഉൽപ്പാദിപ്പിക്കുന്ന സാധനങ്ങൾക്ക് മാർക്കറ്റ് കണ്ടെത്താൻ സാധിക്കാത്ത സ്ഥിതിയുണ്ട്. ഇതിലൂടെയുള്ള ഉൽപ്പന്നങ്ങൾ സർക്കാർ ഏജൻസികൾ മുഖേന വിറ്റഴിക്കാനുള്ള സംവിധാനം ഉണ്ടാക്കുക

6 പട്ടികജാതിയിൽപ്പെട്ട പാവപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്യുന്ന പദ്ധതിപ്രകാരം വളരെക്കുറച്ചു വിദ്യാർത്ഥികൾക്കു മാത്രമേ ഇതുവരെ ആനുകൂല്യം ലഭ്യമാക്കി ട്ടുള്ളൂ. ഈ പദ്ധതിയലൂടെ

പരമാവധി വിദ്യാർത്ഥികൾക്ക് ഉള്ള സഹായം നൽകണം.

7 സി.ഡി.പി., സി.ആർ.എസ്.പി. എന്നീ പദ്ധതികളിലൂടെ ആവശ്യമുള്ള അർഹതപ്പെട്ട വീട്ടുകാർക്കെല്ലാം കക്കൂസ് അനുവദിക്കുക. സി.ആർ.എസ്.പി. പദ്ധതിയിൽ പഞ്ചായത്തിൽ ആവശ്യമുള്ള സ്ഥലത്ത് പൊതു കക്കൂസ് നിർമ്മിക്കാവുന്നതാണ്.

8 വയറിംഗ് ചെയ്തിട്ടില്ലാത്ത പട്ടികജാതി കുടുംബങ്ങളിൽ വയറിംഗ് ചെയ്തു കൊടുക്കുക.

9 പുകയില്ലാത്ത അടുപ്പുകൾ പ്രചരിപ്പിക്കുകയും പരമാവധി വീടുകളിൽ ഫിറ്റ് ചെയ്തുകൊടുക്കുകയും ചെയ്യുക.

10 കാർഷിക നിലവാരം മെച്ചപ്പെടുത്താനുള്ള സി.എസ്.എസ്.പദ്ധതി പുനർജ്ജീവിപ്പിക്കുക.

11 വിധവാ പെൻഷൻ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ വിതരണം ചെയ്യുവാൻ നടപടിയെടുക്കുക. പ്രായപൂർത്തിയായ ആൺകുട്ടികളുണ്ടെങ്കിൽ കിട്ടില്ല എന്ന അവസ്ഥ ഇത്തരത്തിൽ പരിഹരിക്കപ്പെടണം. അർഹതപ്പെട്ട മുഴുവൻ പേർക്കും പെൻഷൻ അനുവദിക്കുകയും കൃത്യമായി വിതരണം ചെയ്യുകയും വേണം.

12 വികലാംഗത്വം തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള അധികാരം താലൂക്ക് ആശുപത്രിയിലെ പ്രധാന മെഡിക്കൽ ആഫീസർക്കു നൽകുക. അർഹതപ്പെട്ട മുഴുവൻ പേർക്കുംവികലാംഗ പെൻഷൻ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം

13 കർഷകതൊഴിലാളി പെൻഷൻ അനുവദിക്കുന്നതിനുള്ള വരുമാന പരിധി കാലാനസൃതമായി ഉയർത്തുക. അർഹതപ്പെട്ട മുഴുവൻ പേർക്കും പെൻഷൻ നൽകുകയും നിലവിൽ പെൻഷൻ വാങ്ങുന്നവരിൽ അനർഹരെ കണ്ടെത്തി ഒഴിവാക്കണം.

14 അർഹപ്പെട്ട മുഴുവൻ പേർക്കും തൊഴിലില്ലായ്മാവേതനം കൃത്യമായി വിതരണം ചെയ്യുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം. വേതനം കൈപറ്റുന്ന അനർഹരെ ഒഴിവാക്കണം.

15 പഞ്ചായത്തിലെ 25 അംഗൻവാടികളിൽ 20എണ്ണവും സ്വന്തമായി കെട്ടിടമില്ലാതെ വാടക കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. ഇതിൽ മൂന്നെണ്ണത്തിന് കെട്ടിടം കെട്ടാൻ സ്ഥലം ലഭ്യമായിട്ടുണ്ട് ബാക്കിയുള്ള 17 അംഗൻവാടികൾക്കും കെട്ടിടം കെട്ടുന്നതിനാവശ്യമായ സ്ഥലം ജനകീയ പങ്കാളിത്വത്തോടെ വാർഡുകളിൽ കണ്ടെത്തണം. പിറപ്പ് പദ്ധതിയിൽ കുഴിച്ചകിണറുകളും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ തൂർന്ന് ഈ സ്ഥലം അന്യാധീനപ്പെട്ടുകിടക്കുന്നുണ്ട്. ഈ സ്ഥലങ്ങൾ പഞ്ചായത്തിന് ഏറ്റെടുത്ത് അംഗൻവാടികൾക്ക് കെട്ടിടം കെട്ടുവാൻ സ്ഥലം കൊടുക്കുവാൻ കഴിയും പുറമെ ഗ്രാമസഭകളിലെ സ്ഥലം ഓഫറുകൾ സ്വീകരിക്കുകയും മറ്റുള്ളവർക്ക് സ്ഥലം കണ്ടെത്തുകയും ചെയ്യേണ്ടതുണ്ട്.

16 ഏതെങ്കിലും സാമ്പത്തിക ഏജൻസികളെ കൊണ്ടോ, ജെ.ആർ.വൈ ഫണ്ടോ ഉപയോഗിച്ച് അംഗൻവാടിക്ക് സ്വന്തമായി കെട്ടിടം ഉണ്ടാക്കുകയും ഉള്ളവയിൽ അറ്റകുറ്റപ്പണി നടത്തിക്കുകയും ചെയ്യുക.

17 ഡി.ഡബ്ല്യൂ.സി.ആർ.എ. യൂണിറ്റുകൾക്ക് നൽകുന്ന ഫണ്ടിന്റെ നിശ്ചിത ശതമാനം അംഗൻവാടികൾക്ക് കളിപ്പാട്ടങ്ങൾ വാങ്ങാൻ നൽകുക.

18 അംഗൻവാടികളിലെ കുട്ടികൾക്ക് പോഷകാഹാരത്തിന് നൽകുന്ന സംഖ്യയുടെ പരിധി വർദ്ധിപ്പിക്കുക.

19 അനെർട്ട് അടുപ്പുകൾ അംഗൻവാടികളിൽ വ്യാപകമാക്കുക.

20 ശുചിത്വ പരിപാലനത്തിന്റെ ഭാഗമായി മുഴുവൻ അംഗൻവാടികളിലും പാഴ്വസ്തുക്കളും മാലിന്യവസ്തുക്കളും നീക്കം ചെയ്യാൻ സംവിധാനമുണ്ടാക്കുക.

21 അംഗൻവാടി വർക്കർമാരെയും ഹെൽപ്പർമാരെയും സർക്കാർ ജീവനക്കാരായി അംഗീകരിക്കുകയും സേവന വേതന വ്യവസ്ഥകൾ ഉയർത്തുകയും ചെയ്യുക.

22 പൊതു പ്രവർത്തനത്തിന് വർക്കർമാരെയും ഹെൽപ്പർമാരെയും സജീവമാക്കാൻ ബോധവൽക്കരണം നടത്തുക.



# XII

# വികസനമേഖല

# സഹകരണമേഖല

# സഹകരണം

തൃത്താല വില്ലേജിൽ ഇന്ത്യാസഹകരണ നിയമപ്രകാരം 1918 ജനുവരി 30ന് തൃത്താല പരസ്പര ധന സഹായിക സംഘം റജിസ്റ്റർ ചെയ്യപ്പെട്ട തോടെയാണ് നമ്മുടെ പഞ്ചായത്തിൽ സഹകരണ പ്രസ്ഥാനത്തിന്റെ ഹരിശ്രീ കുറിക്കപ്പെട്ടത്. കൊച്ചിയിൽ ഉണ്ണീരിമേനോൻ മുതൽ 22 പേരാണ് പ്രസ്തുത സംഘം രൂപീകരിച്ചത്. ഈ സഹകരണ സംഘം 1925 വരെ നല്ലനിലയിൽ പ്രവർത്തിച്ചതായി കാണുന്നു. അതിനുശേഷമുള്ള രേഖകൾ കണ്ടെടുക്കാൻ കഴിഞ്ഞിട്ടില്ല. ഇതിനുശേഷം തൃത്താലയിലും മേഴത്തൂരും ഓരോ വിവിധോദ്ദേശ സഹകരണ സംഘങ്ങൾ രൂപീകരിക്കപ്പെട്ടു. തൃത്താലയിൽ മഠത്തിൽ വളപ്പിൽ അബ്ദുള്ളക്കുട്ടിയും മേഴത്തൂരിൽ വി.കെ. രാമൻനായരും യഥാക്രമം പ്രസിഡന്റു മാരായാണ് സംഘങ്ങൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചത് വളരെ വിപുലമായ തോതിലുള്ള പ്രവർത്തനങ്ങൾ ഈ സംഘങ്ങൾക്ക് കാഴ്ച വെക്കാൻ കഴിഞ്ഞിട്ടില്ല.

വിവിധ മേഖലകളായി പലപ്പോഴായി 24 ഓളം സഹകരണസംഘങ്ങൾ ഈ പഞ്ചായത്തിൽ രൂപീകരിച്ച് പ്രവർത്തിച്ചിരുന്നതായി കാണുന്നു. ഇതിൽ ഭൂരിപക്ഷവും അകാലങ്ങളിൽ നശിച്ചു പോയിരിക്കുന്നു. നിലവിലുള്ള സഹകരണ സംഘങ്ങളിലാകട്ടെ ഭൂരിപക്ഷവും പ്രവർത്തന രഹിതവും അടഞ്ഞുകിടക്കുന്ന മുറിയുടെ മുന്നിൽ തൂങ്ങിക്കിടക്കുന്ന തുരുമ്പിച്ച ബോർഡുകളിൽ ഒതുങ്ങി നിൽക്കുന്നതുമാണ്.

**ഇന്നത്തെ അവസ്ഥ**

നല്ലനിലയിൽ പ്രവർത്തിക്കുന്ന രണ്ടു സഹകരണ ബാങ്കുകൾ നമ്മുടെ പഞ്ചായത്തിന് നല്ലൊരു മുതൽക്കൂട്ടാണ് മറ്റു ചില സഹകരണ സ്ഥാപനങ്ങൾ കൂടി നമ്മുടെ പഞ്ചായത്തിൽ നാമമാത്രമായിരിക്കുന്നു.

**പഞ്ചായത്തിലെ ചില സഹകരണസംഘങ്ങൾ**

1. തൃത്താല സർവ്വീസ് സഹകരണ ബാങ്ക്
2. തിരുമിറ്റക്കോട് സർവ്വീസ് സഹകരണ ബാങ്ക് (ഞാങ്ങാട്ടിരി ശാഖ)
3. പട്ടിക ജാതി സഹകരണസംഘം
4. വനിതാസഹകരണസംഘം
5. മാർക്കറ്റിങ്ങ്സൊസൈറ്റി
6. ഭവനനിർമ്മാണ സഹകരണസംഘം
7. സ്കൂൾ സഹകരണസംഘം
8. ക്ഷീരോൽപാദകസഹകരണസംഘങ്ങൾ

**1. തൃത്താല സർവ്വീസ് സഹകരണ ബാങ്ക്**

രണ്ടാം ലോക മഹായുദ്ധത്തിനുശേഷം ഭക്ഷ്യവസ്തുക്കൾക്ക് വന്ന രൂക്ഷമായ ക്ഷാമത്തെ നേരിടുന്നതിനുവേണ്ടി സർക്കാർ മുൻകൈ എടുത്ത് 1946ൽ പി.സി.സി. സംഘങ്ങൾ (ഉൽപാദക ഉപഭോക്തൃ സഹകരണസംഘങ്ങൾ) രൂപീകരിക്കുവാൻ തീരുമാനിച്ചു. അതനുസരിച്ച് തൃത്താല റവന്യൂഫർക്ക മേഖലയായി തൃത്താല പി.സി.സി. സൊസൈറ്റി (ഡോ.പി.ടി.ഗോപാലൻനായർ പ്രസിഡന്റായി രൂപീകരിച്ചു. വളരെ നല്ലനിലയിൽ തൃത്താലയിൽ പ്രവർത്തിക്കുകയുണ്ടായി. അതിനുശേഷം മേഴത്തൂരിലെയും വിവിധോദ്ദ്യേശ്യ സഹകരണസംഘങ്ങളെ ഫർക്കാറൂറൽ ബാങ്കായി മാറ്റി മേൽപ്പറഞ്ഞ പി.സി.സി. സോസൈറ്റിയിൽ ലയിപ്പിച്ച് 1968ൽ സർവ്വീസ്സഹകരണബാങ്കായി പുനഃസംഘടിപ്പിച്ചും വളരെ നല്ലനിലയിൽ പ്രവത്തിച്ചുകൊണ്ടിരിക്കുന്നു.

ഈ സർവ്വീസ് സഹകരണബാങ്കിൽ വിവിധ ആവശ്യങ്ങൾക്കായി വായ്പകൾ നൽകിവരുന്നു.

വിളപണയം, ഭൂപണയക്കടം, ചെറുകിട ജലസേചന പദ്ധതിവായ്പ, കാർഷികേതര വായ്പകൾ, ഉപഭോക്തൃവായ്പ, വിദ്യാഭ്യാസവായ്പ, വിവാഹ വായ്പ, ഭൂമിവാങ്ങുന്നതിനുള്ള വായ്പ, വീടുനിർമ്മാണം/റിപ്പയർ, വ്യാവസായികവായ്പ, വിദേശജോലി വായ്പ, തുടങ്ങി വിവിധമേഖലയുടെ സമൂലമായ് വികസനപ്രവർത്തനങ്ങൾക്ക് എല്ലാവിധ സഹായവും നൽകിവരുന്നു. ഈ ബാങ്കിന്റെ പ്രവർത്തനം പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ട്.

ഒറ്റപ്പാലം താലൂക്കിൽ തന്നെ കർഷകരിൽ നിന്ന് നെല്ലുസംഭരണം നടത്തുന്ന ഏകബാങ്ക് ഈ സഹകരണബാങ്കാണ്. നാളികേരകർഷകരുടെ ക്ലേശം പരിഹരിക്കുന്നതിന് 24 മണിക്കൂറിനുള്ളിൽ നാളികേരം കൊപ്രയാക്കിമാറ്റുന്ന ആധുനിക ഡ്രെയർസംവിധാനം ഉടനെതന്നെ ആരംഭിക്കുന്നതാണ്. കൂടാതെ ഈ ബാങ്ക് ബ്ലോക്കിന്റെ വിവിധഭാഗങ്ങളായി 14 റേഷൻകടകൾ നടത്തുന്നു. സൗജന്യനിരക്കിൽ കർഷകർക്ക് വാടകക്ക് കൊടുക്കുവാൻ 2 ട്രാക്ടറുകൾ വാങ്ങുന്നതിന് ബാങ്ക് തീരുമാനമെടുത്തതായി അറിയുന്നു. ഈ ബാങ്കിന് 6500 അംഗങ്ങളും 4000000 രൂപ ഓഹരി മൂലധനവും 8,2500000 രൂപ നിക്ഷേപവുമുണ്ട്. ശ്രീ.കെ.വി.മരക്കാർ അദ്ധ്യക്ഷനായുള്ള ഭരണസമിതിയാണ് ഈ ബാങ്കിന്റെ പ്രവർത്തനം നിയന്ത്രിക്കുന്നത് കമ്പ്യൂട്ടർവൽക്കരിക്കപ്പെട്ട ഈ സ്ഥാപനം പാലക്കാട് ജില്ലയിലെ നല്ലനിലയിൽ പ്രവർത്തിക്കുന്ന ബാങ്കുകളിൽ ഒന്നാണ്.

## 2. തിരുമിറ്റക്കോട് സർവ്വീസ് സഹകരണബാങ്ക്

1964ൽ തിരുമിറ്റക്കോട് സർവ്വീസ് സഹകരണ ബാങ്ക് രൂപീകരിച്ചു. ഞാങ്ങാട്ടിരിയിൽ പ്രവർത്തിച്ചിരുന്ന ഐക്യനാണയസംഘത്തെ സർവ്വീസ് സഹകരണ ബാങ്കായി പുനഃസംഘടിപ്പിച്ചുവെങ്കിലും കാര്യമായ പ്രവർത്തനങ്ങളോ പുരോഗതിയാകാത്തതിനാൽ ലിക്വിഡേഷന്റെ വക്കിലെത്തിയ സംഘത്തെ തിരുമിറ്റക്കോട് സർവ്വീസ് സഹകരണ ബാങ്കിൽ ലയിപ്പിക്കുകയാണ് ഉണ്ടായത് ലയിപ്പിച്ച പ്രസ്തുത സംഘമാണ് ഇപ്പോൾ തൃത്താല ഗ്രാമപഞ്ചായത്തിലെ 4,5,6 വാർഡുകളെ കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്ന ഞാങ്ങാട്ടിരി ശാഖ ബാങ്കിന് തൃത്താല ഗ്രാമ പഞ്ചായത്തിൽ (ഞാങ്ങാട്ടിരി ഭാഗം) 1050 മെമ്പർമാരാണുള്ളത്. ശ്രീ ടി.കെ.വേണുമാസ്റ്റർ പ്രസിഡന്റുമായുള്ള ഭരണസമിതിയാണ് പ്രസ്തുത ബാങ്കിന്റെ ഭരണം നിയന്ത്രിക്കുന്നത്.

| നമ്പർ | സംഘത്തിന്റെ പേര് | ആരംഭിച്ച വർഷം | പ്രവർത്തന പരിധി | അംഗത്വം | ഓഹരി മൂലധനം | കടം | നിക്ഷേപം | വായ്പ | | പ്രവർത്തന മൂലധനം |
|---|---|---|---|---|---|---|---|---|---|---|
| | | | | | | | | കാർഷികം | ഇതരം | |
| 1 | തൃത്താല സർവ്വീസ് സഹകരണ ബാങ്ക് | 1946 | 1, 2, 3<br>7, 8, 9<br>10<br>വാർഡുകൾ | 6500 | 40,0000 | | 825 00000 | 7268893 | 6989000 | |
| 2 | തിരുമിറ്റക്കോട് സർവ്വീസ് സഹകരണബാങ്ക് | 1964 | 4, 5, 6<br>വാർഡുകൾ | 6102 | 676731 | | 285 00000 | 169870 | 6315020 | |

**കാർഷികമേഖലയിലെ പ്രവർത്തനങ്ങൾ**

ഏകദേശം 786 ഓളം കർഷക കുടുംബങ്ങളാണ് നമ്മുടെ പഞ്ചായത്തിലുളത്. ഹ്രസ്വകാല, കാർഷിക-കാർഷികേതര വായ്പയാണ് നമ്മുടെ രണ്ടു സഹകരണബാങ്കുകളും പ്രധാനമായും വിതരണം ചെയ്യുന്നത്. കാർഷികമേഖലയിൽ ഇരുബാങ്കുകളും കൂടുതലായി ശ്രദ്ധപതിപ്പിക്കേണ്ടതുണ്ട്. നിക്ഷേപത്തേയും മറ്റു വായ്പകളെയും അപേക്ഷിച്ചുനോക്കുമ്പോൾ കാർഷികവായ്പ വളരെക്കുറവാണ്. വിത്തുകൾ വാങ്ങുന്നതിനും കൃഷിയിറക്കുന്നതിനും രാസവളപ്രയോഗങ്ങൾക്കും ആവശ്യമായ ഘട്ടങ്ങളിൽ വായ്പ നൽകുന്നതിൽ ബാങ്കുകൾ കൂടുതൽ ശ്രദ്ധകൊടുക്കണം ഇതിന് സഹകരണസ്ഥാപനങ്ങൾ ആത്മാർത്ഥമായി തയ്യാറായാൽ മാത്രമേ കാർഷികരംഗത്ത് ഇന്നുള്ള പിന്നോക്കാവസ്ഥ പരിഹരിക്കാൻ കഴിയുകയുള്ളൂ.

**3. ക്ഷീരോൽപാദക സഹകരണസംഘങ്ങൾ**

തൃത്താല, വി.കെ.കടവ്, ഞാങ്ങാട്ടിരി, മേഴത്തൂർ എന്നീ പ്രദേശങ്ങളെ കേന്ദ്രീകരിച്ച് 4 ക്ഷീരോൽപാദകസഹകരണസംഘങ്ങൾ രൂപീകരിച്ചിട്ടുണ്ട്. ജനങ്ങളുടെ നിരന്തരമായ ഇടപെടലും പഞ്ചായത്തിന്റെ പ്രത്യേക താപര്യവും ഈ സംഘടനകളുടെ സുഗമമായ നടത്തിപ്പിന് അനിവാര്യമാണ്.

**4. വനിതാ സഹകരണസംഘങ്ങൾ**

ഞാങ്ങാട്ടിരിയിൽ ഒരു വനിതാസഹകരണസംഘം രൂപീകരിച്ച് പ്രവർത്തനം തുടങ്ങിയിട്ട് കുറച്ചുകാലമേ ആയിട്ടുള്ളൂ. അഡ്മിനിസ്ട്രേറ്ററുടെ ഭരണത്തിലുള്ള പ്രസ്തുതസംഘത്തിന്റെ പ്രവർത്തനം ജനാധിപത്യമാതൃകയിൽ പുനരാരംഭിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. വനിതകളുടെ രംഗത്ത് സഹകരണ പ്രസ്താനത്തിന് ഒരു മുന്നേറ്റം ആവശ്യമാണ് ടൈലറിംഗ് പരിശീലിപ്പിച്ച വനിതകളെ സംഘടിപ്പിച്ച് ഒരു സഹകരണസംഘമുണ്ടാക്കി വ്യാവസായികാടിസ്ഥാനത്തിൽ ഒരു റെഡിമെയ്ഡ് വസ്ത്രനിർമ്മാണയുണിറ്റുണ്ടാക്കി പ്രവർത്തിപ്പിക്കാവുന്നതാണ്. മൺപാത്രനിർമ്മാണം, പപ്പട നിർമ്മാണം, കുട്ടനെയ്ത്ത്, പായനെയ്ത്ത് പോലുള്ള പരമ്പരാഗത കുടിൽ വ്യവസായങ്ങൾ ബീഡിതെറുപ്പ് എന്നീ രംഗങ്ങളിൽ വനിതകളെ പ്രാത്സാഹി പ്പിക്കുവാനും അവരിൽ സാമ്പത്തിക സ്വാശ്രയത്വം ഉറപ്പുവരുത്താനും വനിതാസഹകരണസംഘങ്ങൾക്ക് കഴിയും.

**5. പട്ടികജാതി സഹകരണസംഘങ്ങൾ**

ഉള്ളന്നൂരിൽ അടുത്തകാലത്തായി പട്ടികജാതി സഹകരണസംഘം രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സംഘത്തിന് യഥാസമയം സർക്കാറിന്റെ സഹായം ലഭിക്കാതിരുന്നതും സെക്രട്ടറിയുടെ നിയമനം തടസ്സപ്പെട്ടതും സംഘത്തിന്റെ പ്രവർത്തനം തടസ്സപ്പെട്ടിട്ടുണ്ട്. ഇങ്ങിനെ രൂപീകരിക്കുന്ന സഹകരണ സംഘങ്ങളെ രാഷ്ട്രീയ പരിഗണന വച്ച് ആരംഭത്തിൽ തന്നെ പ്രവർത്തനരഹിതമാക്കുന്നത്. ഈ രംഗത്തെ അനാശാസ്യമായ ഒരു പ്രവണതയാണ്.

**6. മാർക്കറ്റിംഗ് സൊസൈറ്റി.**

ഈ പഞ്ചായത്ത് ഉൾപ്പെട്ടതും വളരെ കാലം മുൻപ് രൂപീകരിച്ചതുമായ കുമരനെല്ലൂർ മാർക്കറ്റിംഗ് സൊസൈറ്റി കാര്യമായി മാർക്കറ്റിംഗ് രംഗത്ത് യാതൊന്നും ചെയ്യുന്നില്ല. സഹകരണമേഖലയിൽ മാർക്കറ്റിംഗ് സൊസൈറ്റികൾ ചിട്ടയോടെ പ്രവർത്തിക്കുകയാണെങ്കിൽ ഗ്രാമീണകർഷകന് ഇടത്തട്ടുകാരന്റെ ചൂഷണത്തിൽ നിന്നും ഒഴിവായതിന്റെ ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നതിനും അതുവഴി പഞ്ചായത്തിന്റെതന്നെ കാർഷികപുരേഗതിക്കും ഇടവരുന്നതാണ്. ഈ അടുത്തകാലത്ത് രൂപീകരിക്കപ്പെട്ട ഞാങ്ങാട്ടിരി, ഉള്ളന്നൂർ മാർക്കറ്റിംഗ് സൊസൈറ്റിക്ക് ആവശ്യമായ എല്ലാവിധ ധനസഹായങ്ങളും പ്രോത്സാഹനവും നൽകി പ്രവർത്തന വിജയം കൈവരിക്കാൻ രാഷ്ട്രീയ പരിഗണന ഇല്ലാത്ത സർക്കാർ നടപടികൾ ആവശ്യമാണ്.

**7. ഭവനനിർമ്മാണസഹകരണസംഘം**

തൃത്താല പഞ്ചായത്തിൽ ഒരു ഭവനനിർമ്മാണ സഹകരണസംഘം ഇല്ലെങ്കിലും ഈ പഞ്ചായത്തിലെ ജനങ്ങൾക്ക് ആനുകൂല്യങ്ങൾ ലഭിക്കാവുന്ന രീതിയിൽ ബ്ലോക്ക് അടിസ്ഥാനത്തിൽ ഒരു ഭവനനിർമ്മാണ സഹകരണസംഘം ആലൂരിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും പ്രസ്തുതസംഘത്തിന് ഭവനനിർമ്മാണ രംഗത്ത് ഈ പഞ്ചായത്തിൽ കാര്യമായ ഒരു ചലനവും സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടില്ല.

**സ്ക്കൂൾസഹകരണസംഘങ്ങൾ**

തൃത്താല, മേഴത്തൂർ ഹൈസ്ക്കൂളിലും പല പ്രൈമറി സ്ക്കൂളിലും സഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നു. പഞ്ചായത്തിലെ മുഴുവൻ വിദ്യാഭ്യാസസ്ഥാപനങ്ങളിലും പ്രവർത്തിക്കുന്നു.

പി.ടി.എ.യുടെ സഹകരണത്തോടെ സ്ക്കൂൾ സഹകരണ സംഘങ്ങൾ സ്ഥാപിക്കുകയും അവയുടെ പ്രവർത്തനം പഞ്ചായത്തടിസ്ഥാനത്തിൽ ഏകീരിക്കു കയും ചെയ്താൽ വിദ്യാർത്ഥി കൾക്കാവശ്യമായ പഠനോപകരണങ്ങളും യൂണി ഫോമും കുറഞ്ഞവിലക്ക് വിതരണം ചെയ്യാൻ കഴിയും .

**പ്രശ്നങ്ങൾ**

1. മൂലധനത്തിന്റെ അപര്യാപ്തത സഹകരണ സ്ഥാപനങ്ങൾക്കുമുന്നിൽ ഒരു വലിയ പ്രതിസന്ധി യായി നിൽക്കുന്നു.

2. വായ്പകൾ തിരിച്ചടക്കുന്നതിൽ പൊതു ജനങ്ങൾ വീഴ്ച വരുത്തുന്നു.

3. കാർഷിക കടാവശ്യങ്ങൾ നിറവേറുന്നതിൽ സഹകരണസ്ഥാപനങ്ങൾ പൂർണ്ണമായി ശ്രദ്ധി ക്കുന്നില്ല.

4. ഗ്രാമീണ കടാവശ്യങ്ങൾ തൃപ്തികരമായി നിറവേറ്റാൻ സഹകരണ സ്ഥാപനങ്ങൾക്കു കഴിയുന്നില്ല.

5. വിശാലമായ ജനാധിപത്യ കാഴ്ചപ്പാടിൽ പ്രവർത്തിക്കാൻ സഹകരണ സ്ഥാപനങ്ങൾക്കു കഴിയുന്നില്ല.

6. സഹകരണ സ്ഥാപനങ്ങളുടെ പ്രസക്തി യെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നില്ല.

**സാധ്യതകൾ**

1. നിക്ഷേപ സമാഹരണം വർദ്ധിപ്പിക്കാൻ ജനകീയ പങ്കാളിത്തത്തോടെ കൂട്ടായി പ്രവർത്തിക്കണം.

2. കാർഷികാവശ്യങ്ങൾക്ക് അതാതു കാലങ്ങളിൽ ആവശ്യമായത്ര പണം വായ്പ നൽകാൻ നടപടി യെടുക്കണം.

3. വളം, കീടനാശിനി വിതരണം ഫലപ്രദ മാക്കണം.

4. മാർക്കറ്റിംഗ് സൊസൈറ്റിയിൽ പഞ്ചായത്തിലെ മുഴുവൻ കർഷകർക്കും അംഗത്വം നൽകണം.

5. മണൽ തൊഴിലാളികൾക്ക് ഒരു സഹകരണ സംഘം സ്ഥാപിച്ച് പുഴയിൽ നിന്നും മണൽ വാരാനുള്ള കുത്തകാവകാശം അവർക്കുനൽകാവു ന്നതാണ്.

6. കശുവണ്ടി, നാളികേരം, റബ്ബർ, അടക്ക, കുരുമുളക് ഇവയുടെ സംഭരണ വിപണന സൗകര്യം മാർക്കറ്റിംഗ് സംഘം മുഖേന ഉറപ്പു വരുത്തണം.

7. വനിതാസഹകരണസംഘങ്ങൾ രൂപീകരിച്ച് സ്ത്രീകളുടെ തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കാൻ ഉതകുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടണം.

8. ചിതറിക്കിടക്കുന്ന ടൈലറിംഗ് സ്ഥാപനങ്ങളിൽ ഒരു സഹകരണസംഘം രൂപീകരിച്ച് അതിനു കീഴിൽ കൊണ്ടുവരണം.

9. വായ്പകൾ തിരിച്ചടക്കാൻ ജനങ്ങളെ ബോധവത്ക്കരിക്കാൻ നടപടികൾ സ്വീകരിക്കണം.

10. വളം കീടനാശിനി വിതരണം സഹകരണ സ്ഥാപനങ്ങൾ മുഖേനയാക്കണം.





# XIII

## വികസനമേഖല

# വിഭവസമാഹരണം

# വിഭവസമാഹരണം

നമ്മുടെ പഞ്ചായത്തിന്റെ ആവശ്യങ്ങൾ നിരവധിയാണ്. ജനങ്ങളുടെ പ്രതീക്ഷകൾ ഏറെയാണ്......
ഈ പ്രതീക്ഷകങ്ങക്ക് നിറം കൊടുക്കാൻ വിഭവസമാഹരണം എന്ന മഹായജ്ഞം നാം ഏറ്റെടുക്കേണ്ടിയിരിക്കന്നു.
വിഭവസമാഹരണത്തിന്റെ മേഖലയിൽ വിപ്ലവാത്മകമായ ഒരു പുതിയ അദ്ധ്യായം എഴുതി ചേർക്കാൻ നമുക്ക് കഴിയണം.

നമ്മുടെ പഞ്ചായത്ത് വ്യാവസായിക രംഗത്ത് ഒട്ടു പുറകിലാണ്. ഉത്പാദനക്ഷമതയുള്ള ഒരു വൻകിട വ്യവസായ സ്ഥാപനം പോലും തൃത്താല പഞ്ചായത്തിലില്ല. പേരിന് നിലനിൽക്കുന്ന ചെറുകിട വ്യവസായ സ്ഥാപനങ്ങൾ ഏതുനിമിഷവും രോഗാതുരമായേക്കാവുന്ന ദയനീയ അവസ്ഥയിലാണ് കാർഷികരംഗവും ഒരു മുരടിപ്പിനെ നേരിടുന്നു. പച്ച പിടിച്ചുകിടന്നിരുന്ന നെൽപ്പാടങ്ങൾ ഇന്ന് മാളികകൾക്ക് വഴിമാറിക്കൊടുക്കുന്നു. വ്യവസായിക കാർഷീകരംഗങ്ങളിൽ ഒരു പരിവർത്തനം സൃഷ്ടിച്ചുകൊണ്ടായിരിക്കണം വിഭവസമാഹരണത്തിന് നാം തുടക്കമിടേണ്ടത്.

### സർക്കാർ ഗ്രാന്റുകൾ

സർക്കാർ ഗ്രാന്റുകൾ വേണ്ടകാലങ്ങളിൽ പഞ്ചായത്തിനു ലഭിക്കാത്ത അവസ്ഥ നിലനിൽക്കുന്നുണ്ട്. സർക്കാർ ഗ്രാന്റുകൾ കൃത്യസമയത്തുതന്നെ ലഭിക്കുന്ന അവസ്ഥ സൃഷ്ടിക്കപ്പെടേണ്ടതാണ്. മാത്രമല്ല ഈ ഗ്രന്റുകൾ പൂർണ്ണമായും ജനസംഖ്യാനുപാതത്തിൽ വിതരണം ചെയ്യപ്പെട്ടാലെ അതൊരു നീതിപൂർണ്ണമായ നടപടിയാകുന്നുള്ളു.

### നികുതികൾ

നികുതികൾ പൊതുജനങ്ങൾക്ക് ഒരിക്കലും താങ്ങനാവാത്ത ഭാരമാക്കരുത്. ഈ മുൻധാരണയോടെ വേണം നികുതിയിൽ നിന്നുള്ള വർദ്ധനവിനെ കുറിച്ച് ചിന്തിക്കാൻ.

നിത്യനിദാന ചെലവിന്റെ വളരെ കുറഞ്ഞ നിരക്കിലെ നികുതി-നികുതിയേതര വരുമാനം വർദ്ധിക്കുന്നുള്ളു. സ്വന്തം വരുമാനം വർദ്ധിപ്പിക്കാനുള്ള സാദ്ധ്യതകൾ പഞ്ചായത്തുകൾ വേണ്ടപോലെ ഉപയോഗിക്കുന്നില്ല എന്നതാണ് വസ്തുത. ഇതിന് പ്രധാനമായി രണ്ടുകാരണങ്ങളുണ്ട്.

1) വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള വിമുഖത.

2) പലനിരക്കുകളും കാലോചിതമായി പരിഷ്കരിക്കാതിരിക്കുന്നത്

ഇതിന് അടിയന്തിരമായി മാറ്റം വരുത്തേണ്ടതാണ്. നികുതികൾ കാലോചിതമായി പരിഷ്കരിക്കുകയും നികുതി ചോർച്ച തടയുകയും ചെയ്യാൻ നടപടികൾ ആവശ്യമാണ്.

### കെട്ടിട നികുതി

തികച്ചും പഴഞ്ചൻ രിതിയിലാണ് ഇന്ന് കെട്ടിട നികുതികൾ നിശ്ചയിക്കപ്പെടുന്നത്. ലക്ഷങ്ങൾ വാരിവിതരി നിർമ്മിക്കുന്ന മാർബിൾ മന്ദിരങ്ങൾക്ക് തുച്ഛമായ നികുതിചുമത്തുന്ന സമീപനം തികച്ചും അശാസ്ത്രീയമാണ്. നികുതി കണക്കാക്കുമ്പോൾ കെട്ടിടങ്ങളുടെ തറവിസ്തീർണ്ണം മാത്രമല്ല അതിന്റെ ആഡംബരവും നിർമ്മാണ ചെലവും കൂടി കണക്കിലെടുക്കണം ഇതിന് ശാസ്ത്രീയമായ ഒരു നിർണ്ണയ രിതി കുടിയേതീരു. വീട് എങ്ങിനെ അസസ്സ് ചെയ്താണ് നികുതി ചുമത്തിയത് എന്ന് ഓരോ വീട്ടുടമയേയും ബോദ്ധ്യപ്പെടുത്താൻ ഉദ്യോഗസ്ഥർ തയ്യാരാകണം. ജനകീയ പ്രാതിനിധ്യമുള്ള ഒരു അസസ്സ്മെന്റ് കമ്മിറ്റി രൂപീകരിക്കുന്നത് ഉചിതമായ നടപടിയായിരിക്കും.

വാടകക്ക് കൊടുക്കുന്ന വീടുകൾക്കും മറ്റുകെട്ടിടങ്ങൾക്കും വാടകയുടെ അടിസ്ഥാനത്തിൽ നികുതി കണക്കാക്കുന്നതിൽ വിട്ടുവീഴ്ച്ച ചെയ്യാതിരുന്നാൽ നികുതിവരുമാനത്തിൽ ആ മേഖലയിൽ നിന്നും ഒരു വർദ്ധനവ് പ്രതീക്ഷിക്കാം.

**വിനോദ നികുതി**

നമ്മുടെ പഞ്ചായത്തിൽ രണ്ടു "സി" സിനിമാശാലകളാണുള്ളത്. ഇവിടെ നിന്നും വിനോദ നികുതിയിനത്തിൽ കഴിഞ്ഞവർഷം 69650.92 രൂപമാത്രമാണ് ലഭിച്ചത്. ഈ സിനിമാശാലകളിൽ നിന്നും നിയമാനുസൃതമായ അർഹതപ്പെട്ട നികുതി പഞ്ചായത്തിന്റെ കൈകളിൽ എത്തുന്നുണ്ടോ എന്ന് പരിശോധിക്കുകയും ഇല്ലെങ്കിൽ അതിനുള്ള ശ്രമം ആരംഭിക്കുകയും വേണം.

നമ്മുടെ പഞ്ചായത്തിൽ നിരവധി കേബിൾ ടി.വി. സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. കേബൾ സെന്ററുകൾക്കും കേബിൾ കണക്ഷനുള്ള ടി.വി. ഉടമകൾക്കും ഒരു നിശ്ചിത തുക വിനോദ നികുതി ഇനത്തിൽ ചുമത്താവുന്നതാണ്. പഞ്ചായത്തിലുള്ള ഒരോ ടി.വികൾക്കും നിസ്സാരമായ ഒരുതുക നികുതി ചുമത്താവുന്നതാണ് എന്നുള്ള നിർദ്ദേശം ഗ്രാമ സഭകളിൽ ഉയർന്നുവന്നു.

**തൊഴിൽ നികുതി**

സർക്കാർ അർദ്ധസർക്കാർ ജീവനക്കാരിൽ നിന്നും അദ്ധ്യാപകരിൽ നിന്നും മാത്രമേ കൃത്യമായി തൊഴിൽ നികുതി ലഭിക്കുന്നുള്ളു. 1995-96 വർഷത്തിൽ തൊഴിൽ നികുതിയിനത്തിൽ 100224 രൂപയായിരുന്നു ധനാഭ്യർത്ഥന എങ്കിലും 93005 രൂപ മാത്രമാണ് പഞ്ചായത്തിന് പിരിച്ചെടുക്കാൻ കഴിഞ്ഞത്. തൊഴിൽ ചെയ്തു വരുമാനമുണ്ടാക്കുന്നവർ മുഴുവൻ തൊഴിൽ നികുതി നൽകാൻ ബാധ്യസ്ഥരാണ് വരുമാനത്തിന് ആനുപാതികമായി മുഴുവർ തൊഴിലാളികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

തൊഴിലാളികളെ മുഴുവൻ പഞ്ചായത്തടിസ്ഥാനത്തിൽ ഗ്രൂപ്പ് ഇൻഷൂരൻസ് സ്കീമിന്റെ കീഴിൽ കൊണ്ടുവരികയും അംഗത്വമുള്ളവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുകയും ചെയ്യാം.

**മറ്റു നികുതികൾ**

പരസ്യങ്ങൾ മസ്തിഷ്ക്കങ്ങളെ വേട്ടയാടുന്ന വർത്തമാനകാലത്ത് പരസ്യങ്ങൾക്ക് നികുതി ചുമത്തുന്ന കാര്യം സജീവമായി പരിഗണിക്കാവുന്നതാണ്. പഞ്ചായത്തിന്റേയും മറ്റു ഗവൺമെന്റ് സ്ഥാപനങ്ങളുടേയും മതിലുകളിലും ചുമരുകളിലും പതിക്കുന്ന പരസ്യങ്ങൾ വൻകിട പരസ്യബോർഡുകൾക്കും ഭേദപ്പെട്ട രീതിയിൽ തന്നെ നികുതി ഈടാക്കാവുന്നതാണ്. പഞ്ചായത്തിലെ സിനിമാശാലകളിൽ പ്രദർശിപ്പിക്കുന്ന പരസ്യങ്ങൾക്ക് നികുതി ചുമത്തി കൃത്യമായി പിരിച്ചെടുക്കണം.

പഞ്ചായത്തിലെ ജംഗ്ഷനുകളിൽ ടാക്സി സ്റ്റാന്റുകൾ ഉണ്ടാക്കി അതിൽ നിന്നും മറ്റു വാഹനങ്ങൾക്കുള്ള പാർക്കിംഗ് സംവിധാനമുണ്ടാക്കി അതിൽ നിന്നും ചാർജ് ഈടാക്കാവുന്നതാണ്. വാട്ടർ കണക്ഷനുകൾ വീടുകളിലേക്ക് എത്തിച്ച് അതിൽ നിന്നും പഞ്ചായത്തിന് വരുമാനമുണ്ടാക്കാൻ സാധിക്കുന്നതാണ്.

**നികുതിചോർച്ച തടയുക**

നികുതി ചുമത്തുന്നതോടൊപ്പം തന്നെ പ്രധാനമാണ് നികുതി ചോർച്ച തടയുക എന്നത്. നികുതി അടക്കാനുള്ള വിമുഖത പൊതു ജനങ്ങളിൽ പ്രകടമാണ് ലോണെടുക്കേണ്ട ആവശ്യമുള്ളപ്പോഴോ മറ്റെന്തെങ്കിലും രേഖകൾ ആവശ്യമായി വരുമ്പോഴോ നികുതി അടക്കുന്ന രീതിയാണ് ഇന്നുള്ളത്. ജനങ്ങളെ ബോധവത്കരിക്കുകയും പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളിൽ തങ്ങളുടെ പങ്ക് നിർവ്വഹിക്കലാണ് നികുതി അടക്കൽ വഴി ചെയ്യുന്നത് എന്ന ചിന്തയിലേക്ക് ജനങ്ങളെ എത്തിക്കുകയും ചെയ്താലെ നികുതി ചോർച്ച തടയാൻ കഴിയു.

ഉദ്യോഗസ്ഥൻമാരും ജനപ്രതിനിധികളും സാമൂഹ്യപ്രവർത്തകരും കൂട്ടായി പരിശ്രമിച്ച് കൊണ്ട് കിട്ടാനുള്ള മുഴുവൻ സംഖ്യയും പിരിച്ചെടുക്കാൻ കഴിഞ്ഞാൻ അത് പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് വലിയൊരു മുതൽ കൂട്ടാകും.

**ബാങ്കുകൾക്കുള്ള പങ്ക്**

തൃത്താല പഞ്ചായത്തിൽ നല്ലനിലയിൽ പ്രവർത്തിക്കുന്ന രണ്ട് സഹകരണ ബാങ്കുകളും കെനരാബാങ്കിന്റെ ഒരു ശാഖയുമുണ്ട്. സ്വകാര്യ ഫൈനാൻസിയേഴ്സും ബ്ലയ്ഡ് കമ്പനികളും മുക്കിനും മൂലയിലും തഴച്ചു വളരുന്നുണ്ട്.

നിക്ഷേപങ്ങളെ അപേക്ഷിച്ചു നോക്കുമ്പോൾ ബാങ്കുകൾ നൽകുന്ന വായ്പകൾ വളരെ കുറവാണ്. നമ്മുടെ പഞ്ചായത്തിൽ നിന്നും സമാഹരിക്കുന്ന നിക്ഷേപങ്ങളുടെ 60 മുതൽ 80 വരെ ശതമാനം എങ്കിലും ഈ പഞ്ചായത്തിൽ തന്നെ വായ്പ കൊടുക്കേണ്ടതാണ്.

സഹകരണ സ്ഥാപനങ്ങളെ അപേക്ഷിച്ച് ദേശസാൽകൃത ബാങ്കുകൾ ഈ രംഗത്ത് മടികാണിക്കുന്നു. പഞ്ചായത്ത് ആക്ട് പ്രകാരം ഗ്രാമസഭകളോ പഞ്ചായത്തോ അംഗീകരിക്കുന്ന വികസന പദ്ധതികൾക്ക് വായ്പ എടുക്കാൻ പഞ്ചായത്തിന് അധികാരമുണ്ട്.

| നമ്പർ | ബാങ്കിന്റെ പേര് | നിക്ഷേപം | വായ്പ |
|---|---|---|---|
| 1 | തൃത്താല സർവീസ് സഹകരണ ബാങ്ക് | 82500000 | 81228893 |
| 2 | തിരുമിറ്റക്കോട് സർവീസ് സഹകരണ ബാങ്ക് | 28500000 | 64849000 (ഞാങ്ങാട്ടിരി ബാങ്ക് കൊടുത്ത വായ്പ) |
| 3 | കെനറാ ബാങ്ക് | 10.5 കോടി | 25646215.20 |

ബാങ്ക് വായ്പകളെടുക്കാൻ നിരവധി ക്ലേശകരമായ കടമ്പകൾ ഇന്നുണ്ട്. ഇവ പരിഹരിച്ച് സാങ്കേതികമായ നൂലാമാലകൾ നീക്കി വായ്പകൾ എടുക്കാനുള്ള അവസരങ്ങൾ വർദ്ധിപ്പിച്ചാൽ അത് ഒരു വൻ മൂലധന വർദ്ധനവിന് വഴിയൊരുക്കും.

**നിളയെ സംരക്ഷിക്കുക, ഉപയോഗിക്കുക**

ലക്കുംലഗാനവുമില്ലാതെ 'ആർത്തിയോടെയുള്ള മണൽ വാരൽ ഭാരതപ്പുഴയെ മണൽക്കാടാക്കി മാറ്റിയിരിക്കുന്നു യാതൊരു ധാർമ്മിക പരിഗണനയും ഇല്ലാതെയാണ് നമ്മുടെ നിളാ നദിയെ ഇഞ്ചിഞ്ചായി കൊല്ലുന്നത്. എടുക്കുന്ന മണലിനുമേൽ പഞ്ചായത്തിന് യാതൊരു നിയന്ത്രണവും സാദ്ധ്യമല്ല ഈ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളെ പട്ടിണിയിൽ ആക്കാതെ തന്നെ ഇവിടെ ഒരു നിയന്ത്രണം അനിവാര്യമാണ്. പഞ്ചായത്തിന്റെ അതിർത്തിയിലുള്ള പുഴ കൈകാര്യം ചെയ്യാനുള്ള അധികാരം പഞ്ചായത്തിനെ ഏൽപ്പിക്കണം. പുഴയൽ നിന്നും മണൽവാരുന്നതിനുള്ള കുത്തകാവകാശം മണൽ തൊഴിലാളികളുടെ സഹകരണസംഘങ്ങൾ സ്ഥാപിച്ച് അവർക്ക് നൽകിയാൽ ഇടത്തട്ടുകാരെ ഒഴിവാക്കി പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുവാനും

നദിയെ ക്രൂരമായി കൊള്ളയടിക്കുന്നത് അവസാനിപ്പിക്കുവാനും സഹായകരമാവും.
എന്തായാലും പൊൻമുട്ടയിടുന്ന ഈ താറാവിനെ നാം കൊന്നുകൂടാ.........

**കച്ചവട സ്ഥാപനങ്ങൾക്ക് ലൈസൻസ്**

നമ്മുടെ പഞ്ചായത്തിലെ കച്ചവട സ്ഥാപനങ്ങളിൽ പലതും ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്നവയല്ല. ഈ മേഖലയിൽ വേണ്ട ശ്രദ്ധചെലുത്തിയാൽ പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

**ഗ്രാമ ചന്തകൾ**

ഗ്രാമചന്തകൾ തുടങ്ങുകയും നമ്മുടെ പഞ്ചായത്തിൽ ഉത്പാദിപ്പിക്കപ്പെടുന്ന കാർഷിക വിഭവങ്ങൾക്ക് പഞ്ചായത്ത് തലത്തിൽ വിപണന കേന്ദ്രങ്ങൾ ഉണ്ടാകുകയും ചെയ്താൽ അത് പഞ്ചായത്തിന് ഒരു നല്ല വരുമാന മാർഗ്ഗമായിരിക്കും മാത്രമല്ല കാർഷിക വിഭവങ്ങളുടെ വിപണന മേഖലയിൽ പ്രത്യാശാവഹമായ ഒരു വസ്തുതയാണുതാനും.

**<u>പഞ്ചായത്തിന്റെ വരുമാനത്തെ സംബന്ധിച്ച വിവരങ്ങൾ</u>**

(കഴിഞ്ഞ നാലു വർഷത്തെ പഞ്ചായത്തിന്റെ വരുമാനത്തെ സംബ ന്ധിച്ച പട്ടിക താഴെ കൊടുക്കുന്നു)

| ഇനങ്ങൾ | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|
| കെട്ടിടനികുതി | 105583.00 | 255218.90 | 205198.10 | 225874.00 |
| തൊഴിൽനികുതി | 89815.00 | 100961.00 | 122436.00 | 93005.00 |
| വിനോദനികുതി | 41461.23 | 24053.30 | 72462.90 | 69650.92 |
| അഡീഷണൽ വിനോദനികുതി | 25060.96 | 14565.25 | 43862.90 | 42470.68 |
| പ്രദർശനനികുതി | 2270.00 | 2549.00 | 4784.00 | 5649.00 |
| പ്രദർശനനികുതി സർചാർജ്ജ് | 568.25 | 673.25 | 1196.00 | 1262.25 |
| ലൈസൻസ് ഫീസ് | 3398.00 | 4147.50 | 4487.75 | 4847.50 |
| വസ്തുകൈമാറ്റ നികുതി | 149515.00 | 199356.00 | 171589.00 | 122946.00 |
| ബേക്കർഗ്രാന്റ് | 298369.00 | 437723.00 | 404101.00 | 376666.00 |
| ഡിപ്പോസിറ്റ് | 55623.25 | 232471.00 | 63493.50 | 109475.50 |
| ആകെ | 771663.69 | 1271682.20 | 1093611.10 | 1050946.65 |

## മറ്റു ധനാഗമ മാർഗ്ഗങ്ങൾ

താഴെയുള്ള കാര്യങ്ങൾ പരിശോധിച്ച് നടപ്പിലാക്കുകയാണെങ്കൽ പഞ്ചായത്തിന് ഗണ്യമായ വരുമാനവർദ്ധനവ് പ്രതീക്ഷിക്കാം.

1. പഞ്ചായത്തിന് സ്വന്തമായി ആംബുലൻസ് ഏർപ്പെടുത്തുക.
2. നായ വളർത്തുന്നതിന് ലൈസൻസ് കർശനമാക്കി ഫീസ് ഈടാക്കുക.
3. പഞ്ചായത്തുകേന്ദ്രങ്ങളിൽ കംഫർട്ട് സ്റ്റേഷനുകൾ സ്ഥാപിച്ച് ഫീസ് ഈടാക്കുക.
4. കരിങ്കൽ, ചെങ്കൽ, ഇഷ്ടിക ക്വോറികളിൽ നിന്നും നിശ്ചിത സംഖ്യ ചാർജായി ഈടാക്കുക.
5. മോട്ടോർ വാഹനങ്ങൾക്ക് പഞ്ചായത്ത് ടാക്സ് ഈടാക്കുക.
6. പുറംപോക്ക് സ്ഥലങ്ങൾ കാർഷികാവശ്യങ്ങൾക്ക് വാടകക്കുകൊടുക്കാൻ പഞ്ചായത്തിന് അധികാരം നൽകുക.
7. തൃത്താല ബസ്സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുക.
8. P.W.D. റസ്റ്റ് ഹൗസിന്റെ മുൻഭാഗത്തുള്ള സ്ഥലമേറ്റെടുത്ത് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുക.
9. സാംസ്ക്കാരിക നിലയത്തിന്റെ മുകൾ നില പണിത് പഞ്ചായത്ത് ഓഫീസിന്റെ പ്രവർത്തനം അവിടേക്ക് മാറ്റുകയും നിലവിലുള്ള ഓഫീസ് പ്രവർത്തിക്കുന്ന ഭാഗം വാടകക്ക് നൽകുകയും ചെയ്യുക.
10. പുനരധിവാസ കേന്ദ്രമായി ഇന്ന് റവന്യൂ ഡിപ്പാർട്ട്മെന്റ് കൈവശമുള്ള സ്ഥലം പഞ്ചായത്തിന് കൈമാറ്റം ചെയ്യപ്പെട്ട് അവിടെ ഒരു മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുക.
11. ഭാരതപുഴയിലും തീരത്തുമുള്ള കളിമൺ ശേഖരം ഉപയോഗിച്ച് പുതിയ വ്യവസായങ്ങൾ വികസിപ്പിക്കുക.

## മനുഷ്യാദ്ധ്വാനം വിഭവസമാഹരണത്തിന്

ഏത് പദ്ധതിയുടെ വിജയവും ചിലവഴിക്കുന്ന മൂലധനത്തെ മാത്രമാശ്രയിച്ചല്ല നിലനിൽക്കുന്നത്. പദ്ധതിയുടെ ഗുണം അനുഭവിക്കുന്ന പൊതു ജനങ്ങളുടെ താൽപര്യവും ഇതിനെ നിയന്ത്രിക്കുന്നു. ഈ പൊതുജന താൽപര്യത്തെ നമുക്ക് ഉപയോഗിക്കാൻ കഴിയണം. പദ്ധതിക്ക് വേണ്ട വിഭവസമാഹരണത്തെ കുറിച്ച് ചിന്തിക്കുമ്പോൾ ജനങ്ങളുടെ സംഘടിത ശക്തികൂടി പരിഗണനയർഹിക്കുന്നു. ഒരു റോഡിന്റെ അറ്റകുറ്റ പണികൾക്കൊ മറ്റു അത്യാവശ്യ പ്രാദേശിക വികസന പ്രവർത്തനങ്ങൾക്കോ പഞ്ചായത്തിന്റേയൊ ഗവൺമെന്റിൻേയോ മുതൽമുടക്കിനെ മാത്രമാശ്രയിച്ചു കൂടാ എല്ലാ രാഷ്ട്രീയ പാർട്ടികളും സാമൂഹ്യ സംഘടനകളും സഹവർത്തിത്വത്തോടെ പ്രവർത്തിക്കുകയും എല്ലാ ബഹുജന സംഘടനകൾക്കും സ്വാധീനമുള്ളതുമായ ഒരു പഞ്ചായത്താണ് നമ്മുടേത്. ഈ സഹവർത്തിത്വവും സ്വാധീനവും നിർമ്മാണ പ്രവർത്തനങ്ങളിൽ ഉപയോഗിക്കുവാൻ പഞ്ചായത്തിനു കഴിയണം. സന്നദ്ധസേവനങ്ങളെ ആവശ്യപ്പെട്ട് ഉപയോഗിച്ചുകൊണ്ട് നിർമ്മിക്കപ്പെട്ട നിരവധി റോഡുകൾ നമ്മുടെ പഞ്ചായത്തിൽ മാതൃകയായിട്ടുണ്ട്. ഈ രംഗത്ത് സാദ്ധ്യമായ പുരോഗതി നാം കൈവരിക്കുകയാണെങ്കിൽ ലക്ഷ്യമിട്ടിരിക്കുന്നതിന്റെ എത്രയോ ഇരട്ടി അളവിൽ വികസന പ്രവർത്തനങ്ങൾ സംഘടിപ്പിക്കാൻ നമുക്ക് കഴിയും.

## സ്വകാര്യമൂലധനങ്ങളും സംഭാവനകളും

സ്വകാര്യമൂലധനം പുരോഗതിയുടെ രംഗത്ത് നമുക്ക് ഉപയോഗിക്കാവുന്നതാണ് നമ്മുടെ പഞ്ചായത്തിലെ ഏകദേശം രണ്ടായിരത്തി അഞ്ഞൂറിലധികം ആളുകൾ വിദേശത്ത് ജോലിചെയ്യുന്നുണ്ട്. ഇവരുടേയും പഞ്ചായത്തിലെ വികസനപ്രേമികളുടേയും സംഭാവനകൾ സമാഹരിച്ചു കൊണ്ട്പുതിയ പദ്ധതികൾക്ക് രൂപം നൽകാവുന്നതാണ്.

## ഭരണചിലവ്

| ഇനം | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|
| ഭരണം | 281005.00 | 573513.00 | 503940.25 | 452972.00 |
| പൊതു മരാമത്ത് | 76764.00 | 94074.00 | 228089.00 | 547077.10 |
| വിദ്യാഭ്യാസം | 13241-50 | 14696.00 | 29837.25 | 631933.00 |
| ജലവിതരണം ഓടകൾ ആരോഗ്യം | 5350 | 24989.00 | 61831.00 | 21763.60 |
| തെരുവ് വിളക്കുകൾ | 19351 | 80205.00 | 58942.00 | 95658.00 |
| മറ്റുള്ളവ | 636110.6 | 31137.55 | 1652653.90 | 73422.00 |
| ആകെ | 1752732.15 | 818612.55 | 2535293.45 | 1782417.25<br>3152170.95 |

**വിഭവങ്ങൾ സംരക്ഷിക്കുക**

വിഭവങ്ങൾ നശിച്ചുപോകാതെ സംരക്ഷിക്കുന്നതും വിഭവങ്ങളുടെ ദുരുപയോഗം തടയുന്നതും പുതിയ വിഭവങ്ങൾ സമാഹരിക്കുന്നതിന് തുല്യമാണ്. രാത്രികാലങ്ങളിൽ കണ്ണടച്ചുറങ്ങുകയും പകൽ മാത്രം പ്രകാശിക്കുകയും ചെയ്യുന്ന തെരുവ് വിളക്കുകൾ പലപ്പോഴും നമ്മുക്ക് അന്യമല്ല. പകൽ സമയത്ത് തെരുവ് വിളക്കുകൾ കത്തുന്നത് ഒഴിവാക്കിയാൽ–വൈദ്യുതിയുടെ ദുരുപയോഗം തടഞ്ഞാൽ–കുറച്ചെങ്കിലും വൈദ്യുതി സംരക്ഷിക്കാൻ കഴിയും.

അതുപ്പോലെതന്നെ പ്രധാനമാണ് പൈപ്പുലൈനുകളുടെ ചോർച്ച. ഇവിടെ മൂന്നുതരം നഷ്ടങ്ങളാണ് സംഭവിക്കുന്നത്.

1. ജലത്തിന്റെ നഷ്ടം.
2. ജലം പമ്പ് ചെയ്യാൻ ഉപയോഗിച്ച വൈദ്യുതിയുടെ നഷ്ടം.
3. അധ്വാന നഷ്ടം.

ചോർന്നൊലിക്കുന്ന പൈപ്പുകൾ ഉടനടി റിപ്പയർ ചെയ്താൽ ഇത്തരം നഷ്ടങ്ങൾ ഒഴിവാക്കാം. ഇലക്ട്രിസിറ്റി ഡിപ്പാർട്ട്മെന്റിൽ ഹൗസ്കണക്ഷന്റെ ഭൂരിഭാഗം മീറ്ററുകളും നിശ്ചലമാണത്രെ. ഇതു പരിഹരിച്ച് ഉപയോഗിക്കുന്ന വൈദ്യുതിയുടെ ചാർജ് ഈടാക്കിയാൽ ഈ ഇനത്തിലുള്ള സാമ്പത്തിക നഷ്ടം എത്രയാണെന്ന് നടുക്കുന്ന സത്യം നമുക്ക് മനസ്സിലാക്കാം.

**പ്രശ്നങ്ങൾ:**

1. വരുമാനം വർദ്ധിപ്പിക്കാൻ പഞ്ചായത്തിനുള്ള സാദ്ധ്യതകൾ വേണ്ട രീതിയിൽ ഉപയോഗിക്കപ്പെടുന്നില്ല.
2. ഇടതട്ടുകാർ അമിത ലാഭം കൊയ്യുന്നു.
3. ബാങ്കുകളിൽ നിന്നും മറ്റു ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭിക്കാനുള്ള സാങ്കേതിക ബുദ്ധിമുട്ട്.
4. സന്നദ്ധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കാനുള്ള താൽപര്യകുറവ്.

**സാധ്യതകൾ:**

1. നികുതി പരിവ് കാര്യക്ഷമമാക്കുക.
2. നികുതി ചോർച്ച തടയുക.
3. നികുതികൾ കാലോചിതമായി പരിഷ്കരിക്കുക.
4. സന്നദ്ധ പ്രവർത്തനങ്ങൾ പ്രോത്സാഹിക്കുക.

അധികാരം ജനങ്ങളിലേക്ക്

കവർ

ഉള്ളക്കാട് പ്രദീപ്കുമാർ

ഡി.ടി.പി

സോഫ്റ്റ്ലാൻഡ്. സെന്റർ

മുദ്രണം

ആർട്ട

ഗ്രാഫിക്സ്

സെന്റർ

Printed at MANGALAM offset press Kallai ,Calicut,Ph. 300063